രുന്ന പ്രയാസങ്ങളെ സംബന്ധിച്ചും ദുരിതങ്ങളെ സംബന്ധിച്ചുംകൂടി നമ്മൾ അറിയേണ്ടതുണ്ട്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന ജനവിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ സമുദായം-അടിമകളെപ്പോലെ പണിയെടുക്കാൻവേണ്ടിമാത്രം വിധിക്കപ്പെട്ടവർ. അക്രമത്തിനും മർദ്ദനത്തിനും ചൂഷണത്തിനും വിധേയരായി കഴിഞ്ഞവർ: സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് രാജഭരണകാലത്ത് തമ്പുരാക്കന്മാരുടെയും തമ്പുരാട്ടിമാരുടേയും ജന്മിമാരുടെയും മാടമ്പിമാരുടെയും ഇടപ്രഭുക്കന്മാരുടേയും മുമ്പിൽ ഓച്ഛാനിച്ചുനിൽക്കാൻ മാത്രം അവകാശമുണ്ടായിരുന്ന ഇവർക്ക് ഹോട്ടലുകളിലോ ചായക്കടകളിലോ കയറി ആഹാരം കഴിക്കുന്നതിനോ വെള്ളം കുടിക്കുന്നതിനോ അനുവാദം നിഷേധിക്കപ്പെട്ടിരുന്നു. തീണ്ടലിനും തൊടീലിനും വിധേയരായവർക്ക് പൊതുനിരത്തിൽ സഞ്ചരിക്കാനുള്ള അവകാശംപോലുമില്ലായിരുന്നു. ക്ഷേത്രത്തിൽ പ്രവേശിക്കാനോ ദൈവാരാധന നടത്തുന്നതിനോ സാധിച്ചിട്ടില്ല. കുഞ്ഞുങ്ങളെ പള്ളിക്കൂടത്തിൽ അയച്ച് പഠിപ്പിക്കാനുള്ള സ്വാതന്ത്ര്യം പോലുമില്ലായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയോടെ ഇവരുടെ മോചനത്തിനുവേണ്ടിയുള്ള കവാടങ്ങൾ തുറക്കപ്പെട്ടു. ഇവരുടെ അവശത പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഇടതുപക്ഷപ്രസ്ഥാനം വഹിച്ച പങ്ക് ചില്ലറയൊന്നുമല്ല. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ നില ഇന്ന് കൂടുതൽ മെച്ചപ്പെട്ടുവരികയാണ്. 1957,1967,1987 എന്നീ വർഷങ്ങളിൽ അധികാരത്തിൽവന്ന ഇടതുമുന്നണി ഗവൺമെന്റുകൾ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചു. കൃഷിഭൂമി കർഷകനും തൊഴിലാളിക്കും മാറ്റിവയ്ക്കുന്നതിനുവേണ്ടി 1957-ലെ കേരളത്തിലെ ആദ്യത്തെ സർക്കാർ നിയമനിർമ്മാണമുണ്ടാക്കി. സമഗ്രമായ ഒരു ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നു. ഈ നിയമം പാടത്ത് പണിയെടുക്കുന്ന കർഷകത്തൊഴിലാളിക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വേണ്ടിയായിരുന്നു. ഈ നിയമത്തെ എതിർക്കാൻ മുന്നോട്ടുവന്നത് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളാണ്. പൊതുഖജനാവിൽനിന്നും പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുമ്പോൾ സംവരണതത്വം പാലിച്ചുകൊണ്ട് അവിടെ പട്ടികജാതിക്കാർക്കും മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും നിയമനം നടക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് വിദ്യാഭ്യാസനിയമം കൊണ്ടുവന്നത്. അതിനെ എതിർത്തതും അപ്പുറത്തിരിക്കുന്നവരാണ്. ഇങ്ങനെ ജനക്ഷേമകരമായ നടപടികളുമായി ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴെല്ലാം ഇതിനെ എതിർക്കാൻ മാത്രമാണ് അപ്പുറത്തിരിക്കുന്ന മുന്നണിയും അതിലെ പ്രവർത്തകരും ശ്രമിച്ചിട്ടുള്ളത്.

ക്ഷേമപ്രവർത്തനത്തെപ്പറ്റി ചില കാര്യങ്ങൾകൂടി സൂചിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കുടികിടപ്പുകാരെ കുടികിടക്കുന്ന ഭൂമിയുടെ അവകാശികളാക്കി. പട്ടികജാതി-പട്ടികവർഗ്ഗക്കാരുൾപ്പെടുന്ന കർഷകത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തി അവ നടപ്പാക്കുകയും ചെയ്തു. 1996-ൽ അധികാരത്തിൽവന്ന ഇപ്പോഴത്തെ സർക്കാർ ഈ വിഭാഗങ്ങളെ മറ്റുള്ളവർക്കൊപ്പം വളർത്തിയെടുക്കാൻ പല നടപടികളും നടപ്പാക്കിവരികയാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് പലകാര്യങ്ങളും ചെയ്യാമായിരുന്നു. അതൊന്നും ചെയ്യാതെ മാറിനിൽക്കുകയാണ് ചെയ്തത്. ജനസംഖ്യയുടെ പത്തുശതമാനം പട്ടികജാതിക്കാരാണ്. 1.33 ശതമാനത്തോളം പട്ടികവർഗ്ഗക്കാരും കേരളത്തിലുണ്ട്. ജനസംഖ്യാനുപാതികമായി പദ്ധതിവിഹിതം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി ഈ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നീക്കിവച്ചിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിന് ഏതാണ്ട് 376 കോടി രൂപ നീക്കിവച്ചിരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ജനിച്ചാൽ മരിക്കുന്നതുവരെ ഏത് സമുദായത്തിൽപ്പെട്ടവരായാലും ഈ ലോകത്ത് ജീവിക്കണം. അതിനുവേണ്ടിയാണ് നിയമനിർമ്മാണങ്ങൾ ഈ സർക്കാർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഈ കഴിഞ്ഞ മൂന്നുവർഷങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ചിട്ടുള്ള തുക ചോർന്നുപോകാതെയും ലാപ്സാകാതെയും ചെലവുചെയ്ത് നടപ്പാക്കിവരികയാണ്. ഇതിൽ ഏറ്റവും പ്രാധാന്യം നൽകിയിട്ടുള്ളത് ശുദ്ധജലവിതരണം, സ്വന്തമായി കൃഷിഭൂമി നൽകൽ, ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനാണ്. വിദ്യാഭ്യാസത്തിനാണ് ഏറ്റവും കൂടുതൽ മുൻഗണന നൽകിയിട്ടുള്ളത്. ഇന്ന് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 30 ശതമാനം മുതൽ 40 ശതമാനം വരെ വർദ്ധിപ്പിച്ചിരിക്കുകയാണ്. അവശ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലതോറും മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കുകയും അവയിൽ ചിലതിൽ ഇന്ന് പ്ലസ് ടു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള 41 ഐ.ടി.സി.കൾ പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചു. നിയമബിരുദധാരികൾക്ക് നൽകിവരുന്ന സഹായധനം വർദ്ധിപ്പിച്ചു. ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പെൻഡ് എന്നിവ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കി വിദ്യാർത്ഥികൾക്ക് പ്രോൽസാഹനമായി ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തി. ഉന്നത ബിരുദം നേടി അന്യനാടുകളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ഒന്നരലക്ഷം രൂപവരെ പലിശരഹിത വായ്പ നൽകാൻ തീരുമാനിച്ചു. അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെടുന്ന കുട്ടികൾക്ക് പ്രത്യേകമായി ട്യൂഷൻ നൽകി അവരെ വിജയിപ്പിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൈവശഭൂമി പതിച്ചുകൊടുക്കാൻ അടിയന്തിരനടപടി സ്വീകരിച്ചു. ആദിവാസികളുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുത്തുകൊടുത്തു. മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിന് മുൻഗണന നൽകി. 50 സെന്റിൽ കുറയാത്ത കൃഷിഭൂമി വാങ്ങാൻ 50,000 രൂപവരെ സബ്സിഡി കൊടുത്തുവരുന്നു. ആരോഗ്യപരിപാലനരംഗത്ത് പട്ടികജാതി സങ്കേതങ്ങളിലും ആദിവാസി കേന്ദ്രങ്ങളിലും ആതുരാലയങ്ങളും ആശുപത്രികളും സ്ഥാപിച്ചു.

സർ, ഭവന നിർമ്മാണത്തിനാണ് ഈ സർക്കാർ ഏറ്റവും കൂടുതൽ മുൻഗണന നൽകിയിട്ടുള്ളത്. കഴിഞ്ഞ ദിവസം എന്റെ സ്നേഹിതൻ ശ്രീ. കെ.സി വേണുഗോപാൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ഒരു ഗാനം പാടുകയുണ്ടായി. അത് വളരെ ആകർഷകമായിരുന്നു. കെ.പി.എ.സിയുടെ അശ്വമേധത്തിൽ കെ.എസ്. ജോർജ് പാടിയ പാട്ടാണ് അദ്ദേഹം ആലപിച്ചത്. "പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്കാകാശമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല" എന്ന് എന്റെ സ്നേഹിതൻ കെ.സി. വേണുഗോപാൽ പറഞ്ഞതുതന്നെ ഞാനും ഇവിടെ പറയുകയാണ്. പക്ഷേ ആ ഗാനത്തിൽ അന്തർലീനമായിരിക്കുന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഇതിന് പരിഹാരം കണ്ടെത്തുന്നതിനുള്ള പരിപാടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇത് പറയുമ്പോൾ, സമഗ്രമായ ഒരു ഭവന നിർമ്മാണ പദ്ധതിക്കുതന്നെ ഈ ഗവൺമെന്റ് രൂപം നൽകിയിരിക്കുകയാണ്. 9-ാം പദ്ധതി അവസാന



LIBRARY ARCHIVES Kerala Legislative Assembly

ത്തോടെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും സ്വന്തംഭവനം യാഥാർത്ഥ്യമായിത്തീരുമെന്നാണ് ഈ സർക്കാർ കണക്കാക്കിയിരിക്കുന്നത്. ഇതിലേക്ക് 25 കോടി രൂപയോളം വകകൊള്ളിച്ചിട്ടുണ്ട്. 1.45 ലക്ഷം പട്ടികജാതി കുടുംബങ്ങളും 15,000 പട്ടികവർഗ്ഗക്കാരും ഭവന രഹിതരായിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വീടുവയ്ക്കാൻ 15,000 രൂപയാണ് ഗ്രാന്റ് കൊടുത്തതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് 20,000 രൂപയായും ഇപ്പോൾ 35,000 രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. ഭൂരഹിതർക്ക് ഭൂമി വാങ്ങി വീടുവയ്ക്കാൻ മുൻസർക്കാരിന്റെ കാലത്ത് കൊടുത്തിരുന്ന 25,000 രൂപ ഇപ്പോൾ 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർ, ലക്ഷംവീട് കോളനിയിലെ ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കണം. വീട് മെയിന്റനൻസിനുള്ള തുക 15,000 രൂപയായി വർദ്ധിപ്പിക്കണം. സർ, ഭാവനാസമ്പന്നനായ സഖാവ് എം.എൻ. ഗോവിന്ദൻ നായർ മന്ത്രിയായിരിക്കുമ്പോൾ കൊണ്ടുവന്ന പദ്ധതി അനുസരിച്ച് നിർമ്മിച്ചതാണ് ലക്ഷം വീടുകൾ. ഏതാണ്ട് ഇരുപത്തി രണ്ടുവർഷത്തോളമായി പലതും ജീർണ്ണിച്ചു തുടങ്ങി. ആ വീടുകളിൽ അധികവും പട്ടികജാതി-പട്ടികവർഗ്ഗ കുടുംബക്കാരാണ് താമസിക്കുന്നത്. ഈ ഇരട്ടവീടുകൾ മാറ്റി ഒറ്റവീടുകളാക്കി നന്നാക്കികൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതിക്കാർക്കുനേരെയുള്ള അതിക്രമങ്ങൾ തടയാനും അതിന് ഇരയാകുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനസഹായം വർദ്ധിപ്പിച്ചുകൊടുക്കാനും നടപടിയെടുക്കാം. മിശ്രവിവാഹിതരായ പെൺകുട്ടികൾക്കുള്ള ധനസഹായം പതിനായിരം രൂപയാക്കി. പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം അയ്യായിരം രൂപയാക്കി വർദ്ധിപ്പിച്ചു. വ്യവസായം തുടങ്ങാൻ 40% സബ്സിഡിയോടുകൂടിയ വായ്പ സൗകര്യമുണ്ടാക്കും. അതോടൊപ്പം എനിക്ക് ചില നിർദ്ദേശങ്ങൾകൂടി വയ്ക്കാനുണ്ട്. പദ്ധതി എത്ര മഹത്തരമായാലും അതു നടപ്പാക്കാനുള്ള ചില ഉദ്യോഗസ്ഥന്മാരുടെ നിസ്സഹരണം കാരണം കാലതാമസം വരുന്നുണ്ട്. ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നത് ഉചിതമായിരിക്കും. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു മുഖേന ചില സ്ഥലങ്ങളിൽ ഭൂമി നൽകിയെങ്കിലും ഇതുവരെ അവർക്ക് പട്ടയം കൊടുത്തിട്ടില്ല. ഉദാഹരണമായി വർക്കല ശ്രീനിവാസപുരം ഹരിജൻ കോളനിയിൽ സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് 57 കുടുംബങ്ങൾക്ക് പത്തുസെന്റും ഒരേക്കറും വീതം ഭൂമി നല്കി. അവർക്ക് ഇതുവരെയും പട്ടയം കൊടുത്തിട്ടില്ല ഹരിജനക്ഷേമ വകുപ്പുമന്ത്രിയും റവന്യു വകുപ്പ് മന്ത്രിയും ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യം കാണിക്കണം. റവന്യു വകുപ്പുമന്ത്രി ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം കൊടുത്തുവെങ്കിലും ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ട് ഇതുവരെയും അവർക്ക് പട്ടയം കിട്ടുകയോ ഭൂമി അളന്നു തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. മറ്റൊരുകാര്യം എനിക്ക് പറയാനുള്ളത്-റോഡു പുറമ്പോക്കിലും കനാൽ പുറമ്പോക്കിലും താമസിക്കുന്നവർക്ക് നിയമപരമായി പട്ടയം കൊടുക്കാൻ കഴിയില്ല എന്നാണ് പറയുന്നത്, അവരെ അടിയന്തിരമായി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. നിയമപരമായി ഭൂമി പതിച്ചുകൊടുക്കാൻ കഴിയുന്നവർക്ക് ഭൂമി പതിച്ചുകൊടുക്കുകയും അവിടെ വീടുവച്ചു കൊടുക്കുകയും ചെയ്യുന്നതിനുള്ള നടപടിയെടുക്കണം. ശ്രീനിവാസപുരം കോളനിയിലെ ഐ.ടി.സി. യെ ഒരു ഐ.ടി.ഐ. ആക്കി മാറ്റണമെന്നാണ് മറ്റൊരു അഭ്യർത്ഥനയുള്ളത്. ശുദ്ധജലവിതരണ രംഗത്ത് 1997- ൽ നാലു ശുദ്ധജലവി

LIBRARY ARCHIVES Kerala Legislative Assembly

തരണ പദ്ധതികൾ പട്ടികജാതി സങ്കേതങ്ങളിലേക്ക് നീട്ടുന്നതിന് അനുവാദം കൊടുത്തു. വാട്ടർ അതോറിറ്റിയുടെ അനാസ്ഥമൂലം ഇതുവരെയും ആ പദ്ധതി ഈ സങ്കേതങ്ങളിലേക്ക് നീട്ടിയിട്ടില്ല. അതുപോലെ നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതിയുനുസരിച്ച് ഏതാണ്ട് 85 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ജില്ലാ കളക്ടർ എ.എസ്. കൊടുത്തു. എസ്റ്റിമേറ്റും തയ്യാറാക്കി. ഇപ്പോഴും വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ യാതൊരു നടപടിയും സ്വീകരിക്കാതെ കിടക്കുകയാണ്. അത്തരത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാനും പദ്ധതികൾകാര്യക്ഷമമായി നടപ്പാക്കാനും നിർദ്ദേശം കൊടുക്കണം.

ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷ മുള്ള കാലഘട്ടങ്ങളെ അപേക്ഷിച്ച് വളരെയേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടേയും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവ രുടേയും ക്ഷേമവും പുരോഗതിയും ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി</u> : സർ, ഞാൻ ഈ ധനാ ഭ്യർത്ഥനകളെ എതിർക്കുന്നു. കൃഷിയെ സംബന്ധിച്ച്, ഈ സഭയിലെ എല്ലാ ഭാഗത്തുനിന്നും ബഡ്ജറ്റു ചർച്ചയിൽ മാത്രമല്ല ഉടനീളം, കൃഷിക്കാർ അനുഭ വിക്കുന്ന പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും അതിനു പരിഹാരം കാണാനുമായുള്ള കാര്യങ്ങൾ നിരവധിയുണ്ട്. കൃഷിക്കാരുടെ സ്ഥിതി കൂടുതൽ ദയനീയതയിലേക്കാണ് നീങ്ങുന്നത്. ഇന്ന് കൃഷിക്കാരൻ ആഗോളവൽക്കരണത്തിന്റെ പേരിൽക്കൂടി അനുഭവിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്താൽ ഭയാനകമാണ്. പലിശയിനത്തിലും പാറ്റന്റ് ഇനത്തിലു മെല്ലാം പണം അങ്ങോട്ട് ഒഴുകുകയാണ്. പലിശ കൊടുത്തും പാറ്റന്റിനു വില കൊടുത്തും ഈയുള്ള ആനുകൂല്യം വച്ച് കൃഷിക്കാരനു നിലനിൽക്കാൻ കഴി യില്ല. ഇന്ത്യയ്ക്ക് ആകെ ഒരു കാർഷിക അഭിവൃദ്ധി നയമാണ് നിലവിലു ള്ളത്. ഇതിൽ ഒരുപാടു വ്യത്യസ്തത കേരളത്തിൽ. വ്യവസായവൽക്കര ണവും ആഗോളവൽക്കരണവും രാജ്യത്തിന്റെ എല്ലാഭാഗത്തും വലവീശി ധനം അങ്ങോട്ടുവലിക്കുമ്പോൾ അതിനു പ്രചോദനം നൽകുന്ന, അതിന് യജ മാനനെക്കാൾ യജമാനഭക്തി കാണിക്കുന്ന, ഒരു കേന്ദ്ര ഗവൺമെന്റാണ് ഇന്നു നിലവിലുള്ളത്. ഇതുവച്ച് എന്തു ചെയ്യാൻ കഴിയും എന്നുള്ളത് ഗവൺമെന്റ് കൂലംകക്ഷമായി ആലോചിക്കണം. എന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാ വുകയില്ല. കൃഷിക്കാരന്റെ നില മെച്ചപ്പെട്ടിട്ടില്ല. കണക്കുകളിൽ എന്തു പറ ഞ്ഞാലും ഒരു പ്രാകൃത കൃഷിക്കാരൻ എന്നുള്ള നിലയ്ക്ക് കൃഷിക്കാരന്റെ സ്ഥിതി പരമ ദയനീയമാണ്. ഇറക്കുമതി നയം ഒരു പാട് പ്രയാസമുണ്ടാക്കിയി രിക്കുന്നു. അവർക്ക് ഇന്ത്യയിൽ സ്വാധീനം ചെറുതല്ല. കേരളത്തിന്റെ ശബ്ദം ഏകീകരിച്ച് ശക്തമായ സ്വാധീനം ചെലുത്തി മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് ശ്രമിക്കണം എന്നുള്ളതിലുപരി എനിക്ക് ഒന്നും പറയാനില്ല. നമ്മുടെ നാടിന്റെ ചുറ്റുപാട് വച്ച് രൂപപ്പെടുത്തിയെടുക്കുമ്പോൾ എനിക്ക് തോന്നുന്ന ചില കാര്യങ്ങൾ പഞ്ചായത്തുകൾ തോറുമുള്ള കൃഷിഭവനുകൾ ഈ വിധത്തിൽ കൃഷിക്കാരന്റെ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ടത്ര ശുഷ്കാന്തി ചെയ്യുന്നുണ്ടോ എന്നുള്ളതു ഈ ഗവൺമെന്റ് പരിശോ ധിക്കണം. നമ്മുടെ കൃഷി ഓഫീസർമാർ ഗവേഷണത്തിൽ നല്ല കഴിവുള്ളവ രാണ്. ഈ തസ്തികയിലായിട്ടുള്ള എല്ലാവരും എന്നുതന്നെ പറയാം എഞ്ചി നീയർമാരോ ഡോക്ടർമാരോ ആകണമെന്ന നിലയിൽ പരീക്ഷകൾ എഴുതി

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയ മാർക്കിന് അതു ലഭിക്കാത്തവരാണ് മൂന്നാമത്തെ ചോയിസ് എന്ന നിലയിലാണ് അവർ അഗ്രികൾച്ചറൽ ബി.എസ്.സി.യ്ക്ക് പോകുന്നത്. അയാളുടെ ഭാവന വലുതായിരിക്കും. ഇവിടെ വന്നു നോക്കുമ്പോൾ അയാളുടെ ഓഫീസ് ചുറ്റുപാടാകട്ടെ മറ്റു കാര്യങ്ങളാകട്ടെ അയാളുടെ ഭാവനയിൽ വളരെ ചെറുതാണ്. അയാളുടെ കഴിവുകൾ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഇതു പരാജയപ്പെട്ടവനല്ലാതെ നേരിട്ട് കൃഷിയിലേക്ക് കടന്നുവരുന്ന ഒരു ഉദ്യോഗസ്ഥനായി മാറ്റി എടുക്കാൻ ഇന്നത്തെ വിദ്യാഭ്യാസ രീതിക്ക് മാറ്റം വരുത്തണം. അതിനു ആകർഷകമായ ചുറ്റുപാട് കൃഷിഭവനുകൾക്കുണ്ടാകണം. ഇന്നത്തെ അതിന്റെ ഓഫീസ് ചുറ്റുപാട് വളരെ ശുഷ്കിച്ചതാണ്. ഇതാണ് ഒരു നിർദ്ദേശം എനിക്കു പറയാനുള്ളത്. ഇറിഗേഷന്റെ കാര്യത്തിലും മുമ്പുള്ളതിനെ അപേക്ഷിച്ച് ഇറിഗേറ്റ് ചെയ്ത ഭൂമിയുടെ അളവു കുറഞ്ഞാണ് എക്കണോമിക് റിവ്യൂവിൽ കാണുന്നത്. ഇതു കുറഞ്ഞുവരുന്നു. ലിഫ്റ്റ് ഇറിഗേഷൻ ഫലപ്രദമല്ല. പലതും പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് എന്റെ അനുഭവം. പലതിലും യന്ത്രം കേടുവന്നിട്ടോ ജോലിക്കാരുടെ അപര്യാപ്തതയോ അങ്ങനെ പല കാരണങ്ങളുണ്ട്. ഇറിഗേഷൻ വകുപ്പും കാർഷിക വകുപ്പും സംയോജിപ്പിച്ചുകൊണ്ട് ഒരുപാടു കാര്യങ്ങൾ ചെയ്യാനുണ്ട്. ഇലക്ട്രിസിറ്റിക്കും അതിൽ നല്ല ഒരു പങ്കും വഹിക്കാനുണ്ട്. അതാണ് ഒരു കാര്യം. മറ്റൊന്ന് എനിക്ക് പറയാനുള്ളത്. കൃഷിയിൽ അഭിവൃദ്ധിയുള്ള രാജ്യങ്ങൾ അധികമൊന്നും എനിക്കറിയില്ല; മലേഷ്യയിൽ ഞാൻ പോയപ്പോൾ പരിമിതമായ എന്റെ അറിവുവച്ചുകൊണ്ട് ഞാൻ ചില അന്വേഷണങ്ങൾ നടത്തി. അവിടെ കൃഷിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും എടുക്കുന്ന ആളുകൾക്ക് ഒരു കൊല്ലം കൃഷിയിടങ്ങളിൽ പരിശീലനം കൊടുക്കുന്നുണ്ട്. ആ പരിശീലനത്തിന് അവർക്ക് പ്രതിഫലമില്ല.

അത് സ്വകാര്യ കൃഷിക്കാരനാണ് അനുഭവപ്പെടുന്നത്. അത് അവന്റെ മുതൽകൂട്ടിലേക്ക് വരുന്നു. കൃഷി അഭിവൃദ്ധിപ്പെടുന്നു, ശാസ്ത്രീയമാകുന്നു. ഭാരിച്ച പ്രതിഫലം കൊടുത്ത് കൃഷി ആദായകരമല്ലാത്തതിൽ ഈ ശ്രമം കൃഷിക്കാരൻ ഉപയോഗപ്പെടുത്തുന്നു. ഈ ഒരു നില കാർഷികരംഗത്ത് പ്രാവർത്തികമാക്കിക്കൂടേയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. എസ്.എസ്.എൽ.സി മുതൽതന്നെ കൃഷിയിൽ പ്രാവീണ്യം നേടുന്ന, അത് ആകർഷകമാക്കുന്ന, മെഡിസിനും എഞ്ചിനീയറിംഗുപോലെ സമൂഹത്തിൽ സ്ഥാനം ലഭിക്കുന്ന, ഒന്നാണ് കൃഷിയെന്നുള്ളത് വരുത്തിതീർക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് അവനെ കൃഷിയിടങ്ങളിലേക്ക് ഇറക്കി ഉപയോഗപ്പെടുത്തിയെടുക്കണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. അതുപോലെതന്നെ ഇൻഷ്വറൻസ് പദ്ധതി, ഗവൺമെന്റിന്റെ പരിമിതികൾ എനിക്കറിയാം. പക്ഷെ ഒരു ലക്ഷം രൂപ മാത്രം പ്രതിഫലമെന്നുള്ളത് വളരെ പരിമിതമാണ്. അത് രണ്ട് ഏക്കറിൽ പരിമിതപ്പെടുത്തരുത്. മറ്റൊന്ന് ഞാൻ ഇവിടെ പറഞ്ഞതു തന്നെ റിപ്പീറ്റ് ചെയ്യുന്നതിൽ എനിക്ക് പ്രയാസമുണ്ട്. പത്തുവർഷം വച്ചിട്ട് മുഴുവൻ കൃഷി സ്ഥലങ്ങളും 5 ഏക്കറിൽ കുറഞ്ഞവന് ഫ്രീയായിട്ടും 5 ഏക്കറിൽ അധികം ഉള്ളവനോട് നികുതി വസൂലാക്കിയും ഇറിഗേറ്റുചെയ്യാനുള്ള പദ്ധതികൾ ദീർഘകാല പദ്ധതിയെന്നുള്ള നിലയ്ക്ക് ആവിഷ്കരിക്കണം. മറ്റൊന്ന്, കർഷകത്തൊഴിലാളിയുടെ നില എന്നുവച്ചാൽ കർഷകത്തൊഴിലാളിയുടെ മനോഭാവം, ഒരു വൻകിട കൃഷിക്കാരനോടുള്ള ഒരു ചുറ്റുപാട് മാറിയിട്ട് ചെറുകിട കൃഷിക്കാരനാണ് ഇന്ന് കൃഷി ഉടമ എന്നുള്ള നിലയിലേക്ക് മനോഭാവം മാറ്റിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് പറയു

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ ജോലി സ്ഥിരതയില്ലാത്തതിലേക്ക് ആൾ നീങ്ങുകയില്ല. കർഷകത്തൊഴിലാളിക്ക് ജോലിസ്ഥിരത കൊടുത്താൽ അവൻ ജോലി ചെയ്യും. അതിനുവേണ്ടിയുള്ള പദ്ധതികളാവിഷ്കരിക്കണം. നിലം നികത്ത് സംബന്ധിച്ചും എനിക്ക് വ്യക്തമായ ചില കാര്യങ്ങൾ പറയാനുണ്ട്. നിലംനികത്ത് നെൽക്കൃഷി അപകടപ്പെടുത്തുന്നത് ഒരു കാരണവശാലും ഉണ്ടായിക്കൂടാ. അതിനു തരംതിരിച്ചിട്ടുള്ള ഒരു സമീപനം ഗവൺമെന്റിനുവേണം. ഇത് കാർഷികാഭിവൃദ്ധിയെ മാത്രം ലക്ഷ്യം വച്ചുകൊണ്ടല്ല ഞാൻ പറയുന്നത്. വൻകിട പാടശേഖരങ്ങൾ ഒരു കാരണവശാലും നികത്താൻ അനുവദിച്ചുകൂട. ഒരു കാര്യംകൂടി ഞാൻ ഇടയ്ക്ക് സൂചിപ്പിക്കട്ടെ. ഇനി കൃഷിക്കാരൻ നിലം നികത്താൻ ഒരുങ്ങുകയില്ല. നിലം നികത്താൻ ഉപയോഗിക്കുന്ന സംഖ്യകൊണ്ട് ഒരു പുതിയ സ്ഥലം വാങ്ങിക്കാം. നിലം അവിടെയുണ്ടാവുകയും ചെയ്യും ഇതാണ് സ്ഥിതി അതുവച്ചിട്ട് അതിനു ആരും ഒരുങ്ങുമെന്ന് തോന്നുന്നില്ല. ഇനി നികത്തുന്നത് ഏതാണ്? ഇന്ന് ഗൾഫ് ഏരിയാകളിലൊക്കെ താമസം ഒരു പ്രശ്നമാണ്. ചെറുകിട വ്യവസായങ്ങൾക്ക് ഒരു പ്രശ്നമാണ്. പുരയിടങ്ങൾ കിട്ടുകയില്ല. കന്നികണ്ടം എന്നു പറയുന്ന ഭൂമി നികത്താൻ അനുവദിക്കുകയില്ലെന്നുള്ളത് ഒരു പ്രയാസമുള്ള കാര്യമാണ്. അത് സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കും. എന്റെ പ്രദേശത്ത് കോഴിക്കോട് സിറ്റിയിൽ ഒരു പാട് നെൽക്കൃഷി സ്ഥലങ്ങളുണ്ട് ഇവിടെ ബിൽഡിംഗ് ഉണ്ടാക്കരുതെന്നുപറഞ്ഞാൽ 50,000 രൂപാമുതൽ 3 ലക്ഷം രൂപ വരെ സെന്റിന് വില കിട്ടുന്ന സ്ഥലം കോഴിക്കോട് സിറ്റിയിലുണ്ട്. അങ്ങാടിയോടനുബന്ധിച്ചുള്ള പല സ്ഥലങ്ങളിലുമുണ്ട്. ഗൾഫ് ഏരിയാകളിൽ താമസിക്കുന്നതിന് 25,000 രൂപയും 30,000 രൂപയും കൊടുത്ത് വെള്ളം കിട്ടാത്ത നെൽക്കൃഷി ഭൂമിവാങ്ങിക്കാൻ ഇതൊക്കെ നികത്തരുത്, പെർമിഷൻ കൊടുക്കരുത് എന്നുപറഞ്ഞാൽ അത് സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കും. തരംതിരിച്ച് ഗവൺമെന്റിന്റെ കൈയിൽ ഇതുസംബന്ധിച്ച് ഒരു കണക്കുണ്ടായിരിക്കണം. ഒരു പാട് കാര്യങ്ങൾ പറയാനുണ്ട്. പരിമിതമായ സമയംകൊണ്ട് പറയാൻ കഴിയുകയില്ല. ഞാൻ എസ്.സി./എസ്.ടി കമ്മിറ്റിയിലെ ഒരംഗമാണ്. അതുസംബന്ധിച്ച് ഒരു പാട് അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. എന്റെ മണ്ഡലത്തിലും ഒരു പാട് ആദിവാസികളുണ്ട്. അവരുടെ നില അതിശയോക്തിയില്ലാതെ പറയട്ടെ, മെച്ചപ്പെട്ടിട്ടില്ല. ഈ ഗവൺമെന്റ് ഭീമമായ സംഖ്യ ചെലവാക്കിയിട്ടുണ്ട്. വീടുണ്ടാക്കാൻ കൊടുത്തത് വീടായിട്ടില്ല. റോഡുണ്ടാക്കാൻ കൊടുത്തത് റോഡായിട്ടില്ല. ചികിൽസ സൗകര്യത്തിനു കൊടുത്തത് ചികിൽസ സൗകര്യത്തിനായിട്ടില്ല. ഇതിനു പലവിധത്തിലുള്ള റിപ്പോർട്ടുകളും ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് അതുസംബന്ധിച്ച് തീരെയൊന്നും ചെയ്തിട്ടില്ല. അച്ഛൻ നിർണ്ണയമില്ലാത്ത കുട്ടികൾ, വിദ്യാഭ്യാസമായി അകന്നുനിൽക്കുന്ന സമൂഹം, വീടുണ്ടാക്കികൊടുത്താലും താമസിക്കാത്ത മാനസികനില-ഇതെല്ലാം ഒരുമിച്ചു നിൽക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ 14 കി.മീറ്റർ നടന്നിട്ടുപോകണം ഒരു എൽ.പി. സ്കൂളിൽ ചെല്ലാൻ., ബഹു. മന്ത്രിക്കറിയാം. സ്കൂൾ തുറക്കാൻ ഗവൺമെൻറ് ഒരു തീരുമാനമെടുക്കട്ടെയെന്ന് പറഞ്ഞ് കാത്ത് നിൽക്കുന്നത് ശരിയാണോ? അത് ഒരു വിഭാഗത്തോട് ചെയ്യുന്ന അനീതിയല്ലേ? എസ്.സി./എസ്.ടി. ഏരിയാകളിൽ സ്കൂളുകൾ തുറക്കാൻ സൗകര്യങ്ങളുണ്ടാക്കണം. അതുമാത്രം പോര, അവിടെ അദ്ധ്യാപകർ ജോലി ചെയ്യുകയില്ല. അവർക്ക് താമസിക്കാനുള്ള സൗകര്യമുണ്ടാക്കികൊടുക്കണം. അത് ഗവൺമെന്റുടമയിൽ മാത്രം മതി, പ്രൈവറ്റിനെ പ്രോൽസാഹിപ്പിച്ചുകൊണ്ടല്ല പറയുന്നത്. പിന്നെ ഹോസ്റ്റലുകളെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹരിജൻ ഹോസ്റ്റലുകൾ എന്നുള്ളത് മാറിയിട്ട് മിംഗിൾചെയ്ത് താമസിപ്പിക്കണം. അത് ഹരിജൻ കോളനിയിലും വേണം. പിന്നോക്കവിഭാഗങ്ങളുടെ കോളനിയെന്നോ അവശ വിഭാഗത്തിന്റെ കോളനിയെന്നോ അത് പറഞ്ഞോട്ടെ. എസ്.സി./എസ്.ടി ക്കാരുടെ കോളനി എന്ന് പറഞ്ഞിട്ടുള്ള ആ മനോഭാവം മാറണം. അവർ ഹിന്ദു എന്നുള്ള നിലക്ക് പരിഗണിക്കുന്ന ഒരു സംസ്കാരം നമ്മൾ വളർത്തിയെടുക്കണം. അവൻ ഹരിജനായി, അവന് കുറച്ച് വിദ്യാഭ്യാസം കൊടുത്ത്, അല്ലെങ്കിൽ അവൻ ഗിരിജനായി അവർക്ക് കുറച്ച് വിദ്യാഭ്യാസം മാത്രം കൊടുത്ത് എന്നുള്ളതല്ല. മതം ഇവിടെ വളരെ ശക്തമായി നിൽക്കുന്നതാണ്. അവൻ ഹിന്ദുവാണ് എന്നുള്ളത് അംഗീകരിക്കാം എന്നുള്ളതിൽ കവിഞ്ഞ് താഴ്ചയില്ലാത്ത ഒരു സംസ്കാരം വളർത്തിയെടുക്കാൻ നാം എന്തുചെയ്തുവെന്ന് പര്യാലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് അവന് അനുഭവത്തിൽ കിട്ടത്തവിധത്തിൽ എന്തെങ്കിലുമൊരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കണം. അതിന് ചെയ്യാൻ കഴിയുന്നത് ഇന്നത്തെ വോളണ്ടിയർമാർ ഫലപ്രദമല്ല. അതിനോട് താലപര്യമുള്ള ആളുകളെ ബന്ധപ്പെടുത്തി പ്രശ്നങ്ങളൊക്കെ ജനകീയമാക്കിയെങ്കിൽ മാത്രമേ അതിന് മെച്ചം കിട്ടൂ. ഉദ്യോഗസ്ഥവൃന്ദവും കരാറുകാരനും ചെയ്താൽ അധികം പരിശോധിക്കാൻ സൗകര്യം കുറഞ്ഞ മലയോരപ്രദേശങ്ങളിലാണ് ഏറ്റവുമധികം ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റാതെ പണം ദുർവ്യയം ചെയ്യുന്നത്. റോഡുകളുടെ കാര്യത്തിൽ, എന്റെ മണ്ഡലത്തിലുണ്ടായ ഒരു റോഡ് ഞാൻ ചെന്നു നോക്കിയപ്പോൾ എനിക്ക് വളരെ വേദന തോന്നി. അത് വേറെ ചിലർക്ക് ആവശ്യത്തിനാണ് എടുത്തിട്ടുള്ളത്. അപ്പോൾ ഇതെല്ലാം കൂലംകഷമായി പരിശോധിക്കേണ്ട വിഷയമാണ്. സ്പീക്കർ പറഞ്ഞാൽ അധികം പറയാൻ എനിക്ക് പ്രയാസമാണ്. എനിക്ക് ഒരു പാട് കാര്യങ്ങൾ കൃഷിയെ സംബന്ധിച്ചും മറ്റും പറയാനുണ്ട്. ഞാൻ ഒരു പഴയ അനുഭവ കൃഷിക്കാരനാണ്. അനുഭവത്തിൽ ഈ പദ്ധതികളിലൊക്കെ ഒരുപാട് അപര്യാപ്തകളും പോരായ്മകളും ഉണ്ട്. അതൊക്കെ സബ്ജക്ട് കമ്മിറ്റിയിലോ മറ്റോ പറയാമെന്ന് മനസ്സിലാക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമ രംഗത്ത് നവചൈതന്യം പ്രദാനം ചെയ്യുന്നതിനും കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ സമഗ്രമായ വികസനമുണ്ടാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. എനിക്ക് അപ്പുറത്തുനിന്നുള്ള കോൺഗ്രസ് അംഗത്തിന്റെ പ്രസംഗം കേട്ട അവസരത്തിൽ സ്കൂളിൽ പഠിച്ച ഒരു കവിത ഓർമ്മ വരികയാണ്.

'കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ;
മറ്റുള്ള ജനങ്ങൾക്കു കുറ്റങ്ങൾ പറഞ്ഞിടും
മുറ്റും തന്നുടെ കുറ്റമൊന്നറിയുകയുമില്ല'

എന്നുള്ളതാണ്. കാർഷികരംഗത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് കേട്ടത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ എന്തായിരുന്നു കാർഷിക രംഗത്തിന്റെ അവസ്ഥ? ആയിരത്തോളം വരുന്ന കൃഷിഭവനു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ 507 കൃഷി ഉദ്യോഗസ്ഥന്മാർ ഇല്ലായിരുന്നു. പിന്നെ കേമമായിരിക്കുക യില്ലേ ഭരണത്തിന്റെ അവസ്ഥ? പകുതിയോളം കൃഷിഭവനുകളിൽ ഉദ്യോഗ സ്ഥന്മാർതന്നെ ഉണ്ടായിരുന്നില്ല. ആ രംഗത്ത് യാതൊന്നുംചെയ്യാൻ കഴിഞ്ഞി ല്ലെന്നുള്ളത് മാത്രമല്ല, അവിടെ വേറെയായിരുന്നു കൃഷി. ശ്രീ.കെ. കരുണാ കരൻ മുഖ്യമന്ത്രിയായിരുന്നുപ്പോഴും അതിനുശേഷം നമ്മുടെ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോഴും കോൺഗ്രസിന്റെ കൃഷിവകുപ്പുമന്ത്രി മാർ രാമനിലയം കേന്ദ്രീകരിച്ചുകൊണ്ട് നടത്തിയിരുന്ന ഗ്രൂപ്പു കൃഷിയും അതിനപ്പുറമുള്ള കൃഷിയുമൊന്നും ഈ കേരളത്തിൽ ഇപ്പോഴില്ല. ഗാട്ട് കരാറി നെക്കുറിച്ച് പറയുന്നത് എന്തോ വലിയ അപരാധമാണെന്നുള്ള തരത്തിൽ ഇവിടെ പ്രസംഗിക്കുകയുണ്ടായി. എന്തിനാണ് സർ ഇത്ര വിരോധം? ഉള്ളത് പറയുന്ന അവസരത്തിൽ എന്തിനാണ് ഇത്ര തുള്ളൽ വരുന്നത്? എന്തുകൊ ണ്ടാണ് നമ്മുടെ കാർഷികരംഗത്ത് വിശേഷിച്ചും കേരളത്തിലെ കാർഷിക രംഗത്ത് ഇപ്പോൾ ഉണ്ടായിരിക്കുന്ന വരുമാനക്കുറവ് അടക്കുമുള്ളതിന് ആരാണ് ഉത്തരവാദികൾ? കോൺഗ്രസുകാരുടെ ഉദാരവൽക്കരണത്തിന്റെയും ശ്രീമാൻ ഇസ്ഹാക് കുരിക്കൾക്ക് എനിക്ക് മറുപടി പറയാൻ സമയം ഇല്ലാത്ത തുകൊണ്ട് ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജിയുടെ പ്രസംഗത്തിന്റെ ഒരു കോപ്പി എടുത്ത് വായിച്ചുനോക്കുന്നത് നന്നായിരിക്കും. അദ്ദേഹം ഇപ്പോൾ പ്രസംഗിച്ചതേയുള്ളൂ. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക വരുമാനത്തിന്റെ കാര്യത്തിൽ കുറവുണ്ടായിട്ടു ണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത രീതിയിൽ 30 ശതമാനത്തിന്റെ കുറവുണ്ടായിരിക്കുന്നു. എന്നാൽ ഇത് കുറ യുന്ന ടെൻഡൻസിയിയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. അതിന്റെ ഉത്തരവാദികൾ ഈ സബ്സിഡികൾക്ക് എതിരായിട്ട്, ഉദാരവൽക്കരണനയ ത്തിന്റെ ഭാഗമായിട്ട് നമ്മുടെ സംസ്ഥാനത്തും രാജ്യത്തിലും ആവശ്യത്തില ധികം ഉൽപ്പാദിപ്പിക്കുന്ന മറ്റു രാജ്യങ്ങളിലെ കാർഷിക ഉൽപ്പന്നങ്ങൾ ഇറക്കു മതി ചെയ്യുന്നതിനും ചില ഉൽപന്നങ്ങളുടെ ഉപ ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും അനുകൂലമായ തീരുമാനങ്ങൾ, കോൺഗ്രസ് അധികാരത്തി ലിരിക്കുന്ന അവസരത്തിലും അധികാരത്തിൽനിന്നു പുറത്തുപോയ അവസര ത്തിലും ബി.ജെ.പി. യോട് ചേർന്നുകൊണ്ട് കൈക്കൊണ്ട നടപടിയിൽനിന്നും കോൺഗ്രസിന് ഒരിക്കലും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജിയുടെ പ്രസംഗം കേട്ടിട്ടെങ്കിലും കോൺഗ്രസ് സുഹൃ ത്തുക്കൾ നിലപാട് തിരുത്തുന്നതിന് കേന്ദ്ര നേതൃത്വത്തിൽ സമ്മർദ്ദം ചെലുത്തി ഈ സംസ്ഥാനത്തെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നിറവേറ്റാൻ തയ്യാറാകണമെന്ന് ഈയവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ധാരാളം പ്രധാനപ്പെട്ട ധനാഭ്യർത്ഥനകൾ ഉള്ളതുകൊണ്ട് സംസാരി ക്കാൻ അധികം കഴിയുന്നില്ല. എന്നാൽ ഒരു കാര്യത്തിൽ ഇടതുപക്ഷജനാധി പത്യമുന്നണി ഗവൺമെന്റിന് അഭിമാനത്തിന് വകയുണ്ട്. അത് മന്ത്രിമാർ തന്നെ പരിശോധിച്ചു കാണുമോയെന്ന് എനിക്കറിയില്ല. കേരളത്തിലെ ജനസം ഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളുടെ ഒരു പ്രതിനിധി എന്ന നിലയ്ക്ക് ഈ സഭയിലെ സ്ത്രീകൾക്ക് കൂടുതൽ മനസ്സിലാക്കാൻ സാധി ക്കും. പ്രതിപക്ഷ നേതാവ് പരിശോധിച്ചുനോക്കണം നമ്മുടെ സംസ്ഥാന ത്തിലെ സ്ത്രീകൾക്ക് ഇപ്പോൾ വിളർച്ചയില്ല. കുട്ടികൾക്കു വിളർച്ചയില്ല. ഐക്യജനാധിപത്യമുന്നണിയുടെ 5 കൊല്ലത്തെ ഭരണകാലത്തിനിടക്ക് ദാരിദ്ര്യം മൂലവും പോഷകാഹാരക്കുറവു മൂലവും ഇവർക്കും വിളർച്ച നേരിട്ടി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. എന്നാൽ ഇന്ന് കേരളത്തിലെ കുടുംബിനികൾക്ക് കൂടുതൽ മുഖശോഭ ഉണ്ടാകുന്ന തരത്തിൽ അവർക്ക് ആരോഗ്യം വർദ്ധിപ്പിക്കാൻവേണ്ടി ഈ ഗവൺമെന്റിന്റെ മൂന്നുകൊല്ലകാലത്തെ പ്രവർത്തനങ്ങൾ കൊണ്ടുകഴിഞ്ഞു. അത് വിശദീകരിക്കണമെങ്കിൽ കൂടുതൽ സമയം ചെയർ തന്നാൽ ഞാൻ വിശദീകരിക്കാം. വിശദീകരിക്കാൻ തയ്യാറാണ്. മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കി. കൃഷിവകുപ്പിന്റെ ഊർജ്ജിതമായ പച്ചക്കറിവികസന പദ്ധതിയുടെ ഭാഗമായിട്ട് മിതമായ വിലക്ക് ഹരിത സ്റ്റാളുകളിൽ കൂടിയും സസ്യസ്റ്റാളുകളിൽ കൂടിയും ലഭ്യമാക്കി. 505 എണ്ണം ഉണ്ട്. നിങ്ങൾക്ക് ഇതൊന്നും മനസ്സിലാകുകയില്ല. കാരണം പച്ചക്കറികളുടേയും പഴങ്ങളുടേയും സംഭരണവും വിതരണത്തിന്റെയും ചുക്കാൻ പിടിക്കാൻ കഴിയുന്ന ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ നിങ്ങൾ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റിക്കൊണ്ട് അടച്ചുപൂട്ടുകയാണ് ചെയ്തത്. അതുകൊണ്ട് നിങ്ങൾക്ക് അത് മനസ്സിലാക്കാൻ സാധിക്കുകയില്ല. എന്നാൽ ഈ കോർപ്പറേഷനെ ലാഭത്തിൽ കൊണ്ടുവന്നുകൊണ്ട് 505 സ്റ്റാളുകൾ നമ്മുടെ സംസ്ഥാനത്ത് തുറന്നു. വിലയുടെ കാര്യത്തിലും വനിതകൾക്കേ അത് അറിയാൻ സാധിക്കുകയുള്ളൂ. ഞാൻ ഇന്നലെ ഒരു കിലോ മുരിങ്ങയ്ക്ക 7 രൂപയ്ക്ക് വാങ്ങിച്ചു. ഇന്നലെ വാങ്ങിച്ച കാര്യം മാത്രമല്ല ഉത്സവ ആഘോഷ സമയങ്ങളിൽ ഓണക്കാലത്തും ക്രിസ്തുമസ് കാലത്തും പച്ചക്കറികൾക്ക് കൃത്രിമമായിട്ട് നിങ്ങളുടെ കാലത്ത് വില വർദ്ധിപ്പിച്ചു. കേരളത്തിലെ വീട്ടമ്മമാർക്ക് പാളയത്തെ ഹരിത സ്റ്റാളിൽ ചെന്നാൽ, ശ്രീ. ജോണി നെല്ലൂരിനടക്കം കിലോയ്ക്ക് 7 രൂപയ്ക്ക് മുരിങ്ങയ്ക്ക കിട്ടും. ഞങ്ങൾക്ക് അക്കാര്യത്തിൽ യാതൊരു വിവേചനവുമില്ല. ചെറിയ ഉള്ളിക്ക് 98 ജൂൺ മാസത്തിൽ 21.93 രൂപ ഉണ്ടായിരുന്നുവെങ്കിൽ 99 ജൂൺ ആയപ്പോൾ അതിന്റെ വില 8.04 രൂപയായി കുറയ്ക്കാൻ സാധിച്ചു. 63% വില കുറവ് ഇക്കാര്യത്തിൽ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതുമാതിരി, മുളകിന്റെ കാര്യത്തിൽ, മറ്റു പല കാര്യത്തിലും. നിങ്ങൾക്ക് അതൊന്നും മനസ്സിലാകുകയില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞില്ലേ. നിങ്ങളുടെ കാലത്ത് സ്ത്രീകൾക്ക് എന്തെങ്കിലും പരിഗണന ഉണ്ടായിട്ടുണ്ടോ? ആരാണ് സർ, വീട്ടിൽ അരിയില്ലെങ്കിൽ, മുളകില്ലെങ്കിൽ, കറിയില്ലെങ്കിൽ പ്രയാസം അനുഭവിക്കുന്നത്? അതുകൊണ്ടുള്ള കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് അത്താഴപ്പട്ടിണി കിടക്കുന്ന സ്ത്രീകളാണ്. സ്ത്രീകളുടെ മാത്രമല്ല കുഞ്ഞുങ്ങളുടെ കാര്യത്തിൽ നമ്മുടെ സംയോജിത ശിശുവികസന പരിപാടി വ്യാപകമാക്കിയതിന്റെ ഭാഗമായിട്ട് കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാരവിതരണം വ്യാപകമാക്കിയതു വഴി, അതാണ് ഞാൻ പറഞ്ഞത്, വിളർച്ച കുറയ്ക്കാൻ അനീമിയ കുറയ്ക്കാൻ അവർക്ക് ആഹാരം കൊടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് പാൽ ഉൽപ്പാദനം വർദ്ധിപ്പിച്ചു. അങ്ങനെ സമഗ്രമായ പദ്ധതി, നിങ്ങളുടെ കാലത്തെപ്പോലെ ഓരോ മന്ത്രിമാരും അവരവരുടെ വഴിക്ക് പോകുകയല്ല ഓരോ വകുപ്പും മറ്റൊന്നിനോട് ചേർന്നുകൊണ്ട് സമഗ്രമായിട്ട് ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് കേരളത്തിലെ സഖാവ് ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പച്ചക്കറി രംഗത്ത് എന്ത് നേട്ടമാണ് ഈ ഗവൺമെന്റിന് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് നോക്കണം. ഹരിതവർഷത്തിൽ 620 ഹരിതസംഘങ്ങൾ തുടങ്ങാനും 8881 ഹെക്ടർ സ്ഥലത്ത് അധികമായിട്ട് പച്ചക്കറിക്കൃഷി നടത്താനും സാധിച്ചു. 230 കോടി രൂപ വിലവരുന്ന 2.3 ലക്ഷം ടൺ പച്ചക്കറിയുടെ അധിക ഉൽപ്പാദനം ആദ്യ

LIBRARY ARCHIVES Kerala Legislative Assembly

വർഷം നടത്തുകവഴി 27588 കൃഷിക്കാർ അതിന്റെ ഗുണഭോക്താക്കളായി. അതിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ നിസ്സാരമല്ല. 13,46,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. അതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഊർജ്ജിത പച്ചക്കറിക്കൃഷി കൂടുതൽ വ്യാപിപ്പിക്കുക എന്നുള്ളതാണ്. അതിനുവേണ്ടി 98-99 സാമ്പത്തിക വർഷത്തിൽ 600 ലക്ഷം രൂപ നമ്മുടെ ബഡ്ജറ്റിൽ വകയിരുത്തി, ഹരിതസംഘങ്ങളുടെ എണ്ണം 1102 ആയിട്ട് വർദ്ധിപ്പിച്ചു. പച്ചക്കറി തോട്ടങ്ങൾ 1022 എണ്ണമാക്കി വർദ്ധിപ്പിച്ചു. ഓരോ ഹരിത സംഘത്തിനും 50,000 രൂപ വീതം സഹായം നൽകുകയുണ്ടായി. സ്കൂൾ പച്ചക്കറിതോട്ടങ്ങൾക്ക് 1000 രൂപ വീതം സബ്സിഡി നൽകുകയുണ്ടായി. അങ്ങനെ 98-99 ൽ 952 ഹെക്ടർ സ്ഥലത്ത് പച്ചക്കറിക്കൃഷി വ്യാപിപ്പിച്ചതിന്റെ ഫലമായിട്ട് 3,29,656.92 ടൺ പച്ചക്കറി അധികമായിട്ട് ഉൽപ്പാദിപ്പിച്ചു. ഈ രണ്ടുവർഷത്തെ നേട്ടങ്ങളുടെ ഫലമായിട്ട് 37,56,000 തൊഴിൽ ദിനങ്ങൾ പച്ചക്കറി മേഖലയിൽ മാത്രമായി ഈ ഗവൺമെന്റിന് സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് പറഞ്ഞാൽ അതൊരു ചെറിയ കാര്യമല്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇങ്ങോട്ടു കൊണ്ടുവന്നിരുന്ന പച്ചക്കറിയുടെ അളവ് 40 ശതമാനം കണ്ടുകുറയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ആ കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാകുകയില്ല. അവർ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ അറിയാത്തവരാണ്. ഇനി അവരുടെ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ട് നമുക്ക് ഫോറിൻ വെണ്ടയ്ക്കയും മത്തങ്ങയും പച്ചമുളകും ഒക്കെ കഴിക്കാനുള്ള അവസരം ഉണ്ടായിരുന്നു. ഫോറിൻ അച്ചാറ് മാത്രമല്ല കോൺഗ്രസിന്റെ പാർട്ടി സംഘടനയിൽ വരെ ഫോറിൻ ഇലിമെന്റ് വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് പച്ചക്കറിയുടെ കാര്യത്തിൽ വലിയ വ്യത്യാസമൊന്നും ഉണ്ടാകുമെന്ന് കരുതാൻ ആവുകയില്ല.

എനിക്കൊരു കാര്യം ഗവൺമെന്റിനോട് നിർദ്ദേശിക്കാനുള്ളത് ഇപ്പോൾ 152 വിപണന കേന്ദ്രങ്ങൾ ബ്ലോക്കു തലത്തിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹരിത സംഘങ്ങളിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കാത്ത അവസരത്തിലും പച്ചക്കറി കൃഷിക്കാരിൽനിന്ന് വാങ്ങുന്നതിന് ഈ വിപണന കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവൺമെന്റിനോട് എനിക്കഭ്യർത്ഥിക്കാനുള്ളത് ഒരു ബ്ലോക്കിൽ ഒന്ന് എന്നുള്ള നിലയ്ക്ക് പോരാ, ഒരു ബ്ലോക്കിൽ ഒന്നിലധികം വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ടെന്നുണ്ടെങ്കിൽ അതും ഗവൺമെന്റ് പരിഗണിക്കണം. അതുപോലെ ഹോൾട്ടികൾച്ചർ കോർപ്പറേഷന്റെ കാര്യവും. ഈ ഹോട്ടികൾച്ചർ കോർപ്പറേഷന് 60 ടണ്ണിൽനിന്നും അതിന്റെ സംഭരണവും വില്പനയും കൂടുതൽ വ്യാപകമാക്കി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ആദായകരമാക്കി മാറ്റി. എന്നാൽ അതിലെ ചില ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോഴും ഭരണ മാറ്റത്തെക്കുറിച്ച് വേണ്ടത്ര ധാരണയുണ്ടായിട്ടില്ല എന്നു തോന്നുന്നു. കൃഷിക്കാരിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിന് ഹോൾട്ടികൾച്ചർ/ഡെവലപ്പ്മെന്റ് കോർപ്പറേഷനെ കുറച്ചുകൂടി സജ്ജമാക്കേണ്ടതുണ്ട്. കുറെക്കൂടി ആ കാര്യത്തിൽ താല്പര്യം കാണിക്കേണ്ടതുണ്ട്. അത്തരത്തിൽ ഈ കോർപ്പറേഷനെ മാറ്റിയെടുത്തുകൊണ്ട് കർഷകരുടെ യഥാർത്ഥസഹായിയാക്കി ഹോൾട്ടികൾച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ മാറ്റണം. അതുപോലെ നെല്ലിന്റെ കാര്യം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്തു വികസന ഏജൻസികളെ രൂപീകരിക്കാനും ആ വികസന ഏജൻസികൾക്കുവേണ്ടി രണ്ടു കൊല്ലക്കാലംകൊണ്ട് 13 കോടി രൂപ അതിന്റെ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കാനും സാധിച്ചിട്ടുണ്ട്. എന്നാലും നാം



LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. പാഡിയുടെ ഏരിയ ഓഫ് കൾട്ടിവേഷൻ കുറഞ്ഞു വരുന്നു. അതേ അവസരത്തിൽതന്നെ ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള അണിയറ നീക്കങ്ങൾ ദ്രുതഗതിയിൽ നടക്കുന്നുണ്ടെങ്കിൽ പോലും അത് പ്രാവർത്തികമാക്കുന്നതിന് നമുക്ക് സാധിച്ചിട്ടില്ല. അതുകൊണ്ട് എത്രയുംപെട്ടെന്ന് ആ നിയമം പരിഷ്കരിച്ചുകൊണ്ട് നമ്മുടെ നെൽക്കൃഷിമേഖലയെ സംരക്ഷിക്കുന്നതിന് നമുക്ക് സാധിക്കണം. അതോടൊപ്പം തന്നെ പാഡി ബോർഡിന്റെ പ്രവർത്തനങ്ങളെ ഗവൺമെന്റ് നല്ല രീതിയിൽ മുമ്പോട്ടു കൊണ്ടുപോവുകയാണ്. എന്നാൽ അടിയന്തിരമായി ആ പാഡി ബോർഡ് രൂപീകരണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ പൂർത്തീകരിക്കാൻ ഗവൺമെന്റിന് സാധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യക്ഷേമ രംഗത്ത് സംയോജിത ശിശു വികസന പരിപാടിയുടെ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് 7,800 അംഗനവാടികൾ രൂപീകരിച്ചുകൊണ്ട് 15,600 വനിതകൾക്ക് തൊഴിലവസരം സൃഷ്ടിച്ചു. എന്റെ മണ്ഡലത്തിലും 203 അംഗനവാടികൾ തുടങ്ങി. അതുവഴി 406 ചെറുപ്പക്കാരികൾക്ക് തൊഴിൽ കൊടുത്തു. എന്നാൽ ഗവൺമെന്റിനോട് ഒരു പ്രധാനപ്പെട്ട കാര്യം അഭ്യർത്ഥിക്കുവാനുള്ളത് ഈ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കുന്ന അവസരത്തിൽ അവരുടെ എക്സ്പീരിയൻസിന് വെയിറ്റേജ് മാർക്ക് കൊടുക്കാൻ സാധിക്കണം. പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് പാസ്സായിട്ടുള്ള കുട്ടികളാണെന്നുണ്ടെങ്കിൽ അതിനൊന്നും ഇപ്പോൾ വെയിറ്റേജ് മാർക്ക് കൊടുക്കുന്നില്ല. അതുകൊണ്ട് പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് പാസ്സായ കുട്ടികൾക്ക് വെയിറ്റേജ് മാർക്ക് കൊടുക്കണം. അതുപോലെ ഇതിന്റെ നിയമനത്തിനു വേണ്ടി ഉണ്ടാക്കിയിട്ടുള്ളത് ഒരു വലിയ കമ്മിറ്റിയാണ്. അത് കുറച്ചു കൂടി ചെറിയ കമ്മിറ്റിയാക്കി മാറ്റണം. അങ്ങനെ ആ രംഗത്ത് കൂടുതൽ ക്ഷേമം ഉറപ്പു വരുത്താൻ കഴിയണമെന്നു കൂടി മാത്രം അഭ്യർത്ഥിച്ചുകൊണ്ട് മൃഗസംരക്ഷണ മേഖലയിൽ ന്യൂനതനമായിട്ടുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന ഗവൺമെന്റിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ വീണ്ടും വീണ്ടും പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കൃഷിയിൽനിന്നുള്ള സംസ്ഥാന വരുമാനത്തിന്റെ വിഹിതം ഇവിടെ ശ്രീമതി ലതാദേവി പറഞ്ഞു. അത് വളരെ ഉത്കണ്ഠയുണ്ടാക്കുന്നതാണ്. അങ്ങും നമ്മളെല്ലാവരുംകൂടി ഒരുമിച്ച് പരിശോധിക്കേണ്ടതാണ്. 1994-95-ൽ 30.90%. 1995-96-ൽ 30.83%. യു.ഡി.എഫ്.ന്റെ കാലത്തേക്കാൾ 0.70% കുറഞ്ഞില്ലേ? ശരിയാണ്. ഒരുപാട് പരിഷ്കാരങ്ങൾ ഇപ്പോൾ ശ്രീമതി ലതാദേവി പറഞ്ഞില്ലേ? ശ്രീ. ആന്റണിയും കരുണാകരനും വരുമ്പോഴുള്ള അവസ്ഥ എന്തായിരുന്നു? ഇപ്പോൾ എന്തായിരുന്നു? ഇതൊക്കെ കണക്കല്ലേ? ഇക്കണോമിക് റിവ്യൂവിലെ കണക്കാണ്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ എത്ര പ്രസംഗിക്കുന്നുണ്ടെങ്കിലും കണക്കുകൾ പറയുന്നത് 1996-97-ൽ യു.ഡി.എഫ്.ന്റെ കാലത്തേക്കാൾ, യു.ഡി.എഫ്.ന്റെ കാലത്ത് ഞങ്ങൾ പിരിയുമ്പോൾ 30.83% ആണ് കാർഷിക മേഖലയിൽ കൃഷിയിൽനിന്നുള്ള സംസ്ഥാന വരുമാനത്തിന്റെ വിഹിതം. നിങ്ങൾ വന്നു കഴിഞ്ഞ് ഒരു കൊല്ലം കഴിഞ്ഞപ്പോൾ 29.72% ആയി കുറഞ്ഞു. ഇത് കണക്കാണ്. വീണ്ടും 1997-98-ൽ അങ്ങ് കൃഷിമന്ത്രിയായിട്ടും ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയുമായി തുടരുമ്പോൾ വീണ്ടും കൃഷിയിൽനിന്നുള്ള വരുമാനം 20.03 ശതമാനമായി കുറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം വളരെ ഗുരുതരമാണ്. വെറുതെ അതുമിതും പറഞ്ഞ് പ്രസംഗിച്ച് പോയിട്ട് കാര്യമുണ്ടോ? നമ്മുടെ പ്രധാനപ്പെട്ട മേഖലയാണ് കാർഷികമേഖല. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന ഘടകമാണ്. ഇവിടത്തെ കൃഷിക്കാർ ആണെങ്കിൽ ഭൂമികൈവശം വച്ചിരിക്കുന്നവരുടെ മൊത്തം കണക്കെടുത്തിട്ട് അതിൽ 90%-ഉം ഒരേക്കറിൽ താഴെയാണ്. അതാണൊന്ന്. എനിക്ക് പറയുവാനുള്ളത്. നിങ്ങൾ രണ്ടു കമ്മ്യൂണിസ്റ്റ് പാർട്ടികളുടേയും വീക്ഷണം മാറണം. രണ്ടു കമ്യൂണിസ്റ്റു പാർട്ടിയുടേയും ഇപ്പോഴത്തെ വീക്ഷണം 90% വരുന്ന കേരളത്തിലെ കൃഷിക്കാരെ മുതലാളിത്ത ചേരിയിൽ ഇപ്പോഴും പെടുത്തിയിരിക്കുന്നു. ജന്മിമാരുടെ ചേരിയിലാണ് അവരെ പെടുത്തിയിരിക്കുന്നത്. ഞാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനോട് പറയട്ടെ. അങ്ങ് യന്ത്രവൽക്കരണം നടത്തുമെന്ന് പറഞ്ഞല്ലോ. ലോകം മുഴുവൻ യന്ത്രവൽക്കരണംകൊണ്ട് കാർഷികമേഖല കുതിച്ചു ചാട്ടം നടത്തുകയാണ്. അങ്ങ് യന്ത്രവൽക്കരണത്തിനായി നടന്നു. ഞാൻ ഐ.ആർ.സി. യിലേയും നിയമസഭയിലെയും മെമ്പറാണ്. ഐ.ആർ.സി.യിൽ ഈ വിഷയം വന്നിട്ട് ഒരു മെതിയന്ത്രം ഇൻട്രൊഡ്യൂസ് ചെയ്യാൻ നാലര-അഞ്ച് കൊല്ലം എടുത്തു. ഇപ്പോൾ എന്താണ് അവസ്ഥ? കാർഷികത്തൊഴിലാളികളെ കിട്ടാനുണ്ടോ? കണാരേട്ടൻ എന്താണ് പറഞ്ഞത്? എനിക്ക് എതിർപ്പില്ല. കർഷകത്തൊഴിലാളികൾക്കു വേണ്ടി ഞങ്ങൾ അങ്ങേയറ്റം വാദിക്കുന്നു. നിങ്ങൾ ഇന്നലെയും മിനിഞ്ഞാന്നുമൊക്കെ എത്ര പ്രാവശ്യം പ്രസംഗിച്ചു. ഇപ്പോൾ ശ്രീ. അലി ഹസ്സൻ പ്രസംഗിച്ചല്ലോ. കർഷകത്തൊഴിലാളികളുടെ ക്ഷേമം, പട്ടികജാതിക്കാരുടെ ക്ഷേമം! പട്ടികജാതിക്കാരുടെ ക്ഷേമം മാത്രം നിങ്ങൾ ചെയ്തുവെന്ന്. എന്താണ് ഈ പറയുന്നത്? നിങ്ങൾ 1957-ലും 1967-ലും ഭരിച്ചിട്ട് ഈ രാജ്യത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഒരു പെൻഷൻകൊണ്ട് വരാൻ കഴിഞ്ഞോ? 1980-ൽ ശ്രീ. കെ.എം. മാണി ധനകാര്യമന്ത്രിയായിരിക്കുമ്പോൾ, ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ, ബഡ്ജറ്റിൽ അവതരിപ്പിച്ചതാണ്. ഇതൊക്കെ കണക്കല്ലേ? എന്റെ പോയിന്റ് ഇതേയുള്ളൂ. കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ കേരളത്തോടും കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളോടും പട്ടികജാതിക്കാരോടും ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങളുടെ കൊടിയുടെ നിറത്തിന്, നിങ്ങളുടെ കൊടിക്ക് നിറമുണ്ടല്ലോ, ആ നിറത്തിന് ചോര കളർ കൊടുത്ത പാവപ്പെട്ട പട്ടികജാതിക്കാർക്ക്, കർഷകത്തൊഴിലാളികൾക്ക്, 1957-ൽ ഇ.എം.എസ്. വന്നപ്പോൾ ആദ്യം കൊടുക്കേണ്ടത് പെൻഷനായിരുന്നു. കൊടുത്തില്ല. 1967-ലും കൊടുത്തില്ല. അത് കൊടുക്കണമെങ്കിൽ ശ്രീ. കെ.എം. മാണിയും ശ്രീ. ആര്യാടൻ മുഹമ്മദും വരേണ്ടിവന്നു. അതുകൊണ്ട് കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ എതിർക്കുന്നില്ല. ഞാൻ പറഞ്ഞു വന്നത് അങ്ങു പറഞ്ഞു യന്ത്രവൽക്കരണം മൂന്നു കൊല്ലംകൊണ്ട് നടപ്പിലാക്കുമെന്ന്. സംസ്ഥാനത്തെ ഇപ്പോൾ കൃഷിക്കാർക്ക് മെതിയന്ത്രം കൊടുത്തല്ലോ. കുട്ടനാട്ടിൽ ഫഷ്ടിച്ച് ഇപ്പോൾ കൊയ്ത്ത് നടക്കുന്നത് മെതിയന്ത്രം കൊണ്ടാണ്. ഈ മെതിയന്ത്രം കൊണ്ടുവന്നു. ഡോ. കെ.സി. ജോസഫ് ഇവിടെയില്ല. ശ്രീ. മോൻസ് ജോസഫ് ഒക്കെ അവിടെ പ്രസംഗിക്കാൻ വന്നിട്ടുണ്ട്. ഈ മെതിയന്ത്രമുണ്ടായിട്ടും, ഇപ്പോൾ ആവശ്യത്തിനുള്ള മെതിയന്ത്രമുണ്ടോ? മെതിച്ചു കയറാനൊക്കുന്നുണ്ടോ? ഇപ്പോൾ മെതിയന്ത്രം വാങ്ങിച്ചാൽ ഒരേക്കർ നിലത്തിൽ മെതിക്കണമെങ്കിൽ 400-450 രൂപ വാടക കൊടുക്കണം. ഞാൻ രണ്ടു കാര്യങ്ങൾ അങ്ങയോടു പറയുന്നു ഒന്ന്, കൊണ്ടുവന്ന മെതിയന്ത്രം കൃഷിക്കാർക്ക് പ്രയോജനപ്പെടണമെങ്കിൽ കൂടുതൽ മെതിയന്ത്രങ്ങൾ കൊടുക്കണം. ഗവൺമെന്റിന്റെ മെതിയന്ത്രം മാത്രം വാങ്ങിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയരുത്. ലൈസൻസുള്ള യൂണിറ്റുകളിൽനിന്നു വാങ്ങണം. മെതിയന്ത്രം വാങ്ങിക്കാൻ ടില്ലറിന് കൊടുക്കുന്നതുപോലെ 50% എങ്കിലും സബ്സിഡി കൊടുക്കണം.

[12 Noon] അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച യന്ത്രവൽക്കരണം ത്വരിതഗതിയിൽ കാർഷിക മേഖലയിൽ നടപ്പിലാക്കണം. ഇപ്പോൾ നെല്ലിന്റെ പ്രൊഡക്ഷൻ കുറഞ്ഞു, പ്രൊഡക്ടിവിറ്റി കുറഞ്ഞു, ഏരിയ കുറഞ്ഞു. ഇത് മുന്നോട്ടു പോകണമെങ്കിൽ അങ്ങ് പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങൾ കടലാസിൽ ഇരുന്നാൽ പോരാ, യന്ത്രവൽക്കരണം ത്വരിതപ്പെടുത്തണം. മെതിയന്ത്രത്തിന് 50 ശതമാനം സബ്സിഡി കൊടുക്കണം. കൃഷിക്കാർക്ക് കാർഷിക മേഖലയിൽ പ്രശ്നങ്ങളുണ്ട്. നെല്ലു സംഭരണം നടക്കുന്നുണ്ടോ? അങ്ങ് കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ചല്ലോ. എത്ര കിന്റൽ സംഭരിച്ചു! ഇതൊക്കെ വസ്തുതയല്ലേ? വെറും 3 കിന്റൽ നെല്ലാണ് കുട്ടനാട്ടിൽ നിന്നും എടുത്തത്. 750-ന് എടുക്കും എന്നുപറഞ്ഞിട്ട് 650 ആയി. എന്നിട്ടും വെറും 3 കിന്റൽ. നെല്ലുസംഭരണം പരാജയപ്പെട്ടു. പ്രൊഡക്ഷൻ പരാജയപ്പെട്ടു. പ്രോസസിംഗ് ഇല്ല. യൂണിറ്റില്ല. സ്റ്റോർ ചെയ്യാൻ സൗകര്യങ്ങളില്ല. പിന്നെ എങ്ങനെ നെൽക്കൃഷി വ്യാപിക്കും? ഈ മേഖലയിൽ പരിഷ്കാരങ്ങൾ വരുത്തുമെന്നു പറഞ്ഞിട്ട് ഒന്നും വരുത്തിയിട്ടില്ല. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ ഒന്നും നടത്താത്തതുകൊണ്ട് പ്രൊഡക്ഷൻ കുറയുന്നു, പ്രൊഡക്ടിവിറ്റി കുറയുന്നു, കേരളത്തിന്റെ ഏരിയ കുറയുന്നു. രണ്ടാമത്തെ പോയിന്റ്, ഈ സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായ റബ്ബറിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് കാണിച്ച ഗുരുതരമായ ഉത്തരവാദിത്വ ലംഘനം. അങ്ങ് എത്ര പ്രാവശ്യം പത്രത്തിൽ പറഞ്ഞു? ഏറ്റവും ഒടുവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ലേ? കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും മനസ്സിൽ ഇന്നും മാഞ്ഞു പോയിട്ടില്ല. 50 ടൺ റബ്ബർ കയറ്റുമതി ചെയ്യും-റബ്ബർ കയറ്റുമതിയുടെ വാർത്തകൾ പ്രസിദ്ധീകരിച്ച കേരളത്തിലെ ദിനപത്രങ്ങൾ. എത്ര പ്രാവശ്യമാണ് ബഹു. മുഖ്യമന്ത്രിയും ബഹു. കൃഷി വകുപ്പുമന്ത്രിയും പറഞ്ഞത്? ഇവിടെ ഞാൻ കഴിഞ്ഞ ദിവസം ഒരു സബ്മിഷൻ ഉന്നയിച്ചു. അന്ന് ബഹു. റവന്യൂ വകുപ്പുമന്ത്രിയാണ് മറുപടി പറഞ്ഞത്. അങ്ങ് ഉണ്ടായിരിക്കേണ്ടതായിരുന്നു. കുറച്ചുകൂടി ഡീറ്റെയിൽസ് കിട്ടിയേനെ. ഈ കയറ്റുമതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? ജൂൺ 30-ന് റബ്ബറിന് അവസാനമായിട്ട് ഒപ്പിടും എന്ന് അങ്ങ് പറഞ്ഞില്ലേ? സിംഗപ്പൂരിലെ കമ്പനി എവിടെപ്പോയി? അങ്ങ് എത്ര പ്രഖ്യാപിച്ചു? അന്താരാഷ്ട്രവില കുറവാണെങ്കിലും കിലോയ്ക്ക് 10 രൂപാ വരെ നഷ്ടം സഹിക്കും എന്ന് അങ്ങ് പ്രഖാപിച്ചില്ലേ? എവിടെ പോയി? ഗാട്ട് മാത്രമാണോ ഉത്തരവാദി? സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾ ഏതെങ്കിലും നടത്തിയിട്ടുണ്ടോ? എന്തിന്, സംഭരണം നടന്നോ? കോട്ടയത്ത് റബ്ബർ സംഭരണത്തിന് എത്ര മന്ത്രിമാർ വന്നാണ് ഉദ്ഘാടനം നടത്തിയത്? ബഹു. പി.ജെ. ജോസഫ്, ബഹു. കൃഷ്ണൻ കണിയാംപറമ്പിൽ-എല്ലാവരും കൂടെ സംഭരണം ഉദ്ഘാടനം ചെയ്തു. 50,000 ടൺ റബ്ബർ സംഭരിക്കും എന്നു പറഞ്ഞിട്ട് ഒരു കിലോ റബ്ബർ സംഭരിച്ചോ? ഇപ്പോൾ റബ്ബർ മാർക്കറ്റുകളിൽ റബ്ബർ വാങ്ങാൻ കമ്പനികൾ ഇല്ല. ഇന്നത്തെ പത്രത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എസ്.റ്റി.സി. ഇല്ല. റബ്കോ ഇല്ല. ആരും റബ്ബർ വാങ്ങാൻ ഇല്ല. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇല്ല. സംഭരണത്തിന് ആളില്ല. 50,000 ടൺ റബ്ബർ സംഭരിക്കും എന്നുപറഞ്ഞിട്ട് കയറ്റുമതിക്ക് ആളില്ല. ഈ ഗവൺമെന്റ് 3 കൊല്ലമായി പറയുന്ന കാര്യങ്ങൾ നടപ്പാക്കിയിട്ടില്ല. ശ്രീ. എ.കെ. ആന്റണിയെക്കുറിച്ചു പറഞ്ഞല്ലോ. ശ്രീ. എ.കെ. ആന്റണി

LIBRARY ARCHIVES Kerala Legislative Assembly

ഇറങ്ങുമ്പോൾ റബ്ബർ കിലോയ്ക്ക് 69 രൂപയായിരുന്നു. ഇന്നത്തെ വില, തരം തിരിക്കാത്ത റബ്ബറിന് 23 ആയിട്ട് വീണ്ടും കുറഞ്ഞിരിക്കുന്നു. ഇതാണോ ഈ ഗവൺമെന്റിന്റെ 3 കൊല്ലത്തെ നേട്ടം? നമ്മുടെ സമ്പദ്ഘടനയുടെ വരുമാനത്തിൽ കാർഷികമേഖല വഹിക്കുന്ന പങ്കിനെക്കുറിച്ച് നിങ്ങൾക്ക് അടിസ്ഥാനപരമായ ധാരണയുണ്ടോ? പത്രത്തിൽ പറയുന്നതല്ലാതെ കാര്യത്തിലേയ്ക്ക് വരാത്ത ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ കാര്യത്തിൽ ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾ മുഴുവൻ പാഴ് വാക്ക് ആയിട്ട് മാറുന്നതിൽ ഗുരുതരമായ കൃത്യവിലോപമാണ് കാണിക്കുന്നത് എന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു പോയിന്റു കൂടി: കുട്ടനാട്ടിലെ ഒന്നുരണ്ടു കാര്യങ്ങൾ അത്യാവശ്യമായിട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വെള്ളപ്പൊക്ക കാലത്ത് മടവീഴ്ച ഉണ്ടായപ്പോൾ കുട്ടനാട്ടിലെ നെൽക്കർഷകരോട് പറഞ്ഞല്ലോ, കോട്ടയം ജില്ലയിലും ആലപ്പുഴ ജില്ലയിലും മടകുത്തിയാൽ സഹായം കൊടുക്കുമെന്ന്. കൊടുത്തില്ല. പിന്നെ, പമ്പിംഗ് ലേലം നടക്കാൻ പോകുന്നു. പമ്പിംഗ് ലേലത്തിൽ പങ്കെടുക്കുന്ന ആളുകൾ കറണ്ട് ചാർജ്ജ് മുഴുവൻ മുൻകൂർ കെട്ടിവയ്ക്കണമെന്ന് ഇപ്പോൾ പറയുന്നു. ഈ കാര്യങ്ങൾ നീങ്ങണമെങ്കിൽ അത് ഒഴിവാക്കണം. പമ്പിംഗ് സബ്സിഡി ഫലത്തിൽ ഇപ്പോൾ 50 ശതമാനമേ കിട്ടുന്നുള്ളൂ. അത് അങ്ങ് പരിശോധിക്കണം. പട്ടികജാതിക്കാരുടെ കോളനി, അവരുടെ പുനരധിവാസം, അവരുടെ കിടപ്പാടം, മേൽക്കൂര ഇവയെ സംബന്ധിച്ചൊക്കെ ഇവിടെ ശ്രീ. എ. അലി ഹസ്സൻ പ്രസംഗിച്ചപ്പോൾ പറഞ്ഞു. ഞാൻ ഇവിടെ കഴിഞ്ഞ ദിവസം ഒരു സബ്മിഷൻ അവതരിപ്പിച്ചു. അതിന് ബഹു. മന്ത്രി എസ്. ശർമ്മ നല്ലവണ്ണം മറുപടി പറഞ്ഞു. ഞാൻ കാണുന്ന പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പട്ടികജാതി കോളനി ചങ്ങനാശ്ശേരിയിലാണ്. അഞ്ചാമത്തെ ആളാണ് അവിടെ നിരാഹാരം കിടക്കുന്നത്. ഇപ്പോൾ അവർക്കെതിരെ പോലീസിനെ നിർത്തിയിരിക്കുകയാണ്. അവർ ഉന്നയിച്ചിരിക്കുന്ന ഒരാവശ്യം ഒന്ന് ചർച്ച ചെയ്ത് പരിഹരിക്കാൻ 5 പേർ നിരാഹാരം നടത്തിയിട്ടുപോലും, ആ കുറിച്ചി പട്ടികജാതി കോളനിയിലെ പാവപ്പെട്ട പട്ടികജാതി ചെറുപ്പക്കാർ തുടർച്ചയായിട്ട് നിരാഹാരം നടത്തിയിട്ടുപോലും പരിഹാരം ആയില്ല. ഇന്നിപ്പോൾ തല്ലാൻ തുടങ്ങിയിരിക്കുകയാണ്. മർദ്ദനം അഴിച്ചു വിട്ടിരിക്കുകയാണ്. അവർ ഒറ്റപ്പെട്ടു എന്നതോന്നൽ അവർക്ക് വരുത്താതെ അങ്ങ് അവരുമായി അടിയന്തിരമായി ബന്ധപ്പെട്ട് അവരുടെ പ്രശ്നം പരിഹരിക്കണം. ഇതാണോ പട്ടികജാതി ക്ഷേമം? ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന് അവരോട് ആത്മാർത്ഥതയും ഉത്തരവാദിത്വവും ഉണ്ടെന്നു കാണിക്കണമെങ്കിൽ, ഈ നിയമസഭയിൽ പറഞ്ഞതു പോലെ കാര്യങ്ങൾ നീക്കണമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കണം. മൂന്നു കൊല്ലമായിട്ട് പേപ്പറുകളിൽ മാത്രം കാണുകയും നടപടിയിൽ വരുമ്പോൾ യാതൊന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന, വഞ്ചനാപരമായ നിലപാട് എടുക്കുന്ന ഈ ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ഞാൻ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കി കേരളത്തിന്റെ കാർഷിക വരുമാനം കുറയ്ക്കുകയും ഉൽപ്പാദനം കുറയ്ക്കുകയും ചെയ്ത ഒരു കാലഘട്ടമാണ് എൽ.ഡി.എഫ് ഗവൺമെന്റിന്റെ സമയ

LIBRARY ARCHIVES Kerala Legislative Assembly

ത്ത്, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ മന്ത്രിയായിരിക്കുന്ന സമയത്ത്, എന്ന് സ്ഥാപിക്കാനാണ് ബഹു. മെമ്പർ സി.എഫ്. തോമസ് ശ്രമിച്ചത്. അതിനു വേണ്ടി അദ്ദേഹം നിരത്തിയത് പ്രധാനമായും എക്കണോമിക് റിവ്യൂവിൽ നിന്നുള്ള കണക്കുകളാണ്. എക്കണോമിക് റിവ്യൂ തന്നെ കൃത്യമായി പരിശോധിക്കുമ്പോൾ നമുക്കു കാണാൻ കഴിയുന്ന ചിത്രം മറ്റൊന്നാണ്. എക്കണോമിക് റിവ്യൂവിലെ 1991-92 കാലഘട്ടത്തിലെ കണക്കനുസരിച്ച്, അതായത് യു. ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 1818.16 കോടി രൂപയുടെ കാർഷിക വരുമാനമാണ് നമ്മുടെ സംസ്ഥാനത്തിനുണ്ടായിരുന്നത്. എൽ.ഡി.എഫ് ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് 1997-98 കാലഘട്ടത്തിൽ കാർഷിക വരുമാനം 2259.07 കോടി രൂപയാണ്. വലിയ മാറ്റം ഈ രംഗത്ത് ഉണ്ടായിരിക്കുന്നുവെന്നുള്ളത് എക്കണോമിക് റിവ്യൂവിന്റെ അടിസ്ഥാനത്തിൽതന്നെ വളരെ വ്യക്തമാണ്. ഈ സത്യങ്ങൾ മറച്ചുവച്ചുകൊണ്ട് എക്കണോമിക് റിവ്യൂവിന്റെ ഒരു ഭാഗം മാത്രം ഉദ്ധരിച്ചുകൊണ്ടാണ് ബഹു. സി.എഫ്. തോമസ് സംസാരിച്ചത്. ഇതു മാത്രമല്ല കാർഷിക വരുമാനത്തിന്റെ കാര്യത്തിൽ ഗണ്യമായ വർദ്ധനവ് കേരളത്തിന്റെ ഖജനാവിന് ഉണ്ടാക്കിക്കൊടുക്കാൻ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾമൂലം കഴിഞ്ഞിട്ടുണ്ട്. അത് ഉൽപ്പാദനത്തിലും വളരെ പ്രകടമാണ്. ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഓരോ മേഖല പരിശോധിക്കുമ്പോഴും അത് കാണാൻ കഴിയും. റബ്ബറിന്റെ കാര്യത്തിൽ 4,74,555 ടൺ റബ്ബറാണ് 96-97 കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്. അത് 1997-98 കാലഘട്ടത്തിൽ 5,42,725 ടൺ എന്നുള്ള നിലയിലാണ് എക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ളത്. റബ്ബറിന്റെ കാര്യത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ നാളികേരത്തിന്റെ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. 5155 ദശലക്ഷം ടൺ എന്നാണ് 1995-96 ലെ എക്കണോമിക് റിവ്യൂവിൽ പറയുന്നത്. അതുതന്നെ 1997-98-ൽ 5911 ദശലക്ഷം ടൺ ആയിട്ട് നാളികേരോൽപ്പാദനം വർദ്ധിച്ചിരിക്കുകയാണ്. ഏലത്തിന്റെ കാര്യത്തിലും ഏത്തവാഴയുടെ കാര്യത്തിലും തേയിലയുടെ കാര്യത്തിലും കാപ്പിയുടെ കാര്യത്തിലും ഇഞ്ചിയുടെ കാര്യത്തിലും എക്കണോമിക് റിവ്യൂവിൽ കണക്കുകൾ പറഞ്ഞിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഉൽപ്പാദനം വർദ്ധിച്ചിരിക്കുകയാണ് എന്ന് എക്കണോമിക് റിവ്യൂവിൽ തന്നെ പറയുമ്പോൾ ബഹു. സി.എഫ്. തോമസ് പറയുകയാണ് എൽ.ഡി.എഫ് ഗവൺമെന്റിന്റെ സമയത്ത് ഉൽപ്പാദനം കുറഞ്ഞിരിക്കുകയാണ് എന്ന്. അതു ശരിയല്ല. കേരളത്തിന്റെ ഖജനാവിൽ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന നിലയിൽ, പുരോഗതിയുണ്ടാക്കാൻ കഴിയുന്ന നിലയിൽ, കാർഷികമേഖലയിൽ മാറ്റങ്ങൾ ഉണ്ടാക്കാൻവേണ്ടി ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക. ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് വളരെ സജീവമായി പ്രവർത്തന രംഗത്ത് നിൽക്കുന്നു എന്ന് നമുക്ക് കാണാൻ കഴിയും. ഈ കാര്യങ്ങൾ പരിശോധിക്കുമ്പോൾ നമ്മുടെ കാർഷിക രംഗത്ത് വരൾച്ച ബാധിച്ച മേഖലയുണ്ടായിരുന്നു. വരൾച്ച ബാധിച്ച് മുരടിപ്പ് അനുഭവപ്പെട്ടിരുന്ന കേരളത്തിന്റെ കാർഷിക മേഖലയിൽ വരൾച്ച മാറ്റി കാർഷിക മേഖലയെ പച്ചപിടിപ്പിക്കാൻ ബഹു. കൃഷ്ണൻ കണിയാംപറമ്പിലിന്റെ നേതൃത്വത്തിൽ കൃഷിവകുപ്പിനു കഴിഞ്ഞു എന്ന് വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇവിടെ പറയുകയുണ്ടായി പ്രഖ്യാപനങ്ങൾ മാത്രമാണെന്ന്. പ്രഖ്യാപനങ്ങൾ അല്ലാതെ മറ്റൊന്നും നടക്കുന്നില്ലെന്നാണ് ബഹു. പ്രതിപക്ഷ മെമ്പർമാർ ചൂണ്ടിക്കാണി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത്. റബ്ബറിന്റെ വിഷയംതന്നെ പരിശോധിക്കാം. റബ്ബറിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് വിലയിടിവ് ഉണ്ടായ സാഹചര്യം എന്താണ്? എട്ടുല ക്ഷത്തിലധികം വരുന്ന റബ്ബർ കർഷകർക്ക് പിടിച്ചുനിൽക്കുവാൻ കഴിയാത്ത അവസ്ഥ നമ്മുടെ സംസ്ഥാനത്തുണ്ടായപ്പോൾ നിയമസഭയിൽ ഉണ്ടായ വികാരം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായി പ്രവർത്തിച്ചില്ലേ? തീർച്ചയായിട്ടും ആത്മാർത്ഥതയോടുകൂടിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. 25 കോടയിലേറെ രൂപ റബ്ബർ കൃഷിക്കാരെ സഹായിക്കുവാൻവേണ്ടി മാത്രമായി സംസ്ഥാന ഗവൺമെന്റ് മാറ്റിക്കൊടുത്തു എന്നുപറഞ്ഞാൽ കേരളത്തിന്റെ ഖജനാവിൽ നിന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന വലിയ ആശ്വാസ നടപടിയാണ്. വിലയിടി വിന്റെ മുഖ്യമായ കാര്യം എന്താണെന്ന് പ്രതിപക്ഷ മെമ്പർമാർ പറയുന്നില്ല. ഇവർ പറയുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് വില ഉണ്ടായി, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് വിലകുറഞ്ഞു എന്നാണ്. വില കുറയുവാൻ ഉണ്ടായ പശ്ചാത്തലം: ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി ഉണ്ടായ നടപടികളുടെ ദുഃഖങ്ങൾ, ബുദ്ധിമുട്ടുകൾ അത് നമുക്ക് മറക്കുവാൻ കഴിയുമോ? റബ്ബറിന്റെ വിലയിടിവുമൂലം ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ കൃഷിക്കാരെ സഹായിക്കുവാൻ എന്താണ് ചെയ്തത്? ഓരോ കാര്യത്തിനും സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി! കൃത്രിമ റബ്ബർ, പോളീയൂറിത്തിൽ, ടയർ, ഉപയോഗിച്ച ടയർ ഉൾപ്പെടെ റബ്ബർ ഉൽപ്പന്ന ങ്ങൾ മുഴുവൻ ഇറക്കുമതി ചെയ്തുകൊണ്ട് വിലയിടിക്കുവാൻ വേണ്ടിയുള്ള നീക്കങ്ങൾക്ക് ആക്കം കൂട്ടുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്തത്. ഈ പ്രശ്നത്തിനിടയിലും കേരളത്തിലെ കൃഷിക്കാരെ സഹായിക്കുവാൻ വേണ്ടി സംസ്ഥാനം സ്വീകരിച്ച നടപടികൾ, ഞാൻ സൂചിപ്പിച്ചു-25 കോടിയിലധികം രൂപ മാറ്റിവച്ച കാര്യം. അതുപോലെതന്നെ ലാറ്റക്സിന്റെ കാര്യം, 25 ശതമാനം നഷ്ടം സഹിച്ചു കയറ്റുമതി ചെയ്യുവാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് തീരു മാനിച്ചു. സംഭരണം ഫലപ്രദമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചു. റബ്ബർ സംഭരണം ഫലപ്രദമായി മാറ്റുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാ പിച്ചതനുസരിച്ച് വാക്ക് പാലിച്ചു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ, തുടങ്ങിയ ഏജൻസികളെ സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തി. ബഹു. സി.എഫ്. തോമസ് ഉൾപ്പെടെയുള്ളവർ, ഇവിടെ പ്രസംഗിച്ചവരൊക്കെ റബ്ബർ സംഭരണത്തെ വിജയിപ്പിക്കുവാൻവേണ്ടി ആത്മാർത്ഥമായി സഹായിച്ചി ട്ടുണ്ടോ? സഹായിച്ചിട്ടില്ല. റബ്കോ 20,000 ടൺ റബ്ബർ സംഭരിച്ചിരുന്നു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ 250 ടൺ റബ്ബർ സംഭരിച്ചു. ഇത് എന്തൊരു വ്യത്യാ സമാണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലുള്ള റബ്ബർ മാർക്ക റ്റിംഗ് ഫെഡറേഷൻ ഈ കാര്യത്തിൽ കാണിച്ചിട്ടുള്ള കുറ്റകരമായ അനാസ്ഥ കൂടി സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുകയാണ്. ഈ കാര്യങ്ങളിൽ എൽ. ഡി.എഫ്. ഗവൺമെന്റ് ആത്മാർത്ഥയോടുകൂടി പ്രവർത്തിച്ചിട്ടുള്ള സാഹചര്യ മാണ് ഉണ്ടായിട്ടുള്ളത്. നെൽക്കൃഷിയെ സംബന്ധിച്ച് നെൽക്കൃഷി വികസന ഏജൻസികൾ സംസ്ഥാനത്ത് തുടങ്ങിയത്, ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വീണ്ടും കേരളത്തിൽ പുതിയതായി ആരംഭിച്ചത്, നെല്ലുസംഭരണം ഉൾപ്പെടെ യുള്ള കാര്യങ്ങൾ-കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്ന നിലയിൽ ഈ അനുകൂല നടപടികൾ മൂലം 1992 കാലഘട്ടങ്ങളിൽ ഒരു ഹെക്ടർ ഉൽപ്പാദനക്ഷമത 1,959 കിലോഗ്രാം ആയിരുന്നത് കഴിഞ്ഞ വർഷം 2,023 കിലോഗ്രാമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. കൃഷിപ്പാടങ്ങളുടെ കാര്യം പറഞ്ഞു; കൃഷിപ്പാടങ്ങൾ കുറഞ്ഞുവരുന്നു എന്ന ആശങ്ക ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

കൃഷിപ്പാടങ്ങൾ ഉപയോഗിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിനു അഭിമാനിക്കുവാൻ കഴിയും. 30,000 ഹെക്ടർ സ്ഥലത്തേയ്ക്ക് നെൽക്കൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിരിക്കുന്നു. പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുന്ന നിലയ്ക്ക് കേരളത്തെ സ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടി യുള്ള വലിയ പരിശ്രമങ്ങൾ നടക്കുന്നുണ്ട്. 620 ഹരിത സംഘങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചു. 230 കോടിരൂപ വിലമതിക്കുന്ന 2.3 ലക്ഷം ടൺ പച്ച ക്കറിയാണ് നമ്മുടെ സംസ്ഥാനത്ത് കൂടുതലായി ഉല്പാദിപ്പിക്കുവാൻ കഴി ഞ്ഞത്. 230 കോടിരൂപ നമ്മുടെ ഖജനാവിലേയ്ക്ക് കൂടുതലായി എത്തിക്കുവാ നുള്ള സാഹചര്യം ഉണ്ടാക്കിയിരിക്കുന്നു. റബ്ബറിന്റെ താങ്ങുവില 34.05 എന്ന നിലയിൽ നിൽക്കുകയാണ്. റബ്ബറിന്റെ വില വീണ്ടും ഇടിയുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത് ഗൗരവമായി കണ്ടുകൊണ്ട് റബ്ബറിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കുവാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് നട പടി സ്വീകരിക്കണം. റബ്ബറധിഷ്ഠിത വ്യവസായത്തെ സംബന്ധിച്ച്, നമ്മുടെ സംസ്ഥാനം റബ്ബറിന്റെ ഉൽപ്പാദന കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ ആണ്. മറ്റു സംസ്ഥാനങ്ങളെക്കാൾ കാര്യക്ഷമമായി നടപ്പാക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ വിവിധ റബ്ബർ ഉല്പന്നങ്ങൾ മറ്റു സംസ്ഥാന ങ്ങളിൽനിന്നും വിലകൊടുത്തു വാങ്ങേണ്ട ഗതികേട് കേരളത്തിലുണ്ടായി രുന്നു. ഇതു പരിഹരിക്കുവാൻവേണ്ടി റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങ ണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആവശ്യമായ സാങ്കേതികവിദ്യ പ്രയോജ നപ്പെടുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നുണ്ട്. ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടി നെല്ലിന്റെ കാര്യത്തിൽ, 25 വർഷം മുമ്പ് ഐ.ആർ.എട്ട്. തുടങ്ങിയ വിത്തുകൾ ഉണ്ടായിരുന്നു. ജ്യോതി എന്ന വിത്ത് പിന്നീടുണ്ടായി. 25 വർഷം കഴിഞ്ഞിട്ടും ഒരു നല്ലയിനം വിത്ത് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്കുവേണ്ടി പുതിയതായി കണ്ടെത്തു വാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമാണ്. നമ്മുടെ സംസ്ഥാ നത്തെ കൃഷി ശാസ്ത്ര മേഖല ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഗുണമേന്മയുള്ള പുതിയ ഇനം വിത്തുകൾ കർഷകർക്ക് കൊടുക്കുവാൻ കഴിയുന്ന സാഹചര്യം ഉണ്ടാകണം. നെല്ലു സംഭരണത്തെ സംബന്ധിച്ച് ഗവൺമെന്റ് പ്രഖ്യാപിച്ചത് പൂർണ്ണമായും ഫലപ്രദമാക്കി മാറ്റുവാൻ കഴിഞ്ഞിട്ടില്ല. നെല്ല് സംഭരണം ഫല പ്രദമായി മാറ്റാൻ കഴിയുന്ന നിലയിൽ നെല്ല് അരിയാക്കി മാറ്റുവാൻ കഴിയുന്ന മൂന്ന് റൈസ് മില്ലുകൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. അത് നടപ്പാക്കുവാൻ കഴിഞ്ഞാൽ, ആ അരി മാവേലി സ്റ്റോറുകൾക്ക് വിതരണം ചെയ്യുവാൻ കഴി ഞ്ഞാൽ കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ സഹായമാകും. നമ്മുടെ കൃഷിക്കാർക്ക് കൊടുക്കുവാനുള്ള പമ്പിംഗ് സബ്സിഡി 1980-82 കാലഘട്ടത്തിൽ ഉന്നയിച്ച കൂലി നിരക്ക് തന്നെയാണ് ഇപ്പോഴുമുള്ളത്. 100 ശതമാനം സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞാലും ഫലത്തിൽ പഴയ റേറ്റ് നിൽക്കുന്നതുകൊണ്ട് കൃഷിക്കാരന് കിട്ടുന്നത് 50 ശത മാനം മാത്രമാണ്. കാലോചിതമായി പമ്പിംഗ് സബ്സിഡി നിരക്കുകൾ പുതുക്കി നിശ്ചയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോട്ടയം ജില്ലയിൽ പമ്പിംഗ് സബ്സിഡിയുടെ തുക കിട്ടാനുണ്ട്. അത് കൊടുത്തിട്ടില്ല. അതു കൊടുക്കുവാ നുള്ള നടപടി ഉണ്ടാകണം. മടവീണു കൃഷിനാശംവന്ന കർഷകരെ സഹായി ക്കുവാൻ ഇതുവരെ നടപടി ഉണ്ടായിട്ടില്ല. കോട്ടയം ജില്ലയ്ക്ക് തുക കിട്ടിയി ട്ടില്ല. മടവീണ കൃഷിക്കാരനെ മാത്രമായി സഹായം എത്തിക്കുവാൻ സാഹച ര്യമുണ്ടാക്കണം. മൃഗസംരക്ഷണ വകുപ്പിൽ മൃഗാശുപത്രികളിൽ ഡോക്ടർ

LIBRARY ARCHIVES Kerala Legislative Assembly

മാർ ഇല്ലാത്തതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യം ഉണ്ട്. ഇത് പരിഹരിക്കുവാൻവേണ്ടി റിട്ടയർ ചെയ്ത കാളിഫൈഡ് ആയിട്ടുള്ള ആളുകളെ താല്ക്കാലികമായി നിയമിച്ചാണെങ്കിൽപോലും മൃഗാശുപത്രികളിൽ ഡോക്ടർമാർ ഉണ്ടാകാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന യുവത്വത്തിന്റെ പ്രസരിപ്പുള്ള ബഹു. കെ. രാധാകൃഷ്ണൻ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ അവശക്രൈസ്തവ വിഭാഗങ്ങളെ ഈ രംഗത്ത് അവഗണിക്കുന്നു. അവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. നിരവധി കുട്ടികൾക്ക് അവശക്രൈസ്തവ ആനുകൂല്യം കിട്ടുന്ന മേഖലയുണ്ട്. ദളിത് ക്രൈസ്തവരായ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമല്ല. അത് ലഭ്യമാക്കാനുള്ള നടപടിയും വേണം. അവശക്രൈസ്തവ കോർപ്പറേഷൻ അഴിമതിയുടെ വേദിയായിരുന്നു ഒരിക്കൽ. ഇന്ന് ജനോപകാരപ്രദമാക്കി മാറ്റാൻവേണ്ടി, പദ്ധതികൾ ആരംഭിക്കുവാൻ ആവശ്യമായ ഫണ്ടില്ല. ആ കോർപ്പറേഷന് ഫണ്ട് കൊടുക്കുവാൻവേണ്ടിയുള്ള നടപടികൂടി ഈ ഗവൺമെന്റ് സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്തെ ദുർബല വിഭാഗത്തിൽപ്പെട്ട കൃഷിക്കാർക്കും സാധാരണ ജനങ്ങളുടെ ക്ഷേമത്തിനുംവേണ്ടി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ധനാഭ്യർത്ഥനകൾ ഈ ഗവൺമെന്റ് ലക്ഷ്യബോധത്തോടെയും കാര്യക്ഷമതയോടുകൂടെ വന്നിട്ടുള്ളതാണെന്നതിന് സംശയമില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. കൃഷി, ഹരിജൻ വെൽഫയർ, സ്ത്രീകളുടെ കാര്യം മറ്റു വളരെ പ്രധാനപ്പെട്ട വകുപ്പുകളുടെ ചർച്ചയുള്ള ദിവസമാണ് ഇന്ന്. കൃഷിയെപ്പറ്റി ഇവിടെ എല്ലാപേരും പറയുകയുണ്ടായി. അതുകൊണ്ട് ഞാനൊന്നും പറയുന്നില്ല. ഒരുകാര്യമേ ഞാൻ പറയുന്നുള്ളൂ. വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിച്ച ആളുകൾക്ക് പണം കൊടുത്തുവെന്ന് പറഞ്ഞത് ബഹു. മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുകയാണ്. കുട്ടനാട്ടിലെ കൃഷിക്കാർക്ക് അവരുടേതായിട്ടുള്ള നഷ്ടപരിഹാരമോ മറ്റെന്തെങ്കിലും വിധത്തിലുള്ള പണമോ കൊടുക്കുവാൻ വേണ്ടിയുള്ള നടപടി ഉണ്ടാകണം. ഡിക്ളയർ ചെയ്ത് കൊടുക്കണം. കൃഷിയെപ്പറ്റി നമ്മൾ പറഞ്ഞിട്ട് കാര്യമില്ല. കൃഷിയെ സംബന്ധിച്ച് പറയുമ്പോൾ റബ്ബറിന് വില മൊത്തത്തിലില്ല, എന്നൊക്കെ ഒരു മന്ത്രിയെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത് തുടർച്ചയാണ്. കുറെക്കാലമായിട്ടുള്ള തുടർച്ചയാണ്. തെങ്ങുരോഗം തുടങ്ങിയിട്ട് കുറെക്കാലമായി. എനിക്ക് 80 വയസ്സുണ്ട്. ഞാൻ ജനിക്കുന്നതിനും എത്രയോ കാലങ്ങൾക്കുമുമ്പ് തുടങ്ങിയതാണ്. ഒരു പരിഹാരവുമില്ല. ഞാൻ ജനിച്ചതുമുതൽ തെങ്ങു വെട്ടാൻ തുടങ്ങിയതാണ്. വെട്ടി തെങ്ങു മുഴുവൻ തീർന്നാലും രോഗം തീരില്ല. ഇപ്പോൾ തെങ്ങിൽ നാളികേരം ഉണ്ടാകുന്നില്ല. വെള്ളയ്ക്ക ഉണ്ടാകും. അതു മുഴുവൻ കൊഴിഞ്ഞുപോകും. അതു സംബന്ധിച്ച് ധാരാളം പ്രശ്നങ്ങളുണ്ട്. തെങ്ങിൻകുല ഉണങ്ങുകയാണ്. മന്ത്രിയെ മാത്രം കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ഇതു തുടർച്ചയാണ്. ദയവുചെയ്ത് കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്ക് നിങ്ങൾ പ്രഖ്യാപിച്ച പണം കൊടുക്കണം. ഞാൻ കുട്ടനാട്ടുകാരെ സംബന്ധിച്ചു മാത്രമേ പറയുന്നുള്ളൂ. കുട്ടനാട്ടിലാണ് അജിറ്റേഷൻ വരുന്നത്. അതുകൊണ്ട് കുട്ടനാട്ടുകാർക്കുള്ള പണം മുഴുവൻ കൊടുക്കുക. പ്രധാനമായും സംസാരിക്കുവാൻ ആഗ്രഹിക്കുന്നത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റ് സംബന്ധിച്ചാണ്. ഞാൻ ബഹു. മന്ത്രിയോട് ചോദിക്കട്ടെ, പല ബഡ്ജറ്റിലും പണം കുറവ് ചെയ്തില്ലേ? ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ച്



LIBRARY ARCHIVES Kerala Legislative Assembly

ഒരുചോദ്യം ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞില്ല. ടോട്ടൽ എമൗണ്ട് കഴിഞ്ഞ കൊല്ലം 37,43,185 രൂപ പ്ലാൻ എമൗണ്ടാണ് ഞാൻ പറഞ്ഞത്. സർ, ഈ കൊല്ലം 42,26,329 ആണ്. ഇതൊക്കെ കൂടുതലാണെന്ന് അറിയാം, പക്ഷേ നെഞ്ചത്ത് കൈവച്ചു പറയാമോ, നിങ്ങളുടെ പ്ലാൻ എമൗണ്ട് എത്രയാണ് കൂടിയതെന്ന്? 3200-2000 ആണ്. പാവപ്പെട്ടവർക്കു കൊടുക്കുന്ന തുക പ്രൊപ്പോർഷനേറ്റായിട്ട് കൂടിയോ? നിങ്ങൾ ചോദിച്ചുവാങ്ങണം. ഇതാണ് ഇന്നത്തെ നില. ഏറ്റവും പിന്നോക്കം നിൽക്കുന്നവരായ ഹരിജനങ്ങൾ, പട്ടിക ജാതി-പട്ടികവർഗ്ഗക്കാർ എന്നിവർക്ക് ഭരണഘടന എഴുതിയുണ്ടാക്കി. അവ സരം മുതൽ (50 സംവൽസരങ്ങൾക്ക് മുമ്പ്) പറയുന്നതാണ് ഇവരുടെ പുരോ ഗതിക്ക് പരിഗണന വേണമെന്ന്. അന്നു തുടങ്ങിയതാണ്. ആദ്യം 25 കൊല്ലം നീക്കും പിന്നെയും 25 കൊല്ലം നീക്കും. ഇനി എത്രകൊല്ലം കൂടി നീക്കും? നൂറു കൊല്ലം കൂടി പറയുമോ? അവരെ മനുഷ്യരെപ്പോലെയാക്കുന്നതിനു വേണ്ടിയുള്ള ഒരു സ്കീം വേണ്ടേ? ഇന്നും അവരെവിടെയാണ് താമസിക്കു ന്നത്? ഗിരിവർഗ്ഗക്കാരെ, അവർ താമസിച്ചിരുന്ന സ്ഥലത്തുനിന്ന് ആട്ടിയോടിച്ച് അവരെക്കൊണ്ടുചെന്ന് ഒരറ്റത്താക്കിയിരിക്കുകയാണ്. ഒഴിപ്പിക്കാൻ കൂട്ടു നിന്നിരിക്കുകയാണ്. ഈ ഗവൺമെന്റിൽ വന്നിരിക്കുന്ന നിങ്ങളുൾപ്പെടെ യാണ് അതു ചെയ്തത്. കറുത്തവരെ, കറുത്ത മുണ്ടുടുത്തവരെ, കുളിക്കാത്ത വരെ, പാവപ്പെട്ടവരെ നിങ്ങൾക്കു കണ്ടുകൂടാ. അതാണിന്നുള്ളത്. അതിന്റെ ഫലമാണ് നിങ്ങളുടെ ഗിരിവർഗ്ഗക്കാരോടുള്ള നടപടിയും നിയമവും നിങ്ങൾ നടപ്പിലാക്കുന്നതായിട്ടുള്ള സ്കീമുകളും. മൊത്തത്തിൽ എന്താണു സ്ഥിതി? ഗിരിവർഗ്ഗക്കാരെവിടെയാണ് താമസിക്കുന്നത്? കുറേയാളുകൾ കാട്ടിന്റെയ റ്റത്തും കുറേ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ചിറവരമ്പിലും കോളനികളിലും തുടങ്ങി ഏതെങ്കിലും അറ്റത്തുള്ള സ്ഥലങ്ങളിലാണ് താമസിക്കുന്നത്. ഗിരി വർഗ്ഗക്കാർ, സ്വാതന്ത്ര്യം കിട്ടി 50 സംവത്സരം പിന്നിട്ടിട്ടും താമസിക്കുന്നത് അവിടെയാണ്. ഈ രീതിയിലാണ് ഇൻഡ്യയിൽ അവർ താമസിക്കുന്നത്. ഹരിജനങ്ങളെ ഇനിയുള്ള 25 കൊല്ലത്തിനിടയിലെങ്കിലും മറ്റുള്ള ജനവിഭാഗ ങ്ങൾക്കൊപ്പം ആക്കുന്നതിനുള്ള സ്കീമുകൾ നടപ്പിലാക്കുന്നതിന് എന്തെ ങ്കിലും നടപടികൾ ബഡ്ജറ്റിലുണ്ടോ? ഇല്ല. എന്റെ അഭിപ്രായം അതാണ്. ഈ ഗവൺമെന്റിന്റെ പോളിസിയിൽ ഇല്ല. നിങ്ങൾക്ക് അതു മനസ്സിലാക്കാനും കഴിയുന്നില്ല. അതാണ് അതിന്റെ പ്രത്യേകത. സാധാരണ നമ്മൾ പറയു മ്പോൾ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, അവരുടേതായിട്ടുള്ള പ്രശ്ന ങ്ങളെ സംബന്ധിച്ച് പറയും. അവർക്ക് ഒരു ഉദ്യോഗമോ മറ്റെന്തെങ്കിലുമോ കിട്ടും; അതുകഴിഞ്ഞാൽ പിന്നെ കിട്ടാൻ പോകുന്നത് ഒരു ഈഴവ സ്ത്രീക്കോ, നായർ സ്ത്രീക്കോ ആണ്. അതാണ് മനോഭാവം. ഇന്നത്തെ നില യിൽ വന്നിരിക്കുന്ന മനോഭാവമാണ് ഞാൻ പറയുന്നത്. അവരെ നന്നാക്കുന്ന തിനു വേണ്ടിയുള്ള വിധത്തിൽ മാത്രമാണ് ഞാൻ പറയുന്നത്. ഇവരെ നന്നാ ക്കുന്നതിനുവേണ്ടി രണ്ടുമൂന്നു സ്കീമുകൾ ഉണ്ടായിരുന്നു. വയനാട് സുഗന്ധ ഗിരി പ്രോജക്ട് എന്തുചെയ്തു? സുഗന്ധഗിരിയുടെ ഇന്നത്തെ സ്ഥിതി എന്താണ്? വെസ്റ്റേൺ ഗാട്ട്സ് സ്കീമിൽ ഉൾപ്പെടുത്തി അതു തുടങ്ങിയ താണ്. അവർക്കു ഭൂമി വിട്ടുകൊടുത്തോ? അവർക്ക് ഒരു തുണ്ട് ഭൂമി പോലും കിട്ടിയില്ല. ഇന്നും ഭരണം അവിടെത്തന്നെ നിൽക്കുന്നു. പട്ടികവർഗ്ഗക്കാർക്കു വേണ്ടി അട്ടപ്പാടിയിൽ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുണ്ടാക്കി. അതിൽ വീടുണ്ടാക്കി, അവർക്കു താമസിക്കാൻ കൊടുക്കുന്ന സ്ഥലം നമുക്കറിയാം. റവന്യൂവകുപ്പുമന്ത്രിയോ മറ്റാരോ പോയി അവിടെ സന്ദർശിച്ചു. അതു ടെലിവി ഷനിൽക്കൂടി കണ്ടപ്പോൾ ഞാൻ പേടിച്ചുപോയി. അട്ടപ്പാടിയിൽ, മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

വീടും മേൽക്കൂരയില്ലാതെ കിടക്കുകയാണ്; കാറ്റു കൊണ്ടുപോയി. അതു പോലെ പൂക്കോട് ഡയറിയിൽ പശുക്കളുണ്ടായിരുന്നു. അതും വെസ്റ്റേൺ ഗാട്ട്സിലുൾപ്പെടുത്തിയതാണ്. ഇന്ന് പൂക്കോട് ഡയറിഫാമിൽ പശുക്കളില്ല. 1500 രൂപ ഇതിന് ഉൾക്കൊള്ളിച്ചിട്ടുണ്ട്. പശുവുമില്ല, പശു കിടന്ന സ്ഥലത്ത് പുടയുമില്ല.

മി. ചെയർമാൻ : അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുന്നു. കൂടുതൽ സമയം തന്നിരിക്കുകയാണ്.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ചെയറിനോട് ഒരഭ്യർത്ഥനയുണ്ട്. അൽപ്പം സമയം എനിക്കു തരണം.

ഗിരിവർഗ്ഗക്കാരെ നന്നാക്കുന്നതിനുവേണ്ടി വയ്ക്കുന്ന സ്കീമിൽ, അതിൽ നിന്ന് ബാക്കിയുള്ളവർ കയ്യിട്ടുവാരി കൊണ്ടുപോകുന്നു. അങ്ങനെ അവർക്ക് കിട്ടാതെ പോകുന്നു. അതു തടയുന്നതിനുള്ള ഒരു സ്കീമുണ്ടോ? ഞാൻ ബഹു. മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു, കേന്ദ്ര ഗവൺമെന്റ് ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. എന്താണത്? സ്വയംഭരണ കൗൺസിലുകൾ: ഗിരിവർഗ്ഗക്കാരും ബാക്കിയുള്ളവരും താമസിക്കുന്ന സ്ഥലത്ത് സ്വയംഭരണ കൗൺസിലുകളുണ്ട്. കേരളത്തിൽ ഇതു നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുണ്ടോ, നടപ്പിലാക്കുമോ, എന്നതായിരുന്നു ചോദ്യം. ഇല്ല എന്നു മന്ത്രി പറയുകയുണ്ടായി. ഗിരിവർഗ്ഗക്കാർക്ക് കൂടുതൽ പ്രാതിനിധ്യമുള്ള സ്ഥലത്ത് ഗിരിവർഗ്ഗകൗൺസിൽ. ഇപ്പോഴത്തെ പഞ്ചായത്തു ഭരണമെന്താണ്? ജനങ്ങളിലേയ്ക്കാണ് അധികാരം. അധികാരം ആർക്കു കൊടുക്കുന്നു.? അധികാരം ഗിരിവർഗ്ഗക്കാർക്കു കൊടുക്കില്ല, അതു നിങ്ങൾ മനസ്സിലാക്കിയാൽ മതി. നിങ്ങളുടെ മനോഭാവമാണ് ഞാൻ പറയുന്നത്. ബാക്കിയുള്ള പല സംസ്ഥാനങ്ങളും, ഇന്നത്തെ നിലയിൽ ഇത്ര കൂടുതൽ പുരോഗമനപരമായിട്ടുള്ള നിയമ നിർമ്മാണങ്ങൾ ഉണ്ടാക്കിയ സ്ഥലത്ത്, ബാക്കി പറഞ്ഞാൽ പഠിത്തമുള്ള നാട്ടിൽ, ഗിരിവർഗ്ഗക്കാർക്ക് അധികാരം കൊടുക്കുകയില്ല! ആ മനോഭാവത്തിൽ ഉറച്ചു നിൽക്കുന്നു. ഗിരിവർഗ്ഗ കൗൺസിലുമായി ബന്ധപ്പെട്ട കാര്യത്തിൽ മൂന്നു പ്രാവശ്യം മറുപടി പറഞ്ഞു: കൗൺസിലുണ്ടാക്കാൻ ആലോചിക്കുന്നില്ല, അത് ആഗ്രഹിക്കുന്നില്ല, അതിനുവേണ്ടി നടപടി എടുക്കുന്നില്ല എന്നാണ്. ഇതൊരു മനോഭാവമാണ്. ഇവിടെ ബഡ്ജറ്റിൽ പണം കൊള്ളിച്ചിരിക്കുന്ന കാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ നിങ്ങൾ പറയുന്നതെന്താണ്? പണമൊന്നും കുറവായിട്ടു വന്നിട്ടില്ല, ഈ ഗവൺമെന്റ് കൂടുതലായി അനുവദിച്ചിട്ടുള്ളതെന്നാണ്. നിയമസഭയിലെ റെക്കോർഡിലുണ്ട്. ഹരിജനങ്ങളോട് അതിക്രമം കാണിക്കുന്നതു തടയുന്നതിനുവേണ്ടിയുള്ള ഒരു സ്കീം നടപ്പിലാക്കുന്നതിന് ഈ കൊല്ലം പ്ലാൻ ഫണ്ടിൽ 3,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്. 1997-98-ൽ 61,310 രൂപയാണ്. കഴിഞ്ഞപ്രാവശ്യം 7,500 രൂപയായിരുന്നു. ഈ പ്രാവശ്യം 3000 രൂപ അവരുടെ നേരെയുള്ള അതിക്രമം തടയുന്നതിനുള്ള സ്കീമാണ്. രണ്ടാമതായി പറയുന്നത് വിദ്യാഭ്യാസത്തിന്റെ കാര്യമാണ്. അതു പ്ലാനിലാണ് പറയുന്നത്. പിന്നോക്കക്കാർക്ക് ഒന്നുമില്ല. ആകെ നമ്മൾ ബഡ്ജറ്റിൽ പണം അനുവദിക്കുന്നത് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിനും പട്ടികജാതി/പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റിനുമാണ്. അവർക്കു കൊള്ളിച്ചിരിക്കുന്ന പ്ലാൻ എമൗണ്ട് 25,100 രൂപയാണ്. 1997-98-ൽ 41,97,751 രൂപയാണ്. നിങ്ങൾ പണം കൊള്ളിച്ചിരിക്കുന്നു എന്നു പറയുകയാണ്. ബഹു. മന്ത്രി ബഡ്ജറ്റ് പഠിച്ചിട്ടില്ല. അല്ലെങ്കിൽ എഴുതിത്തരുന്ന കാര്യങ്ങൾ പാസ്സാക്കിക്കൊടുക്കുന്നു. അല്ലെങ്കിൽ മനഃപൂർവ്വം ആളുകളെ പറ്റിക്കത്തക്ക

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ നിങ്ങൾ കാര്യങ്ങൾ പറയുന്നു. കൂടാതെ ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ് ഇപ്രാവശ്യം 2,800 രൂപയാണ്. 1997-98-ൽ 12,43,355 രൂപയാണ്. പാവപ്പെട്ട ഹരിജനങ്ങളെ മറ്റുള്ളവരോടൊപ്പം കൊണ്ടുവരാൻ 50 കൊല്ലമായി സാധിക്കുന്നില്ല. ഇനിയുമൊരു 25 കൊല്ലം പോകും. ആ വിഭാഗക്കാർക്ക് വച്ചിരിക്കുന്ന പണത്തിന്റെ തുകയാണ് പറയുന്നത്. കേന്ദ്രം പ്ലാൻ എമൗണ്ട് ഇരട്ടിപ്പിച്ചു. മുഖ്യമന്ത്രി ഇവിടെ സംസാരിക്കുമ്പോൾ പറയുന്നത്, ഞങ്ങൾ കേന്ദ്രത്തിൽ പോയി, കാശു വാങ്ങി എന്നൊക്കെയാണ്. ഇരട്ടിച്ച പണത്തിന്റെ ഏതാണ്ട് ഒരംശംപോലും കിട്ടിയിട്ടില്ലായിരിക്കും. ഏതായാലും 3200-2000 വരുമ്പോൾ കൊള്ളിക്കേണ്ട പണം കൂടുതലാണ് വരേണ്ടത്. ഇതിപ്പോൾ കുറഞ്ഞിരിക്കുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് 500 രൂപയാണ്. നേരത്തെയുണ്ടായിരുന്നത് ആയിരം രൂപയാണ്. അടിമപ്പണി ചെയ്തിരുന്നവരുടെ പുനരധിവാസത്തിനുവേണ്ടി 100 രൂപയാണ്. 1997-98-ൽ 5,00,177 ആണ്, പ്ലാൻ എമൗണ്ടിലാണ്. ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റ് ആരാണു നടത്തുന്നത്? അട്ടപ്പാടിയിൽ പാവപ്പെട്ട ഗിരിവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്ന പരിപാടി: എനിക്കറിയാവുന്ന കാര്യമാണ്. ഞാനന്നു കുറച്ചൊക്കെ നോക്കിയ ആളാണ്. കരിമ്പുക്കൃഷി നടത്തി ചിറ്റൂർ ഷുഗർ മിൽ നടത്താനാകുമെന്ന വിധത്തിൽ ഞാൻ ഭവാനിപ്പുഴയുടെ ഇടയ്ക്കുക്കൂടി വാട്ടർ തിരിച്ചുവിട്ട് ഒരു സകീം നടത്താൻ സാധിക്കുമോ എന്നു നോക്കിയ ആളാണ്. നടക്കുകയില്ല. അവിടെ കാറ്റു കാരണം ഒരു കൃഷിയും നടക്കുകയില്ല. മണ്ണില്ല. അവർക്കാണ് ഇവിടെ ഭൂമി കൊടുക്കാനുള്ളത്. ഞാൻ മന്ത്രിയെ കുറ്റം പറയുകയല്ല. ഇതു ഗവൺമെന്റു കാണേണ്ടതാണ്. ഞാൻ ജയിലിൽനിന്നു പുറത്തുവന്ന കാലത്ത് പുനലൂർ രാജഗോപാലിന്റെ ഒരു പാട്ടുണ്ടായിരുന്നു. ഞാൻ പാട്ടു പാടിയാൽ ശരിയാകുകയില്ല. അതുകൊണ്ട് പാടുന്നില്ല. അന്ന് തമ്പ്രാക്കളുടെ മുന്നിൽ പണിയെടുത്തിരുന്ന ആളുകളുടെ കഥ പറയുമായിരുന്നു. ശൂരനാടു സംഭവം നടന്നത് നമുക്കറിയാം, പാവപ്പെട്ട ഹരിജനങ്ങൾക്കു വേണ്ടി അവരുടെ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം തർക്കത്തിൽ വന്ന സംഭവമാണ്. പാവപ്പെട്ടവരുടെ അനേകം കാര്യങ്ങൾ നമുക്കറിയാം. ഗിരിവർഗ്ഗക്കാരുടെ പ്രശ്നത്തിൽ വളരെ ജാഗരൂകനായിത്തന്നെ വലിയ ആവേശത്തോടുകൂടി സംസാരിക്കുന്നത് ഇവിടെ ശ്രീ. എ. കണാരനാണ്. ഞാൻ ഒരിക്കൽ വയനാട്ടിലേയ്ക്കു പോകുമ്പോൾ തിരുവമ്പാടിയിൽക്കൂടി അദ്ദേഹം എന്തോ പ്രകടനം നടത്താൻ, വെട്ടാൻ കൊണ്ടുപോകുന്ന ആട്ടിനേയും കൊണ്ട് ആട്ടിപ്പോകില്ലേ അതുപോലെ, കുറെ ഗിരിവർഗ്ഗക്കാരേയും കൊണ്ടുവരുന്നത് ഞാൻ കണ്ടതാണ്. അതാണ് നമ്മുടെ നാട്ടിൽ ഇന്നും ഗിരിവർഗ്ഗക്കാരുടേയും പാവപ്പെട്ടവരുടേയും അവസ്ഥ. ആ നിലയിൽ ഗിരിവർഗ്ഗക്കാരും ഹരിജനങ്ങളും പട്ടികജാതിക്കാരും ഇന്ന് അനാഥരാണ്. അവർക്കുവേണ്ടിയുള്ള സ്കീം മുഴുവൻ തടയുകയാണ്. ആ വിധത്തിൽ സ്ത്രീകളുടേയും ബാക്കിയുള്ളവരുടേയും പ്രശ്നം കൈകാര്യം ചെയ്യുന്നതിന് ഇന്നത്തെ നിലയിൽ എനിക്കുള്ള അഭിപ്രായം പറഞ്ഞതാണ്. വിമൻസ് കമ്മിഷൻ സ്ട്രെങ്തെൻ ചെയ്ത് മറ്റുള്ള നടപടികളെടുക്കുന്നതിനുള്ള സ്കീം ഉണ്ടാക്കണം, അതിനുവേണ്ടിയുള്ള സ്റ്റാഫ് കൊടുക്കണം, അതിന്റേതായിട്ടുള്ള സ്കീം നടപ്പിലാക്കണം. മറ്റുള്ള വിധത്തിൽ പണം ചെലവാക്കാതെ അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സംഘടനയും ബാക്കിയുള്ളതും കൂട്ടിച്ചേർത്ത് സ്ത്രീകൾക്കർഹമായ സ്ഥാനം കിട്ടുന്നതിനുള്ള നടപടികളും മറ്റുമുണ്ടാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. നാണു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടുത്തെ കാർഷികമേഖല വളരെ പ്രതികൂലമായ സാഹചര്യങ്ങൾ അഭിമുഖീകരിക്കുകയായിരുന്നു. ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ച ഗാട്ട് കരാറിന്റെയൊക്കെ ഫലമായി റബ്ബറിന്റെ വില ഇടിയുന്ന ഘട്ടം, വർഷങ്ങളായി ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുകുറഞ്ഞുവന്ന് നെല്ലിന്റെ ഉല്പാദനം കുറഞ്ഞുവന്ന ഘട്ടം, പല രോഗങ്ങളുടേയും ഫലമായി നാളികേരത്തിന്റെ ഉല്പാദനം കുറഞ്ഞ ഘട്ടം-ആ ഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നത്. കഴിഞ്ഞ മൂന്നുകൊല്ലത്തിനിടയിൽ അഭിമാനകരമായ പലതും കാർഷികമേഖലയിൽ സംസ്ഥാനത്തെ കൃഷിവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്ന് അഭിമാനത്തോടുകൂടി എനിക്ക് പറയാൻ സാധിക്കും. നമ്മുടെ ഏറ്റവും പ്രധാനമായ ഒരു പ്രശ്നം-ഇഷ്ടംപോലെ മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഏതാണ്ട് ആയിരം കോടിയോളം രൂപയുടെ പച്ചക്കറി അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരേണ്ട സാഹചര്യമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് തീവ്രമായി നമ്മുടെ നാട്ടിലെ ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് പച്ചക്കറി ഉല്പാദനത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചതിന്റെ ഫലമായി 250 കോടിയോളം രൂപയ്ക്ക് പുതുതായി പച്ചക്കറി ഉല്പാദിപ്പിക്കാൻ കേരളത്തിനു സാധിച്ചു. കേരളത്തിന്റെ പച്ചക്കറിക്കൃഷി കഴിഞ്ഞകാലത്തെക്കാളും നല്ല രൂപത്തിൽ നടത്താനുള്ള താല്പര്യം ജനങ്ങളിൽ വന്നിരിക്കുകയാണ്. ഈ ഘട്ടത്തിൽ ബഹു. മന്ത്രിയുടെ മുമ്പിൽ ഒന്നുരണ്ടു കാര്യങ്ങൾ ഞാൻ സൂചിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദിപ്പിച്ച് ആയിരം കോടി രൂപയോളം അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് തടയാൻ ശ്രമിക്കുമ്പോൾ നമ്മുടെ പ്രധാനപ്പെട്ട കാർഷികോല്പന്നമായ നാളികേരത്തിന്റെ ഇളനീർ പണ്ടുകാലത്തുണ്ടായിരുന്നതിനേക്കാൾ കൂടുതൽ കേരളത്തിൽ വിറ്റഴിക്കുന്നു. എന്നാൽ അങ്ങനെ വിറ്റഴിക്കപ്പെടുന്ന ഇളനീർ ഏതാണ്ട് 90 ശതമാനത്തിലധികവും അന്യസംസ്ഥാനമായ കർണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും വരുന്നതാണ്. രണ്ടോ മൂന്നോ കൊല്ലം കഴിയുമ്പോൾ ആയിരം കോടിയുടെ സ്ഥാനത്ത് രണ്ടായിരമോ മൂവായിരമോ കോടി രൂപയ്ക്കുള്ള ഇളനീർ കർണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്നത് തടയാനും അല്ലെങ്കിൽ അത് ഒഴിവാക്കുന്നതിനുമാവശ്യമായ പ്രചാരണം നടത്താൻ നമ്മൾ നിർബന്ധിതരാകും. ആ സാഹചര്യം ഒഴിവാക്കാൻ നമ്മുടെ കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് ഇതെല്ലാം സഹകരിച്ചുകൊണ്ട്, നമ്മുടെ നാട്ടിലെ നാളികേര കൃഷിക്കാരിൽ വർഷങ്ങളായി നിലനിൽക്കുന്ന, മലബാറിലൊക്കെയുള്ള കൃഷിക്കാരിലുള്ള ഒരു കാരണവശാലും ഇളനീർ പറിക്കില്ലെന്നുള്ള മനോഭാവം ഒഴിവാക്കി, ഇളനീർ വിറ്റവിക്കുന്നതിനുള്ള പ്രചരണവും അതിനാവശ്യമായ സൗകര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അങ്ങനെവരുന്ന അവസരത്തിൽ നാളികേരത്തിന്റെ ഉല്പാദനക്കുറവ് കേരളത്തിലാണെന്നുപറയുന്നത് ഒഴിവാകും. കാരണം മറ്റു സംസ്ഥാനങ്ങളൊക്കെ ഇളനീർ മുറിക്കുന്നതുകൊണ്ടാണ് ആ സംസ്ഥാനങ്ങളിൽ തെങ്ങിന് ഉല്പാദന വർദ്ധനവുള്ളത്. അതുപോലെതന്നെ ഇവിടെ വെളിച്ചണ്ണയുടെ വിലയുണ്ടായാൽ മാത്രമേ നാളികേരത്തിന് മര്യാദ വില ലഭിക്കൂ. കേരളത്തിൽ സംസ്ഥാന ഗവൺമെന്റിന് വെളിച്ചെണ്ണയുടെ വിലനിയന്ത്രിക്കുന്ന കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല. കൊച്ചിയിലൊരുപക്ഷേ പഴയതുപോലെ ആധിപത്യമില്ലായിരിക്കാം. എന്നാലും എനിക്കുതോന്നുന്നത്, നമ്മുടെ കേരഫെഡ്ഡിന്റെ കീഴിൽ കരുനാഗപ്പള്ളിയിലുള്ള

ഫാക്ടറിയിലും അതുപോലെ കോഴിക്കോടു ജില്ലയിലെ നടുവണ്ണൂരുള്ള ഫാക്ടറിയിലും നമ്മൾ 200 ടൺ കൊപ്രവീതം കൃഷിചെയ്തുണ്ടാക്കി അതു കൊണ്ടു ലഭിക്കുന്ന വെളിച്ചെണ്ണയും (ടൺ കണക്കിന് കൊപ്ര ഈ രണ്ടു ഫാക്ടറികളിലും സംഭരിക്കാൻ ഗവൺമെന്റ് തയ്യാറാകും, അങ്ങനെ കൊപ്രയും അതുപോലെ വെളിച്ചെണ്ണയും) കോടിക്കണക്കിന് രൂപയ്ക്കുള്ളത് സംഭരിച്ചുവച്ച് മാർക്കറ്റിനെ നിയന്ത്രിക്കാൻ നമുക്കുസാധിച്ചാൽ ഈ നാളികേരത്തിന്റെ വില കുറച്ചുകൂടി മെച്ചപ്പെടുത്തുന്നകാര്യത്തിൽ സഹായിക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് സാധിക്കുമെന്നാണ്. അതുപോലെതന്നെയാണ് റബ്ബറിന്റെ കാര്യം. ശ്രീ. മോൻസ് ജോസഫ് പറഞ്ഞതുപോലെ 95%-ത്തോളം റബ്ബറുല്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. റബ്ബറിന്റെ വിലയിടിയുന്ന അവസരത്തിൽ റബ്ബർ കൊണ്ടുല്പാദിപ്പിക്കുന്ന വ്യാവസായികോല്പന്നങ്ങളുടെ വില കുറയുന്നു. അപ്പോൾ എന്തുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഇവിടുത്തെ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളെയെല്ലാം സഹകരിപ്പിച്ച് റബ്ബറിന്റെ വില നിയന്ത്രിക്കുന്നതിനാവശ്യമായ രൂപത്തിൽ നമുക്കിവിടെ റബ്ബർ ഉപയോഗിച്ചുകൊണ്ടുള്ള പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിക്കാൻ സാധിക്കില്ല? ടയറുകളും അതുപോലെ മറ്റു തരത്തിലുള്ള റബ്ബറുമായി ബന്ധപ്പെട്ട് വ്യവസായങ്ങൾ എന്തുകൊണ്ട് കേരളത്തിൽ ആരംഭിച്ചുകൂടാ? അങ്ങനെ ഈ റബ്ബർ വ്യവസായത്തെ, റബ്ബറിനെ അതിന്റെ വിലയിടിവിൽനിന്നും രക്ഷപ്പെടുത്താൻ സാധിക്കില്ലേ? അതല്ലാതെ വേറെ എന്തെങ്കിലും മാർഗ്ഗം നമ്മുടെ സംസ്ഥാനത്തുണ്ടോ? 25 കോടി രൂപ സഹായിച്ചോ മറ്റു പല തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ റബ്ബർ കൃഷിക്കാർക്ക് നൽകിയോ അതിനെ നേരിടാൻ നമുക്കു സാധിക്കണമെങ്കിൽ എനിക്കുതോന്നുന്നത് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കണമെന്നാണ്. കേരളത്തിനുപുറത്തുള്ള സംസ്ഥാനങ്ങളിൽ റബ്ബർ ഉപയോഗിച്ചുകൊണ്ട് ടയർ ഉല്പാദിപ്പിക്കുന്ന വലിയ കോടീശ്വരന്മാരുടെ താല്പര്യത്തിനനുസരിച്ച് ഇൻഡ്യാ ഗവൺമെന്റും അതുപോലെ ഇവിടുത്തെ വൻകിട വ്യവസായമേഖലകളും സമ്പന്നന്മാരുടേതായ രാഷ്ട്രീയ കക്ഷികളും എല്ലാം ആ രൂപത്തിൽ പ്രചരണം നടത്തുമ്പോൾ റബ്ബറിന്റെ വിലയിടിവു തടയാൻ ആ രൂപത്തിലുള്ള ചർച്ച എന്തുകൊണ്ട് നമ്മുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല? അതുപോലെ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയിൽ നെല്ലുൽപ്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിച്ചു? സംസ്ഥാന ഗവൺമെന്റ് അത്തരത്തിൽ അത് ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. എനിക്കു തോന്നുന്നത്, നെല്ലുൽപ്പാദിപ്പിക്കുന്നതിന് സാധിക്കുന്ന ഏതാണ്ട് 10% ഭൂമി കേരളത്തിലിന്ന് തരിശ്ശായി ഇട്ടിരിക്കുകയാണ്. ഒരുപക്ഷേ 1973 കാലത്ത് ഗൾഫ് രാജ്യങ്ങളിൽ ജോലിതേടി നമ്മുടെ നാട്ടിൽനിന്നും ലക്ഷക്കണക്കിന് തൊഴിലാളികൾ പോയതിന്റെ ഫലമായോ മറ്റു കാരണങ്ങൾകൊണ്ടോ ആകാം കൂടുതൽ നെല്ലുൽപ്പാദിപ്പിക്കുവാൻ സാധിക്കുന്ന ഭൂമി തരിശ്ശായി ഇടുന്ന ഒരു സാഹചര്യമുണ്ട്. അത് ഒഴിവാക്കിയെടുക്കാൻ എങ്ങനെ സാധിക്കും? അതുപോലെ നെൽക്കൃഷിക്കാർക്ക് മറ്റു സംസ്ഥാനങ്ങളിൽ നൽകുന്നതുപോലെയുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് ഇവിടുത്തെ നെൽക്കൃഷിയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു; നെൽക്കൃഷിയെ സംരക്ഷിക്കുന്നതിന് അതുമായി ബന്ധപ്പെട്ട സമിതികളുണ്ടായിരിക്കുന്നു; അതിനെല്ലാ സൗകര്യങ്ങളും ചെയ്യുന്നു; സാമ്പത്തിക സൗകര്യങ്ങൾ ചെയ്യുന്നു. ഒരു വ്യവസായമെന്നുള്ള നിലയ്ക്ക് ഗവൺമെന്റ് കൃഷിയെ കാണുന്നുണ്ടോ? ഇന്നലത്തെ പത്രത്തിൽ ഞാൻ കണ്ടു സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്ക് ഓഫ് ട്രാവൻകൂർ കഴിഞ്ഞ വർഷത്തേക്കാളും കൂടുതൽ ഈ വർഷം കേരളത്തിന് സാമ്പത്തിക സഹായം നൽകാൻ തയ്യാറാണെന്നാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ കാർഷിക മേഖലയിൽ കഴിഞ്ഞകാലത്തു മുടക്കിയതിനേക്കാളും കൂടുതൽ പണം മുടക്കിക്കൊണ്ട് കൃഷിയെ സംരക്ഷിക്കാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റിന് പോകാൻ സാധിക്കുമോ? ഞാൻ മനസ്സിലാക്കുന്നത് നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചു. കഴിഞ്ഞ കൊല്ലത്തൊന്നും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നു. ഇനിയും നമ്മൾ കഴിഞ്ഞ കാലത്ത് നികത്തിയതുപോലെ നികത്താൻ അനുവദിച്ചാൽ നാലോ അഞ്ചോ കൊല്ലം കഴിഞ്ഞാൽ കേരളത്തിൽ അത്ഭുതവസ്തുവായി നെൽപ്പാടങ്ങൾ മാറും. ആ നെൽപ്പാടങ്ങളിൽ നമ്മൾ നെല്ല് ഉൽപ്പാദിപ്പിക്കാതെ, പണ്ടു പറഞ്ഞതുപോലെ പഞ്ചാബുകാരും അല്ലെങ്കിൽ ഹരിയാനക്കാരും, ഉത്തർപ്രദേശുകാരും മാത്രം നെല്ലുൽപ്പാദിപ്പിച്ചാൽ മതിയോ? ആ രാജ്യങ്ങളിൽ സമ്പന്ന രാജ്യങ്ങളുടെ സ്വാധീനഫലമായി ഗോതമ്പിന്റേയും നെല്ലിന്റേയും ഉൽപ്പാദനത്തിൽനിന്നും മാറി മാർക്കറ്റുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ അവിടത്തെ കർഷകർ സാമ്പത്തിക ലാഭത്തിന്റെ പേരിൽ തയ്യാറാകുന്നു. അപ്പോൾ കുറച്ചുകാലം കഴിയുമ്പോൾ നെല്ലിന്റെ രംഗത്ത് വലിയ പ്രതിസന്ധി കേരളം അഭിമുഖീകരിക്കേണ്ടിവരും. നമ്മുടെ മുഖ്യ ആഹാരമാണ് അരി. അതുകൊണ്ട് നെൽക്കൃഷി സംരക്ഷിക്കുന്നതിനാവശ്യമായി, ഈ ഗവൺമെന്റ് നടത്തുന്ന പരിപാടികൾ ഏറ്റവും വിജയകരമായി മുന്നോട്ടു കൊണ്ടുപോകണമെന്നുള്ളതു മാത്രമല്ല, ഈ തരിശ്ശായി ഇട്ടിരിക്കുന്ന ഭൂമി തിരിച്ചുപിടിച്ച് ഏതെങ്കിലും തരത്തിൽ കൃഷിചെയ്യാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കി കാർഷികമേഖലയെ കൂടുതൽ ശാസ്ത്രീയമായ രൂപത്തിലാക്കി ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ സ്വാതന്ത്ര്യം സമ്പാദിക്കുന്നതിന് എത്രയോ വർഷങ്ങൾക്കുമുമ്പ് പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ആദിവാസികളും പിന്നോക്കാവസ്ഥയിലാണ്. അതുപരിഹരിക്കാൻ ശ്രമിക്കുന്നു. പക്ഷേ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയ്ക്ക് സംസ്ഥാന ഗവൺമെന്റ് ആ മേഖലയിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുള്ളത് എതിരാളികൾക്കുപോലും പറയാതിരിക്കാൻ സാധിക്കുകയില്ല. മിനിഞ്ഞാന്ന് ഞാൻ വടകരയിൽ അവിടത്തെ പ്രീ മെട്രിക്ക് ഹോസ്റ്റലിൽ പോയിരുന്നു. എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് ആ യോഗത്തിൽവെച്ച് പാരിതോഷികം നൽകുകയുണ്ടായി. ആ കുട്ടികൾക്ക് അവരുടെ മാസച്ചെലവിന് 300 രൂപയാണു കൊടുത്തുകൊണ്ടിരുന്നത്. അത് 500 രൂപയായി മന്ത്രി വർദ്ധിപ്പിച്ചു. അതൊരു ചെറിയ കാര്യമല്ല. എന്നാലും എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് അതു കുറച്ചുകൂടി വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കണം എന്നാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിജയശതമാനം കുറവാണ്. വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് യഥാസമയം ട്യൂഷൻ ഫീസ് നൽകി, എല്ലാ സൗകര്യങ്ങളും ഈ വകുപ്പ് ചെയ്തുകൊടുക്കുന്നുണ്ട്. പക്ഷേ അവരുടെ വീടുകളുടെ *(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്)* കാര്യത്തിൽ കുറേക്കൂടി ശ്രദ്ധിക്കണം. വരുന്ന അഞ്ചു വർഷത്തിനിടയ്ക്ക് അവരുടെ പാർപ്പിടത്തിന്റെ കാര്യത്തിലൊക്കെ പ്രഖ്യാപനം നടത്താനും ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് സന്നദ്ധമായിട്ടുണ്ട്. എനിക്ക് തോന്നുന്നത് ഒരുകാലത്തും ഇങ്ങനെ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല എന്നാണ്. പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, അവരുടെ ജോലിയുടെ കാര്യത്തിൽ, അവരുടെ പാർപ്പിടത്തിന്റെ കാര്യത്തിൽ, അവരുടെ ആരോഗ്യ പരിപാലനത്തിന്റെ കാര്യത്തിൽ, ഫലപ്രദമായ നടപടികൾ സ്വീകരിച്ച് അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. ആദിവാസികളുടെ കാര്യത്തിൽ ശ്രീമതി ഗൗരിയമ്മ സൂചിപ്പിച്ചത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. എത്രയോ വർഷങ്ങളായി ആദിവാസികൾക്ക് ഭൂമികൊടുത്തു എന്നുപറയുന്നു. ഭൂമികൊടുക്കാതെ ഭൂമി ലഭിക്കാത്തതിന്റെ പേരിൽ ആ പാവങ്ങളെ പ്രക്ഷോഭണരംഗത്ത് തള്ളിവിട്ടു. ഈ ഗവൺമെന്റ് ആദിവാസികൾക്ക് ഭൂമി നൽകി, അവർക്ക് അവിടെ കൃഷിചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്ന രൂപത്തിൽ ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ആത്മാർത്ഥമായ പരിശ്രമം നടത്തുന്നത് ഇപ്പോഴാണ്. അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കണം. ആദിവാസികളുടെയും, അതുപോലെ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും പ്രശ്നങ്ങൾ ഇനിയും അനേകം പരിഹരിക്കാനുണ്ട്. അതിന് ഇനിയും വർഷം നീണ്ടുപോകുമെന്നു വന്നേക്കാം എന്നാലും കേരളത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് പത്തു ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാരുള്ള ഒരു സംസ്ഥാനമെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രി.....

<u>ശ്രീ. എ. കണാരൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട മെമ്പർ സി.കെ. നാണു ആദിവാസികൾക്ക് കുറച്ച് ഭൂമി കൊടുത്തുവെന്ന് പറഞ്ഞില്ല. ആദിവാസി വിഭാഗങ്ങളിൽ പതിനൊന്ന് ലക്ഷത്തോളം വരുന്ന ആദിവാസികൾക്ക് ഭൂമി ഉണ്ട്. പതിനൊന്നായിരം ആദിവാസികൾക്ക് ഒരേക്കർ ഭൂമിയും, അര ഏക്കറോ മുക്കാൽ ഏക്കറോ ഭൂമിയുള്ളവർക്ക് ഒരു ഏക്കർ ഭൂമി തികച്ചും, കൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ആദിവാസി വിഭാഗങ്ങൾക്ക് മുഴുവൻ വീടും ഭൂമിയും ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. അതുപറയാതെ മറ്റുള്ളത് പറയുന്നത് ശരിയാണോ?

<u>മി. ചെയർമാൻ</u> : ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

<u>ശ്രീ. സി.കെ. നാണു</u> : ഞാൻ എന്റെ സമയത്തിന്റെ ദൗർലഭ്യം കൊണ്ടാണ് പറയാതിരുന്നത്. ബഹു. എ. കണാരൻ പറഞ്ഞതുപോലെ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഫലപ്രദമായ നടപടി സ്വീകരിച്ചു. അവർക്ക് സംയുക്തമായ രൂപത്തിൽ അവരുടെ സംഘടനകളുമായി സംസാരിച്ചുകൊണ്ട്, അധികം ആളുകൾ അറിയാതെ നമ്മുടെ നാട്ടിൽ വലിയ പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. അവഗണിക്കപ്പെട്ടുപോയിരുന്ന ആദിവാസികൾക്കും, പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും ഒരു കാലത്തു മുണ്ടായിട്ടില്ലാത്ത വിധത്തിൽ അവരുടെ ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള സംവിധാനമാണ് ഉണ്ടാക്കിയിട്ടുള്ളത്.

ക്ഷീരരംഗത്തെക്കുറിച്ച് ഒരു വാക്കു പറയുകയാണ്: കഴിഞ്ഞ അവസരത്തിലും ഇവിടെ പരാമർശിച്ചിട്ടുള്ളതാണ് കേരളത്തിലെ ക്ഷീരവ്യവസായ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ മലബാർ മേഖലയിൽ നിർദ്ദേശിച്ചിട്ടുള്ള രൂപത്തിൽ പുരോഗതിയുണ്ടായിട്ടില്ല എന്ന് അന്ന് ബഹു. മന്ത്രി സൂചിപ്പിച്ചിരുന്നു. അത് പരിഹരിക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അദ്ദേഹം പറഞ്ഞു. ആ പ്രശ്നം കുറേക്കൂടി തീവ്രമായ രൂപത്തിൽ പരിഹരിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.സി. കബീർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കാർഷികരംഗത്ത് പൊതുവെ സംതൃപ്തിയും സമാധാനവുമുള്ള ഒരു കാലഘട്ടമാണ്. പാലക്കാട്ടുനിന്ന് വരുന്ന എനിക്ക്, ഒരു കർഷകൻ കൂടിയായ എനിക്ക്, നെൽക്കൃഷിക്കാരന്റെ സംതൃപ്തി രേഖപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. മോഡേൺ റൈസ് മില്ലുകൾ മൂന്നെണ്ണമാണ് പാലക്കാട് തുടങ്ങുന്നത്. ഉൽപ്പാദന ബോണസ്സ് കൊടുക്കാൻ തീരുമാനിച്ചതുതന്നെ സന്തോഷകരമായ കാര്യമാണ്. മാത്രമല്ല, കന്നിമാസത്തിലൊക്കെ കൊയ്ത നെല്ല് വിൽക്കാതിരിക്കാൻ പറ്റാത്ത അവസരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തി നെല്ലു സംഭരിക്കാനുള്ള തീരുമാനവും പ്രശംസയർഹിക്കുന്നു. അതിന് ഞാൻ വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. റബ്ബർ കൃഷിക്കാരൻ ഇന്ന് കണ്ണീരിലാണ്. നായനാർ ഗവൺമെന്റ് അവരുടെ കണ്ണീർ തുടയ്ക്കാൻ അടിയന്തിരമായി എന്തെങ്കിലും ചെയ്യണം. അട്ടപ്പാടിയിൽ ഇപ്പോൾ ഭൂമി വിതരണം ചെയ്യുന്നു. അട്ടപ്പാടിയിലെ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാനുള്ള ഗവൺമെന്റിന്റെ ശ്രമം ഒരു മാരത്തോൺ ഓട്ടമായിരുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയേയും ബഹു. റവന്യൂ വകുപ്പുമന്ത്രിയേയും ബഹു. ധനകാര്യ വകുപ്പുമന്ത്രിയേയും ബഹു. ഹരിജനക്ഷേമ വകുപ്പുമന്ത്രിയേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. കഴിഞ്ഞ മൂന്നുവർഷമായി ഡൽഹിയിലേയ്ക്ക് നിരവധി തവണ കുതിച്ചോട്ടം നടത്തിയിട്ടാണ് അതിന് അനുമതി കൊണ്ടുവന്നത് എന്ന് നമുക്കൊക്കെ അറിയാം. എന്തെല്ലാം വൈകല്യങ്ങളുണ്ടായിരുന്നു. വടക്കെ ഇൻഡ്യൻ ലോബി, ഐ.എ.എസ്. കാരുടെ ലോബി, ഐ.പി.എസ്. കാരുടെ ലോബി, തമ്പുരാക്കന്മാരുടെ ലോബി ഇവരൊക്കെ ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനെതിരായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിർണ്ണായകമായ ഒരു പരിപാടിയാണ് മിനിഞ്ഞാന്ന് അട്ടപ്പാടിയിൽ സംഘടിപ്പിച്ചത്. ബഹു. മുഖ്യമന്ത്രിയുടെ കൈകൊണ്ടുതന്നെ 470-ഓളം ആദിവാസികൾക്ക് ഭൂമിയുടെ രേഖകൾ കൈമാറ്റം ചെയ്തു; ഭൂമി കൊടുത്തു. ബഹു. ഗൗരിയമ്മ ആ ഭൂമിയെക്കുറിച്ചു പറഞ്ഞു. ഞങ്ങളൊക്കെ കണ്ട ഭൂമിയാണ്. ബഹു. ശിവദാസമേനോന് അറിയാമല്ലോ. ആദിവാസികളെ എല്ലാ സുഖസൗകര്യങ്ങളോടുകൂടി താമസിപ്പിക്കണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശം. അട്ടപ്പാടിയിൽ പട്ടിണി ഉണ്ട്. പട്ടിണിമരണമുണ്ടെന്ന് ഞാൻ പറയുന്നില്ല. അവിടെ പോഷകാഹാരക്കുറവുണ്ട്. ആ പോഷകാഹാരക്കുറവ് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. 47 പേർ കഴിഞ്ഞ കൊല്ലം മരിച്ചു. ഒരുപാട് ആളുകളെ മെഡിക്കൽകോളേജിലേയ്ക്ക് കൊണ്ടുപോയി. അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. സൗജന്യ റേഷൻ കൊടുക്കുന്നുണ്ട്. പക്ഷേ പോഷകാഹാരക്കുറവുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മാഷ് ഇവിടെ പറഞ്ഞു വിളർച്ചയുണ്ട് എന്ന്. ഇതിന് മുമ്പ് പ്രസംഗിച്ച ശ്രീമതി ലതാദേവി കേരളത്തിൽ വിളർച്ച എന്ന രോഗമേ ഇല്ല എന്നുപറഞ്ഞത് അങ്ങ് കേട്ടോ?

ശ്രീ. വി.സി. കബീർ : ആ കുട്ടിക്ക് ആ കാര്യങ്ങൾ അറിഞ്ഞു കൂടാത്തതുകൊണ്ടാണ്. അട്ടപ്പാടിയിലെ കാര്യം എനിക്കറിയാം. അട്ടപ്പാടിയിൽ ഞാൻ പോയതാണ്. ജോസ്ബേബിയുടെ പ്രദേശമാണ്. അതുകൊണ്ട് ബഹു. മന്ത്രിയും ഹരിജനക്ഷേമ വകുപ്പുമന്ത്രിയും ധാരാളം പണം കൊടുക്കുന്നുണ്ടെങ്കിലും, അവിടെ ചാരായത്തിന്റെ കച്ചവടം അതിഗംഭീരമാണ്. പാവപ്പെട്ടവർ സൗജന്യമായി കിട്ടുന്ന അരി കുറച്ചു കാശിന് വിറ്റ് ആ കാശ് കൊണ്ടുപോയി

ചാരായം വാങ്ങി കഴിക്കുന്നുവെന്ന ഒരു ദുഃഖസത്യം ഞങ്ങളുടെ മുമ്പിലുണ്ട്. ഇതിന് എന്താണ് പോംവഴിയെന്ന് ഗവൺമെന്റ് നോക്കണം.

ഇതിൽ സാമൂഹ്യക്ഷേമമുണ്ട്. സാമൂഹ്യക്ഷേമത്തിന്റെ കാര്യത്തിൽ അംഗൻവാടി വർക്കർമാരുടെ കാര്യം നമ്മുടെ എല്ലാ മണ്ഡലങ്ങളിലും ആ സഹോദരിമാർ തേരാപ്പാര നടക്കുന്നുണ്ട്. അവരുടെ അലവൻസ് വർദ്ധിപ്പിക്കണം 1981-ൽ ബഹു. ഗൗരിയമ്മ മന്ത്രിയായിരുന്നപ്പോൾ ഞാൻതന്നെയാണ് പറഞ്ഞത്. അവർക്ക് ഒരു സാരി വാങ്ങാനുള്ള കാശ് കൊടുക്കണമെന്ന്. അത് 80 രൂപയാക്കി, പിന്നെ 100 രൂപയാക്കി, ഇപ്പോൾ 600 രൂപവരെ ആയിട്ടുണ്ട്. അവിടെയൊന്നും നിൽക്കില്ല. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി തുറന്നമനസ്സോടുകൂടി ഇവരുടെ കാര്യങ്ങളിൽ താൽപ്പര്യമെടുക്കണം. അനാഥാലയങ്ങളെക്കുറിച്ച് ഒരു കാര്യം പറയട്ടെ. ഞാനും ബഹു. നമ്പാടൻ മാഷും രണ്ട് അനാഥരായതുകൊണ്ട് അനാഥക്കുട്ടികളുടെകാര്യം നോക്കാൻ ഞങ്ങളെ നിയമസഭ നിയോഗിച്ചിരിക്കുകയാണ്. അത് ഒരു സാമൂഹ്യ സേവനമാണ്. 100 രൂപയാണ് കുട്ടികൾക്ക് കഞ്ഞി കുടിക്കാൻവേണ്ടി കൊടുക്കുന്നത്. അത് വർദ്ധിപ്പിക്കണം. 100 രൂപകൊണ്ട് കുട്ടികൾക്ക് കഞ്ഞി കുടിക്കാൻ കഴിയില്ല. അതുകൊണ്ട് അതിനെ 150 രൂപയാക്കണം.

<u>ശ്രീമതി ആർ. ലതാദേവി</u> : ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിക്കുന്നയവസരത്തിൽ അറിയാതെ ഒരു പരാമർശം നടത്തുകയുണ്ടായി. നേരത്തെ സംസാരിച്ച മെമ്പർക്ക് അതിനെക്കുറിച്ച് വിവരം ഇല്ല എന്നാണ് പറഞ്ഞത്. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

<u>ശ്രീ. വി.സി. കബീർ</u> : അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. ആ കുട്ടിയെന്ന് ഞാൻ പറഞ്ഞു. ആ വാക്ക് ഞാൻ പിൻവലിച്ചിരിക്കുന്നു.

അണുകുടുംബംത്തിന് പ്രായമായി വരുന്ന ആളുകളെ നോക്കാൻ സമയമില്ലാതെ വരുന്നതുകൊണ്ട് എല്ലാ സ്ഥലങ്ങളിലും വൃദ്ധമന്ദിരങ്ങൾകൂടി സ്ഥാപിക്കണമെന്ന് കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ടി. നാണു മാസ്റ്റർ</u> : സർ, നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ അത്താണിയാണ് ഈ ഗവൺമെന്റ്. കാരണം, കഴിഞ്ഞകാലങ്ങളിലെല്ലാം വേണ്ടത്ര നിയമം ഉണ്ടായിട്ടും എല്ലാ രംഗങ്ങളിലും അവഗണനകളും പീഡനങ്ങളും അനുഭവിച്ചുപോന്ന പട്ടികജാതിക്കാരെ സഹായിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങുന്നു. എന്നാൽ ഈ വിഭാഗത്തിന്റെ-വിശേഷിച്ചും പട്ടികജാതി വിഭാഗം എന്നു പറയുമ്പോൾ നമ്മുടെ കാർഷികമേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ, അതുപോലുള്ള രംഗങ്ങളിലെല്ലാം, നൂറ്റാണ്ടുകളായി പണിയെടുത്ത് ചേറിന്റെ മണം മുറ്റി നിൽക്കുന്ന ആ വിഭാത്തിന്റെ-സമുദ്ധാരണത്തിനുവേണ്ടിയുള്ള കരുത്തുറ്റ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരളത്തിൽ വന്നതുമുതൽ ഈ വിഭാഗത്തിന്റെ അത്താണിയായി, സംരക്ഷകരായി, ഇടതുപക്ഷ മുന്നണിയും ഇടതുപക്ഷ ഗവൺമെന്റുകളും മുന്നോട്ടു നീങ്ങിയിട്ടുണ്ട്. അക്കാര്യത്തിൽ സംശയമില്ല. ഒട്ടേറെ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. ആ പദ്ധതികളെല്ലാം നടത്തിപ്പിക്കുന്ന കാര്യത്തിൽ അതിന്റെ ഗുണഭോക്താക്കളായിട്ടുള്ള ആളുകൾക്ക് അത് യഥാസമയം ലഭ്യമാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. വിശേഷിച്ചും ഇപ്പോൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള 9-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ വളരെ ശുഷ്കാന്തിയോടുകൂടിയുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ചില വിമർശനങ്ങളും ഉയരുന്നു. ആ വിമർശനങ്ങൾ, വിമർശനങ്ങൾ എന്നുള്ള നിലയിലല്ല; യാഥാർത്ഥ്യ ബോധത്തോടുകൂടി പ്രതിപക്ഷ ഭരണപക്ഷഭേദമില്ലാതെ സാമൂഹ്യമായി നൂറ്റാണ്ടുകളായി അടിമത്തവും അവശതയും അനുഭവിച്ചിരുന്ന ആ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർവ്വ ഭാഗത്തുനിന്നും സഹകരണാത്മകമായ സമീപനമാണ് അംഗീകരിച്ച് മുന്നോട്ടുകൊണ്ടുപോകേണ്ടത്. അല്ലാതെ മറ്റു രൂപത്തിലേക്കുള്ള വിമർശനത്തിലേക്ക് നാം പോകുന്നത് അഭികാമ്യമല്ല എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പട്ടികജാതിക്കാരുടെ ക്ഷേമത്തെക്കുറിച്ച് കൂടുതൽ കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ നടപ്പാക്കുന്ന പദ്ധതികൾ അവർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ യഥാസമയം അവരുടെ കൈകളിൽ എത്തിക്കുന്നതിന് ഇടയാകത്തക്ക വിധത്തിൽ നാം മുന്നോട്ട് പോകേണ്ടതാണ്. എസ്.സി-എസ്.ടി വികസന കോർപ്പറേഷൻ ഉണ്ട്. വളരെയേറെ ചെലവുചെയ്ത് ആത്മാർത്ഥമായി ഗവൺമെന്റ് ഈ സ്കീം ആവിഷ്കരിക്കുമ്പോൾ, പതിനായിരക്കണക്കിന് അപേക്ഷകരുണ്ട്. അവയെല്ലാം യഥാസമയം എത്തിക്കുന്നതിന് എവിടെ വീഴ്ച വരുത്തുന്നു. ഉദ്യോഗസ്ഥ തലത്തിലാണെങ്കിൽ അത് പരിശോധിക്കണം. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി നമുക്ക് ഉദാരവൽക്കരിച്ച്, മെച്ചപ്പെടുത്തി കൊണ്ടുപോകാനുള്ള സാദ്ധ്യതയുണ്ടാകണമെന്ന് അടിവരയിട്ടു ഞാൻ പറയുകയാണ്. അതുപോലെതന്നെ കോളനിയിലെ പട്ടിക വികസന സങ്കേതങ്ങൾക്കുവേണ്ടി വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുമ്പ് കൊണ്ടുവന്നിട്ടുള്ള അംബേദ്കർ വില്ലേജുകൾ ഉണ്ട്. തുടർന്നുവന്ന ഗവൺമെന്റുകൾ എടുത്തിട്ടുള്ള ഐ.എച്ച്.ഡി.പി. സെന്ററുകൾ ഉണ്ട്. ആ ഐ.എച്ച്.ഡി.പി സെന്ററുകളും അംബേദ്കർ കോളനികളും അന്ന് ആരംഭിച്ചിട്ടുള്ള അതിന്റെ ആക്ഷൻ പ്ലാൻ അനുസരിച്ച് പൂർത്തിയാകാതെ കിടക്കുന്നതിനാൽ ആരാണ് അതിന് കുറ്റക്കാർ? പാവപ്പെട്ട അവിടെയുള്ള ആളുകളാണോ? പട്ടിക ജാതിക്കാരാണോ? അത് യഥാസമയം നടപ്പാക്കുവാൻ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർ കുറച്ചുകൂടി കാര്യക്ഷമതയോടുകൂടി മുന്നോട്ടു പോകുന്നില്ലെങ്കിൽ അത് പരിശോധിച്ച് പൂർത്തിയാക്കാനുള്ള ബാദ്ധ്യത നമുക്കില്ലേ? അതുപോലെതന്നെ മറ്റൊരു കാര്യം: തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു നമ്മുടെ ഗവൺമെന്റ് വളരെ ആത്മാർത്ഥതയോടുകൂടി ആവിഷ്കരിക്കുന്ന പരിപാടികൾ എവിടെയോ മുടങ്ങി നിന്ന ചില അനുഭവങ്ങൾ അങ്ങിങ്ങായി വരുന്നുണ്ട്. അതെല്ലാം അവരെ സംബന്ധിച്ചിടത്തോളം വളറെ ശുഷ്കാന്തിയോടുകൂടി നടപ്പാക്കാൻ നമുക്ക് സാധിക്കണം. 1990-ൽ അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ചില നടപടികൾ ഉണ്ടായിരുന്നു. അന്ന് ഹയർ സെക്കന്ററിയിൽ നിയമിച്ചിട്ടുള്ള ആളുകളെ സ്ഥിരപ്പെടുത്തിയപ്പോൾ ഇന്ന് 16 ആളുകൾ സ്ഥിരപ്പെടുത്താതെ നിൽക്കുകയാണ്. അടിയന്തിരമായി അത് പരിശോധിച്ച് പരിഹാരം കാണണം. അതുപോലെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യത്തിൽ-സ്പെഷ്യൽ റിക്രൂട്ട്മെന്റ് യഥാസമയം ഇടതുപക്ഷ മുന്നണി ഗവൺമെന്റ് നടപ്പാക്കുന്നുണ്ട്. എന്നാൽ പലപ്പോഴും രണ്ടും മൂന്നും കൊല്ലം സമയം എടുത്ത് തയ്യാറാക്കിയിട്ടും അതിന്റെ കാലാവധി എത്തുന്നതിനുമുമ്പു തീർന്നുപോവുകയാണ്. ഒഴിവുകൾ ധാരാളമായി വരുന്നുണ്ട്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാദ്ധ്യതയുണ്ട്. പ്രൈവറ്റ് മേഖലയിൽത്തന്നെ 11,000 അദ്ധ്യാപകരുടെ നിയമനങ്ങൾ നികത്തുന്നതിനു കഴിയാതെ വർഷങ്ങളായി ഈ വിഭാഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്നു. ആവശ്യമെങ്കിൽ നിയമനിർമ്മാണത്തിന്, ഇടതുപക്ഷമുന്നണി ഗവൺമെന്റ് പട്ടികജാതിക്കാരുടെ അത്താണി എന്ന നിലയിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ച്, ആലോചിച്ചുകൂടേ എന്ന് ഞാൻ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രൈവറ്റ് സ്കൂളുകളിൽ, 2,10,000 അദ്ധ്യാപകരുള്ള സ്കൂളുകളിൽ, റിസർവേഷൻ അനുസരിച്ച് 11,000 അദ്ധ്യാപകരെ നിയമിക്കാൻ സാധ്യതയുണ്ട്, അതിന് തുടക്കം നമ്മുടെ ഗവൺമെന്റ് കുറിക്കണം എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ നിരവധി ക്ഷേമ പരിപാടികൾ ഉണ്ട്. വളരെ ശുഷ്കാന്തിയോടുകൂടിയാണ് ഗവൺമെന്റ് ഈ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. യഥാസമയം അത് എത്തേണ്ടിടത്ത് എത്തുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കാനുള്ള സംവിധാനം കുറച്ചുകൂടി മെച്ചപ്പെടുത്തി ഈ കാര്യങ്ങളിൽ മുന്നോട്ടു പോകാൻ നമുക്ക് സാധിക്കേണ്ടതാണ് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, ഇവിടെ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെക്കുറിച്ച് ഞാൻ ആരോപണങ്ങളോ വിമർശനങ്ങളോ നടത്തുന്നില്ല. എന്നാൽ നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഉണ്ടാകുന്ന അപാകതകളെക്കുറിച്ച് പറയുവാനും ചില നിർദ്ദേശം കൊടുക്കുവാനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. ഗ്രാമീണമേഖലയിൽ ദരിദ്ര കർഷകരും കർഷകത്തൊഴിലാളികളുമാണ് പ്രധാനമായും കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്ന ഈ മേഖലയിൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. ഉപജീവനത്തിനായി തൊഴിൽ സ്വീകരിച്ചവരിൽ പലരും കടക്കെണിയിൽപ്പെട്ട് നട്ടം തിരിയുകയും കിടപ്പാടം പോലും വിറ്റ് കടം തീർക്കേണ്ട ഗതികേടിലുമാണ്. ഈ അടുത്ത കാലത്ത് വ്യാപകമായി പടർന്നുപിടിച്ച കുളമ്പുരോഗം കാരണം നിരവധി മാടുകൾ ചത്തൊടുങ്ങി. ഇൻഷ്വർ ചെയ്തവർക്കു പോലും നഷ്ട പരിഹാരം ലഭിച്ചിട്ടില്ല. അത് എന്താണെന്ന് ഗവൺമെന്റ് പരിശോധിക്കണം. 1982-ൽ 7 രൂപയ്ക്ക് മൂന്നു തവണ കൃത്രിമ ബീജധാനം നടത്താൻ സൗകര്യം ഉണ്ടായിരുന്നു. ഇപ്പോൾ 25 രൂപയ്ക്ക് ഒരു തവണയായി പരിഷ്കരിച്ചിട്ടുണ്ട്. കറവമാട് ചെന പിടിച്ചുകിട്ടണമെങ്കിൽ ശരാശരി 200 രൂപയോളം ചെലവുണ്ട്. അതിന് സബ്സിഡി ഏർപ്പെടുത്തി കർഷകനെ സഹായിക്കണം. എല്ലാ ക്ഷീര സംഘങ്ങളിലും ഐ.സി.ഡി.പി. സെന്ററുകൾ ആരംഭിക്കുകയും മൃഗാശുപത്രികളിലെ പ്രവർത്തനം മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആക്കുകയും വേണം. ഫലത്തിൽ ക്ഷീര സംഘങ്ങൾ വിൽപ്പന നടത്തുന്ന മിൽമ കാലിത്തീറ്റയുടേയും കേരളാ ഫീഡ്സിന്റെയും വിൽപ്പന നികുതി എടുത്തു കളയുകയും ക്ഷീര കർഷകൻ ഉൽപ്പാദിപ്പിച്ച് സംഘത്തിൽ അളക്കുന്ന പാലിന്റെ അളവിന്റെ അനുപാതത്തിൽ കാലിത്തീറ്റയ്ക്കു സബ്സിഡി ഏർപ്പെടുത്തുകയും വേണം. അതുപോലെ തന്നെ മേഖലാ യൂണിയനുകളുടെ പ്രവർത്തനത്തിൽ ആർഭാടങ്ങളും അനാവശ്യച്ചെലവുകളും ചുരുക്കി പാലിന്റെ വിൽപ്പന വില ഉയർത്താതെ തന്നെ കർഷകർക്ക് പാലിന്റെ വില വർദ്ധിപ്പിക്കണം. മേഖലാ യൂണിയനുകൾ മുൻകാലങ്ങളിൽ നൽകിക്കൊണ്ടിരിക്കുന്ന വേനൽക്കാല ഇൻസെന്റീവ് പുനഃസ്ഥാപിക്കണം. വർഷങ്ങൾക്കുമുമ്പ് ഏർപ്പെടുത്തിയിരുന്ന പി.എഫ് സ്റ്റാന്റേർഡിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും പാലിന്റെ വില നിശ്ചയിക്കുന്നത്. പഴയ നാടൻ വർഗ്ഗ ഗുണമുള്ള ജെഴ്സി ഇനത്തിൽപ്പെട്ട മാടുകൾ അല്ല

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഉള്ളത്. ആദായകരമായ holstein വർഗ്ഗത്തിൽപ്പെട്ട പശുക്കളുടെ പാലിന്റെ നിലവാരം പഠിച്ച് പുനർനിർണ്ണയം നടത്തി പാലിന്റെ വില വർദ്ധിപ്പിച്ചു നൽകണം. അതുപോലെ ക്ഷീരസംഘങ്ങളുടെ നല്ലൊരു തുക കരുതൽ ധനമായി നിശ്ചയിച്ചിരിക്കുന്നത് 5% ആയി പരിമിതപ്പെടുത്തുന്നതിന് ആവശ്യമായ നിയമഭേദഗതികൾ പുതിയ സഹകരണ നിയമത്തിൽ വരുത്തണം. ക്ഷീര സംഘത്തിന്റെ ആഡിറ്റ് ക്ലാസ്സിഫിക്കേഷനിൽ പ്രധാന പങ്ക്, കൈകാര്യം ചെയ്യുന്ന പാലിന്റെ അളവിലും വ്യാപാര ലാഭത്തിലും ആയിരിക്കണം. ക്ഷീര സംഘങ്ങളിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് സഹകരണ നിയമത്തിലെ 80-ാം വകുപ്പ് നടപ്പിലാക്കുകയോ അതിന് കഴിയില്ലെങ്കിൽ ക്ഷാമബത്ത ഉൾപ്പെടെയുള്ള ശമ്പളം നൽകുകയോ വേണം. ഓരോ ബ്ലോക്കിലും തെരഞ്ഞെടുക്കപ്പെടുന്ന ക്ഷീര സംഘത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് സാമ്പത്തിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ ഉല്പാദിപ്പിച്ച് കർഷകർക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. പാറശ്ശാല ആടുവളർത്തൽ കേന്ദ്രത്തിന്റെ പണി ഏകദേശം പൂർത്തിയായി. എങ്കിലും എക്സ്സ്റ്റ് ടെണ്ടർ പ്രകാരമുള്ള അധിക തുക അനുവദിച്ച് ആടുവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കണം. പട്ടികജാതി-പട്ടികവർഗ്ഗത്തിന് നിരവധി പ്രശ്നങ്ങളുണ്ട്. ഐ.എച്ച്.ഡി.പി. കോളനികളിൽ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ കൃഷിയുടെകാര്യത്തിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാകണം. അത് പ്രത്യേകം ശ്രദ്ധിക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> .: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇന്ന് ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളിൽ പ്രധാനപ്പെട്ട നാലു മേഖലകളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇവ മുഴുവൻ പരാമർശ വിഷയമാക്കാൻ പരിമിതമായ സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യക്ഷേമം എന്ന മേഖലയിൽ മാത്രം എന്റെ വാക്കുകൾ ഒതുക്കുകയാണ്. ഇത് സാമൂഹിക നീതിയുടെ പ്രശ്നം ഉൾക്കൊള്ളുന്ന ഒരു മേഖലയാണ്. നൂറ്റാണ്ടുകളായി നിഷേധിക്കപ്പെട്ട മൗലികമായ മനുഷ്യാവകാശങ്ങൾ അധഃസ്ഥിത വിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനുള്ള ബാദ്ധ്യതയോടെയാണ് നാം നമ്മുടെ റിപ്പബ്ലിക് സ്ഥാപിച്ചിരിക്കുന്നത്. നമ്മുടെ റിപ്പബ്ലിക്കിന്റേയും ആ റിപ്പബ്ലിക്കിനാധാരമായ ഭരണഘടനയുടെയും 50-ാം വാർഷികം ആചരിക്കുന്ന ഈ സന്ദർഭത്തിൽ നമുക്ക് ഈ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി, അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി, എന്തുചെയ്യാൻ കഴിഞ്ഞു എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഇവിടെ നമ്മുടെ മുന്നിൽ ലഭിച്ചിരിക്കുന്ന കണക്കുകളും വിവരങ്ങളും അനുസരിച്ച് വളരെയേറെ സന്തോഷത്തോടെയും ചാരിതാർത്ഥ്യത്തോടെയുമാണ് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നത്. ബഹുമാനപ്പെട്ട ശ്രീ. അലി ഹസ്സൻ ഒട്ടേറെ വിവരങ്ങൾ ഈ സഭയുടെ മുന്നിൽ അവതരിപ്പിക്കുകയുണ്ടായി. ഞാൻ അവ ആവർത്തിക്കുന്നില്ല. നേട്ടങ്ങൾ മികച്ചതാണ്, പ്രതീക്ഷകൾ ധാരാളമുണ്ട്. നമുക്ക് നിറവേറാതെ കിടക്കുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ആ പരിശ്രമം ഉണ്ടാകുമെന്ന ഉത്തമബോദ്ധ്യത്തോടെയാണ് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നത്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗം ഇന്നു നമ്മുടെ സംസ്ഥാനത്ത് അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ്. വിദ്യാഭ്യാസം കൊണ്ടു മാത്രമേ ഒരു ജനവിഭാഗത്തെ സമുദ്ധരിക്കാൻ കഴിയൂ എന്ന് നമുക്ക് ഉറച്ച ബോദ്ധ്യമുണ്ട്. പക്ഷേ ഇന്നു നമ്മുടെ വിദ്യാഭ്യാസരംഗം നാം പരിശോധിക്കുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽപ്പെട്ട വിദ്യാർത്ഥികൾ സാധാരണ വിദ്യാലയങ്ങളിലേക്ക് കടന്നുവരുന്നുണ്ടെങ്കിലും പിന്നീട് എസ്.എസ്.എൽ.സി. തലത്തിൽ എത്തുമ്പോൾ അവരുടെ നില എന്താണ്, എത്ര ശതമാനം പാസാകുന്നു, അവർ നന്നായി പാസാകുന്നുണ്ടോ എന്നൊക്കെ പരിശോധിക്കുമ്പോൾ, വളരെയേറെ അതൃപ്തികരമായ അല്ലെങ്കിൽ ശോചനീയമായ ഒരവസ്ഥ നമുക്ക് ഇവിടെ കാണാൻ കഴിയുന്നുണ്ട്. ഇവിടെ ഡി.പി.ഇ.പി. യെക്കുറിച്ചുള്ള ചർച്ചകളൊക്കെ നടന്നു, ശ്രീ. കാർത്തികേയൻ ഉൾപ്പെടെയുള്ളവർ വളരയേറെ പരിഹാസത്തോടെ ചൂണ്ടിക്കാണിച്ച ഒരു സാധാരണ വിദ്യാഭ്യാസ രീതിയുണ്ട്. ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ അവർ ഉച്ചക്കഞ്ഞിക്കുവേണ്ടി പോകുന്ന കുട്ടികളെന്നാണ് വിശേഷിപ്പിക്കുന്നത്. ആ ഉച്ചക്കഞ്ഞിയുടെ ഘട്ടം കഴിയുമ്പോൾ അവർ കൊഴിഞ്ഞുപോകുന്ന ഒരവസ്ഥയുണ്ട്. ആ അവസ്ഥയ്ക്ക് ഒരു മാറ്റം വരുത്തിക്കൊണ്ടാണ് മാതൃകാ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിരിക്കുന്നത്. ആ സ്കൂളുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിച്ചുവരുമ്പോൾ മികച്ച നേട്ടം കൈവരിക്കാൻ അവർക്ക് സാധിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിലൂടെ ഒരു ജനതയെ എങ്ങനെ സമുദ്ധരിക്കാം എന്നതിന്റെ ഒട്ടേറെ ഉദാഹരങ്ങൾ ഈ വകുപ്പിന് കഴിഞ്ഞ വർഷങ്ങളിൽ ചൂണ്ടിക്കാണിക്കാൻ സാധിക്കുന്നുണ്ട്. ഇവിടെ കണക്കുകൾ നോക്കുമ്പോൾ 96-97-നു മുമ്പ് അനുവദിക്കപ്പെട്ട വാർഷിക ഫണ്ടിന്റെ 15%-ത്തിലധികം ലാപ്സാക്കിക്കളയുമായിരുന്ന ഒരു വകുപ്പ്, 1996-97 മുതൽ ആ പ്രവണത നിയന്ത്രിച്ചു എന്ന് അവകാശപ്പെടുന്നുണ്ട്. ലഭ്യമായ വിഭവങ്ങൾ ഒരു സമൂഹത്തിന്റെ മേന്മയ്ക്കും നന്മയ്ക്കും വേണ്ടി പ്രയോജനപ്പെടുത്തുന്നതിന്റെ സൂചനയാണിത്. ഞാൻ പൊതുവായ ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. സാമൂഹിക നീതിയുടെ ഒരടിസ്ഥാന ഘടകം ഭരണത്തിലുള്ള പങ്കാളിത്തമാണ്. ഭരണത്തിലുള്ള പങ്കാളിത്തം എന്നു പറയുമ്പോൾ അത് നിയമസഭയിലോ പാർലമെന്റിലോ മാത്രമായി ഒതുക്കി നിർത്താനാവില്ല. നമ്മുടെ ഹൈക്കോടതിയിലെ കാര്യം നോക്കുക. ഹൈക്കോടതിയുടെ ഇതുവരെയുള്ള ചരിത്രത്തിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരേയൊരു ന്യായാധിപനാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹം ഒരു ഇതര സംസ്ഥാനത്തെ ചീഫ് ജസ്റ്റീസ് പദവി ഏറ്റെടുത്തുപോയശേഷം ആ പദവിയിലേക്ക് മറ്റൊരു വ്യക്തി കടന്നുവന്നിട്ടില്ല. പിന്നോക്ക സമുദായങ്ങൾക്ക് നീതി നിഷേധിക്കപ്പെടുന്നതിന് മറ്റൊരുദാഹരണമാണിത്. ലത്തീൻ കത്തോലിക്കാക്കാരുടെ കാര്യമെടുക്കുക. ഹൈക്കോടതിയിൽ അര നൂറ്റാണ്ടിനിടയ്ക്ക് ആ സമുദായത്തിൽ നിന്ന് ഒരു ന്യായാധിപൻ ഉണ്ടായിട്ടില്ല. അങ്ങനെ ഒട്ടേറെ പിന്നോക്ക വിഭാഗങ്ങൾ ഇന്നും നീതി നിഷേധിക്കപ്പെട്ടുകൊണ്ട് ഭരണത്തിൽ പങ്കാളിത്തം ലഭിക്കാതെ കഴിയുന്ന ഒരവസ്ഥയുണ്ട്. ഈ അവസ്ഥകളിലേക്കുകൂടി നമ്മുടെ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധ തിരിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ചെറിയ ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. കൊച്ചിയിൽ ദേവദാസി എന്നൊരു വിഭാഗം ഉണ്ടായിരുന്നു. ആ പേര് സൂചിപ്പിക്കുന്നതുപോലെ ഒരു ഭൃഷ്ട്, സാമൂഹിക സ്റ്റിഗ്മ, ഉള്ളതുകൊണ്ട് പിന്നീട് ആ ആദിവാസികളുടെ പേര് സാരസ്വത് നോൺ ബ്രാഹ്മിൻ എന്നാക്കി മാറ്റി. ദേവദാസി ആയിരുന്നപ്പോൾ അവർ ഒ.ബി.സി. ലിസ്റ്റിൽ പെട്ടിരുന്നു എങ്കിൽ 'സാരസ്വത് നോൺ ബ്രാഹ്മിൻ' ആക്കി മാറ്റിയപ്പോൾ ഒ.ബി.സി. പട്ടികയിൽനിന്ന് അവർ ഒഴിവാക്കപ്പെട്ടു. അത് കടുത്ത ഒരനീതിയാണ്. വളരെയേറെ ശോചനീയാവസ്ഥയിൽ കഴിയുന്ന 'സാരസ്വത് നോൺ ബ്രാഹ്മിൻ' വിഭാഗത്തെ മുന്നത്തെപ്പോലെ ഒ.ബി.സി.യിൽ തന്നെ പുനഃസ്ഥാപിക്കുന്നതിനുള്ള പരിശ്രമം ഉണ്ടാകേണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. മറ്റൊന്നു കൂടി ഞാൻ സൂചിപ്പിക്കുന്നു. എന്റെ മണ്ഡലത്തിൽ ധാരാളം പേർ അധിവസിക്കുന്നതുകൊണ്ടുകൂടി പറയുകയാണ്. കുടുംബി എന്നൊരു സമുദായമുണ്ട്. വാസ്തവത്തിൽ പട്ടികജാതിക്കാരെക്കാൾ മോശമായ അവസ്ഥയിൽ ജീവിക്കുന്ന കുടുംബികളുടെ സാമൂഹികമായ അവസ്ഥ ഒന്നു പരിഷ്കരിക്കുന്നതിന് അവർക്ക് വിദ്യാഭ്യാസം നൽകണം. അവർക്ക് സാമ്പത്തികമായ ഉന്നമനം ഉണ്ടാക്കുന്നതിനുള്ള പരിശ്രമങ്ങൾ വാസ്തവത്തിൽ ഉണ്ടാകുന്നില്ല. അവർക്ക് വിദ്യാഭ്യാസപരമായി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല, സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നില്ല, ഒട്ടേറെ വർഷങ്ങളായി കുടുംബികൾ ആവശ്യപ്പെടുന്നത് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ്. ഇതുപോലെയുള്ള ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് ഈ പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഈ വകുപ്പും ആ വകുപ്പിന്റെ സാരഥിയായ ബഹു. മന്ത്രിയും സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങളിൽ കൂടുതൽ ആത്മാർത്ഥമായി മുഴുകും എന്ന ശുഭപ്രതീക്ഷയോടെ ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

[1 PM] ഡോ. എം.എ. കുട്ടപ്പൻ : സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശാപമായി മാറിയിരിക്കുകയാണ് ഇപ്പോഴത്തെ ഈ വകുപ്പിന്റെ മന്ത്രി. എന്തുകൊണ്ടെന്നാൽ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം താഴെ കൊടുക്കുമ്പോൾ 84 ഡിപ്പാർട്ടുമെന്റുകൾ ചേർന്നാണ് കാർഡ് കൊടുക്കുന്നത്. ഓരോ ഡിപ്പാർട്ടുമെന്റും തങ്ങളുടെ കീഴിലുള്ള പത്തോ പതിനഞ്ചോ ശതമാനം തുകമാത്രം താഴേക്ക് കൊടുക്കുമ്പോൾ ഈ വകുപ്പുമന്ത്രിയാകട്ടെ തന്റെ വകുപ്പിലെ 80% തുകയും താഴേക്ക് കൊടുക്കുകയാണ്. വാരിക്കോരി കൊടുക്കുകയാണ്. തനിക്ക് ഇപ്പോൾ ഭരിക്കാൻ വകുപ്പുപോലും ഇല്ല ആ അവസ്ഥയിൽ എത്തിയിരിക്കുന്നു. തനിക്കുള്ള വകുപ്പിലെ എസ്.സി.പി, ടി.എസ്.പി. ഫണ്ടിലെ സിംഹഭാഗം തുകയും ഈ കഴിഞ്ഞ രണ്ടുമൂന്നു വർഷമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഈ വകുപ്പിനെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമം അദ്ദേഹം ആരംഭിച്ചിരിക്കുന്നു. ഉദാഹരണത്തിന് 1997-98-ൽ 749 കോടി രൂപ മാത്രം 84 വകുപ്പുകൾക്ക് താഴെക്കൊടുത്തപ്പോൾ ഈ ഒരൊറ്റ വകുപ്പ് 233 കോടി രൂപ കൊടുക്കുകയുണ്ടായി. 1998-99-ൽ മൊത്തം ചില പഞ്ചായത്തുകൾക്കുവേണ്ടി 950 കോടി രൂപ കൊടുത്തപ്പോൾ ഈ മന്ത്രി തന്റെ വകുപ്പിലെ 234 കോടി രൂപയും താഴേയ്ക്കു കൊടുക്കുകയുണ്ടായി. ഈ വർഷം 1020 കോടി രൂപ താഴെകൊടുത്തപ്പോൾ ഈ മന്ത്രി തന്റെ വകുപ്പിലെ 240 കോടി രൂപ കൊടുക്കുകയുണ്ടായി. എന്നുപറഞ്ഞാൽ ബാക്കിയുള്ള ഓരോ വകുപ്പും പത്തോ പതിനഞ്ചോ ശതമാനം തുക മാത്രം താഴെക്കൊടുത്തപ്പോൾ തന്റെ വകുപ്പിലെ സാമ്പത്തികാധികാരം മുഴുവൻ താഴേയ്ക്ക് കൊടുക്കുകയാണ്. എന്റെ വാദം മറ്റുള്ള വകുപ്പുകൾ എത്ര കൊടുത്തോ അത്രയും കൊടുത്താൽ മതിയായിരുന്നു എന്നാണ്. നേരേമറിച്ച് പട്ടികജാതിക്കാരുടെ കൂട്ടത്തിൽനിന്ന് ഒരു ധനകാര്യ മന്ത്രി ഉണ്ടായിരുന്നുവെങ്കിൽ, മുഖ്യമന്ത്രിയുണ്ടായിരുന്നുവെങ്കിൽ, റവന്യൂ വകുപ്പുമന്ത്രിയുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നു. പട്ടികജാതിക്കാർക്കുള്ള ഏക അധികാരമാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വകുപ്പ്. കഴിഞ്ഞ പത്തമ്പത് വർഷക്കാലമായിട്ട് പട്ടികജാതിക്കാരിൽ ബഹുഭൂരിപക്ഷവും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി പ്രവർത്തിച്ചവരുണ്ട്. ആ പട്ടികജാതിക്കാർക്ക് അധികാരം കൊടുക്കാൻ സംവിധാനമില്ല.

LIBRARY ARCHIVES Kerala Legislative Assembly

നേരെമറിച്ച് അന്യസംസ്ഥാനങ്ങളിൽ-ഇപ്പോൾ ഒറീസ്സയിൽ-പട്ടികവർഗ്ഗക്കാര നായ ഗിരിധർ ഗോമാംഗെ മുഖ്യമന്ത്രിയാണ്. ഹേമാനന്ദ ബിസ്വാൾ പി.സി.സി. പ്രസിഡന്റാണ്. ഗുജറാത്തിൽ കോൺഗ്രസ് ലെജിസ്ലേച്ചർ പാർട്ടി ലീഡർ അമർസിംഗ് ചൗധരി പട്ടികവർഗ്ഗക്കാരനാണ്. തൊട്ടടുത്ത കർണ്ണാടകയിൽ കോൺഗ്രസ് ലെജിസ്ലേച്ചർ പാർട്ടി ലീഡർ പട്ടികവർഗ്ഗക്കാരനാണ്. ഒട്ടേറെ സംസ്ഥാനങ്ങളിൽ പട്ടികജാതിക്കാർ മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും, മന്ത്രിയും പാർട്ടി പ്രസിഡന്റുമാകുമ്പോൾ ഈ സംസ്ഥാനത്ത് പട്ടികജാതി ക്കാരെ ഏൽപ്പിക്കുന്ന പണി പട്ടികവർഗ്ഗ വികസന വകുപ്പ് മാത്രമാണ്. ആ വകുപ്പിലെ സാമ്പത്തികാധികാരം മുഴുവൻ താഴോട്ട് കൊടുക്കുകയാണ്. അതുകൊണ്ട് മന്ത്രിക്ക് ഇപ്പോൾ ഭരിക്കാൻ വകുപ്പില്ല. അതുകൊണ്ട് ബഹു. മന്ത്രി, അങ്ങ് ഭീഷണിപ്പെടുത്തി പട്ടികജാതി വികസന ഡയറക്ടറെകൊണ്ട് താലൂക്ക് പട്ടികജാതി വികസന ഓഫീസ് വേണ്ടെന്ന് പ്രൊപ്പോസൽ എഴുതി വാങ്ങിയില്ലേ? ഇപ്പോൾ വന്നിരിക്കുന്നത് പട്ടികജാതിവികസന ഓഫീസിന് കീഴിലുള്ള താലൂക്ക് ഓഫീസുകൾ മുഴുവൻ അബോളിഷ് ചെയ്യാൻവേണ്ടി ഭീഷണിപ്പെടുത്തി ഡയറക്ടറിൽനിന്ന് പ്രൊപ്പോസൽ എഴുതിവാങ്ങിയില്ലേ? സമീപഭാവിയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസും അങ്ങ് അബോളിഷ് ചെയ്യും. ഞാൻ ഒന്ന് പറയട്ടെ. There are two terminater Ministers in this Ministry, number one is Shri Krishnan Kaniyamparambil അദ്ദേഹം കൃഷി വകു പ്പിനെ ഇല്ലായ്മ ചെയ്യുന്നു. അന്തകനായി മാറിയിരിക്കുന്നു. രണ്ടാമത്തെ അന്ത കൻ അങ്ങാണ്. പട്ടികജാതി വികസന വകുപ്പിലെ അന്തകനായി വന്നിരി ക്കുന്നു. There are two terminater Ministers പ്ലാൻ ഫോർമുലേഷനിൽ തന്നെ എസ്.സി.പി./ടി.എസ്.പി. ഫണ്ട് ബഹു. മന്ത്രിയുടെ വകുപ്പിൽനിന്ന് നേരെ താഴോട്ട് കൊടുത്തിരിക്കുകയാണ്. താഴെ കൊടുക്കുമ്പോൾ ആ പഞ്ചാ യത്തുകളിൽ ഉള്ള പട്ടികജാതി മെമ്പർമാർ വെറും നോക്കുകുത്തികളാണ്. നൂറ്റാണ്ടുകളായി നാം അനുഭവിച്ച ബുദ്ധിമുട്ടുണ്ട്. നമ്മളെ പോലുള്ള ആളു കളെ അമ്പലങ്ങളിൽ കയറ്റുകയില്ല. പഠിക്കാൻ അനുവദിച്ചില്ല. തൽഫലമായി നമുക്ക് പഠിപ്പുണ്ടായില്ല; വിവരമുണ്ടായില്ല. പത്ത് രണ്ടായിരം വർഷംകൊണ്ട് ബാക്കിയെല്ലാവർക്കും എല്ലാ സൗകര്യവുമുണ്ടായി. അതുകൊണ്ടാണ് താഴേയ്ക്ക് ഫണ്ട് കൊടുക്കുമ്പോൾ ഫണ്ട് പലപ്പോഴും മിസ്യൂട്ടിലൈസ് ചെയ്യുന്നത്. പട്ടികജാതി മെമ്പർമാർ വെറും നോക്കുകുത്തികളാണ്. അതു കൊണ്ട് ഭരണനിർമ്മാണ സഭയിൽ ഡോ. അംബേദ്കർ നിയമം എഴുതിവച്ച പ്പോൾ ഭരണഘനാ ഡ്രാഫ്റ്റിൽ പഞ്ചായത്ത് രാജ് സംവിധാനം ഉണ്ടായിരു ന്നില്ല. പക്ഷേ. ഭരണനിർമ്മാണ സഭയിലെ ബഹുഭൂരിപക്ഷം ആളുകളുടെയും വാദം കേട്ടുകൊണ്ട് ഭരണഘടനയുടെ 40-ാം വകുപ്പിൽ അത് എഴുതിച്ചേർത്ത ത്. ഞാൻ സമ്മതിക്കുന്നു. എന്താണ് ഡോ. അംബേദ്കർ പറഞ്ഞത്? ഈ വിഷയത്തെ സംബന്ധിച്ച്, പഞ്ചായത്ത് രാജിനെ സംബന്ധിച്ച് പറഞ്ഞിരിക്കു ന്നത് I hold that these village republics have been the ruination of India. I am therefore surprised that those who condemn provincialism and communalism should come forward as champions of the village. What is the village but a sink *(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)* of localism, a den of ignorance, narrow-mindedness and communalism? I am glad that the Draft Constitution has discarded the village and adopted the individual as its unit.

ഡോ. അംബേദ്കർ പറഞ്ഞു ഗ്രാമ പഞ്ചായത്തിനു ഞാൻ മനസ്സു കൊണ്ട് എതിരാണ്. എങ്കിൽപോലും ഈ മഹനീയമായ ഭരണനിർമ്മാണ സഭ യിലെ ആളുകളുടെ വാദം വച്ചുകൊണ്ട് ഞാൻ അതിനോട് യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ, പട്ടികജാതിക്കാരെ സഹായിക്കേണ്ടത് വ്യക്തിയായിരിക്കണം. കോടാനുകോടി രൂപ താഴേയ്ക്ക് കൊടുത്തിട്ട് അത് പട്ടികജാതിക്കാർക്ക് ലഭിക്കാത്ത ദുരവസ്ഥ അങ്ങ് ഉണ്ടാക്കിവച്ചില്ലേ? ഇവിടെ ചീഫ് സെക്രട്ടറി മാസാമാസം പ്ലാൻ റിവ്യൂ നടത്താറുണ്ട്. പക്ഷേ, ത്രിതല പഞ്ചായത്ത് ഫണ്ട് കൊടുത്തതിനുശേഷം പട്ടികജാതി വകുപ്പിനുള്ള എസ്.സി.പി./ടി.എസ്.പി. ഫണ്ട് റിവ്യൂ ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ താഴെ കണക്ക് കൊടുത്താൽ തിരിച്ചു വരുന്നില്ല. അങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം വിളിച്ചുകൂട്ടി. 14 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ 4 പേർ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ഈ ഫണ്ടിൽ അങ്ങേയ്ക്കോ എനിക്കോ ആർക്കും കൺട്രോളില്ല. കാരണം, കൈവിട്ട് കളിക്കുകയാണ്. ഈ ഭീമമായ തുക താഴെ കൊടുക്കുകയാണ്. ആ പണം ദുരുപയോഗപ്പെടുത്തുമ്പോൾ നിങ്ങളുടെ മിനിസ്ട്രിക്കോ എനിക്കോ ആർക്കും കൺട്രോൾ ചെയ്യാനാവാത്ത അവസ്ഥയാണ് അങ്ങ് ചെയ്തിരിക്കുന്നത്. ഈ വകുപ്പിനോട് തന്നെ ചെയ്ത കടുത്ത അനീതിയായിപ്പോയി. അങ്ങ് താലൂക്ക് ഓഫീസുകൾ അബോളിഷ് ചെയ്യാൻ പോവുകയാണ്. ഈ 5 വർഷത്തിനു മുമ്പു തന്നെ താങ്കൾ ജില്ലാ ഓഫീസുകൾ മിക്കതും അടച്ചുപൂട്ടും. അപ്പോൾ ആകെയുള്ള ജോലി എന്താണ്? സ്റ്റെപ്പെന്റ് കൊടുക്കുന്ന ജോലി മാത്രമേയുള്ളൂ. അതുപോലും അഞ്ചും ആറും മാസംകൂടുമ്പോൾ കൊടുത്താലായി, കൊടുത്തില്ലെങ്കിലായി.

ഇപ്പോൾ സ്വാശ്രയ കോഴ്സ് വന്നു. ആ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വലിയ ഫീസാണ്. കൊടുക്കാൻ അവിടെ പണമില്ലെന്ന് താങ്കളുടെ ഡയറക്ടർ പറയുന്നു. സ്വാശ്രയ കോഴ്സ് അംഗീകരിച്ചല്ലോ. അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കാൻ അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽ പണമില്ല. പണം മുഴുവൻ താഴേയ്ക്ക് കൊടുക്കുകയാണ്. ഞാൻ പറയുന്നതിൽ അങ്ങ് ക്ഷമിക്കണം. അങ്ങ് ഇന്നലെ കിളിർത്ത തകരയാണ്. ഇവിടെ പ്രായമുള്ള ആളുകളുണ്ട്. ശ്രീ. സി.പി. ബാലൻ വൈദ്യർ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, ശ്രീ. നാണുമാസ്റ്റർ, ഇവരൊക്കെ ഇല്ലേ? എന്താ അവരെ ആരേയും മന്ത്രിയാക്കാത്തത്? ഇന്നലെ എം.എൽ.എ. ആയ ഒരാളിനെ പിടിച്ച് എന്തിനാ മന്ത്രിയാക്കിയത്? ഇത് കടുത്ത അനീതിയല്ലേ? മാത്രവുമല്ല അങ്ങയുടെ പേഴ്സണൽ സ്റ്റാഫിൽ.....

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, അദ്ദേഹം ഇന്നലെ കിളിർത്ത തകര എന്ന് പറഞ്ഞത് പിൻവലിക്കണം.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, ഞാൻ പറഞ്ഞ ഇന്നലെ കിളിർത്ത തകര എന്നതു ഞാൻ പിൻവലിക്കുന്നു. ബഹു. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ആരാണ്?. വിളനിലത്തിന്റെ സമരത്തിൽ വിളനിലത്തിന്റെ കാറിന് മുന്നിൽ ചാടിവീണ ഒരു വിദ്യാർത്ഥി നേതാവാണ് അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി എന്ന് പാരമ്പര്യമുണ്ട്? എന്ത് അറിവുണ്ട്? ബഹു. മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഒറ്റ പട്ടികജാതിക്കാരനില്ല. ബാക്കി മന്ത്രിമാരുടെ വകുപ്പിലും പേഴ്സണൽ സ്റ്റാഫിലും പട്ടികജാതിക്കാരുണ്ടല്ലോ. ഈ മന്ത്രി പട്ടികജാതിവകുപ്പിന്റെ പദ്ധതിയില്ലാതാക്കിയിരിക്കുന്നു. അതായത് ബെറ്റർ എഡ്യൂക്കേഷനുവേണ്ടി 5-ാം ക്ലാസ്സ് പാസ്സാകുന്ന കുട്ടികൾക്കുവേണ്ടി ഒരു സ്കീം ഉണ്ടായിരുന്നു. ആ സ്കീം അങ്ങ് ഇല്ലാതാക്കിയില്ലേ? വക്കീലന്മാർക്ക് മൂന്നു വർഷം പ്രാക്ടീസ് ചെയ്യാൻ സ്റ്റൈപ്പെന്റ് ഉണ്ടായിരുന്നല്ലോ. ആ സ്കീം താങ്കൾ ഒരുവർഷമായി വെട്ടിച്ചുരുക്കിയില്ലേ? താങ്കളുടെ വകുപ്പിലെ ഓരോ സ്കീമും താങ്കൾ വെട്ടിക്കുറയ്ക്കുകയാണ്. ഈ സംസ്ഥാനത്തെ പട്ടികജാതി-



LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ ഉദ്യോഗസ്ഥന്മാർ പീഡിപ്പിക്കപ്പെടുന്നു. അവസാന ഉദാഹരണം എക്സൈസ് വകുപ്പിലെ സീനിയർ ഡെപ്യൂട്ടി കമ്മിഷണർ രണ്ട് വർഷമായി സസ്പെൻഷനിലായിരുന്നു. കഴിഞ്ഞ 5-ാം തീയതി ഹൈക്കോടതി പറഞ്ഞു, he may be reinstated forthwith ഉടനേ തിരിച്ചെടുക്കാൻ പറഞ്ഞു. പക്ഷേ, 5-ാം തീയതി ഡേറ്റ് വച്ച് പോസ്റ്റ് റിവെർട്ട് ചെയ്തുകൊണ്ട് അങ്ങ് ഉത്തരവിറക്കി. ഇപ്പോൾ ഡെപ്യൂട്ടി കമ്മിഷണർ ശ്രീ. ബാലന് കയറാൻ വഴിയില്ല. അങ്ങനെയാക്കിയിരിക്കുന്നു. ഇറിഗേഷൻ മന്ത്രിയുടെ വകുപ്പിൽ 9 സി.ഇ. മാരുണ്ട്. അതിൽ എസ്.സി./എസ്.ടി.യിൽപ്പെട്ട 4 സി.ഇ. മാർ സീനിയേഴ്സ് ആണ്. എസ്.സി. അല്ലാത്ത 5-ാമത്തെ ആളിനെ പിടിച്ച് സി.ഇ. ആക്കിയിരിക്കുകയാണ്. സി.ഇ. ജനറൽ അഡ്മിനിസ്ട്രേഷൻ. ശ്രീ. എൽ. നടരാജൻ ആഭ്യന്തര വകുപ്പ് സെക്രട്ടറിയായിരുന്നു. പഠിക്കുമ്പോഴേ എനിക്ക് നടരാജനെ അറിയാം. എസ്.എഫ്.ഐ.യുടെ ഏറ്റവും വലിയ നേതാവാണ് നടരാജൻ. അദ്ദേഹം മുഖ്യമന്ത്രിയുടെ ഏറ്റവും വലിയ അനുയായിയുംകൂടിയാണ്. പക്ഷേ, ആഫ്രോ അമേരിക്കൻ എന്ന ഒരു തോന്നൽ വന്നതിന്റെ പേരിൽ-ആ ഹോം സെക്രട്ടറിയെ മുൻകൂറായി വിവരം അറിയിക്കാൻ പോലീസിന് ബാദ്ധ്യതയില്ലേ? അദ്ദേഹം അറിഞ്ഞിരുന്നില്ല. ദളിത് വിഭാഗത്തിന്റെ യോഗത്തിന് അദ്ദേഹം പോയില്ല. പോകാമെന്ന് സമ്മതിച്ചതിന്റെ പേരിൽ മാത്രം അദ്ദേഹത്തെ നിങ്ങൾ സ്ഥാനഭ്രഷ്ടനാക്കി. താങ്കളുടെ ഗവൺമെന്റ് അദ്ദേഹത്തെ ഒതുക്കി ഒരു കോണിൽ ഇരുത്തി. ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ ഐ.എ.എസ്. കാരും നോൺ ഐ.എ.എസ്. കാരുമുണ്ട്. ഇപ്പോൾ 6 പേർ ഐ.എ.എസ്. കാരാണ്. 5 പേരും പട്ടികജാതിക്കാരാണ്. ഇന്ന് മോശമായ ഒരു സ്ഥാനമാണ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്ഥാനം. അത് പട്ടികജാതിക്കാരെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിലെ മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തി ഒഴികെ ബാക്കി എല്ലാ മന്ത്രിമാരും പട്ടികജാതിക്കാരോട് മോശമായി വിവേചനത്തിൽ പെരുമാറുന്നു. സർ, ശ്രീ. രാധാകൃഷ്ണൻ ഉൾപ്പെടെ മോശമായി പെരുമാറുന്നു. കോൺഗ്രസ്സുകാരനായ കുട്ടപ്പൻ അല്ല, കുട്ടപ്പൻ എന്ന വ്യക്തി ഒരു വാചകം പറയാനുദ്ദേശിക്കുന്നത് എന്താണെന്നുവച്ചാൽ ഈ നിയമസഭയിലെ ശ്രീ. ചന്ദ്രശേഖരൻ നായർ മാത്രമാണ് തന്റെ വകുപ്പിലെ പട്ടികജാതിക്കാരോട് മാന്യത കാണിക്കുന്ന ഒരേയൊരു വ്യക്തി.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അതിന് നന്ദിയുണ്ട്.

ഡോ. എം.എ. കുട്ടപ്പൻ : സർ, ഞാൻ ആത്മാർത്ഥമായി പറയുകയാണ്. നന്ദി എനിക്കുമുണ്ട്. അത്രയുമില്ലെങ്കിൽപോലും അതിന്റെ പകുതിയോ നാലിലൊന്നോ മര്യാദയെങ്കിലും ബാക്കിയുള്ള മന്ത്രിമാർ കാണിക്കാൻ തയ്യാറായാൽ കേരളത്തിലെ പട്ടികജാതി ഉദ്യോഗസ്ഥന്മാർ ധന്യരായിരിക്കും. ഇന്ന് ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നവർ പട്ടികജാതി ഉദ്യോഗസ്ഥന്മാരാണ്.

സർ, എനിക്ക് ഒരു ചോദ്യത്തിന് അസംബ്ലിയിൽ കിട്ടിയിരിക്കുന്ന മറുപടി എന്താണെന്നറിയാമോ? കേരളത്തിൽ പട്ടിണിമരണം ഇല്ലെന്ന് ഇവിടെ ആരോ പ്രസംഗിച്ചു. Three deaths of Attappadi tribals reported. മൂന്നുപേർ അട്ടപ്പാടിയിൽ മരിച്ചത് പട്ടിണിമരണമായിരുന്നു. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. 'Tribals facing threat to survival' ഇത് അട്ടപ്പാടിയിലെ കാര്യമാണ്. അവിടത്തെ സിക്കിൾസെൽ അനീമിയയുടെ കാര്യം ഞാൻ പറയേണ്ടതില്ലല്ലോ. പത്തനംതിട്ടയിൽ ആദിവാസി കോളനിയിൽ പട്ടിണി, ഒരു സ്ത്രീ മരിച്ചു. എവിടെ? പത്തനംതിട്ട ജില്ലയിലെ മൂഴിയാറിനടുത്തുള്ള സായിപ്പൻകുടി

LIBRARY ARCHIVES Kerala Legislative Assembly

കോളനി, അവിടെ ഒരാൾ മരിച്ചിരിക്കുന്നു, ഒട്ടേറെ ആളുകൾ ഹോസ്പിറ്റലിൽ. 'Starvation death: One tribal dies, some taken ill'. കേരളത്തിൽ 1996 മുതൽ അപൂർവ്വമാണെങ്കിൽപോലും പട്ടിണിമരണമുണ്ടെന്ന് പത്രങ്ങളിൽ വാർത്ത വന്നിരിക്കുന്നു. ഒന്നുകിൽ ഈ ഉത്തരം നൽകിയ അങ്ങ് ഒരു പത്രത്തിനെതിരായി ഡിഫമേഷന് കേസ്സ് കൊടുക്കണം. അല്ലെങ്കിൽ അങ്ങ് ഇത് ലോഡ്ജ് ചെയ്യണം. കേരള ഹൈക്കോടതിയിൽ ജഡ്ജിയായി ഒരു പട്ടികജാതിക്കാരനെ വയ്ക്കാൻ തയ്യാറായില്ലെന്ന് ബഹു. സെബാസ്റ്റ്യൻ പോൾ പറയുകയുണ്ടായി. ഞാൻ അതിനെ സപ്പോർട്ട് ചെയ്യുന്നു. കേരളം വിദ്യാസമ്പന്നമാണെന്ന് എല്ലാവരും പറയാറില്ലേ. ബഹു. അലിഹസ്സൻ പറഞ്ഞില്ലേ, മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഭേദമാണെന്ന്? ഞാൻ ഒന്നു ചോദിക്കട്ടെ. കേരളത്തിൽ ഏഴ് യൂണിവേഴ്സിറ്റികളുണ്ട്. അതിലെ വി.സി. പി.വി.സി, രജിസ്ട്രാർ, കൺട്രോളർ (എക്സാമിനേഷൻ) അങ്ങനെ കീ പൊസിഷൻ 28 എണ്ണമുണ്ട്. ഇന്നേവരെ കേരളത്തിൽ ഒരു പട്ടികജാതിക്കാരനെ വി.സി.യോ പി.വി.സി.യോ ആയിട്ട് വയ്ക്കാൻ തയ്യാറായിട്ടുണ്ടോ? നേരേമറിച്ച് കേരളക്കാർ അന്യ സംസ്ഥാനത്തു പോയി വി.സി മാരാകുന്നുണ്ട്. അങ്കമാലിക്കാരനായ ഒരു എൻ. കൃഷ്ണൻ കുരുക്ഷേത്ര യൂണിവേഴ്സിറ്റിയിൽ വി.സി. ആയിരുന്നു. അദ്ദേഹം മരിച്ചുപോയി. അതിനുശേഷം ഉഴവൂർക്കാരനായ ശ്രീ. കെ.ആർ. നാരായണൻ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ വി.സി. ആയിരുന്നു. ഇന്ന് ഇൻഡ്യൻ പ്രസിഡന്റാണ്. അതുപോലെ കേരളക്കാർ അന്യസംസ്ഥാനത്തുപോയി ജഡ്ജിമാരാകുന്നു, അന്യസംസ്ഥാനത്ത് പട്ടികജാതിക്കാർ ചീഫ് ജസ്റ്റീസ് ആകുന്നു. ജഡ്ജിമാരാകുന്നു. വിദ്യാസമ്പന്നമാണുപോലും:

സർ, ഇവിടെ മിനിഞ്ഞാന്ന് ആദിവാസികൾക്ക് ഭൂമി കൊടുക്കുകയായിരുന്നു. നല്ലത്. കുറെദിവസങ്ങൾക്കുമുമ്പ് പത്രത്തിൽ ഒരു വാർത്ത വരികയുണ്ടായി. മന്ത്രി ഇസ്മയിൽ പറഞ്ഞിരിക്കുന്നു. "Alienated lands to be restored before May 30: Ismail" അതായത് പതിനായിരത്തോളം ആദിവാസികൾക്ക് കഴിഞ്ഞ മേയ്മാസം 30-ാം തീയതിയ്ക്കകം ഭൂമി കൊടുക്കുമെന്നാണ് പ്രസ്താവിച്ചിരുന്നത്. ഇന്നലെ മുഖ്യമന്ത്രി പറയുന്നു, അടുത്ത ഒന്നര വർഷംകൊണ്ട് കൊടുക്കുമെന്ന്. തട്ടിപ്പെന്നല്ലാതെ ഇതിലെന്താണ് പറയുക? ടി.വിയിൽ കണ്ടില്ലേ, ഏഷ്യാനെറ്റിൽ കണ്ടില്ലേ? പത്തനംതിട്ട ജില്ലയിലെ വനഭൂമി എടുത്ത് റവന്യൂ ഡിപ്പാർട്ടുമെന്റ് കണ്ടുകെട്ടാൻ പോവുകയാണ്. വനഭൂമിയാണോ ആർക്ക് കൊടുക്കാൻ പോകുന്നത്? കിട്ടുമോ ഇത്? പൊട്ടഭൂമി, വഴിസൗകര്യമില്ല; പാറക്കെട്ടുകളാണ്. ഇങ്ങനെ ആദിവാസിയെ വഞ്ചിക്കുന്നതിന്റെ രണ്ടാഘട്ടം ആരംഭിച്ചിരിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കമ്മിറ്റി ചെയ്യേണ്ട ഒരു പ്രധാന കാര്യമുണ്ട്. നമ്മുടെ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിലെ പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം സംബന്ധിച്ച് റവ്യൂ കമ്മിറ്റിയുണ്ട്. ചീഫ് മിനിസ്റ്ററാണ് അതിന്റെ ചെയർമാൻ, ഞങ്ങൾ മെമ്പർമാരാണ്. ഈ കമ്മിറ്റി ഓരോ വർഷവും കൂടണം. ഇക്കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഒരിക്കൽ മാത്രമാണ് അതിന്റെ യോഗം കൂടിയത്. സർ, പൊതുമേഖലാസ്ഥാപനങ്ങൾ 150 എണ്ണമുണ്ട്. അത് റവ്യൂ ചെയ്യേണ്ട കമ്മിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്. അത് ഒരിക്കൽമാത്രമാണ് കൂടിയത്. ഇതുകൂടാതെ Statutory Bodies, Authorities, Co-operatives, Commissionerates... എന്നതിന്റെയൊക്കെ കമ്മിറ്റിയുണ്ട്. അതിന്റെയും ചെയർമാൻ ചീഫ് മിനിസ്റ്ററാണ്. ഇന്നേവരെ മുഖ്യമന്ത്രി ഇതിന്റെ യോഗം വിളിച്ചുകൂട്ടിയിട്ടില്ല. ഇക്കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ലാത്ത മുഖ്യമന്ത്രിയാണെന്ന് പകൽപോലെ ഇത് വ്യക്തമാക്കിയിരിക്കുന്നു. സർ, ഇവിടെ പുതിയതായിട്ട് സ്ഥാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുകയാണ്. Audio Visual Reprographic Centre, C-DIT, Chalachithra Academy തുടങ്ങിയ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ അവിടെ സംവരണം പാലിക്കുകയില്ല. അവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. വഴിയുമല്ല നിയമനം നടക്കുന്നത്. ഇതുപോലുള്ള ഓട്ടോണമസ് ബോഡി ആരംഭിച്ചിട്ട് ഭരണകക്ഷിയിലെ പാർശ്വവർത്തികളെ തിരുകിക്കയറ്റുകയാണ്. മന്ത്രി അത് ശ്രദ്ധിക്കണം. കേരളത്തിലെ 32 ലക്ഷത്തോളം വരുന്ന പട്ടികജാതിക്കാരുടെ കാര്യങ്ങൾ നോക്കാൻ ഉത്തരവാദപ്പെട്ട ഒരേയൊരു വ്യക്തി താങ്കളാണ്. താങ്കൾ ചിരിച്ചുകാണിച്ചിട്ട് കാര്യമില്ല. താങ്കളുടെ ഭാഗത്തുനിന്ന് കടുത്ത അനീതി ഉണ്ടായിരിക്കുന്നു, ഉത്തരവാദിത്വരാഹിത്യമുണ്ടായിരിക്കുന്നു.

സർ, ഇവിടെ മറ്റൊരു വിഷയം പറയട്ടെ, വ്യാജ സർട്ടിഫിക്കറ്റുകൾ വാങ്ങി ഒട്ടേറെ ആളുകൾ സർവ്വീസിൽ കയറിയിട്ടുണ്ട്. അത് പരിശോധിക്കാൻ വേണ്ടി പരിരക്ഷാനിയമം ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വകുപ്പിന്റെ സെക്രട്ടറിയും ഡയറക്ടറും ചേർന്ന് ഒരു സ്ക്രൂട്ടിണി കമ്മിറ്റിയുണ്ടാക്കി. അത് ക്വാസി ജുഡീഷ്യൽ കമ്മിറ്റിയാണ്. ആ കമ്മിറ്റി ഒട്ടേറെ ഉദ്യോഗസ്ഥന്മാർ വ്യാജൻമാരാണെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഉദാഹരണം പറയട്ടെ, ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ അഡിഷണൽ സെക്രട്ടറി പ്രകാശൻ, ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി ഗോമതി, ആഭ്യന്തരവകുപ്പിലെ എസ്.പി. ആയിരുന്ന വിശ്വനാഥപിള്ള, ഇവരൊക്കെ വ്യാജന്മാരാണെന്ന് സ്ക്രൂട്ടിണി കമ്മിറ്റി റിപ്പോർട്ടു ചെയ്തശേഷം അവർ ഹൈക്കോടതിൽ പോയി, കോടതി സ്റ്റേ കൊടുത്തു. അവർ വേണ്ടതുപോലെ കണ്ടുകഴിഞ്ഞപ്പോൾ വർഷങ്ങളായിട്ടും ബഹുമാനപ്പെട്ട മന്ത്രി ആ സ്റ്റേ വെക്കേറ്റ് ചെയ്ത് അവരെ പുറത്താക്കാനുള്ള ഒരു നടപടിയും എടുക്കാത്തതിൽ എനിക്ക് പ്രതിഷേധമുണ്ട്. ഇത് കടുത്ത വഞ്ചനയാണ്. ഇതുപോലെ ഒട്ടേറെ ആളുകളുണ്ട്. അവരുടെയെല്ലാം സ്റ്റേ വെക്കേറ്റ് ചെയ്ത് അവരെ പുറത്താക്കണം.

സർ, ഇവിടെ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്നത് പട്ടികവർഗ്ഗക്കാരാണ്. അത് അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണ്. ഇടുക്കിയിലും അടിമാലിയിലുമൊക്കെ ട്രൈബ്സിനുവേണ്ടി പ്രീമെട്രിക് ഹോസ്റ്റലുകളുണ്ട്. ഏറ്റവും കൂടുതൽ കൊള്ള അവിടെയാണ്. ഉദാഹരണത്തിന് അടിമാലിയിലെ ഒരു ഹോസ്റ്റലിൽ ഒരു കോഴിയെ വാങ്ങി. റിക്കോർഡിൽ 6 കിലോഗ്രാം! പിടിച്ചുകഴിഞ്ഞപ്പോൾ ഒരു യൂണിയൻ നേതാവ്, ആർ.എസ്.പി.യുടെ നേതാവ് പങ്കജാക്ഷൻ നായർ ഡയറക്ടറെ കണ്ട് ആ പ്രശ്നം ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. ഇതിനെ സപ്പോർട്ട് ചെയ്യാൻ ഭരണകക്ഷിയിൽപ്പെട്ട ആളുകളുണ്ട്.

സർ, മറ്റൊരു ഉദാഹരണം പറയാം. ഇടുക്കിയിലെ ഒരു പ്രീമെട്രിക് ഹോസ്റ്റലിൽ കുട്ടികളുടെ എണ്ണം കണ്ടമാനം പെരുപ്പിച്ച് കാണിച്ച് കള്ള ബിൽ ഉണ്ടാക്കി. അത് ട്രൈബൽ ഡയറക്ടർ പിടിച്ചു. പിടിച്ചു കഴിഞ്ഞപ്പോൾ അയാളെ രക്ഷിക്കാൻവേണ്ടി ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ. ആ ഡയറക്ടറെ പിടിച്ചുവിരട്ടുകയാണ് ചെയ്തത്. ഇത് നിർഭാഗ്യകരമാണ്. ഭരണകക്ഷിയിൽപ്പെട്ട ആളുകൾക്ക് പട്ടികവർഗ്ഗക്കാരോട് കൂറുണ്ടെങ്കിൽ ഈ പാവപ്പെട്ട ആദിവാസി വിദ്യാർത്ഥികളുടെ ഈ സ്റ്റൈപെന്റിൽ വെട്ടിപ്പ് നടത്തിയ ഈ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി വക്താവായി പോകരുത്. ഇത് കടുത്ത അനീതിയാണ്.

സർ, വയനാട്ടിലെ ആറുനീർ എന്നു പറയുന്ന സ്ഥലത്തെ ഹോസ്പിറ്റലിലേയ്ക്ക് മട്ടൺ വാങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കണാരൻ : എം.എൽ.എ. മാരായ ഞങ്ങളെയൊക്കെ അപമാനിക്കത്തക്ക രീതിയിൽ ഒരു എം.എൽ.എ. കൂട്ടുചേർന്നുവെന്നാണ് പറയുന്നത്. ആണത്തമുണ്ടെങ്കിൽ അത് ഏത് എം.എൽ.എ. ആണെന്ന് പറയണം.

ഡോ. എം.എ. കുട്ടപ്പൻ : ഞാൻ പേരു പറയുന്നില്ല. ഈ അഴിമതി കാണിച്ച ഹമീദ് എന്നു പറയുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്കു വേണ്ടി ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ. പോയി എന്നുള്ളത് യാഥാർത്ഥ്യമാണ്. പേര് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അപ്പോൾ ഭരണകക്ഷിക്കാർ മൊത്തത്തിൽ പട്ടികവർഗ്ഗക്കാരായിട്ടുള്ള വിദ്യാർത്ഥികളെ കൊള്ളയടിക്കുന്ന ആളുകളെ സപ്പോർട്ട് ചെയ്യുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : സാധാരണഗതിയിൽ എം.എൽ.എ. എന്ന് പറയുമ്പോൾ ഈ സഭയിലുള്ള ഒരംഗമാണ്. അത് ആരാണെന്ന് പറയുന്നത് ഇവിടെ എല്ലാവർക്കും നല്ലതാണ്.

ഡോ. എം.എ. കുട്ടപ്പൻ : ഭരണകക്ഷിയിലെ ഒരു എം.എൽ.എ. ആണ്. പേര് പറയുന്നില്ല. പേര് പറയാതിരിക്കാനുള്ള അവകാശം എനിക്കുണ്ടല്ലോ. ഹമീദ് എന്നു പറയുന്ന ഈ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ സഹായിക്കാൻവേണ്ടി ഭരണകക്ഷിയിൽപ്പെട്ട ഒരു എം.എൽ.എ. ഡയറക്ടറെ പോയി കണ്ടിട്ടുണ്ട്. ഇത് കടുത്ത വഞ്ചനയാണ്.

കഴിഞ്ഞ മൂന്നുകൊല്ലക്കാലംകൊണ്ട് ഈ വകുപ്പിനെ നശിപ്പിച്ചു നശിപ്പിച്ചു പണം മുഴുവൻ താഴേയ്ക്ക് കൈമാറിക്കൊണ്ടിരിക്കുന്ന മന്ത്രി എനിക്ക് അങ്ങയിൽ സഹതാപമുണ്ട്. പ്രതിഷേധമുണ്ട്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇൻഡ്യയിലാകെ മാതൃകയാക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ നാലു വകുപ്പുകളിലുമായി ചുരുങ്ങിയ മൂന്നു വർഷക്കാലംകൊണ്ട് ഇവിടെ കാഴ്ചവച്ചിരിക്കുന്നത്. ഇവിടെ ഡോക്ടർ കുട്ടപ്പൻ കുറെ കാര്യങ്ങൾ പറഞ്ഞു. എന്തുപറ്റി അദ്ദേഹത്തിന് എന്നാണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഒരു സംശയം. അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവായിരുന്ന ജഗ്ജീവൻ റാമിന് പ്രധാനമന്ത്രിയാകാൻ കിട്ടിയ അവസരം അദ്ദേഹം തട്ടിത്തെറിപ്പിച്ച ചരിത്രം ഇൻഡ്യാ രാജ്യത്തിന്റെ കറുത്ത ഏടുകളായി അവശേഷിക്കുകയാണ്. അദ്ദേഹത്തിന്റെ മൃതശരീരം അടക്കം ചെയ്യാൻ അദ്ദേഹത്തിന്റെ വീട്ടുകാർ പെട്ടപാട്! അതും ഇൻഡ്യയുടെ ചരിത്രത്തിൽ മറ്റൊരു കുറുത്ത അദ്ധ്യായമായി അവശേഷിക്കുകയാണ്.

ശ്രീ. എ.കെ. ആന്റണി : ഞാൻ എ.ഐ.സി.സി. ജനറൽ സെക്രട്ടറി ആയിരുന്നുകൊണ്ട് ജഗ്ജീവൻ റാമിന്റെ ശവസംസ്കാരച്ചടങ്ങിൽ ഔദ്യോഗികമായി പങ്കെടുത്തു. ബീഹാറിൽ അദ്ദേഹത്തിന്റെ സ്വന്തം ഗ്രാമത്തിൽ ഞാനും പങ്കെടുത്തതാണ്. മറ്റു കാര്യങ്ങൾ എനിക്കറിയില്ല.

ശ്രീ. രാജു എബ്രഹാം : പത്രത്തിൽ ധാരാളം വാർത്ത വന്നിരുന്നു. യമുനയുടെ തീരത്ത് രണ്ടു സെന്റു ഭൂമി കിട്ടാൻ ധാരാളം ശ്രമിച്ചിട്ടും കിട്ടാത്തതുകൊണ്ടാണ് ബീഹാറിൽ സ്വന്തം ഗ്രാമത്തിൽ കൊണ്ടുപോയത്. അതാണ് ഞാൻ പറഞ്ഞത്. ഇവിടെ ബഹു. സെബാസ്റ്റ്യൻ പോൾ സൂചിപ്പിച്ച രണ്ടു പ്രധാനപ്പെട്ട പ്രശ്നം-വീടുകളുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യം. വീടുകളുടെ കാര്യത്തിൽ കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി ഒരു ലക്ഷത്തി എണ്ണായിരം വീടുകൾ എസ്.സി-എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് നിർമ്മിച്ചു കൊടു

ക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിതനയം എന്താണ്? ഒരു ലക്ഷത്തി ഇരുപതിനായിരം വീടുകൾ രണ്ടു വർഷങ്ങൾക്കുള്ളിൽ കൊടുക്കുമ്പോൾ ഈ രംഗത്ത് വീട് ഇല്ലാത്തവരാരും ഉണ്ടാവില്ല എന്നാണ്. യു.ഡി.എഫിന്റെ അഞ്ചു കൊല്ലത്തിനിടയിലുള്ള ഭരണകാലത്ത് കൊടുത്തത് നാല്പതിനായിരം വീടുകൾ മാത്രമാണ്. ഇവിടെ വിവിധ വകുപ്പുകളുടെ അധികാരം താഴേയ്ക്ക് കൊടുക്കുന്നതിനെപ്പറ്റി സൂചിപ്പിച്ചു. എന്തിനുവേണ്ടിയാണ് ഇവിടെ ഈ പ്രസംഗം നടത്തിയിരിക്കുന്നത്? അനുവദിക്കപ്പെടുന്ന പണം ചെലവാക്കാതിരിക്കാനുള്ള പ്രസംഗമാണ് ബഹു. മെമ്പർ ഇവിടെ നടത്തിയിരിക്കുന്നത്. 1991 മുതൽ 96 വരെ എസ്.സി.പി.യിൽ എത്ര കോടി രൂപ ലാപ്സാക്കി എന്നറിയാമോ? 139 കോടി രൂപ ലാപ്സാക്കിയ തുകയാണ്. അധികാരം മുകളിൽ വച്ചുകൊണ്ട് 139 കോടി രൂപ എസ്.സി.പി.യിൽ ലാപ്സാക്കി. അതുപോലെ അഞ്ച് വർഷകാലത്തിനിടയിൽ ടി.എസ്.പി.യിൽ പതിനാറു കോടി രൂപ ലാപ്സാക്കി. ഇപ്പോൾ സ്ഥിതി എന്താണ്? കഴിഞ്ഞ വർഷത്തെ കണക്കെടുത്തപ്പോൾ അനുവദിച്ചതിന്റെ 95% തുകയും ചെലവഴിച്ചിരിക്കുന്നു. ടി.എസ്.പി.യിൽ 98% തുക ജില്ല, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ വഴി ചെലവഴിച്ചതിന്റെ ഫലമായി വൻപിച്ച മാറ്റങ്ങളുണ്ടായിരിക്കുന്നു. ആ മാറ്റങ്ങളുടെ കഥകളാണ് എല്ലാ പ്രദേശങ്ങളിലും കാണാൻ കഴിയുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മെസ് അലവൻസ് മുന്നൂറു രൂപയിൽനിന്നും അഞ്ഞൂറു രൂപയാക്കി. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 400 രൂപ എന്നുള്ളത് 600 രൂപയാക്കി. ഡെയിലി അലവൻസ് പന്ത്രണ്ട് രൂപ എന്നുള്ളത് പതിനഞ്ചു രൂപയാക്കി. പതിനഞ്ചു രൂപ എന്നുള്ളത് ഇരുപതു രൂപയാക്കി. യൂണിഫോം അലവൻസ് ഇരുന്നൂറു രൂപ എന്നുള്ളത് ഇരുന്നൂറ്റി അമ്പതു രൂപയാക്കി. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ മാറ്റം വരുത്തിയതിന്റെ ഫലമായി ഇന്ന് ഹൈസ്കൂളുകളിൽ 1,83,066 കുട്ടികളാണ് പഠിക്കുന്നത്. യു.പി. സ്കൂളിൽ 2,04,056 കുട്ടികളാണ് പഠിക്കുന്നത്. എൽ.പി. സ്കൂളിൽ 2,33,293 കുട്ടികളാണ് പഠിക്കുന്നത്. ആ വകുപ്പിൽ മാത്രമായി കൃഷിഭൂമി വാങ്ങാൻ, ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ, ആട്ടോറിക്ഷകൾ വാങ്ങാൻ ഇതിനെല്ലാമായി മൂവായിരത്തോളം ആളുകൾക്ക് ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനും ലോൺ കൊടുത്തിരിക്കുന്നു.

<u>ശ്രീ. പി. വിശ്വൻ</u> : ബഹു. മെമ്പർ കേരളത്തിൽ ഈ രംഗത്തുള്ള മാറ്റത്തെക്കുറിച്ചു പറഞ്ഞു. ബഹു. മെമ്പർ ഡോ. കുട്ടപ്പൻ വളരെ വികാരപരമായി ഇവിടെ പ്രസംഗിച്ചു. ഹിന്ദു പത്രത്തിൽ വളരെ ഗൗരവമായ ഒരു റിപ്പോർട്ട് കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാനിൽ നടക്കുന്ന കാര്യത്തെപ്പറ്റി പറയുന്നുണ്ട്. Rajasthan is not the best place to live in, if you are a Dalit. A Scheduled Caste woman is raped every 60 hours, one Dalit is murdered over every nine days. ഇതിനെക്കുറിച്ച് എന്തു പറയാനുണ്ട്?

<u>ശ്രീ. രാജു എബ്രഹാം</u> : നൂറുകണക്കിന് പട്ടികജാതി പട്ടികവർഗ്ഗക്കാരെയും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരെയും ചുട്ടുകരിക്കുന്ന ചിത്രമാണ് നമുക്ക് അവിടെയെല്ലാം കാണാൻ സാധിക്കുന്നത്. സർ, ഇവിടെ നിയമസഭയിൽ കൃഷിവകുപ്പുമന്ത്രി വച്ച പച്ചക്കറിയുടെ കണക്ക് വായിക്കാം.. ഏത്തക്കായ് ഒരു കിലോയ്ക്ക് 14.70 രൂപ '95-ലുണ്ടായിരുന്നത് ഇപ്പോൾ 11.50 രൂപയായി കുറഞ്ഞു. ഒരു കിലോ പയറിനു 16 രൂപയിൽ നിന്നും 13 രൂപയായും വെണ്ടയ്ക്കായ്ക്ക് കിലോയ്ക്ക് 8 രൂപയിൽ നിന്നും 7 രൂപയായും പാവയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

യുടേത് 16 രൂപയിൽ നിന്നും 15 രൂപയായും വഴുതനങ്ങ 16 രൂപയിൽ നിന്നും 10 രൂപയായും പച്ചമുളകിന് 17 രൂപയിൽ നിന്നും 14 രൂപയായും കുറഞ്ഞു. ഇവിടെ മുരിങ്ങക്കായയുടെ വില ശ്രീമതി ആർ. ലതാദേവി പറഞ്ഞപ്പോൾ അവിടെ ആളുകൾ അത്ഭുതം കൊണ്ടിരിക്കുകയാണ്. ഇവർ ആരെങ്കിലും മാർക്കറ്റിൽ പോകുന്നവരാണോ? വീട്ടിൽ ചെന്നിട്ട് ഭാര്യമാരോടു ചോദിച്ചാൽ അവരാരെങ്കിലും മാർക്കറ്റിൽ പോകുന്നവരാണെങ്കിൽ പറയും ഇപ്പോൾ എന്താണ് നടന്നിരിക്കുന്നതെന്ന്. ഈ കേരളത്തിലുണ്ടാകുന്ന മാറ്റത്തെ എന്താണ് അംഗീകരിക്കാൻ കഴിയാത്തത്? 1996-ൽ ഗ്രാമസഭകൾ ചേരുമ്പോൾ പ്രസംഗിച്ചത് തമിഴ്നാട്ടിൽനിന്നും ആയിരം കോടി രൂപയുടെ പച്ചക്കറി വരുന്നു എന്നാണ്. ഇന്ന് അങ്ങനെ പ്രസംഗിക്കാൻ ആർക്കും കഴിയില്ല. കാരണം ഇന്ന് മാർക്കറ്റിൽ പച്ചക്കറികൾ വന്നു തള്ളുകയാണ്. വൈകുന്നേരം വരെ വിറ്റാലും ധാരാളം പച്ചക്കറി അധികം വരികയാണ്. ഇടുക്കിയിൽ നിന്നും വയനാട്ടിൽനിന്നും പച്ചക്കറികൾ കൊണ്ടുവരികയാണ്. നമ്മുടെ വീട്ടമ്മമാർ ചന്തയിൽ ചെന്നാൽ പാവയ്ക്കായ് പുഴുക്കുത്തുള്ളതു നോക്കി വാങ്ങുമായിരുന്നു. എന്തിനാണ്? അമോണിയം ഇടാത്ത അല്ലെങ്കിൽ രാസവളമില്ലാത്ത പാവയ്ക്കായ് കിട്ടാൻ! അവർ ഇന്ന് അതു നോക്കുകയില്ല കാരണം കേരളത്തിൽ എല്ലാ വളപ്പുകളിലും വിദ്യാലയ വളപ്പുകളിലും എല്ലാ മേഖലകളിലും സാനിട്ടോറിയം വളപ്പുകളിലും പച്ചക്കറികൾ ധാരാളമായി ഉല്പാദിപ്പിക്കുകയാണ്. ഉദാഹരണമായി ഞാൻ പറയാം. തിരുവനന്തപുരത്ത് പേയാട് സെന്റ് സേവ്യേഴ്സ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററുടെ ഡയറിയിൽനിന്നും കിട്ടിയ ഒരു കുറിപ്പാണ്. അദ്ദേഹം ഒരു വർഷം കുട്ടികളെക്കൊണ്ടു കൃഷി ചെയ്യിപ്പിച്ചു. അവർ ഉല്പാദിപ്പിച്ച പച്ചക്കറി എത്രയാണെന്നറിയാമോ? വെള്ളരി 81 കിലോ, വെണ്ടയ്ക്ക 80 കിലോ, പടവലം 150 കിലോ, പാവൽ 157 കിലോ, പയറ് 141 കിലോ. ഇത് അനുഭവത്തിന്റെ ഒരു മോഡലാണ്. ഇതാണ് കേരള മാർക്കറ്റ് എന്നാണ് ഞാൻ ചൂണ്ടിക്കാട്ടുന്നത്. എത്രയോ പഞ്ചായത്തുകൾ കേരളത്തിൽ വിളവെടുപ്പ് മഹോൽസവം നടത്തിയിരിക്കുന്നു. ഇടക്കുന്നം, പായിപ്ര, പുന്നപ്പടി, ചേർത്തല തെക്ക് പ്രതിപക്ഷ നേതാവിന്റെ പഞ്ചായത്താണ്. മുഴുപ്പിലങ്ങാട്ടും നടുവണ്ണൂരും എടശ്ശേരിയിലും വള്ളിശ്ശേരിയിലും കെ.എ. ചന്ദ്രന്റെ നെന്മാറ അടക്കം ഇപ്പോൾ വിളവെടുപ്പ് മഹോത്സവം അങ്ങോളമിങ്ങോളം പൊടിപൊടിക്കുന്നു.

ഇൻഡോ-ശ്രീലങ്കൻ കരാർ അടക്കമുള്ള പ്രശ്നങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. റബറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ വേൾഡ് മാർക്കറ്റിൽ 26 രൂപയാണ് ഇന്നലത്തെ വില ഇവിടെ 32 രൂപ. അത് ഈ ഗവൺമെന്റിന്റെ മാത്രം പ്രയത്നം കൊണ്ടാണെന്നു പറയുന്നില്ല. കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരും കൃഷിവകുപ്പുമന്ത്രിയും ഡൽഹിയിൽ പോയി കേന്ദ്ര മന്ത്രിമാരെ കണ്ടു. 1992-ൽ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ നേതാവടക്കം കൃാബിനറ്റു മന്ത്രിമാർ കൊടുത്ത ഓപ്പൺ ജനറൽ ലൈസൻസ് മൂലമുള്ള ഇറക്കുമതി താൽക്കാലികമായി നിറുത്തി വച്ചതിന്റെ ഫലമായി ആഭ്യന്തര ആവശ്യം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിലാണ് വേൾഡ് മാർക്കറ്റിലുള്ളതിനേക്കാൾ നാലഞ്ചു രൂപ കൂടുതൽ ഇവിടെ റബറിനു കിട്ടുന്നത്. റബറിന്റെ കാര്യത്തിൽ പതിനേഴു രൂപ നഷ്ടം സഹിച്ചുകൊണ്ടായാലും സിംഗപ്പൂരിലേക്കു കയറ്റി അയയ്ക്കാൻ കഴിയുമെങ്കിൽ റബർ കയറ്റി അയയ്ക്കണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇതൊടൊപ്പം റഷ്യയിലേക്ക് എൺപതു ബാരൽ ലാറ്റക്സ് കയറ്റി അയച്ചുകൊണ്ട് ഈ കൊച്ചു കേരളം ഇൻഡ്യയ്ക്ക് ആകെ മാതൃക കാണിച്ചിരിക്കുന്നു. ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

കവാണ്ടിറ്റിയാണെങ്കിലും കയറ്റുമതി ആരംഭിച്ചിരിക്കുന്നു. നെൽക്കൃഷിയുടെ കാര്യത്തിലായാലും കൃഷിക്കാരുടെ കാര്യത്തിലായാലും വമ്പിച്ച നേട്ടങ്ങളുണ്ടായിട്ടുണ്ട്. പൂക്കൃഷിയുടെ കാര്യത്തിൽ വിപ്ലവകരമായ മാറ്റമുണ്ടായിരിക്കുന്നു. 'കല്യാണ സൗഗന്ധികം തേടിപ്പോയ ഭീമസേനനും' 'പാലപ്പൂമണം തേടി ചെന്നെത്തുന്ന ഗന്ധർവ്വനും' ചെമ്പകം പുഷ്പിക്കുമ്പോൾ എവിടെ നിന്നോ എത്തുന്ന ഇണക്കിളികളിൽ ഉത്സവ മണം സമ്മാനിക്കുന്ന മഞ്ഞിന്റെ വെണ്മയുള്ള 'പനിനീർപൂവു'മൊക്കെ കേരളത്തിൽനിന്നും പോയിരുന്നു. അവ തിരിച്ചുകൊണ്ടു വരാൻവേണ്ടി കൃഷിവകുപ്പുമന്ത്രി പരിശ്രമം ആരംഭിച്ചിരിക്കുന്നു. ഓർക്കിഡുകളും ആന്തൂറിയവും കേരളത്തിലെ വീട്ടമ്മമാർ വിപണിയിലെത്തിക്കാൻ തുടങ്ങിയിരിക്കുന്നു. 'ഓർക്കിഡ് ചട്ടികൾ മോഷണം പോയ' പരാതി കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ വന്നിരിക്കുന്നു.

സർ, സാമൂഹ്യക്ഷേമവകുപ്പ് ആർക്കും മാതൃകാപരമായിട്ടുള്ള പ്രവർത്തനം നടത്തുകയാണ്. നാട്ടിലെ ഗർഭിണികളും കുട്ടികളുമൊക്കെ ബഹു. മന്ത്രി സുശീലാ ഗോപാലന്റെ പടം വീടുകളിൽ തൂക്കാൻ തുടങ്ങിയിരിക്കുന്നു. 43 ബ്ലോക്കുകളിൽക്കൂടി അംഗനവാടികൾ ആരംഭിച്ചിരിക്കുന്നു. ഇന്ന് സ്ത്രീകൾക്ക് അവരുടെ അവകാശബോധവും ധൈര്യവുമുണ്ടാക്കിക്കൊടുക്കാൻ വനിതാ കമ്മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിരിക്കുന്നു. ഇരുപത്തിരണ്ടായിരം പരാതികൾ ലഭിച്ചപ്പോൾ പതിനെണ്ണായിരം പരാതികളും തീർക്കാൻ വനിതാ കമ്മിഷന് കഴിഞ്ഞിരിക്കുന്നു. അടിയും ചവിട്ടുംകൊണ്ട് അമർന്നുകിടന്ന സ്ത്രീജനങ്ങൾ ഒറ്റക്കെട്ടായി സംഘടിക്കുന്നതിന്റെ പ്രതിഫലനങ്ങളാണ് ഇവിടെ കാണുന്നത്. വനിതാ വികസന കോർപ്പറേഷനും മറ്റ് സാമൂഹ്യ വികസന പദ്ധതികളും, വികലാംഗ കോർപ്പറേഷനടക്കം, ഈ കാര്യത്തിലേക്ക് നടന്ന് അടിവച്ച് മുന്നോട്ടുകയറുന്ന ചിത്രമാണ് നമ്മുടെ നാട്ടിൽ കാണുന്നത്. അതുപോലെതന്നെ എക്കണോമിക് റെവ്യൂവിൽ പാലിന്റെ ഉൽപ്പാദനത്തെക്കുറിച്ച് പറയുന്നതെന്താണ്? 1995-96-ൽ 22 ലക്ഷം ടൺ ഉണ്ടായിരുന്നത് 1997-98 ആയപ്പോൾ 25.20 ലക്ഷം ടണ്ണായി വർദ്ധിച്ചു. മുന്നൂ ശതമാനം വളർച്ച ഇവിടെയുണ്ടായിരിക്കുന്നു. ബഹു. സി.എഫ്. തോമസ് ഇവിടെയില്ല. അദ്ദേഹം ഇക്കണോമിക് റവ്യൂ ഉദ്ധരിച്ചുകൊണ്ട് പ്രസംഗിച്ചു. 1998-99-ൽ ഇരുപത്തിയാറുലക്ഷം ടണ്ണായി ഉയരുന്ന നടപടികൾ കൊച്ചു കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു, ബഹു. ചന്ദ്രശേഖരൻ നായർ. നമ്മുടെ സംസ്ഥാനത്തെ കന്നുകാലികളിൽ 67 ശതമാനവും ഉൽപ്പാദനശേഷികൂടിയ സങ്കരയിനങ്ങളാക്കി മാറ്റാൻ ചുരുങ്ങിയ നാൾകൊണ്ട് കഴിഞ്ഞിരിക്കുന്നു. 1998-99-ൽ മാത്രം 200 ബീജധാന ഉപകേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിഞ്ഞിരിക്കുന്നു. 502 കേന്ദ്രങ്ങളിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കാൻ കഴിഞ്ഞിരിക്കുന്നു. ഇന്ന് കുന്നുകാലികൾ സന്തോഷത്തിലാണ്. കാരണം, കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നും വരുന്ന തീറ്റകൾക്കുപകരം ഇവിടെ കല്ലേറ്റിൻകരയിലും കേരളത്തിലെ മറ്റു സ്ഥലങ്ങളിലും ഇന്ന് അവർക്ക് ഫോഡർ ലഭ്യമാക്കുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ലോകവിപണിയിലെ പാൽക്കാരനായി കേരളം, അതുവഴി ഇൻഡ്യ, മാറുന്ന സമയം അപ്പുറത്തേയ്ക്ക് പോകുന്നില്ല. അതുപോലെതന്നെ നമ്മുടെ റെയിൽവെസ്റ്റേഷനുകളിൽ നമുക്ക് തകരപ്പാട്ടകളിൽ തൈര് കൊണ്ടുവരുന്ന കാഴ്ച മുമ്പ് കാണുമായിരുന്നു. ഇന്ന് അത് കാണുന്നില്ല. വളരെ അപൂർവ്വമായി മാത്രമേ റെയിൽവേസ്റ്റേഷനുകളിൽ തകരപ്പാട്ടകളിൽ തൈര് കാണുന്നുള്ളൂ. കാരണം, കേരളത്തിൽ ആവശ്യമായിട്ടുള്ള തൈര് ഇവിടെ ലഭ്യമാകുന്ന ഒരു അന്തരീക്ഷമുണ്ടായിരിക്കുന്നു. അത് സൂചിപ്പിക്കുമ്പോൾ മറ്റൊരുകാര്യം

LIBRARY ARCHIVES Kerala Legislative Assembly

കൂടി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഞങ്ങളുടെ ജില്ലയിൽ ചില അച്ചൻമാരൊക്കെ നടത്തുന്ന ചില ഏജൻസികളുണ്ട്. അത്തരം ഏജൻസികളിൽനിന്നും പാൽശേഖരിക്കുന്നത് നമ്മുടെ ക്ഷീര വകുപ്പ് ഇപ്പോൾ തടഞ്ഞിട്ടുണ്ട്. അത് മാറ്റണം. എല്ലാ ആളുകൾക്കും പാൽ ശേഖരിക്കാൻ കഴിയുന്ന ഒരവസ്ഥ ഉണ്ടാക്കണം. അതുപോലെ എവിടെനിന്നാണ് മുട്ട വന്നുകൊണ്ടിരുന്നത്? അത് തമിഴ്നാട്ടിൽ നിന്നാണ് വന്നുകൊണ്ടിരുന്നത്. ഇപ്പോൾ ചിത്രത്തിന് ഒരു നേരിയ മാറ്റമുണ്ടായിരിക്കുന്നു. 1995-96-ൽ 198.70 കോടി രൂപയായിരുന്നു മുട്ട ഉൽപ്പാദനത്തിന്റെ ഔദ്യാഗിക കണക്കെങ്കിൽ, 1998-99 ആയപ്പോൾ 221.60 കോടി രൂപയായി മുട്ട ഉൽപ്പാദനം വർദ്ധിച്ചിരിക്കുന്നു. അംഗൻവാടി കുട്ടികൾക്ക് പല സ്ഥലങ്ങളിലും മുട്ട കൊടുക്കുന്നു. 1996-97-ൽ പുതിയ 100 നഴ്സറികളാരംഭിച്ചിരിക്കുന്നു. ഇരുപത് ലക്ഷം കോഴിക്കുഞ്ഞുങ്ങളെ പുതുതായി വിരിയിച്ച് വിതരണം ചെയ്യുന്നു. 40 താറാവിന്റെ നേഴ്സറികൾ ഇവിടെ ആരംഭിച്ചിരിക്കുന്നു. കുളമ്പുരോഗത്തെ തുടർന്ന് കന്നുകാലികൾ ചത്തുപോയ കൃഷിക്കാർക്ക് 66.33 ലക്ഷം രൂപ ചരിത്രത്തിലാദ്യമായി ഈ സർക്കാർ വിതരണം ചെയ്തിരിക്കുന്നു. ഇറച്ചിക്കോഴി വളർത്തലും, ആടു വളർത്തലും, പന്നിവളർത്തലും നമ്മുടെ സംസ്ഥാനത്ത് കൂടുതലായി പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ പത്രം നമ്മൾ കണ്ടുകൊണ്ട് ഉണർന്നത് സെപ്തംബർ 11-ാം തീയതി നമ്മുടെ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുമെന്നുള്ള വാർത്ത വായിച്ചുകൊണ്ടാണ്. നമ്മുടെ അതിർത്തികളിൽ പൊട്ടിപ്പുറപ്പെട്ട യുദ്ധം അതിന്റെ അവസാന ഘട്ടത്തിലെത്തി നിൽക്കുകയാണ്. സെപ്തംബർ 11-ന്റെ പാർലമെന്റ് തെരഞ്ഞെടുപ്പിന് ഏതാനും നാളുകൾ മാത്രം അവശേഷിച്ചിരിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യത്തിൽ നമ്മുടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണം തീർച്ചയായും ഒരു മാതൃകയാക്കി മാറ്റാൻ കഴിയുന്ന രൂപത്തിലുള്ള ഒരു മൂന്നാം മുന്നണിക്കുവേണ്ടിയുള്ള പടപ്പുറപ്പാട് നമ്മുടെ നാട്ടിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ പ്രതിപക്ഷനേതാവടക്കം എന്താണ് പറയുന്നത്? ഒന്നുകിൽ ബി.ജെ.പി. അല്ലെങ്കിൽ കോൺഗ്രസ് എന്നാണ് ദേശീയ രാഷ്ട്രീയത്തിൽ പറയുന്നത്. മൂന്നാം മുന്നണി അധികാരത്തിൽവന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ-വി.പി.സിംഗ് നമ്മുടെ സംസ്ഥാനത്തിനു നൽകിയിട്ടുള്ള കായംകുളത്തെ 2400 മെഗാവാട്ടിന്റെ താപനിലയത്തിന്റെ പ്രഖ്യാപനമായാലും തിരുവനന്തപുരത്തെ അന്തർദേശീയ വിമാനത്താവളമാക്കുമെന്നുള്ള പ്രഖ്യാപനമാണെങ്കിലും, അല്ലെങ്കിൽ നമ്മുടെ റേഷൻ കടകൾവഴി പത്തുകിലോവരെ പകുതിവിലക്ക് അരിവാങ്ങിക്കാൻ കഴിയുന്ന ഒരു സാഹചര്യമായാലും-അതുണ്ടാക്കി. മൂന്നാം മുന്നണിക്ക് കൂടുതൽ പ്രസക്തിയേറുന്ന ഒരു കാലഘട്ടമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ പട്ടാളക്കാർക്ക് എല്ലാ ആദരാഞ്ജലികളും ഈ അവസരത്തിൽ അർപ്പിക്കുകയാണ്. അതോടൊപ്പം നമ്മുടെ രാജ്യരക്ഷയെ കാത്തുസംരക്ഷിക്കാൻ ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുള്ള ദുഃഖസത്യം സൂചിപ്പിക്കാതെ പോകുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് സൂചിപ്പിക്കുകയാണ്. നമ്മുടെ അതിർത്തിയിൽനിന്നും രഹസ്യ സന്ദേശങ്ങൾ ജനുവരിമാസം തന്നെ ഇന്റലിജൻസ് മേധാവികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും നമ്മുടെ ശത്രുരാജ്യത്തിന് എതിരായിട്ടുള്ള ആക്രമണം ആരംഭിക്കാനുള്ള ഒരു പരിശ്രമം കേന്ദ്ര ബി.ജെ.പി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമെന്നുള്ള ഒരു ഘട്ടം വന്നപ്പോൾ മാത്രമാണ് പാകിസ്ഥാന് എതിരായിട്ടുള്ള ആക്രമണം ഇവിടെ ആരംഭിച്ചത്. ജൂൺ 19-ഉം 29-ഉം ഒരു ദിനപത്രം രണ്ട് പ്രസ്താവന



LIBRARY ARCHIVES Kerala Legislative Assembly

കൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഒന്ന് വെങ്കയ്യാനായിഡുവിന്റെയും, ഒന്ന് ഗോവിന്ദാചാര്യയുടെയും പ്രസ്താവനകൾ. ആ രാഷ്ട്രീയ (ബി.ജെ.പി.) നേതാക്കന്മാർ പറഞ്ഞിരിക്കുന്നത്, "ഈ ജൂലൈ മാസം ഇവിടെ യുദ്ധം അവസാനിക്കും" രണ്ടാമത്തെ ആൾ പറഞ്ഞിരിക്കുന്നത് "ഈ യുദ്ധത്തിൽ ഇൻഡ്യ ജയിക്കും." യുദ്ധത്തിന്റെ മറവിൽ ബി.ജെ.പി.യും ജയിക്കുമെന്നുള്ളതാണ്. ഈ രാഷ്ട്രീയ പാർട്ടിയെ ഇവിടെ അധികാരത്തിൽവച്ചുവാഴിക്കുവാൻ ഇവിടെ പച്ചക്കൊടി കാട്ടിക്കൊടുത്തിരിക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസാണ്. മൂന്നാം മുന്നണി നേതാക്കന്മാരെ പ്രധാനമന്ത്രി സ്ഥാനത്തുനിന്ന് ഒഴിച്ചുനിർത്താൻവേണ്ടി ഇവർ നടത്തിയിട്ടുള്ള നീക്കത്തിന്റെ ഫലമായിട്ടാണ് നമ്മുടെ രാജ്യത്തിന്റെ അതിർത്തികളുടെ സംരക്ഷണംപോലും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലേക്ക് ഇന്ന് രാജ്യം വന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ ക്രിക്കറ്റ് പിച്ചുകൾ തകർക്കാൻവേണ്ടി ഈ രാജ്യത്ത് ബി.ജെ.പി.ക്കാർ ഒരുഭാഗത്ത് ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ മറുഭാഗത്ത് നമ്മുടെ മലനിരകൾ പിച്ചിച്ചീന്തിയെടുക്കാനുള്ള പരിശ്രമമാണ് അവിടത്തെ പാകിസ്ഥാൻ ചാരസംഘടനകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നും കാണാൻ നമുക്ക് കഴിഞ്ഞില്ല. അതുകൊണ്ട് തെരഞ്ഞെടുപ്പെന്ന് പറയുമ്പോൾ ഒരു നിർണ്ണായകമായ തെരഞ്ഞെടുപ്പാണ്. ഈ തെരഞ്ഞെടുപ്പിൽ ഒരു കേരള മോഡൽ-കേന്ദ്രത്തിൽ വരാൻ കഴിയുന്ന രൂപത്തിൽ ഒരു മൂന്നാം മുന്നണി ഗവൺമെന്റുണ്ടാക്കാൻ കഴിയുന്ന തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കമായിരിക്കണം നടത്തേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിക്കുകയാണ്.

<u>ശ്രീ. പി. രാജു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്നത്തെ ധനാഭ്യർത്ഥനചർച്ചകൾക്ക് ഒരു പ്രത്യേകതയുണ്ട്. ഇന്ന് നമ്മുടെ കേരളത്തിലെ ജനസമൂഹത്തിലെ ഗണ്യമായ ജനവിഭാഗങ്ങളെ ബാധിക്കുന്ന മൂന്നുവകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകളാണ് ഇവിടെ നടക്കുന്നത്. മാത്രമല്ല, ഈ ധനാഭ്യർത്ഥനകളുമായി വന്നിട്ടുള്ള മന്ത്രിമാർ ഏതു ഗുരുതരമായ പ്രതിസന്ധിയെ നേരിടുമ്പോഴും ചിരിച്ചുകൊണ്ടാണ്. എവർ സ്മൈലിങ്ങ് മന്ത്രി ശ്രീ. ചന്ദ്രശേഖരൻ നായർ- അദ്ദേഹത്തെക്കുറിച്ച് ഡോക്ടർമാർതന്നെ പറയുന്നത് അദ്ദേഹത്തിന്റെ ഹൃദയ ശസ്ത്രക്രിയ നടത്തിക്കൊണ്ടിരിക്കുമ്പോഴും അദ്ദേഹം ചിരിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നാണ്. എവർ സ്മൈലിങ്ങ് ശ്രീ. ചന്ദ്രശേഖരൻ നായർ. അതുപോലെ കേരളത്തിന്റെ കറുത്ത വർഗ്ഗത്തിന്റെ, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ജനവിഭാഗങ്ങളുടെ, പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻവേണ്ടി ഏറ്റവും സജീവമായി പ്രവർത്തിക്കുന്ന മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ, അതുപോലെ ഇവിടെ കൃഷി വകുപ്പുമന്ത്രിയെക്കുറിച്ച് പറഞ്ഞു, കേരളത്തിലെ കൃഷിക്കാരുടെ മോചകനാണ് കൃഷി വകുപ്പുമന്ത്രിയെന്ന്. നിങ്ങൾക്ക് എവിടെ എതിർക്കാൻ കഴിയും? ശ്രീ. ജോണി നെല്ലൂരിനും ശ്രീ. ഡൊമിനിക് പ്രസന്റേഷനും തങ്ങളുടെ സ്വന്തം നാട്ടിൽ പോയി കൃഷിവകുപ്പുമന്ത്രിയെക്കുറിച്ച് എതിർക്കാൻ കഴിയുമോ? കേരളത്തിലെ കൃഷിക്കാരുടെ മോചകനായി കേരളത്തിലെ കൃഷി വകുപ്പുമന്ത്രി മാറിക്കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു ജനവിഭാഗത്തെ-പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തെ-സംരക്ഷിക്കുന്നതിൽ കേരളാ ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ലെന്നാണ് ഡോ. എം.എ. കുട്ടപ്പൻ സൂചിപ്പിച്ചത്. ഇന്ന് ഇൻഡ്യാരാജ്യത്ത് മറ്റേതൊരു സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ട രീതിയിൽ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ജീവിക്കാൻ കഴിയുന്നുവെന്നുള്ളതിന് തെളിവ്

LIBRARY ARCHIVES Kerala Legislative Assembly

ഹിന്ദു പത്രം നോക്കിയാൽ മതി. രാജസ്ഥാനിൽ, ബഹു. കുട്ടപ്പന്റെ നേതാവ് ഭരിക്കുന്ന സംസ്ഥാനത്ത്, മനുവിന്റെ പ്രതിമ ഹൈക്കോടതി കോമ്പൗണ്ടിനകത്തും നമ്മൾ ബഹുമാനിക്കുന്ന ആദരണീയനായ അംബേദ്ക്കറുടെ പ്രതിമ കോടതി ഗ്രൗണ്ടിന് പുറത്തും സ്ഥാപിച്ചിട്ടുണ്ട്. അവിടെയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനെതിരായി ഏറ്റവും വലിയ അക്രമണമുണ്ടാകുന്നത്. ഈ ശബ്ദം ബഹുമാനപ്പെട്ട കുട്ടപ്പൻ അവിടെയാണ് ഉയർത്തേണ്ടത്.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർ, ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഗിരിപ്രഭാഷണം നടത്തുന്ന ഡോ. എം.എ. കുട്ടപ്പൻ സ്വന്തം സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെ ഭാര്യയാക്കാതെ സമ്പന്നയായ ഒരു ക്രിസ്ത്യൻ സ്ത്രീയെയാണ് കല്യാണം കഴിച്ചതെന്ന കാര്യം അറിയുമോ?

<u>ശ്രീ. പി. രാജു</u> : വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല, സർ. അതുകൊണ്ടാണ് അങ്ങനെ ഉണ്ടായിട്ടുള്ളത്. ശ്രീ. എം.എ. കുട്ടപ്പൻ ഒരു പാവപ്പെട്ട ഹരിജൻ സ്ത്രീയെ വിവാഹം കഴിച്ചുകൊണ്ട് ആ സമുദായത്തെ ഉദ്ധരിക്കേണ്ടതായിരുന്നു.

എനിക്ക് ബഹു. രാധാകൃഷ്ണനോട് സൂചിപ്പിക്കാനുള്ളത് കേരളത്തിലെ തീരപ്രദേശങ്ങളിലും പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലും താമസിക്കുന്ന കുടുംബി സമുദായക്കാർ വളരെയധികം ദുരിതമനുഭവിക്കുന്നവരാണ്. അവർ സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നൽക്കുന്നവരാണ്. അവരെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് ആവശ്യം. പ്രായോഗികമായി ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന പ്രശ്നമാണെങ്കിൽപ്പോലും അടിയന്തിരമായി അവർക്ക് വിദ്യാഭ്യാസ രംഗത്ത് ആനുകൂല്യം നൽകികൊണ്ട് അവരെ താൽക്കാലികമായി സഹായിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് ഉചിതമായിരിക്കുമെന്നു സൂചിപ്പിക്കാൻ ഞാൻ ഈയവസരം ഉപയോഗപ്പെടുത്തുകയാണ്. കേരളത്തിലെ തീരപ്രദേശങ്ങളായ ആലപ്പുഴ, ചേർത്തല, പറവൂർ, വടക്കേക്കര, കൊടുങ്ങല്ലൂർ, നാട്ടിക, മാള, തൃപ്പൂണിത്തുറ എന്നീ നിയോജകമണ്ഡലത്തിലെല്ലാം ഈ കുടുംബികൾ ഉണ്ട്. അവർക്ക് വിദ്യാഭ്യാസ രംഗത്ത് ആനുകൂല്യം നൽകിക്കൊണ്ട് അവരെ സംരക്ഷിക്കാനുള്ള നടപടി ബഹു. മന്ത്രിയുടെ ഭാഗത്തുനിന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മൃഗസംരക്ഷണ രംഗത്ത് കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. എല്ലാ മൃഗാശുപത്രികൾക്കും സ്വന്തം കെട്ടിടങ്ങളായി. നേരത്തെ മൃഗാശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയായിരുന്നു അവിടെ ഡോക്ടർമാരെ നിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഉൽപ്പാദന രംഗത്ത് വമ്പിച്ച പുരോഗതി കൈവരിക്കാൻ കേരളത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്. കേരളത്തിന്റെ ആവശ്യം പൂർണ്ണമായി നിറവേറ്റപ്പെടുക, ജനസംഖ്യാനുപാതികക്രമം എടുത്തു പരിശോധിച്ചാൽ കേരളത്തിനാവശ്യമായ പാൽ 33.1 ലക്ഷം ടണ്ണാണ്. മുട്ട 273 കോടി വേണം. അതുപോലെ തന്നെ ഇറച്ചി 1,61,000 ടൺ വേണം. 95-96 വർഷത്തെക്കാൾ നല്ല ശതമാനം ഉൽപ്പാദന വർദ്ധനവാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. 95-96-ൽ 22.42 ലക്ഷം ടൺ പാലാണ് നമ്മൾ ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്നത്. 98-99-ൽ അത് 26.75 ലക്ഷം ടൺ ആയി വർദ്ധിച്ചു. ഇറച്ചി 1,37,000 ടൺ ഉണ്ടായിരുന്നത് ഇന്ന് 1,45,000 ടൺ ആയി വർദ്ധിച്ചു. കേരളം പാലിന്റെയും മുട്ടയുടെയും ഇറച്ചിയുടെയും കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെങ്കിൽ കേരളത്തിൽ സമ്പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

മായ പരിവർത്തനം നടത്താനാവശ്യമായ നടപടികൾ മൃഗസംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പും ചേർന്നു നടപ്പിലാക്കികൊണ്ട്, ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക കാണിച്ചിട്ടുള്ള കേരളം ഈ രംഗത്തും പുതിയ മാതൃക സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഇവിടെ റബ്ബറിനെക്കറിച്ചാണ് പ്രധാനമായിട്ടും ചർച്ചകൾ ഉയർന്നു വന്നിട്ടുള്ളത്. അപ്പുറത്തുനിന്നും ശ്രീ. സി.എഫ്. തോമസും, ശ്രീ. വി.ജെ. പൗലോസുമെല്ലാം പറഞ്ഞത് റബ്ബർക്കർഷകരെ ഈ ഗവൺമെന്റ് അവഗണിക്കുന്നുവെന്നാണ്. റബ്ബർ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചും അതിനിടയാക്കിയ രാഷ്ട്രീയ സാഹചര്യങ്ങളെക്കുറിച്ചും വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. റബ്ബർ കൃഷിക്കാർക്ക് ഇന്നത്തെ അവസ്ഥ എങ്ങനെയുണ്ടായെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പക്ഷേ അത് കണ്ണടച്ച് ഇരുട്ടാക്കുകയാണ്. അതിന്റെ രാഷ്ട്രീയ വശത്തിലേയ്ക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം, ബഹു. എ.വി. അബ്ദുറഹിമാൻ ഹാജിയുടെ പ്രസംഗം അതിന് മറുപടിയാണ്. എന്തുകൊണ്ട് റബ്ബർ കൃഷിക്കാർ ഇന്ന് ദുരിതമനുഭവിക്കുന്നു, അതിന് പരിഹാരമുണ്ടാക്കണം. കേരളത്തിലെ റബ്ബർ കൃഷിക്കാർ ഇന്ന് ബുദ്ധിമുട്ടിലാണ്. സാമ്പത്തികമായി ക്ഷീണിച്ചിട്ടുണ്ട്. അവർക്ക് മുന്നോട്ടു പോകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നുള്ള വസ്തുത ഏവരും അംഗീകരിക്കുന്നതാണ്. എങ്ങനെ ഈ അവസ്ഥ ഉണ്ടായി? കേരളത്തിലെ ഇടതുജനാധിപത്യ മുന്നണിയാണോ അതിനുത്തരവാദി? ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലാണോ അതോ ശ്രീ. ഇ.കെ. നായനാരാണോ ഉത്തരവാദി? അതിനുത്തരവാദി അപ്പുറത്തിരിക്കുന്ന നിങ്ങൾ മാത്രമാണ്. ഞാൻ അതിന്റെ സാഹചര്യത്തിലേയ്ക്കു കടക്കുന്നില്ല. കാരണം അന്നത്തെ സാഹചര്യം അതായിരുന്നു. നിങ്ങളൊക്കെ അതിൽ ഒപ്പിട്ടു. പക്ഷേ ആ യാഥാർത്ഥ്യം മറച്ചു വച്ചുകൊണ്ടാണ് ഇവിടെ ഇപ്പോഴും കോൺഗ്രസുകാർ സംസാരിക്കുന്നത്. കേരള കോൺഗ്രസുകാർ സംസാരിക്കുന്നത്. ഞങ്ങളാണ് റബ്ബർക്കൃഷിക്കാരെ സംരക്ഷിക്കാനുള്ള ചാമ്പ്യൻമാർ, അവരെ സംരക്ഷിക്കാൻ ഞങ്ങൾ മാത്രമാണ്, എന്നാണ് പുറത്തു പറയുന്നത്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയം കേരളത്തിലെ റബ്ബർക്കർഷകരെ പ്രതികൂലമായി ബാധിക്കുന്നു. അതെല്ലാം കാണിച്ചുകൊണ്ട് കേരളത്തിലെ കൃഷിവകുപ്പുമന്ത്രി പ്രധാനമന്ത്രിക്ക് കത്തെഴുതി; മുഖ്യമന്ത്രി എഴുതി. അതു മാത്രമല്ല ഈ രംഗത്തു സ്വീകരിക്കേണ്ട നടപടികൾ എന്തെന്ന് നിർദ്ദേശിച്ചുകൊണ്ട് കേരളത്തിലെ കൃഷിമന്ത്രി കേന്ദ്ര കൃഷിമന്ത്രിക്കും പ്രധാനമന്ത്രിക്കും കത്തെഴുതി. അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും നടത്തിയ ശക്തമായ സമ്മർദ്ദത്തിന്റെ ഫലമായി കുറച്ചൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഈ നടപടികൾ പോര കുറെക്കൂടി കർക്കശമായ നടപടികൾ സ്വീകരിക്കണം. കേരളത്തിന്റെ ഈ ആവശ്യം കേന്ദ്രഗവൺമെന്റിനും കേന്ദ്രമന്ത്രിക്കും നൽകിയിട്ടുണ്ട്. റബ്ബർ രംഗത്ത് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി പൂർണ്ണമായി നിരോധിക്കാൻ നടപടി സ്വീകരിക്കണം. Ban the import of used tyre either polythene, or artificial rubber and finished goods... Creation of price stabilisation fund to facilitate the creation of a better buffer stock and procurement operations. This is to reduce instability in rubber prices... Positive encouragement for the development of rubber based industries and reduction of excise duties to encourage their competitiveness.. Promote

LIBRARY ARCHIVES Kerala Legislative Assembly

rubberisation of roads throughout the country. അങ്ങനെ കേരളത്തിലെ റബ്ബർക്കൃഷിക്കാരെ മുന്നോട്ടു നയിക്കാനും അവരുടെ താൽപ്പര്യം സംരക്ഷിക്കാനുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയ നിവേദനം കേന്ദ്രഗവൺമെന്റിന് നൽകിയിട്ടുണ്ട്. കുറച്ചൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെന്നു പറയാൻ നിങ്ങൾക്ക് സാധിക്കുമോ? കേരളത്തിലെ ഗവൺമെന്റിന് പരിമിതമായ തോതിലേ ചെയ്യാൻ കഴിയുകയുള്ളൂ; നിങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. കേരളം ഇൻഡ്യാ രാജ്യത്തെ നാലു അതിരുകൾക്കുള്ളിൽ നിൽക്കുന്ന ഒരു കൊച്ചു സംസ്ഥാനമാണ്. ഇൻഡ്യാ ഗവൺമെന്റ് പിൻതുടരുന്ന സാമ്പത്തിക നയങ്ങൾക്കും ഇറക്കുമതി നയങ്ങൾക്കും അതീതമായി പ്രവർത്തിക്കാനുള്ള ശേഷി കേരള ഗവൺമെന്റിന് ഇല്ലെങ്കിൽപ്പോലും ഈ രംഗത്ത് ശാശ്വതമായ പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടപടി സ്വീകരിച്ചതിന്റെ ഫലമായിട്ട് 25 കോടി രൂപ റബ്ബർക്കൃഷിക്കാർക്ക് സഹായം നൽകുന്നതിനു വേണ്ടി കേരള ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. അത് അധികമാണെന്ന് ഞാൻ പറയുന്നില്ല. പോര. ഇനിയും ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കണം. ഇപ്പോൾത്തന്നെ ഇവിടെ പറഞ്ഞു-അപ്പുറത്തുള്ള നിങ്ങൾ അതിനെ കളിയാക്കുകയായിരുന്നു-ലാറ്റക്സ് കയറ്റി അയച്ചു. കേരളത്തിലുണ്ടാക്കുന്ന ലാറ്റക്സിന്റെ 25% വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കണമെന്ന് ഗവൺമെന്റ് പറഞ്ഞു. അതിന് തുടക്കം കുറിച്ചുകൊണ്ട് 50 ടൺ ലാറ്റക്സ് സോവിയറ്റ് യൂണിയനിലേയ്ക്കു കയറ്റി അയച്ചു. ഒരു ചെറിയ കാര്യമാണ്. ഗവൺമെന്റ് ചെയ്യാവുന്നതിന്റെ പരിമിതിയിൽ നിന്നുകൊണ്ട് അതിന് നടപടി സ്വീകരിച്ചു. നഷ്ടം സഹിച്ച് ലാറ്റക്സ് കയറ്റി അയക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. അതുപോലെതന്നെ കേന്ദ്രം പ്രഖ്യാപിച്ച സ്വതന്ത്ര ഇറക്കുമതി നയത്തെ ശക്തമായി എതിർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തി. കേരളത്തിലെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ സംരക്ഷിക്കാനും പുതിയ പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുമുള്ള നടപടികൾ റബ്ബർ വ്യവസായ രംഗത്ത് സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ചെറിയ പുരോഗതി റബ്ബർ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് റബ്ബർക്കൃഷിക്കാർ തന്നെ സമ്മതിക്കുന്നു. ഞങ്ങൾ ഇവിടത്തെ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെ വിമർശിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ നിരവധി പ്രാവശ്യം ഉയർന്നിട്ടുള്ളതാണ്. റബ്ബർ സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ട് അതുമൂലമുണ്ടാകുന്ന നഷ്ടം സഹിക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടുപോലും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്തുകൊണ്ട് ആ റബ്ബർ സംഭരിക്കാൻ തയ്യാറായില്ലെന്ന് (അതിന് നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അപ്പുറത്തുണ്ട്) പരിശോധിച്ചാൽ, നിങ്ങളുടെ ആത്മവഞ്ചന ഈ നാട്ടിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടി വരും.

പച്ചക്കറി രംഗത്തുള്ള പുരോഗതി ഇന്ന് ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ? പഴയ കൃഷിമന്ത്രി ആശുപത്രിയിലായിരുന്നു അദ്ദേഹം പ്രസംഗിക്കാനാണ് വന്നത്. അദ്ദേഹത്തിന് ആരോഗ്യം കൂടുതൽ കൊടുക്കട്ടെ. കുറച്ചു കുറച്ചു സംസാരിക്കട്ടെ, നല്ല കാര്യങ്ങൾ പറയട്ടെ. പച്ചക്കറി ഉൽപ്പാദന രംഗത്ത് പഴയ കൃഷി മന്ത്രിയുടെ നാട്ടിൽ പോയാൽ ഏത് പഞ്ചായത്തിൽ ചെന്നാലും കാണാം. പെരുമ്പാവൂർ പട്ടണത്തിൽ ചെന്നാൽ, കാലടി ടൗണിൽ ചെന്നാൽ, പച്ചക്കറി കൂമ്പാരംപോലെ കിടക്കുന്നത് കാണാം. പണ്ട് അവിടെ വനങ്ങളിൽ നിന്നും വരുന്ന വിറകുകളാണ് കൂട്ടിയിട്ടിരുന്നത്. ഇന്ന് ആ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്ത് പച്ചക്കറികൾ ലോഡ് കണക്കിന് വന്നിറങ്ങുകയാണ്. തമിഴ്നാട്ടിൽ നിന്നല്ല. ഗ്രാമപ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന പച്ചക്കറികൾ ചെറിയ കൈവ ണ്ടികളിലും ആട്ടോറിക്ഷകളിലും ടെമ്പോകളിലും പെരുമ്പാവൂരിൽ വന്നി റങ്ങുന്ന കാഴ്ച ശ്രീ. ഇസ്ഹാക്ക് കുരിക്കൾക്ക് ഒക്കെ കാണാൻ സാധിക്കും. പറവൂരിൽ ഇഷ്ടം പോലെ ഉണ്ട്. ചിറായി ജംഗ്ഷനിൽ ഡോ. കുട്ടപ്പൻ എം. എൽ.എ. ആയതിനുശേഷം പച്ചക്കറി കണ്ടിരുന്നില്ല. ഇപ്പോൾ ചിറായി ജംഗ്ഷ നിൽ നാട്ടിൽനിന്നും ഉണ്ടാക്കുന്ന പച്ചക്കറികൾ ഇഷ്ടംപോലെ വന്നിറങ്ങുന്നു. പച്ചക്കറി ഉൽപ്പാദന രംഗത്ത് കേരളം സമ്പൂർണ്ണത കൈവരിച്ചു എന്നു ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിൽ പച്ചക്കറി ഉൽപ്പാദന രംഗത്ത് പുരോഗതി ഉണ്ടായിട്ടില്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? രാഷ്ട്രീയമായി നിങ്ങൾക്കു പറയാം. പച്ചക്കറി രംഗത്ത് കേരളം അഭിമാനകരമായ നേട്ടമാണ് കൈവരിച്ചരി ക്കുന്നത്. ഗ്രാമപ്രദേശങ്ങളിലും പഞ്ചായത്തുകളിലും ചെന്ന് അവിടെ നട ക്കുന്ന വികസന സെമിനാറുകളിൽ പങ്കെടുത്തുകൊണ്ട് കേരളം കാർഷിക രംഗത്ത് അഭിമാനകരമായ നേട്ടം പച്ചക്കറി വികസന രംഗത്ത് കൈവരിച്ചു വെന്ന് പ്രസംഗിക്കുന്നവരും പ്രചരിപ്പിക്കുന്നവരുമാണ് അപ്പുറത്തുള്ളത്. സർ,

[2 PM] എനിക്ക് നല്ല വിശ്വാസമുണ്ട്. പഴയ കൃഷി മന്ത്രി പലപ്പോഴും അത് പറഞ്ഞു കേട്ടിട്ടുണ്ട്. ഇവിടെ അദ്ദേഹം എതിർക്കുമായി രിക്കും. അദ്ദേഹത്തിന് രാഷ്ട്രീയമായി എതിർത്തേ മതിയാകൂ. പക്ഷേ പുറത്ത് എതിർക്കാൻ കഴിയുകയില്ല. കാരണം ജീവിത സാഹചര്യങ്ങൾ കേരള ത്തിലെ പച്ചക്കറി ഉൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴി ഞ്ഞില്ലെങ്കിൽ പോലും കേരളത്തിനാവശ്യമായ പച്ചക്കറി ഇന്ന് കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട് എന്ന് അവസ്ഥയുണ്ടാക്കിയിരിക്കുന്നു. ഭരണകക്ഷി -പ്രതിപക്ഷ വ്യത്യാസമില്ലാതെ ആ കാര്യത്തിൽ സഹകരിച്ചാൽ നമുക്ക് നേട്ട മുണ്ടാക്കാൻ കഴിയില്ലേ? നിങ്ങൾ ഇന്ന് കാണുന്നത് എങ്ങനെയാണ്? കേരള ത്തിലെ കൃഷിമന്ത്രിയെ ഗാട്ട് കരാർ, ഗാട്ട് കൃഷി എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുകയാണ്. പച്ചക്കറി രംഗത്തുണ്ടാകുന്ന നേട്ടങ്ങളെ നിങ്ങൾ ഇല്ലാ താക്കുകയാണ്. ശ്രീ. വി.ജെ. പൗലോസ് അവിടെ നിന്നു പറഞ്ഞു. ശ്രീ. ബാബുവും ശ്രീ. ഡൊമിനിക് പ്രസന്റേഷനും എരിവു കൂട്ടി, അതാണ് ഞാൻ പറഞ്ഞത്. ഇന്ന് കേരളത്തിലെ കൃഷിക്കാരുടെ കർഷകവിമോചക നാണ് കൃഷി മന്ത്രി. ഇന്ന് കേരളത്തിൽ എവിടെയാണ് പച്ചക്കറി ഉൽപ്പാദിപ്പി ക്കേണ്ടാത്തത്? വിദ്യാലയങ്ങളിലും ജയിലുകളിലും. ഞാൻ പച്ചക്കറിയുടെ വിലയെക്കുറിച്ച് പറയേണ്ട ആവശ്യമുണ്ടോ? പച്ചക്കറിയുടെ വിലയെക്കുറിച്ച് പറയേണ്ട ആവശ്യമില്ല. ഇവിടെ പച്ചക്കറിയുടെ വിലയുടെ കാര്യത്തിൽ 1995-96-ൽ ഉണ്ടായിരുന്നതിനേക്കാൾ 1998-99 എത്തിയപ്പോൾ വില കുറഞ്ഞത് തമിഴ്നാട്ടിൽ നിന്നു വരുന്നത് കൊണ്ടല്ല, കേരളത്തിൽ പച്ചക്കറിക്കൃഷിക്കാർ ഉണ്ടാകുന്നതുകൊണ്ടാണ്. നമുക്ക് ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിൽ ഈ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ നിങ്ങൾ തയ്യാറാകുമെങ്കിൽ തീർച്ച യായും പച്ചക്കറി രംഗത്ത് ഉൽപ്പാദനം പൂർത്തീകരിക്കാൻ കഴിയും.

അതുപോലെതന്നെ നെൽക്കൃഷി രംഗം. നെൽക്കൃഷിയെ നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ? കേരളത്തിൽ നെൽക്കൃഷി തകർന്നു കിടക്കുക യാണ്. ആ തകർന്നു കിടക്കുന്ന നെൽക്കൃഷിയെ അഭിവൃദ്ധിയിലേക്ക് നയി ക്കാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കി എത്ര നെൽക്കൃഷി ഏജൻസി കൾ രൂപീകരിച്ചു. അതുപോലെതന്നെ പൊക്കാളി കൃഷി. ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെയും ശ്രീ. ബാബുവിന്റേയും/ഡോ. സെബാസ്റ്റ്യൻ പോളിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

തീരപ്രദേശത്തും ബഹുമാന്യമായ പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലത്തിലും പൊക്കാളി കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി നടക്കുന്ന പ്രവർത്തനങ്ങൾ കണ്ടാൽ ഈ വകുപ്പിനെ നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ? സ്വപ്നത്തിൽ പോലും നിങ്ങൾ വിചാരിച്ചാൽ നടപ്പാക്കാൻ കഴിയാത്ത വർക്കുകളാണ്. അവിടെ എം.എൽ.എ. മാർ നിരസിച്ചു. കമ്മിറ്റി കൂടുന്നു. നടപ്പാക്കുന്നു. പള്ളുരുത്തിയിൽ, ചേർത്തലയിൽ ബഹുമാന്യയായ ഗൗരിഅമ്മയുടെ നിയോജകമണ്ഡലത്തിൽ, ശ്രീ. ശശിയുടെ മണ്ഡലത്തിൽ-തീരപ്രദേശത്താകെ, പൊക്കാളി വികസനം ഡോ. എം.എ. കുട്ടപ്പന്റെ നിയോജകമണ്ഡലത്തിൽ എത്രയോ വർക്കുകൾ 28 ലക്ഷം, 50 ലക്ഷം, 40 ലക്ഷം. ഇപ്പോൾ രണ്ടു കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നെൽക്കൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ പരിപാടിയിലൊന്നാണ്. ഇത് രാഷ്ട്രീയമായ പറയലല്ല. രാഷ്ട്രീയമല്ല ഇവിടെ ആവശ്യം. നെൽക്കൃഷിയുൽപ്പാദനം വികസിപ്പിക്കുക എന്നുള്ളത് ഒരു രാഷ്ട്രീയ പ്രശ്നത്തിൽ അവസാനിപ്പിക്കാൻ കഴിയുന്നതല്ല.

ശ്രീ. ജി. കാർത്തികേയൻ : ബഹു. അംഗം ഒരുപാട് പ്രദേശങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. പൂർണ്ണമായ കാർഷിക പ്രദേശത്തുനിന്നു വരുന്ന നിയമസഭാംഗമാണ് ഞാൻ. ബഹു. മന്ത്രിക്ക് എന്നോട് വല്ല വിരോധവും കാണും. ഈ പറഞ്ഞതൊന്നും നമ്മുടെ അവിടെ കാണുന്നില്ല. ഞാനിത് ആത്മാർത്ഥമായി പറയുകയാണ്. എങ്കിൽപ്പിന്നെ എന്താണ് സംഭവിച്ചത് എന്നാണ് ഞാൻ ചോദിക്കുന്നത്. എല്ലായിടത്തും അത് വേണ്ടേ?

ശ്രീ. പി. രാജു : ബഹുമാനപ്പെട്ട കാർത്തികേയൻ! കാർത്തികേയൻ ഇപ്പോൾ പഴയ കാർത്തികേയനല്ല. താഴെ ഗ്രാമങ്ങളിലേക്ക് ചെല്ലാറില്ല. തിരുവനന്തപുരം പട്ടണത്തിൽ താമസിക്കുകയാണ്. നെൽക്കൃഷി എന്താണെന്ന് ശ്രീ. കാർത്തികേയൻ അന്വേഷിക്കാറില്ല. അങ്ങോട്ടു പോയിരുന്നെങ്കിൽ നെൽപ്പാടങ്ങളിൽ കാണുന്ന മാറ്റം കാണാമായിരുന്നു. ബഹുമാന്യനായ പഴയ കൃഷി വകുപ്പുമന്ത്രിയോടു ചോദിക്കൂ. ആ പ്രദേശത്ത് നെൽക്കൃഷി രംഗത്തുണ്ടാകുന്ന മാറ്റങ്ങളെന്താണെന്ന് അദ്ദേഹത്തോടു ചോദിച്ചാൽ പറഞ്ഞു തരും. അതുപോലെതന്നെ കർഷക രക്ഷാ പദ്ധതി. ഇവിടെ അതിനെ ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ? 18 വയസ്സിനും 70 വയസ്സിനും ഇടയ്ക്കുള്ള, കൃഷി തൊഴിലായി സ്വീകരിച്ചിട്ടുള്ള കൃഷിക്കാരെ ഇൻഷ്വർ ചെയ്യുന്നു. അവരെ രക്ഷിക്കാനുള്ള പദ്ധതിയുണ്ടാക്കുന്നു. എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അങ്ങനെ കേരളത്തിലെ കാർഷിക രംഗത്ത്-അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ രംഗത്ത്, മൃഗ സംരക്ഷണരംഗത്ത്, ക്ഷീരവികസന രംഗത്തുമൊക്കെ അഭിമാനകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. അതിനെ എതിർക്കുമ്പോൾ ഈ സാഹചര്യങ്ങളിലേക്ക് രാജ്യത്തെ എത്തിച്ചതിന് ഉത്തരവാദികളായവർ അതു മറന്നുകൊണ്ടാണ് ഇതിനെ എതിർക്കുന്നതെന്ന വസ്തുത നിങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കണം. ഇപ്പോൾ നിങ്ങൾ ആനപ്പുറത്തല്ല ഇരിക്കുന്നത്. ഞങ്ങളും ആനപ്പുറത്തല്ല ഇരിക്കുന്നത്. ഞങ്ങളും നിങ്ങളുമെല്ലാം എതിർക്കുന്നവരാണ്. അതുകൊണ്ട് ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഇതിനുത്തരവാദികൾ നമ്മുടെ പഴയനയങ്ങൾ ആയിപ്പോയി എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് ഈ കേരളത്തെ പുരോഗതിയിലേക്ക് നയിക്കുന്ന, ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയാത്ത വിധത്തിലുള്ള നേട്ടങ്ങളിൽനിന്ന് നേട്ടങ്ങളിലേക്ക് പോകുന്ന, ഈ സർക്കാരിന്റെ ഈ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി 50 വർഷങ്ങൾ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമൂഹ്യവ്യവസ്ഥിതിയിലും രാഷ്ട്രീയ വീക്ഷണത്തിലും മാറ്റങ്ങളുണ്ടായിട്ടില്ല എന്നതിന്റെ പ്രകടമായ തെളിവാണ് അപ്പുറത്തിരിക്കുന്ന, ഇപ്പുറത്തിരിക്കുന്ന, പല എം.എൽ.എ.മാരും. റിസർവേഷൻ മണ്ഡലത്തിൽ നിന്നല്ലാതെ ഒരു ജനറൽ സീറ്റിൽനിന്ന് പട്ടികജാതിക്കാരനെ കേരളത്തിന്റെ നിയമസഭയിലേക്ക് തെരഞ്ഞെടുത്തയ്ക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള രാഷ്ട്രീയ പാർട്ടികളുണ്ടോ? പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ക്ഷേമങ്ങളെക്കുറിച്ച് പ്രസംഗിക്കുന്ന കേരളത്തിലെ അല്ലെങ്കിൽ നിയമസഭയിലെ രാഷ്ട്രീയ പാർട്ടി....

ശ്രീ. കെ.സി. ജോസഫ് : വായ്തോരാതെ പിന്നോക്കക്കാരെക്കുറിച്ച് പറയും. പക്ഷേ കേരളത്തിൽ ആദ്യമായി കണ്ണൂർ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനറൽ സീറ്റിൽ ശ്രീ. കുഞ്ഞമ്പുവിനെ വിജയിപ്പിച്ചത് കോൺഗ്രസ്സും യു.ഡി.എഫ്. ഉം ആണെന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഒരു കുഞ്ഞമ്പുവിനെ വിജയിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനുശേഷം മറ്റാരേയും നിർത്താൻ തയ്യാറായില്ല. ഞാൻ സൂചിപ്പിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗ മന്ത്രി.....

ശ്രീ. ലോനപ്പൻ നമ്പാടൻ : അങ്ങയുടെ പാർട്ടി അസംബ്ലിയിലോ, പാർലമെന്റിലോ ഒരു സ്ത്രീയെ നിർത്തി ഇതുവരെ മത്സരിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ കാര്യങ്ങൾ പറയുമ്പോൾ സ്ത്രീയുടെ കാര്യമാണ് പറയുന്നത്! അദ്ദേഹത്തിന് എപ്പോഴും സ്ത്രീകളെക്കുറിച്ചാണ് പറയുവാനുള്ളത്. ഏതായാലും എനിക്ക് അഭിമാനമുണ്ട് അദ്ദേഹത്തിന്റെ ആ ചോദ്യത്തിന് ഉത്തരം നൽകാൻ. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ എളമരം കരീമിനെതിരായി മത്സരിച്ചത് ബിരുദധാരിയായ മുസ്ലീംലീഗിലെ കമറുന്നിസയാണെന്നു പറയുകയാണ്. ഞാൻ ചോദിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാരനു മാത്രമേ ഈ വകുപ്പ് കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളോ? ബഹുമാന്യനായ ശിവദാസമേനോന് എന്തുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു കൈകാര്യം ചെയ്തുകൂടാ? മുമ്പ് ശ്രീ. കെ. കരുണാകരൻ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട് ഞാനോർക്കുകയാണ്. ഇടതുപക്ഷം ഈ രാജ്യം ഭരിച്ചപ്പോൾ ഈ വകുപ്പിനെപ്പോലും അധഃസ്ഥിത വകുപ്പാക്കി മാറ്റി. എന്തുകൊണ്ട് ശ്രീ. രാധാകൃഷ്ണന് വ്യവസായം കൊടുത്തുകൂടാ? എന്തുകൊണ്ട് രാധാകൃഷ്ണൻ ഈ രാജ്യത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിക്കൂടാ? അതിനെക്കുറിച്ച് പറയുമ്പോൾ മുഖം തിരിക്കുന്ന രാഷ്ട്രീയ ചിന്താഗതിയാണ് ഇടതുപക്ഷത്തിനുള്ളത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ബഹു. മെമ്പർ ശ്രീ. രാധാകൃഷ്ണന് ആഭ്യന്തരവും വ്യവസായവും മാത്രമേ പറഞ്ഞുള്ളൂ. അദ്ദേഹത്തിന് മുഖ്യമന്ത്രിയാകാൻ യോഗ്യതയില്ലേ?

ശ്രീ. ഇസ്ഹാക് കുരിക്കൾ : ആഭ്യന്തരവും വിദ്യാഭ്യാസവും വ്യവസായവും കൊടുക്കാൻ മനസ്സു കാണിക്കാത്തവർ മുഖ്യമന്ത്രിയാക്കുമോ? ഇൻഡ്യയുടെ രാഷ്ട്രപതി ശ്രീ. കെ.ആർ. നാരായണൻ ആയിട്ടുണ്ട്. അതിൽ അഭിമാനമുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ് ഇൻഡ്യയുടെ രാഷ്ട്രപതിയായി ശ്രീ. കെ.ആർ. നാരായണനെ ആക്കിയിട്ടുള്ളത്. അത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്. അതിൽ അഭിമാനമുണ്ട്. ഞാൻ ചോദിക്കട്ടെ, സി.പി.

എം. ന്റെ ചരിത്രത്തിൽ പോളിറ്റ് ബ്യൂറോ അടക്കമുള്ള കാര്യങ്ങളിൽ ഒരു അധഃകൃത പട്ടികവർഗ്ഗക്കാരൻ ഇന്നുവരെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ? അതുകൊണ്ടാണ് ഞാൻ പറയുന്നത്. സ്വാതന്ത്ര്യം കിട്ടി 50 വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസംഗങ്ങൾ പോരാ; പ്രവൃത്തിയിലേക്കു രാഷ്ട്രീയ വീക്ഷണം മാറ്റുവാനും സാമൂഹ്യവ്യവസ്ഥയിൽ പരിവർത്തനങ്ങളുണ്ടാക്കാനുമുള്ള ദൃഢമായ തീരുമാനങ്ങളുണ്ടാക്കുവാൻ നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് കഴിയണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. മലയിടുക്കുകളിൽനിന്നും താഴ്വരകളിൽനിന്നും ഗിരിജൻ കോളനികളിൽനിന്നും ആദിവാസി കോളനികളിൽ നിന്നും ഉയരുന്ന ദീനരോദനങ്ങൾ ഇവിടെ പറയണമെന്ന് ഞാനാഗ്രഹിക്കുന്നില്ല.

<u>ശ്രീ. എ. കണാരൻ</u> : സർ, സി.പി.എം., കമ്മ്യൂണിസ്റ്റുപാർട്ടി എന്നൊക്കെ പറയുന്നത് ഒരു ജാതി സംഘടനയല്ല. ഒരു വർഗ്ഗസംഘടനയാണ്. ഈ സാമൂഹ്യ സമ്പദ്ഘടന തകർത്തിട്ട് ഒരു പുതിയ സാമൂഹ്യ സംഘടന കെട്ടിപ്പടുക്കാൻവേണ്ടി പ്രവർത്തിക്കുന്ന ഒരു വർഗ്ഗസംഘടനയാണ്. ആ വർഗ്ഗ പോരാളികൾ ആരെല്ലാമാണോ അവരെല്ലാം അതിൽവരും മനസ്സിലായില്ലേ?

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : എത്രകൊല്ലം കഴിഞ്ഞാലും നിങ്ങൾ ഇതു പറഞ്ഞുകൊണ്ടേയിരിക്കും. എന്താ, അവർ വർഗ്ഗമല്ലേ? ശ്രീ. കെ. രാധാകൃഷ്ണനും പട്ടികജാതിക്കാരും വർഗ്ഗമല്ലേ? അവർ മാത്രം വർഗ്ഗസംഘടനയ്ക്കു പുറത്ത് 'കുറെ സവർണ്ണരും കുറെ മേധാവികളും കുറെ വർഗ്ഗ സമരക്കാരും' ആ നയം, ആ വീക്ഷണം മാർക്സിസ്റ്റുപാർട്ടി മാറ്റണം. പിന്നോക്ക വിഭാഗങ്ങളെ ന്യൂനപക്ഷങ്ങളെ, ഉൾക്കൊള്ളാനുള്ള ധൈര്യവും രാഷ്ട്രീയ ഇച്ഛാശക്തിയും ഉണ്ടാകണം. എന്താ, അവർ വർഗ്ഗസമരത്തിൽപ്പെട്ട ആളല്ലേ? ശ്രീമതി ലതാദേവി ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഞങ്ങളുടെ ഭരണകാലത്ത് വിളർച്ച ബാധിച്ച ജനങ്ങളായിരുന്നുവെന്ന്, സ്ത്രീകളായിരുന്നുവെന്ന്; ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് ശോഭ പകർന്നിരിക്കുകയാണ് എന്ന്. ശ്രീമതി ആർ. ലതാദേവിയോട് ഞാൻ ഒരു കാര്യം പറയട്ടെ, ഈ അടുത്ത ദിവസം മരണപ്പെട്ട കാസർഗോഡ് ജില്ലയിലെ ഒരു പഞ്ചായത്തിലെ 60 വയസ്സുള്ള ചെരുമ്പി എന്നുപറയുന്ന ആദിവാസി സ്ത്രീ പട്ടിണികൊണ്ട് മരണപ്പെട്ടു എന്ന് പത്രങ്ങളിൽ ഫോട്ടോ സഹിതം വന്നു. അത് ഈ ഗവൺമെന്റിന്റെ ശോഭയാണോ? ചോർന്നൊലിക്കുന്ന, തൈലപ്പുല്ലുകൊണ്ടു മേഞ്ഞ, ഒരു കൊച്ചു കൂരയിൽ വെള്ളം കെട്ടി നിന്നിരുന്ന തറയിൽ ചെരുമ്പി മരിച്ച നിലയിൽ കാണപ്പെട്ടു. ജഡം വിറങ്ങലിച്ചിരുന്നു. ആ ചെരുമ്പിയുടെ പ്രേതം ഈ ഗവൺമെന്റിനെ വേട്ടയാടും പ്രത്യേകിച്ച് ശ്രീമതി ആർ. ലതാദേവിയെ എന്നു ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ആദിവാസി കോളനിക്കാരുടെ നിരവധി കാര്യങ്ങൾ ഇവിടെ പറയാനുണ്ട്. ഇൻഡ്യൻ എക്സ്പ്രസിൽ വന്നിട്ടുണ്ട്: "Three deaths of Attappadi Tribals reported." അനീമിയ എന്നുപറയുന്ന രോഗം. ആ രോഗം എന്താണെന്ന് അറിയുമോ? ബഹു. മന്ത്രി രാധാകൃഷ്ണൻ മനസ്സിലാക്കണം. വിറ്റാമിൻസ് ഇല്ലാത്തതിന്റെ പേരിൽ, പോഷകാഹാരക്കുറവിന്റെ പേരിൽ ആദിവാസി കോളനിയിൽ മരണപ്പെട്ടവരുടെ പേരടക്കം ആണ് ഈ പത്രത്തിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ആദിവാസി കോളനികൾ എന്റെ ഭരണത്തിൽ സമ്പുഷ്ടമാണ് എന്ന് അങ്ങ് തെറ്റിദ്ധരിക്കരുത്, ഇടയ്ക്കിടെ കോളനി സന്ദർശിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. സി.എ.ജി. റിപ്പോർട്ടിൽ ട്രൈബൽ സബ്പ്ലേ സംബന്ധിച്ചു ചില



LIBRARY ARCHIVES Kerala Legislative Assembly

പരാമർശങ്ങൾ ഉണ്ട്. 100 ശതമാനം ഗ്രാന്റായി ട്രൈബൽസിനുവേണ്ടി കൊടുക്കുന്ന പണമെടുത്ത് വേലി കെട്ടാൻ ഉപയോഗിക്കുകയാണ്. അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ? കഴിഞ്ഞദിവസം വന്ന സി.എ.ജി. റിപ്പോർട്ടിലെ കാര്യമാണ് ഞാൻ പറയുന്നത്. 74.18 ലക്ഷം രൂപയ്ക്ക് വീടുണ്ടാക്കി. അത് കേന്ദ്ര ഗവൺമെന്റ് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരാണ്. ഇവിടെ ശ്രീ. രാജു എബ്രഹാം പറഞ്ഞ വീടിന്റെ കണക്കുണ്ടല്ലോ, കേന്ദ്ര ഗവൺമെന്റ് 100 ശതമാനം കൊടുത്ത പണം തൊഴിലിനുവേണ്ടി, ഉപജീവനമാർഗ്ഗമുണ്ടാക്കാൻ, വരുമാനമുണ്ടാക്കുന്ന തൊഴിലുണ്ടാക്കാൻ, ആദിവാസികൾക്കു കൊടുത്ത പണം വകമാറ്റി ചെലവാക്കി വീടുണ്ടാക്കി എന്ന് ഞാൻ ആക്ഷേപം ഉന്നയിച്ചാൽ നിഷേധിക്കാൻ ബഹു. മന്ത്രിക്ക് സാധിക്കുമോ? അതുകൊണ്ട്, ആദിവാസി കോളനികളിലേയ്ക്ക് അനുവദിച്ച പണം അവർക്കു നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലപ്പുറം ജില്ലയിൽ മലമുത്തന്മാർക്ക് പ്രശ്നങ്ങളുണ്ട്. വർഷങ്ങൾകൊണ്ട് ട്രൈബൽസിനു കിട്ടിയിരുന്ന ആനുകൂല്യങ്ങൾ അങ്ങ് മന്ത്രിയായതിനുശേഷം ഇപ്പോൾ ഒരു വർഷംകൊണ്ട് തടഞ്ഞുവച്ചിരിക്കുന്നു. ആദിവാസികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന അങ്ങേയ്ക്ക് അവരുടെ മുമ്പിൽ എന്തുപറയാനുണ്ട്? കിർത്താഡ്സ് ഡയറക്ടറും എസ്.സി. എസ്.റ്റി. ഡയറക്ടറും ട്രൈബൽ ഡയറക്ടറും അങ്ങും ചേർന്ന് എടുത്ത തീരുമാനം നിലമ്പൂരിലേയും വണ്ടൂരിലേയും എന്റെ നിയോജകമണ്ഡലത്തിലെ ഉറുങ്ങാട്ടൂർ പഞ്ചായത്തിലേയും ആദിവാസികൾക്ക്, ഗിരിജൻ കോളനികളിൽ താമസിക്കുന്ന ഊരും പേരും വായിക്കാനറിയാത്ത അവർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്തുകൊണ്ട് കൊടുക്കണമെന്നു തീരുമാനിച്ചത്-കൊടുത്തില്ല. ഒരു ഉദ്യോഗസ്ഥൻ വിചാരിച്ച് അത് തടഞ്ഞുവച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്തുപറയാനുണ്ട്? മലമുത്തന്മാർ ആയതിന്റെ പേരിൽ ഇന്നും അവർക്ക് പ്രശ്നങ്ങൾ. ജനകീയാസൂത്രണത്തിൽ കിട്ടേണ്ട പണം, മറ്റു ഫണ്ടിൽനിന്നും കിട്ടേണ്ട ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ വിദ്യാഭ്യാസത്തിനുള്ള അപേക്ഷകൾ പോലും-വാങ്ങാൻ കഴിയാതെ വിഷമിക്കുന്ന മലമുത്തന്മാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. അതിൽ സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ അടിയന്തിര നിർദ്ദേശങ്ങൾ നൽകണമെന്നാണ് ബഹു. മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം തന്നെ എന്റെ നിയോജകമണ്ഡലത്തിലെ ആശ്രമം സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്തണം. അതുപോലെതന്നെ ട്രൈബൽ സ്കൂളുകൾ ഒക്കെ ആരും ശ്രദ്ധിക്കാതെ അവഗണനയുടെ ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്. ഇതൊക്കെ ഒന്ന് ഉയർത്താൻ ബഹു. മന്ത്രി ശ്രമിക്കണം. ക്ഷീരോൽപ്പാദന രംഗത്ത് കേരളം മുൻപന്തിയിലാണ്. അതിൽ ഞാൻ ബഹു. മന്ത്രി ഇ. ചന്ദ്രശേഖരൻ നായരെ അഭിനന്ദിക്കുകയാണ്. തമിഴ്നാടിന്റെ കടന്നുകയറ്റം ക്ഷീരോൽപ്പാദന രംഗത്ത് അങ്ങ് കണ്ടില്ല എന്നു നടിക്കരുത്. മൃഗാശുപത്രികളിൽ ഈ അടുത്തകാലത്ത് അങ്ങ് പല പരിഷ്കാരങ്ങളും വരുത്തി. മൃഗാശുപത്രികളിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ലാത്തതിന്റെ പരാതി അങ്ങേയ്ക്ക് അറിയാമോ? എന്റെ മലപ്പുറം ജില്ലയിലെ മലബാർ ഭാഗത്തെ അങ്ങ് അവഗണിക്കുന്നുവെന്ന് എനിക്ക് രേഖകൾ ഉദ്ധരിച്ചുകൊണ്ട് പറയാൻ സാധിക്കും. കേരളത്തിൽ മൃഗാശുപത്രികൾ ഇല്ലാത്ത 7 പഞ്ചായത്തുകളുണ്ട്. അതിൽ അഞ്ചും മലപ്പുറം ജില്ലയിലാണ്. അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? അങ്ങയുടെ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ ഇല്ലേ? തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് ഈ ജില്ലകളിലൊക്കെയില്ലേ? ഈ ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

മൃഗാശുപത്രിപോലും അനുവദിക്കാനുള്ള മഹാമനസ്കത അങ്ങ് എന്തു കൊണ്ട് കാണിക്കുന്നില്ല? പിന്നെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, കേരളത്തിലെ 30,000 ത്തോളം വരുന്ന പൗൾട്രി ഫാമിലെ കർഷകരുടെ, കോഴിവളർത്തൽ കേന്ദ്രം ഇന്ന് അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. രാജു എബ്രഹാം മുട്ടയുടെ കണക്കു പറഞ്ഞു. എവിടെ നിന്നും കിട്ടിയ കണക്കാണെന്ന് എനിക്ക് അറിയില്ല. തമിഴ്നാട്ടിൽനിന്നും കോഴി ഇറക്കുമതി ചെയ്യുന്നതുകൊണ്ട് നമ്മുടെ കേരളത്തിലെ കോഴി ഫാമുകൾ കടങ്ങൾ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികളുമായും അല്ലാതെയും ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കോഴികളെ വിലകുറച്ച് തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്നു. തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്കു കൊണ്ടുവരുന്ന കോഴികൾക്ക് 20 ശതമാനം ടാക്സും ബഹു. ടി. ശിവദാസമേനോൻ ഏർപ്പെടുത്തിയിട്ടുണ്ട്. അത് പിരിച്ചെടുക്കുന്നില്ല. അവിടത്തെ ഗവൺമെന്റ് കോഴിത്തീറ്റയ്ക്ക് സബ്സിഡി കൊടുക്കുന്നുണ്ട്. തമിഴ്നാട്ടിൽ കോഴിത്തീറ്റയ്ക്ക് നികുതിയില്ല. ഇവിടെ തേങ്ങാപിണ്ണാക്കിനുവരെ നികുതി കൊണ്ടുവന്നിട്ടുണ്ട്. കാലിത്തീറ്റയ്ക്കു നികുതി, കോഴിത്തീറ്റയ്ക്കു നികുതി. എങ്ങനെ കർഷകർ രക്ഷപ്പെടും? തമിഴ്നാട്ടിൽ സബ്സിഡി കൊടുക്കുകയാണ്. ആനുകൂല്യങ്ങൾ കൊടുത്തില്ലെങ്കിലും അവരെ ഉപദ്രവിക്കണമോ? അങ്ങ് മൃഗാശുപത്രികളിലെ മൃഗചികിത്സയ്ക്കുള്ള നിരക്കുകൾ കൊണ്ടുവന്നു. മിണ്ടാപ്രാണികളോടുപോലും അങ്ങ് ദയ കാണിക്കണ്ടേ? കന്നുകാലികളോട് ഇത്ര ക്രൂരത വേണോ? ആശുപത്രിയിൽ കന്നുകാലികളെ കൊണ്ടുപോയാൽ ഓപ്പറേഷന് 100 രൂപ. ഒന്നു പരിശോധിക്കണമെങ്കിൽ 20 രൂപ. എങ്ങനെയാണ് പശുക്കുട്ടികളെ ആശുപത്രിയിൽ കൊണ്ടുപോകുന്നത്? അതുകൊണ്ട് ഈ ഫീസുകൾ മാറ്റി സൗജന്യമാക്കണം. മൊബൈൽ യൂണിറ്റുകൾ നമ്മുടെ ജില്ലാ മൃഗാശുപത്രികളിൽ ഉണ്ടാകണം. എങ്ങനെയാണ് പാവപ്പെട്ട കൃഷിക്കാരൻ കന്നുകാലികളേയും കന്നുകുട്ടികളേയും ആശുപത്രികളിൽ കൊണ്ടുപോകുന്നത്? അതുപോലെതന്നെ പഞ്ചായത്തുകളിൽ കന്നുകുട്ടികൾക്ക് ഇൻഷ്വറൻസ്, പരിപാലനത്തിന് സ്കീമുകൾ ഉണ്ട്. എന്തുകൊണ്ട് നഗരസഭകളിൽ അതു നടപ്പിലാക്കുന്നില്ല? ഏത് പഞ്ചായത്തായാലും മുനിസിപ്പാലിറ്റിയായാലും പശുക്കളോട് വിവേചനം കാണിക്കണമോ? അതുകൊണ്ട് ഡയറി ഡിപ്പാർട്ടുമെന്റിൽ ഇന്നു കാണുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. ഞങ്ങളുടെ ജില്ലയിൽ ഒരു മേഖലാ ഓഫീസ് മാത്രമാണുള്ളത്. മറ്റു ജില്ലകളിലൊക്കെ ആറും ഏഴും മേഖലാ ഓഫീസുകൾ ഉണ്ട്. ഞാൻ ഈ പറയുന്നത് തെറ്റാണെങ്കിൽ അങ്ങ് മറുപടിയിൽ നിഷേധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാഭാഗത്തും അവഗണനയുണ്ട്. അതോടൊപ്പം ഈ രംഗത്തും അവഗണനയുണ്ടാകരുത്. ബഹു. മന്ത്രി, ക്ഷീരോൽപ്പാദന രംഗത്തും മൃഗസംരക്ഷണ വകുപ്പിലും ഡയറി ഡിപ്പാർട്ടുമെന്റിലും ഇന്നത്തെ വകുപ്പ് മേധാവികൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കണം. അങ്ങ് നേരിട്ട് കാര്യങ്ങൾ പഠിച്ച് മനസ്സിലാക്കി എടുക്കണം. ക്ഷീരോൽപ്പാദന രംഗത്തുണ്ടാക്കിയ നേട്ടങ്ങൾ മറ്റു രംഗങ്ങളിലേയ്ക്കും ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആദിവാസികളുടെ ആനുകൂല്യങ്ങൾ നടപ്പാക്കുന്നില്ല. ആദിവാസികളുടെ ക്ഷേമത്തിന് കൂടുതൽ കാര്യങ്ങൾ ബഹു. മന്ത്രി കെ. രാധാകൃഷ്ണൻ ചെയ്യണം. പാലക്കാട്ട് അവർക്ക് ഭൂമി കൊടുത്തതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. പക്ഷേ കൊടുത്ത ഭൂമി അങ്ങ് പോയി കണ്ടോ? കളക്ടർ കണ്ടിട്ടുണ്ടോ? പത്രപ്രവർത്തകർ പോയി കണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീമതി കെ.ആർ. ഗൗരിയമ്മ സൂചിപ്പിച്ചതുപോലെ മുളങ്കാടുകൾ, കൃഷിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉപയുക്തമല്ലാത്ത ഭൂമിയാണ് കൊടുത്തതിൽ പകുതിയും. ഇത് ഞാൻ ഇവിടെ സൂചിപ്പിച്ചത്, ഒരു വിഭാഗം ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിൽ എതിർപ്പുണ്ട്. അത് രാഷ്ട്രീയമായ എതിർപ്പാണ്. പക്ഷേ സത്യസന്ധമായി കാര്യങ്ങൾ പറയുമ്പോൾ അത് ശരിയാണോ എന്ന് പരിശോധിക്കേണ്ട ബാധ്യത അങ്ങേയ്ക്കുണ്ട്. ആദിവാസികൾക്ക് കൊടുത്ത കൃഷിഭൂമി കൃഷി ഉപയുക്തമല്ല എന്ന് മാധ്യമപ്രവർത്തകർ അവിടെ പോയി കണ്ട് ചൂണ്ടിക്കാണിക്കുന്നു. റവന്യൂ വകുപ്പാണ് ഇത് തീരുമാനിക്കുന്നതെങ്കിലും അങ്ങ് ഇത് പരിശോധിക്കണം. അങ്ങേയ്ക്കും ഇതിൽ ഉത്തരവാദിത്വമുണ്ട്. നല്ല ഭൂമി ആദിവാസികൾക്ക് നൽകിക്കൊണ്ട് അത് പ്രായോഗികമാക്കാനുള്ള നടപടികൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>ശ്രീ. ജോസ് ബേബി</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ഇവിടെ ബഹു. മെമ്പർ പറഞ്ഞത്. അത് സത്യമല്ല. ആ സ്ഥലങ്ങളിൽ മന്ത്രിമാരും കളക്ടറും ഞാനും മറ്റെല്ലാവരും പോയിട്ടുണ്ട്. കൃഷിക്ക് ഉപയുക്തമാകുന്ന ഭൂമിയാണ്. ഏതാനും ചില പത്രപ്രവർത്തകർ ബോധപൂർവ്വം വളച്ചുണ്ടാക്കുന്ന കഥകൾ അതേപടി ഇവിടെവന്ന് വിവരിക്കരുത്. ആ സ്ഥലം ഞങ്ങളൊക്കെ നേരിട്ട് പോയി കണ്ടവരാണ്. എന്തെങ്കിലും പറയുന്നത്-അത് ഓർഡറിലാണോ? അല്ലെങ്കിൽ അതു പരിശോധിച്ച് നീക്കം ചെയ്യണം.

<u>മി. ഡെ. സ്പീക്കർ</u> : ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കളുടെ പ്രസ്താവനയും ബഹുമാനപ്പെട്ട ജോസ് ബേബിയുടെ പ്രസ്താവനയും സഭാ റിക്കാർഡുകളിൽ ഉണ്ടാകും.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, മന്ത്രിമാർ പോയിട്ടില്ല എന്ന് വളരെ ഉത്തരവാദിത്വബോധത്തോടുകൂടിത്തന്നെയാണ് പറയുന്നത്. മലയിലെ കുത്തനെയുള്ള പുൽമേടുകളാണ് അവർക്ക് നൽകിയത്. ബഹു. മന്ത്രി ഷോളയാറിൽ നിന്നും 20 കിലോമീറ്റർ നടക്കണം. ഞാൻ വെറുതേ പറയുകയല്ല. മന്ത്രിക്കെന്നല്ല ആർക്കും പോകാൻ കഴിയുകയില്ല. അതുപോലുള്ള ഭൂമി നൽകരുത് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ എതിർക്കുന്നു.

<u>മി. ഡെ. സ്പീക്കർ</u> : ബഹുമാനപ്പെട്ട കുരിക്കളോട് ചെയർ ഒരു പ്രത്യേക പരിഗണന നൽകി ഒരു വാക്കു പറയാൻ പറഞ്ഞു. ഉത്തരവാദപ്പെട്ട ആളുകൾ, ബഹു. മന്ത്രി, കളക്ടർ, മറ്റ് ഉദ്യോഗസ്ഥന്മാർ എല്ലാം ആ സ്ഥലം സന്ദർശിച്ചിട്ടുണ്ട് എന്നുപറയുന്ന അവസരത്തിൽ അതിനെ ഒരിക്കലും അവിശ്വസിക്കരുത്. ബഹു. റവന്യൂ വകുപ്പുമന്ത്രിയും മറ്റുള്ള ഉദ്യോഗസ്ഥന്മാരും ഒക്കെ പോയി എന്നുപറയുമ്പോൾ അത് വിശ്വസിക്കണം.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട വകുപ്പുകളുടെ ചർച്ചയാണ് ഇന്ന് ഇവിടെ നടക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ സസന്തോഷം ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ ആദ്യം സംസാരിച്ച ശ്രീ. വി.ജെ. പൗലോസ് മുതൽ അവസാനമായി പ്രസംഗിച്ച ശ്രീ. ഇസ്ഹാക് കുരിക്കൾ വരെ അപ്പുറത്തിരിക്കുന്ന അംഗങ്ങൾ ഈ വകുപ്പുകളെ സംബന്ധിച്ച് രൂക്ഷമായ വിമർശനമൊന്നും ഉയർത്തിയില്ല. പ്രതിപക്ഷത്തിരിക്കുന്നതുകൊണ്ട് എന്തെങ്കിലും എതിർത്തുപറയുക മാത്രമായിരുന്നു അവരുടെ ലക്ഷ്യം എന്നത് പ്രസംഗം കേൾക്കുമ്പോൾത്തന്നെ മനസ്സിലായി. ശ്രീ. വി.ജെ. പൗലോസിന് ഗാട്ടിനെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് പറയുന്നതിലായിരുന്നു പ്രതിഷേധം.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ബഹു. മന്ത്രിക്ക് ഒരു പേരും ഇട്ടു. ഗാട്ടിനെ സംബന്ധിച്ച് നമുക്ക് പറയാതിരിക്കുവാൻ കഴിയുമോ? ശ്രീ. വി.ജെ. പൗലോസിന് 55 വയസ്സായിക്കാണുമെന്നു തോന്നുന്നു. 55 വയസ്സുവരെ അദ്ദേഹത്തെ പൗലോസ് എന്നുവിളിച്ചു, ഇനി പേര് മാറ്റിവിളിക്കുവാൻ കഴിയുമോ? പൗലോസ് എന്നുതന്നെ വിളിക്കണ്ടേ? അദ്ദേഹം മരണപ്പെടുന്നതുവരെ പൗലോസ് എന്നുവിളിക്കണം. കേരളത്തിലെ കാർഷിക മേഖലകളിൽ ദുരന്തം വിതച്ച ഗാട്ട് കരാറ് അതിന്റെ ദുരിതങ്ങൾ ഈ രാജ്യത്തുനിന്നും പോകുന്നതുവരെ ഈ ഗാട്ട് നമുക്ക് ഓർമ്മിക്കേണ്ടിവരും. മറക്കുവാൻ പറ്റുമോ?

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : ബഹു. വി.ജെ. പൗലോസിനെ വി.ജെ.പി. എന്നാണ് വിളിക്കുന്നതെന്ന് അറിയുമോ?

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : ഇപ്പോഴും ഇറക്കുമതി നയത്തെയും ആഗോളവൽക്കരണത്തെയും ഉദാരവൽക്കരണത്തെയും ഒന്നും ഗൗരവമായി നിങ്ങൾ കാണുന്നില്ല എന്നതാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. നമ്മുടെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഈ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്താതെ എങ്ങനെയാണ് ഇവയ്ക്ക് പരിഹാരം ഉണ്ടാകുക? ഇന്നും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നയങ്ങളെ അനുകൂലിക്കുന്ന നിലപാടാണ്; സാമ്പത്തിക നയങ്ങളിൽ നിങ്ങൾ അവർക്ക് പരിപൂർണ്ണമായ ആനുകൂല്യമാണ് പ്രകടിപ്പിക്കുന്നത്. അതുണ്ടാക്കിയ ഏറ്റവും ദുരിതപൂർണ്ണമായ കാർഷികമേഖലയുടെ അവസ്ഥയെ സംബന്ധിച്ച് എന്തുകൊണ്ട് പുന:ചിന്തനത്തിന് നിങ്ങൾ തയ്യാറാകുന്നില്ല, ഈ അവസരത്തിൽപോലും, നാണ്യവിളയുടെ നട്ടെല്ല് ആകെ തകർന്ന് കാർഷികമേഖലയിലാകെ തളർച്ചയെ നേരിടുമ്പോൾപ്പോലും? അതാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്. അതിനെ ന്യായീകരിക്കുകയാണ് ഇപ്പോഴും. ആ നയം തിരുത്തുകയല്ലാതെ, കേരളത്തിലെ കാർഷികമേഖലയ്ക്ക് ഒറ്റപ്പെട്ടു നില്ക്കുവാൻ കഴിയുകയില്ല; കാർഷികമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ പറ്റുകയില്ല. ഗവൺമെന്റ് ധാരാളം കാര്യങ്ങൾ കാർഷിക മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പിന്നീട് അദ്ദേഹം പറഞ്ഞത് ഇവിടെയൊക്കെ വെട്ടിനിരത്തുകയാണെന്നും കൃഷിഭൂമിയിൽ എന്തു കൃഷിചെയ്യണമെന്ന് കൃഷിക്കാരാണ് തീരുമാനിക്കേണ്ടതെന്നും ആ കൃഷിഭൂമിയിൽ കൃഷിക്കാർ ചെയ്യുന്ന കൃഷി നശിപ്പിക്കുന്നു എന്നുമാണ്. അതു സി.പി.എം. കാരും ഇപ്പുറത്തുള്ള ആൾക്കാരും ആണെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഇതു നോക്കുക-ഇത് 1992-ൽ ശ്രീ. പാലോട് രവി ഭരണമുന്നണിയിൽ ഇരിക്കുമ്പോഴുള്ള പ്രസംഗമാണ്: അദ്ദേഹം അന്നു പറഞ്ഞത്. നെൽപ്പാടങ്ങൾ നികത്തി ഇഷ്ടികച്ചൂളകളാക്കി മാറ്റുന്നു. തെങ്ങിൻ തോപ്പുകൾ ഉണ്ടാക്കുന്നു. ഹൗസിംഗ് കോളനികൾ ഉണ്ടാക്കുന്നു. അത് അങ്ങനെ അനുസ്യൂതം തുടരുകയാണ്, നടപ്പാക്കുകയാണ്. ഇന്നും നമ്മുടെ സെക്രട്ടേറിയറ്റിന്റെ താഴെയായി ഇത് സംഭവിക്കുന്നു. ഇത് ഭക്ഷ്യോൽപ്പാദനത്തെയും പരിസ്ഥിതിയെയും ബാധിക്കും. പരിസ്ഥിതിയെ സംരക്ഷിക്കുവാൻ ഭക്ഷ്യഉൽപ്പാദനം കൂട്ടുന്നതിന് ഇനിയും നെൽപ്പാടങ്ങൾ നികത്തുന്നതിന് അനുവദിച്ചുകൊടുക്കുകയാണ്, അതു പാടില്ല. ഭരണകക്ഷിയിലായിരുന്നപ്പോൾ ശ്രീ. പാലോട് രവി പ്രസംഗിച്ചതാണ് ഇത്. ഭരണപക്ഷത്തിരിക്കുമ്പോൾ, നെൽപ്പാടങ്ങൾ നികത്തുകയും ഭക്ഷ്യോൽപ്പാദനം കുറയ്ക്കുകയും ചെയ്യുന്നതിനെതിരായി പറയുകയും പ്രതിപക്ഷത്തിരിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്കുവേണ്ടിയാണ് എന്ന വ്യാജേന ഇന്നു പറഞ്ഞ ഈ വാദഗതി ഉയർത്തുകയും ചെയ്യുന്നത് ശരിയാണോ?

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ അങ്ങ് നെൽക്കൃഷിയെ സംബന്ധിച്ചാണ് പറയുന്നത്. 'നെൽക്കൃഷി', 'നെൽപ്പാടങ്ങൾ നികത്തി' എന്ന് ഞങ്ങളെപ്പറ്റി ഒരു രാഷ്ട്രീയമുനവച്ചാണ് പറഞ്ഞത്. കൃഷിവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹു. മന്ത്രിയുടെ പാർട്ടിയുടെ ഔദ്യോഗികമായ ഒരു രേഖ ഞാൻ വയ്ക്കുന്നു. അത് അങ്ങ് കണ്ടുകാണും. അവനവന്റെ സ്ഥലത്ത് എന്ത് കൃഷി ചെയ്യണമെന്ന അധികാരവും അവകാശവും കൃഷിക്കാരനാണ് എന്നുള്ളതാണ് സി.പി.ഐ.യുടേത്. കിസാൻസഭയുടെ സ്റ്റാന്റ് അതാണ്. ശ്രീ. സത്യൻമൊകേരി സെക്രട്ടറിയാണ്. ആ പ്രമേയത്തിൽ അത് പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് അങ്ങ് എന്തു പറയുന്നു?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : അവനവന്റെ കൃഷിയിടങ്ങളിൽ എന്തു കൃഷിയും, തനിക്ക് ഇഷ്ടമുള്ളത് ചെയ്യാം എന്നു പറഞ്ഞാൽ കഞ്ചാവുകൃഷി ചെയ്യാമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഇവിടെ ശ്രീ. ജി. കാർത്തികേയൻ പറഞ്ഞത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായമല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അങ്ങനെയൊരു അഭിപ്രായമില്ല. പൊതുജന സംഘടനകൾ പ്രവർത്തിക്കുമ്പോൾ അവർക്ക് അവരുടേതായിട്ടുള്ള ചില അഭിപ്രായങ്ങളുണ്ട്. കർഷകത്തൊഴിലാളി സംഘങ്ങൾക്ക് ചില അഭിപ്രായങ്ങളുണ്ട്. ട്രേഡ് യൂണിയൻ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അവരുടേതായിട്ടുള്ള അഭിപ്രായങ്ങളുണ്ട്. അതൊന്നുമല്ല ഒരു പാർട്ടിയുടെ പ്രഖ്യാപിതമായ നയം. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇതിനു വ്യത്യസ്തമായ ഒരു സമീപനമുണ്ട്. ഗവൺമെന്റിന് അതിന്റേതായ അടിസ്ഥാനത്തിലുള്ള ഒരു സമീപനമുണ്ട് അതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായമല്ലല്ലോ; കിസാൻസഭ എടുക്കുന്ന തീരുമാനങ്ങൾ മുഴുവൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തീരുമാനമല്ല...(ബഹളം)....

ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ മുഖാമുഖം പാടില്ല.

ശ്രീ. കെ.ഇ. ഇസ്മയിൽ : ബഹു. ജി. കാർത്തികേയൻ, അങ്ങ് എന്നെ പറയുവാൻ അനുവദിക്കൂ. എന്നെ പറയുവാൻ സമ്മതിക്കുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായമല്ല പൊതുജന സംഘടനകൾ ഉന്നയിക്കുന്നത്. പൊതുജനസംഘടനകൾ.....(ബഹളം).... എന്നെ പറയുവാൻ സമ്മതിക്കൂ. ഞാൻ പറയുന്നത്, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈ വക കാര്യത്തിലൊക്കെ ചില സമീപനങ്ങളുണ്ട്, ചില നയങ്ങളുണ്ട്. എന്നാൽ പൊതുജന സംഘടനകൾക്ക് അവരുടേതായിട്ടുള്ള ചില ന്യായങ്ങളുണ്ട്. നിങ്ങൾ പറയുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായമല്ല. നിങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷക സംഘടനയുടെ അഭിപ്രായമാണ്. അതു വികസിപ്പിച്ചു പറഞ്ഞു എന്നേയുള്ളൂ.

ശ്രീ. സി.കെ. രാജേന്ദ്രൻ : ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം നെല്ലുൽപ്പാദനം കുറയ്ക്കുവാൻ പാടില്ല എന്നാണ്. നെൽക്കൃഷി ആദായകരമാക്കി കർഷകരെ നെൽക്കൃഷിയിൽ ഉറപ്പിച്ചു നിർത്തി കേരളത്തിന്റെ ഭക്ഷ്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. നെൽക്കൃഷിയിടങ്ങൾ മറ്റു വ്യവസായങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ പാടില്ല എന്ന ലക്ഷ്യത്തിലേക്ക് എത്തുകയെന്നതാണ് ഗവൺമെന്റിന്റെ നയം. അതാണ് ഇവിടെ ബഹു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ മന്ത്രി പറഞ്ഞത്. അതുതന്നെയാണ് കൃഷിവകുപ്പ് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നത്. അതിനാണ് ഈ നടപടികൾ സ്വീകരിച്ചു വരുന്നത്. ഭൂമി ഉണ്ടെങ്കിലേ കൃഷി ചെയ്യുവാൻ കഴിയൂ. കൃഷിക്കാരൻ എന്തു കൃഷിചെയ്യുമെന്ന് അവനവൻ തീരുമാനിക്കേണ്ടത് ലാഭകരമായതു കൊണ്ടാണ്. നെൽക്കൃഷി ലാഭകരമല്ലാതാകുമ്പോൾ ആ സാഹചര്യത്തിൽ കൃഷിക്കാരൻ മറ്റു ഏതെങ്കിലും കൃഷിയിലേക്ക് പോകുവാൻ താൽപ്പര്യം പ്രകടിപ്പിക്കും. അവരെ നെൽക്കൃഷിയിൽ ഉറപ്പിച്ചു നിർത്തി കേരളത്തെ ഭക്ഷ്യകമ്മിയിൽനിന്നും മോചിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്നാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയം. അതിനു തർക്കത്തിനിടയില്ല. നിങ്ങൾ ഭരണപക്ഷത്തിരിക്കുമ്പോൾ പറഞ്ഞ കാര്യങ്ങൾ, ഈ വേവലാതിയൊക്കെ പ്രതിപക്ഷത്തിരിക്കുമ്പോൾ പറയുകയും പ്രതിപക്ഷത്തുനിന്നും മാറി ഇരിക്കുമ്പോൾ അതു മറക്കുകയും ചെയ്യുന്നു. അതല്ലെങ്കിൽ കോൺഗ്രസിലെ ഓരോ അംഗത്തിനും ഓരോ അഭിപ്രായമാണെന്ന് പറയേണ്ടിവരും.

<u>ശ്രീ. വി.ജെ. പൗലോസ്</u> : കൃഷി ചെയ്യാനുള്ള അവകാശം കൃഷിക്കാർക്കാണെന്ന് പറഞ്ഞു. ആ കൂട്ടത്തിൽ ഒരു വാക്കുകൂടി പറഞ്ഞു. ഇന്ന കൃഷി ചെയ്യണമെന്ന് സർക്കാർ നിർബന്ധിക്കുകയാണെങ്കിൽ ആ കൃഷി ചെയ്യുന്നതുമൂലമുണ്ടാകുന്ന നഷ്ടം നികത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? സി.പി.എം.-ന്റെ കർഷക സംഘടനയായ കെ.എസ്സ്.കെ.റ്റി.യു. ആടിനെ പട്ടിയാക്കുന്ന സമീപനം അവസാനിപ്പിക്കുമോയെന്ന് സി.പി.ഐ.യുടെ കർഷക സംഘടന.....

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, അതൊക്കെ പറഞ്ഞുകഴിഞ്ഞു. ഇവിടെ നെൽക്കൃഷി ആദായകരമാക്കുന്നതിനുള്ള ഒരുപാടു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ ആ കാര്യങ്ങളെ സംബന്ധിച്ച് വിശദീകരിക്കുന്നില്ല. നെൽക്കൃഷി ആദായകരമാക്കുന്നതിന് 1989-90-ൽ ഇവിടെ തുടങ്ങിയ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി അതു ലാഭകരമാക്കുന്നതിനു തുടങ്ങിയതാണ്. നിങ്ങൾ അതു പാടെ അവഗണിച്ചു. നെൽക്കൃഷി മേഖലയെ അവഗണിച്ചു. ഈ ഗവൺമെന്റ് വന്നശേഷം അത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി, കാർഷിക വികസന ഏജൻസികൾക്കു വിവിധ ജില്ലകളിൽ, വിവിധ പ്രദേശങ്ങളിൽ, 13 കോടി രൂപ ഗവൺമെന്റ് മാറ്റിവച്ചു. പാഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള തീരുമാനമെടുത്തിരിക്കുന്നു. അതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. സീഡ് അതോറിറ്റികൾ രൂപീകരിക്കാനുള്ള തീരുമാനവുമെടുത്തിരിക്കുന്നു, സംഭരിക്കുന്ന നെല്ല് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കുന്നു. ഈ രീതിയിൽ നെൽക്കൃഷിക്കാരെ സഹായിക്കാനുള്ള ഒട്ടേറെ നടപടികൾ ഈ രംഗത്തു സ്വീകരിച്ചു. എല്ലാ കൃഷിയും ആദായകരമല്ലാതായിത്തീർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ നാണ്യവിളകൾ ഉൾപ്പെടെയുള്ള എല്ലാ കാർഷികമേഖലയും സംരക്ഷിക്കാനുള്ള ഒട്ടേറെ പദ്ധതികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. അതിൽ ആർക്കും തർക്കമുണ്ടാകേണ്ട കാര്യമില്ല. എന്നാൽ കാർഷിക മേഖലയിൽ ചില പ്രശ്നങ്ങൾ പരിഹരിക്കാൻ ബാക്കിയുണ്ട്, അതുകൂടി പരിഹരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതുണ്ട്. കർഷകത്തൊഴിലാളികളുടെ ക്ഷേമപദ്ധതിയിൽ കൃഷിക്കാരിൽ നിന്നു വാങ്ങുന്ന അംശദായം കൃഷിക്കാരുടെ കയ്യിലുള്ള ഭൂമിയുടെ അളവനുസരിച്ചാണ് പിരിക്കുന്നത്. കുറേ വർഷങ്ങൾ പിരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്, നിരവധി സംഖ്യ അങ്ങനെ കുടിശ്ശികയായി കിടക്കുന്നുണ്ട്. ഇപ്പോൾ ഒന്നിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കാനുള്ള നടപടികൾ ചില സ്ഥലങ്ങളിൽ നടക്കുന്നുണ്ട്. ആകെയുള്ള ഭൂമിക്കാണ് ഇതു കണക്കാക്കുന്നത്. അതിൽ ഇറിഗേഷനുവേണ്ടി മാറ്റിവച്ചിട്ടുള്ള കുളങ്ങളുണ്ടാകും. അതുപോലെ കൃഷിക്ക് യോഗ്യമല്ലാത്ത ഭൂമിയുണ്ടാകും. ആ സ്ഥലങ്ങൾ ഒഴിവാക്കി യഥാർത്ഥ കൃഷിഭൂമി എത്രയാണെന്ന് കണക്കാക്കി, ആ ഭൂമിയിൽ നിന്നുമാത്രം അംശദായം പിരിക്കാനുള്ള ഒരു സംവിധാനത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. ഉൽപ്പാദന ബോണസ് നൽകുന്ന കാര്യത്തിൽ, ഉൽപ്പാദന ബോണസ് 250 രൂപയിൽ നിന്ന് 350 രൂപയാക്കി. ഈ വർഷം കൂടുതൽ നെല്ലുൽപ്പാദനത്തിനുവേണ്ടി കൂടുതൽ ആനുകൂല്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ പല പ്രദേശങ്ങളിൽ ഇരുപ്പൂ ആണ് കൃഷി ചെയ്യുന്നത്. മൂന്നു പൂവ് കൃഷി വളരെ അപൂർവ്വമായിട്ടാണ് ചെയ്യുന്നത്. എത്ര കൃഷി ചെയ്യുന്നു എന്നു നോക്കാതെയും കൃഷിയിടത്തിന്റെ വിസ്തീർണ്ണം നോക്കാതെയും ഉൽപ്പാദന ബോണസ് കൊടുക്കുന്ന സംവിധാനമാണ് നിലനിന്നു വരുന്നത്. അതു മാറ്റിക്കൊണ്ട്, യഥാർത്ഥത്തിൽ നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ അളവു കണക്കാക്കി എത്ര സീസൺ ആണോ നെൽക്കൃഷി ചെയ്യുന്നത് അതു കണക്കാക്കി ഉൽപ്പാദന ബോണസ് കൊടുക്കാൻ തയ്യാറായാൽ ഗവൺമെന്റിന് എല്ലാ കൃഷിക്കാർക്കും യഥാസമയം ഉൽപ്പാദന ബോണസ് കൊടുക്കാൻ സാധിക്കും. അക്കാര്യത്തിലും ഒരു തീരുമാനമുണ്ടാക്കണം, അതു പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. കാർഷികോൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച് കുറേ നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ വച്ചിട്ടുണ്ട്. ഇപ്പോൾതന്നെ 'റബ്കോ' ചില വ്യവസായങ്ങൾ തുടങ്ങുന്നു. കൂടാതെ ഗവൺമെന്റ് നേരിട്ടും ചില വ്യവസായങ്ങൾ തുടങ്ങാൻ ആലോചിക്കുന്നു. ആ രീതിയിൽ കാർഷികോൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ രീതിയിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പമ്പിംഗ് സബ്സിഡി സംബന്ധിച്ച് കുട്ടനാടൻ പ്രദേശങ്ങളിൽ ഉണ്ടാകുന്ന പ്രശ്നം ബഹുമാന്യരായ രണ്ടു മൂന്നു മെമ്പർമാർ ഉന്നയിച്ചു. അതിനു ശാശ്വതമായ പരിഹാരമുണ്ടാകണം. കൃഷിക്കാരെ ദ്രോഹിക്കുന്ന ചില സ്ഥിതിയാണ് ഇന്ന് ഇവിടെ നിലനിൽക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് ബഹു. എം.എ. കുട്ടപ്പൻ സംസാരിക്കുമ്പോൾ പറഞ്ഞത്, ഫണ്ട് മുഴുവൻ പഞ്ചായത്തുകൾക്കു കൊടുക്കുകയാണെന്നാണ്. പഞ്ചായത്തുകൾക്ക് ഇങ്ങനെ ഫണ്ട് കൊടുത്തിട്ട് ഒരു മന്ത്രി ഇവിടെ ഇരിക്കേണ്ട കാര്യമുണ്ടോ എന്നു ചോദിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. രാജീവ്ഗാന്ധി അട്ടപ്പാടിയിൽ വന്നപ്പോൾ പറഞ്ഞത്, കേന്ദ്ര ഗവൺമെന്റ് കൊടുത്ത ഫണ്ടിന്റെ 13 ശതമാനത്തിന്റെ ഗുണം പോലും അട്ടപ്പാടിയിലെ ആദിവാസികൾക്കു ലഭിച്ചിട്ടില്ല എന്നാണ്. എന്താണ് ഇതിനു കാരണം? ഏതെങ്കിലും കേന്ദ്രത്തിൽനിന്ന്, അതായത് ഡൽഹിയിൽ നിന്നോ തിരുവനന്തപുരത്തുനിന്നോ നടപ്പിലാക്കുന്ന പദ്ധതികളുടെ വൈകല്യമായിരുന്നു ഇതിനുകാരണം. ഇന്ന് പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാൻ സാധിക്കുന്നത് ഗ്രാമ പഞ്ചായത്തുകളിലൂടെ, ബ്ലോക്ക് പഞ്ചായത്തിലൂടെ, ജില്ലാ പഞ്ചായത്തിലൂടെ, ഇതു നടപ്പിലാക്കാൻ ആകുന്നതുകൊണ്ടാണ്. അവർക്ക് ഇതിൽ ഇടപെടാൻ സാധിക്കുന്നു. ഈ വിഭാഗങ്ങൾക്ക് വീടു ലഭിക്കുമ്പോൾ, അത് അർഹരായവർക്കാണോ ലഭിക്കുന്നതെന്ന് ഇവർക്കു മനസ്സിലാക്കാൻ സാധിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാറ്റിവയ്ക്കുന്ന ഫണ്ട് പൂർണ്ണമായി അവർക്ക് വിനിയോ

LIBRARY ARCHIVES Kerala Legislative Assembly

ഗിക്കാൻ സാധിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ അവർക്കു സാധിക്കുന്നു. അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ കൃത്യമായി ചോദിച്ചു വാങ്ങാനുള്ള അവസരം ഈ വിഭാഗക്കാർക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിനെതിരായിട്ടാണ് ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞത്. പഴയതുപോലെ ഇടത്തട്ടുക്കാർക്ക് തട്ടിയെടുക്കാനുള്ള അവസരം ഇവിടെയും നിലനിർത്തണമെന്നാണോ പറയുന്നത്? അങ്ങനെയാണോ താഴോട്ടു കൊടുക്കുന്നത്? ഇടതുപക്ഷജനാധിപത്യ ഗവൺമെന്റിന്റെ നയമാണ് നടപ്പാക്കുന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ സംസ്ഥാനത്ത് കിട്ടുന്ന ഫണ്ട്, 40 ശതമാനം താഴോട്ടു കൊടുക്കുമ്പോൾ ഏറ്റവും കൂടുതൽ സംവരാണാനുകൂല്യങ്ങൾ എല്ലാം നൽകിയിട്ടും ഈ വിഭാഗം പിന്നോക്കം നിൽക്കുന്നു എന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. സാമൂഹ്യമായി, സാംസ്ക്കാരികമായി, വിദ്യാഭ്യാസപരമായി എല്ലാ നിലയിലും പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന് ആ പിന്നോക്കാവസ്ഥയിൽനിന്ന് മോചനം നൽകാൻ അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ യാതൊരു ക്രമക്കേടുമില്ലാതെ അവർക്ക് ലഭിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു തീരുമാനം ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിനെയും പഴയ കണ്ണുകൊണ്ടു തന്നെയാണ് കണ്ടത്. വെട്ടിപ്പുകാരെയും തട്ടിപ്പുകാരെയുമൊക്കെ രക്ഷിക്കുന്ന രീതിയിൽത്തന്നെയാണ് അദ്ദേഹം കാണുന്നത്. അതുകൊണ്ട് ബഹു. എം.എ. കുട്ടപ്പന്റെ വാദഗതിയോട് യോജിക്കാൻ പറ്റില്ല. പട്ടികജാതിക്കാരെ സംബന്ധിച്ച് അദ്ദേഹം പറയുമ്പോൾ, പട്ടികജാതിക്കാരുള്ളപ്പോഴായിരുന്നു ശ്രീ. കെ. കരുണാകരൻ ഈ വകുപ്പ് അദ്ദേഹത്തിന്റെ കയ്യിലേയ്ക്ക് മാറ്റിയത്. പട്ടികജാതിക്കാരെ ഇതിനു പറ്റില്ല എന്നു പറഞ്ഞാണ് മാറ്റിയത്, അങ്ങയെ അവഹേളിച്ചതാണ് അത്. അതൊക്കെ മറന്നുകൊണ്ടാണ് അദ്ദേഹം ഇവിടെ പ്രസംഗിച്ചത്.....

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, പട്ടികജാതിക്കാരെക്കുറിച്ച് വലിയ സ്നേഹം നടിക്കുന്ന ആളുകൾ സ്വന്തം ജീവിതത്തിൽ അതു പകർത്താൻ തയ്യാറാകുന്ന അനുഭവമുണ്ടോ?

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, അതു സാഹചര്യമുണ്ടാക്കുന്നതാണ്. 1996-97-മുമ്പുവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു പത്തു ശതമാനമായിരുന്നു അവരുടെ ക്ഷേമത്തിനായി വിനിയോഗിച്ചതെങ്കിൽ 1996-97-ൽ ഈ രീതി മാറ്റി ജനസംഖ്യാനുപാതികമായി തുക മാറ്റി വയ്ക്കുകയും ആ തുക ആവശ്യാനുസരണം വിനിയോഗിക്കാനുള്ള അധികാരം വികസന വകുപ്പിന് നൽകുകയും ചെയ്തു. 1996-97-ൽ പദ്ധതിവിഹിതം 9.42 ശതമാനം, 1997-98-ൽ 10.05 ശതമാനം, 1998-99-ൽ 11.4 ശതമാനം. ഇങ്ങനെ ഓരോ വർഷവും ഈ വിഭാഗത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന സംഖ്യ വർദ്ധിക്കുകയാണ്.

ഇവിടെ സർട്ടിഫിക്കറ്റുകൾ അനർഹരായവർ തട്ടിക്കൊണ്ടുപോകുന്നു എന്ന ആക്ഷേപം ഡോ. എം.എ. കുട്ടപ്പൻ ഉന്നയിച്ചു. അത് അനർഹരായവർ തട്ടിക്കൊണ്ടുപോകാൻ പറ്റില്ല. അർഹരായവർക്കു മുഴുവൻ ഇതു കിട്ടണം. അർഹരായവർക്കു കിട്ടാത്ത ചില പ്രശ്നങ്ങളും നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഉയർന്നു വന്നിട്ടുണ്ട്. നരവംശപഠനം നടത്തി ജാതി ഏതാണെന്നു നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള 'കിർത്താർഡ്സി'ന്റെ പ്രവർത്തനവും ഇപ്പോൾ നടക്കുന്നു. അവരാണെങ്കിൽ തലമുറകളായി ഈ ആനുകൂല്യം ലഭിച്ചു വന്നിരുന്നവർക്ക് സാങ്കേതിക കാരണങ്ങളാൽ ഇന്ന് നിഷേധിക്കുകയാണ്. അന്വേഷണ റിപ്പോർട്ടുണ്ടാക്കുന്ന 'കിർത്താഡ്സ്'തന്നെ സ്ക്രൂട്ടിനി കമ്മിറ്റിയിലും തീർപ്പുകൽപ്പിക്കാനുള്ള മെമ്പർമാർ ആയി വരുന്നു. അതുകൊണ്ടു



LIBRARY ARCHIVES Kerala Legislative Assembly

തന്നെ, സ്വാഭാവികമായി നീതി ലഭിക്കേണ്ട ആളുകൾക്ക് നീതി ലഭിക്കുന്നതിനു തടസ്സമുണ്ടാകുകയാണ്. അതുകൊണ്ട് ഇവരുടെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷണം നടത്തണം. 'കിർത്താഡ്സി'ന്റെ പ്രവർത്തനം സുതാര്യമാക്കണം. അന്വേഷണത്തിനുപരിയായി ആ വിഷയം അന്വേഷിക്കാൻ മറ്റൊരാളല്ലാതെ വരുന്ന സാഹചര്യം ഒഴിവാക്കി മറ്റൊരു ഏജൻസി ഇവരുടെ അന്വേഷണവും റിപ്പോർട്ടും പരിശോധിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗമുൾപ്പെടെയുള്ള പലരെയും അതിൽ നിന്നു മാറ്റുന്നതിനും അവർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ കിട്ടാതിരിക്കുന്നതിനുമൊക്കെ ഇടവരും. അതു വലിയ സാമൂഹ്യപ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അക്കാര്യം ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചു. ആനുകൂല്യം അർഹതപ്പെട്ടവർക്കുമാത്രം കൊടുത്താൽ മതി. പക്ഷേ അർഹതപ്പെട്ടവർക്കുപോലും കൊടുക്കാതിരിക്കുന്നതിനുള്ള ഇടപെടലാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ കാര്യം ഗൗരവമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നിരവധി പദ്ധതികൾ വേറെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 1083 പേർക്ക് ദുരിതാശ്വാസ നിധി കൊടുത്തുകഴിഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ തുടങ്ങിയ നിരവധി പദ്ധതികൾ ഈ മേഖലയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ അതു വിശദീകരിക്കുന്നില്ല.

മൃഗസംരക്ഷണ വകുപ്പിൽ കൃഷിയുടെ അനുബന്ധ തൊഴിലായിട്ടാണ് ക്ഷീരവികസനം കാണുന്നത്. ഗ്രാമീണ കേരളത്തിൽ വലിയൊരു വിഭാഗം നിത്യവൃത്തിക്കായി ഈ തൊഴിൽ സ്വീകരിച്ചുവരുകയാണ്. ഒട്ടേറെ പദ്ധതികളാണ് ഇപ്പോൾ ഈ രംഗത്തു നടപ്പിലാക്കിവരുന്നത്. 1986-87-ൽ ആഭ്യന്തര ഉൽപ്പാദനം 5.95 ആയിരുന്നത് 1998-99-ൽ 10.3 ശതമാനമായിട്ട് വർദ്ധിച്ചു. ബഡ്ജറ്റിൽത്തന്നെ 1993-94-ൽ 13.75 കോടി രൂപയായിരുന്നു വകയിരുത്തിയതെങ്കിൽ 1998-99-ൽ 37 കോടി രൂപയായിട്ട് ഉയരുകയുണ്ടായി. ഇതിനുപുറമേ ത്രിതല പഞ്ചായത്തുകൾക്ക് ഈ വർഷം 60 കോടി രൂപ വികസന വകുപ്പിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 1997-98 ൽ 38 കോടി രൂപ നൽകി. അതിൽക്കൂടി അവരുടെ ഫണ്ടുംകൂടി വിനിയോഗിച്ച് 119 കോടി ഉറുപ്പികയുടെ പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയിരിക്കുന്നത്. കൊടുക്കുന്ന ഫണ്ട് കൂടുതൽ വർദ്ധിപ്പിച്ച് നാട്ടിൻപുറത്തെ സാധാരണക്കാരുടെ ജീവിതത്തിൽ അല്പമെങ്കിലും ആശ്വാസം നൽകാൻ കഴിയുന്ന നടപടികളുമായിട്ടാണ് പഞ്ചായത്തുകൾ മുന്നോട്ടുപോകുന്നത്. പാലുൽപ്പാദനത്തിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. 1995-96 ൽ 22.42 ലക്ഷം ടൺ ഉൽപ്പാദിപ്പിച്ച സ്ഥാനത്ത് 1997-98 ൽ 25.25 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചു. പാലുൽപ്പാദകരെ ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരെ നിയന്ത്രിക്കാനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഉൽപ്പാദിപ്പിക്കുന്നവർക്ക് ന്യായമായ വില കിട്ടാതെ ഇടത്തട്ടുകാർ ലാഭം കൊണ്ടുപോകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. അത് മിൽമയായാലും ഏത് ഏജൻസിയായാലും ഉൽപ്പാദകരായിട്ടുള്ള പാവപ്പെട്ട ആളുകൾക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്താൻ തക്കവിധത്തിലുള്ള നടപടികൾ ഉണ്ടാകണം.

അതുപോലെ 3600 ഐ.സി.ഡി.പി. സെന്ററുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുണ്ട്. അവിടെ ജീവനക്കാരില്ലാത്തതുകൊണ്ട് പലതും

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ സാധിക്കുന്നില്ല. അതിന് ജോലിയിൽനിന്ന് പിരിഞ്ഞുപോകുന്നവരാണെങ്കിൽപ്പോലും അവരെ നിയമിച്ചുകൊണ്ട് ഐ.സി.ഡി.പി. സെന്ററുകൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ ഗവൺമെന്റിന് ലക്ഷ്യത്തിലേയ്ക്ക് എത്താൻ സാധിക്കുകയുള്ളൂ. ആ രീതിയിലുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മൃഗാശുപത്രികളെക്കുറിച്ച് ശ്രീ. ഇസ്ഹാക് കുരിക്കൾ പറയുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 70 പുതിയ മൃഗാശുപത്രികൾ ആരംഭിച്ചു. 55 ഡിസ്പെൻസറികൾ ആശുപത്രിയാക്കി ഉയർത്തി. 76 മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം ഉണ്ടാക്കി. അതുപോലെ അറ്റകുറ്റപ്പണികൾക്കായി 340 ലക്ഷം രൂപ മാറ്റിവച്ചു. കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് 3775 പേർക്ക് സഹായം നൽകി. ഇങ്ങനെ നിരവധി പദ്ധതികൾ ആ മേഖലയിൽ നടക്കുകയാണ്. കോഴിമുട്ടയുടെയും കോഴിയിറച്ചിയുടെയും കാര്യത്തിൽ നമ്മൾ എല്ലാ സംസ്ഥാനങ്ങളെയും ആശ്രയിച്ചാണ് നിൽക്കുന്നത്. ഇപ്പോൾ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ മേഖലയിൽ ധാരാളമായി കൃഷിക്കാർ കടന്നുവരുന്നുണ്ട്. കൃഷിക്കാരുടെ വരവിനെ തകർക്കത്തക്കവിധത്തിലുള്ള ഒരു കാര്യമാണ് ശ്രീ. ഇസ്ഹാക് കുരിക്കൾ ഇവിടെ സൂചിപ്പിച്ച തമിഴ്നാട്ടിൽനിന്നും കോഴികളെ കൊണ്ടുവരുന്ന കാര്യം. മുട്ടയിട്ടു ചണ്ടിയായ, ഇറച്ചി ഉപയോഗിക്കാൻ പറ്റാത്ത, രോഗം ബാധിച്ച കോഴികളെവരെ കടത്തിക്കൊണ്ടുവരികയാണ്. ചെക്പോസ്റ്റിൽ നാമമാത്രമായ ടാക്സാണ് നമ്മൾ ഈടാക്കുന്നതെങ്കിൽ ടാക്സ് കൊടുക്കാതെയും കൊടുത്തുമൊക്കെ കടന്നുവരുന്ന ഇത് ഇന്നു കണ്ണൂരും കാസർഗോട്ടും പാലക്കാടിന്റെ പല ഭാഗങ്ങളിലും വ്യാപകമായി പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയെ തകർക്കത്തക്കവിധത്തിലാണു കടന്നുവന്നുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ഒരു നിയന്ത്രണം ഉണ്ടാകണം. മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്ന സാധനങ്ങളെല്ലാം തടയണമെന്നാണ് കൃഷിക്കാരുടെ ആവശ്യമെങ്കിൽ അതിനോട് നമുക്ക് യോജിപ്പില്ല; പക്ഷേ, നിയന്ത്രണം ഏർപ്പെടുത്തുകയും, രോഗം പരത്തുന്ന ഇത്തരം കോഴിയും മറ്റും കടന്നുവരുന്നത് തടയുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളും നടപടികളും ഉണ്ടാകുകയും വേണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സാമൂഹ്യക്ഷേമവകുപ്പിലും ഒട്ടേറെ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ വർഷം പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക 98% - ഉം വിനിയോഗിക്കാൻ വകുപ്പിന് സാധിച്ചിരിക്കുകയാണ്. വാർദ്ധക്യകാല പെൻഷൻ 35 രൂപയായിരുന്നത് 110 രൂപയായി വർദ്ധിപ്പിച്ചു. അതിന്റെ കുടിശ്ശിക ഉൾപ്പെടെ കൊടുത്തുതീർക്കാൻ സാധിച്ചിരിക്കുകയാണ്. അതുപോലെ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ബഡ്ജറ്റ് വിഹിതമായ 110 ലക്ഷം രൂപയ്ക്കുപുറമെ 120 ലക്ഷം രൂപകൂടി നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ആ രീതിയിൽ സാമൂഹ്യക്ഷേമവകുപ്പിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കി കേരള ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സമസ്തവിഭാഗം സാധാരണ ജനങ്ങളുടെയും ആഭിമുഖ്യം പിടിച്ചുപറ്റാൻ കഴിഞ്ഞ ഒരു ഗവൺമെന്റ് എന്ന നിലയിൽ ഈ ഗവൺമെന്റിന്റെ സുഗമമായ മുന്നോട്ടുപോക്കിന് സഹായകരമായ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാർഷിക മേഖലയുടെയും വ്യാവസായിക മേഖലയുടെയും വളർച്ചയെ ആശ്രയിച്ചാണ് നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതി എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയും വ്യാവസായിക മേഖലയും ഓരോ ദിവസം ചെല്ലുന്തോറും തകർച്ചയിലേയ്ക്ക് നീങ്ങുന്നു എന്നുള്ളതാണ് ദുഃഖകരമായ സത്യം. ഇതിന്റെ ഫലമെന്താണ്? കേരളത്തിന്റെ മൊത്തം സാമ്പത്തിക സ്ഥിതിയും തകർച്ചയിലേയ്ക്ക് നീങ്ങുന്നു. കാർഷിക വിളകളുടെ ഉൽപ്പാദനക്കുറവും. ഉൽപ്പാദനക്ഷമതയിൽനിന്നുള്ള പിന്നോക്കംപോക്കും കാർഷികോൽപ്പന്നങ്ങളുടെ ഗണ്യമായ വിലയിടിവുമെല്ലാം ഇതിന് കാരണമാണ്. ഇതേത്തുടർന്ന് സംസ്ഥാനത്തെ കൃഷിക്കാർ ഇന്ന് നട്ടം തിരിയുകയാണ്. കൃഷിവകുപ്പുമന്ത്രിയുടെ പ്രഖ്യാപനങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനവും പ്രത്യേകിച്ച് നമ്മുടെ കാർഷിക മേഖലയും സമ്പന്നതകൈവരിക്കുമായിരുന്നുവെങ്കിൽ കഴിഞ്ഞ രണ്ടു വർഷംകൊണ്ട് സംഭവിക്കുമായിരുന്നു. കുറെ പ്രഖ്യാപനങ്ങളും പ്രസംഗങ്ങളും പ്രസ്താവനകളുമുണ്ടായതല്ലാതെ, ഈ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നുള്ള ദുഃഖകരമായ സത്യത്തിലേക്ക് ചില വസ്തുതകൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹു. മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ 15.7.1998-ൽ ഈ നിയമസഭയിൽ 15 പ്രഖ്യാപനങ്ങൾ നടത്തി. അദ്ദേഹം വെളിയിൽ ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ആ 15 പ്രഖ്യാപനങ്ങളിൽ എട്ടുപത്ത് പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ഞാൻ വായിക്കാം - വരുന്ന സാമ്പത്തിക വർഷം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കാര്യങ്ങളാണ്, ഇതിൽ ഏതെങ്കിലും ഒരു പ്രഖ്യാപനം കഴിഞ്ഞ മാർച്ചിൽ 31-നുള്ളിലായി ആരംഭിച്ചിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഈ സഭ ആലോചിക്കേണ്ടതാണ്. 'പാഡി ബോർഡ് നടപ്പിൽവരുത്തും'.-നടപ്പിൽ വരുത്തിയോ? നടപ്പിലായിട്ടില്ല. 'പ്രൊഡക്ഷൻ ബോണസ് 350 രൂപ എന്നുള്ളത് ഈ വർഷം 1000 രൂപയാക്കും.' - 1000 രൂപ ആക്കിയില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന 350 രൂപ പോലും കൊടുത്തിട്ടില്ല. 'ഒരു ലക്ഷം ടൺ നെല്ല് കൂടുതൽ ഉൽപ്പാദിപ്പിക്കും.'- ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല കഴിഞ്ഞ വർഷം ഉൽപ്പാദിപ്പിച്ചതിനെക്കാൾ നെല്ലിന്റെ ഉൽപ്പാദനം കുറയുകയാണ് ഉണ്ടായത്. 'കാർഷികാധിഷ്ഠിത ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻവേണ്ടി സർക്കാർ ഒരു കോർപ്പറേഷൻ രൂപവത്ക്കരിക്കും.' - ഇപ്പോൾ ആലോചിച്ചിട്ടില്ല എന്ന് ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. 'കണ്ണൂരിൽ കശുമാവ് വികസനത്തിനുവേണ്ടി ഒരു ഏജൻസി ആരംഭിക്കും.' - അങ്ങനെ ഒരു ഏജൻസി ആരംഭിച്ചിട്ടില്ല എന്നുള്ളതാണ് എന്റെ അറിവ്; എനിക്ക് കൃത്യമായിട്ട് അറിയില്ല, ബഹു.മന്ത്രി മറുപടി പറയുമ്പോൾ അതു സംബന്ധിച്ച് വ്യക്തമാക്കും. '100 പഞ്ചായത്തുകളിൽ പുക്കൃഷികൾ ഈ വർഷംതന്നെ ആരംഭിക്കും.' - ശ്രീ. പി.ജെ. ജോസഫ് ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ അതു സംബന്ധിച്ച് ചോദിക്കാമായിരുന്നു. ഞാൻ മന്ത്രിയിയായിരുന്ന കാലഘട്ടത്തിൽ ശ്രീ. പി.ജെ. ജോസഫിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഒരു പുക്കൃഷി സംഘത്തിന് രണ്ടു കോടി രൂപ ഒരു ഗഡുവായി നൽകുകയും 10 കോടി രൂപ മുടക്കാൻ തീരുമാനിക്കുകയും ചെയ്തത് ഈ ഗവൺമെന്റ് വന്നതിനുശേഷം നിർത്തലാക്കുകയാണ് ചെയ്തിരിക്കുന്നത്. 100 പഞ്ചായത്തുകളിൽ പുക്കൃഷി ആരംഭിക്കുമെന്ന് പറഞ്ഞത് ആരംഭിച്ചിട്ടില്ല.

'കഴക്കൂട്ടത്തുള്ള ബയോടെക്നോളജി കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കി ഒരു സ്പെഷ്യൽ ആഫീസറെ അവിടെ നിയമിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കും.'- എന്റെ അറിവിൽ ആരംഭിച്ചിട്ടില്ല. 'ഈ വർഷം 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യും.' - ചെയ്തില്ല. 'കൃഷിക്കാർക്ക് നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രയോജനപ്രദമല്ല, പുതിയ ഇൻഷ്വറൻസ് പദ്ധതി തുടങ്ങും.' - തുടങ്ങിയിട്ടില്ല.

എന്റെ കയ്യിൽ അങ്ങയുടെ പ്രസംഗം തന്നെയുണ്ട്. പുറത്തുപറഞ്ഞിട്ടുള്ള പ്രഖ്യാപനങ്ങൾ ഇഷ്ടംപോലെ. എന്തിനാണ് ഇങ്ങനെ പ്രഖ്യാപനങ്ങൾ നടത്തുന്നത്? ചെയ്യാവുന്ന കാര്യങ്ങൾ പറയുകയും പറയുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യുക എന്നുള്ളതാണ് ഭരണാധികാരിയുടെ കഴിവിന്റെ അല്ലെങ്കിൽ ഭരണത്തിന്റെ അളവുകോൽ എന്നാണ് എന്റെ വിശ്വാസം. വെറുതെ പ്രഖ്യാപനങ്ങൾ നടത്തുക, ഒന്നും നടപ്പിലാക്കാതിരിക്കുക, അത് ശരിയായ നടപടിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഞാൻ ഇവിടെ ചില കണക്കുകളെ സംബന്ധിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 1998-ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനത്തിൽനിന്നുമുള്ള കണക്കുകളാണ് ഞാൻ പറയുന്നത്. അതിൽ എന്തെങ്കിലും തെറ്റ് ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. യു.ഡി.എഫ്. - ന്റെ കാലത്ത് നെൽപ്പാടങ്ങളൊക്കെ നികത്തുകയാണ്, അത് അവസാനിപ്പിച്ച് നെൽക്കൃഷി വ്യാപകമാക്കും എന്നായിരുന്നു പ്രഖ്യാപനങ്ങൾ. ഞങ്ങൾ അധികാരം വിട്ടൊഴിയുമ്പോൾ 4.71 ലക്ഷം ഹെക്ടർ സ്ഥലം ഉണ്ടായിരുന്നു. അത് ഇന്ന് 4.31 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു. കഴിഞ്ഞ വർഷത്തെ സാമ്പത്തിക അവലോകനത്തിലെ കണക്ക് അനുസരിച്ച് 3.87 ആയി വീണ്ടും കുറഞ്ഞു. 4.71 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ഉണ്ടായിരുന്നുവെങ്കിൽ നിങ്ങളുടെ മൂന്നുവർഷത്തെ ഭരണം അവസാനിക്കുമ്പോൾ അത് 3.87 ലക്ഷം ഹെക്ടർ ആയി കുറഞ്ഞിരിക്കുന്നു. അതിനർത്ഥം എന്താണ്? ഒരു ലക്ഷം ഹെക്ടറോളം സ്ഥലം നെൽക്കൃഷി നിങ്ങളുടെ മൂന്നു വർഷത്തെ ഭരണത്തിൽ കുറഞ്ഞിരിക്കുന്നു. ഇവിടെ ചില സുഹൃത്തുക്കൾ പ്രസംഗിക്കുന്നതു കേട്ടു, ഇവിടെ കൃഷി വ്യാപകമാക്കി, ഉൽപ്പാദനം വർദ്ധിപ്പിച്ചു, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ചു എന്നൊക്കെ. സാമ്പത്തികാവലോകനം പേജ് 45 ഞാൻ റഫർ ചെയ്യാം. അപ്പോൾ മൂന്നുവർഷക്കാലംകൊണ്ട് ഒരു ലക്ഷത്തിൽ താഴെ നെൽക്കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞു. അതിൽത്തന്നെ ഒരു രസകരമായ വസ്തുത ഞാൻ ചൂണ്ടിക്കാണിക്കാം. ജില്ലാടിസ്ഥാനത്തിൽ ഈ മൂന്നുവർഷക്കാലംകൊണ്ട് നെൽക്കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം ഏറ്റവും കുറഞ്ഞത് അദ്ദേഹത്തിന്റെ സ്വന്തം ജില്ലയായ തൃശ്ശൂരിലാണ്. 10,567 ഹെക്ടർ നെൽക്കൃഷിയുടെ വിസ്തീർണ്ണമാണ് കുറഞ്ഞിരിക്കുന്നത്. ഇത് ഈ ഷെഡ്യൂളിലുള്ളതാണ്. ഞാൻ തർക്കിക്കാനൊന്നിനുമില്ല. ഈ സാമ്പത്തിക സർവേ റിക്കോർഡ്സ് ഓരോ പേജ് ഉദ്ധരിച്ചുകൊണ്ടു മാത്രമാണ് ഞാൻ ഈ കണക്കുകൾ അവതരിപ്പിക്കുന്നത്. അപ്പോൾ, വിസ്തീർണ്ണം കുറഞ്ഞു: ഇനി, ഉൽപ്പാദനം: 1995-96-ൽ ഞങ്ങൾ അധികാരം വിട്ടൊഴിയുമ്പോൾ 9.53 ലക്ഷം ടൺ നെൽക്കൃഷിയുടെ ഉൽപ്പാദനമാണുണ്ടായിരുന്നത്. നിങ്ങൾ വളരെയധികം പദ്ധതികളൊക്കെ ഇവിടെ പ്രഖ്യാപിച്ചല്ലോ? കഴിഞ്ഞവർഷം ഒരു പൊൻമണി വർഷമായി നിങ്ങൾ പ്രഖ്യാപിച്ചു. വളരെയധികം ആനുകൂല്യങ്ങൾ കൊടുത്തു എന്നാണ് പറഞ്ഞത്. ഉൽപ്പാദനം വളരെ വർദ്ധിച്ചു എന്നാണ് എന്റെ സഹപ്രവർത്തകൻ ഇവിടെ പ്രസംഗിക്കുന്നത് കേട്ടത്. എന്നാൽ കണക്ക് എന്താണ് പറയുന്നത്? കണക്കുപറയുന്നത് 1995-96-ൽ 9.53 ടൺ ആയിരുന്നു ഉൽപ്പാദനമെങ്കിൽ 1996-97-ൽ അത് 8.71 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ടൺ ആയി. 1997-98-ൽ 7.65 ലക്ഷം ടൺ ആയി. എന്നുപറഞ്ഞാൽ മൂന്നു വർഷത്തെ കുറവ് 1.88 ലക്ഷം ടൺ ആണ്. അപ്പോൾ മൂന്നുകൊല്ലംകൊണ്ട് വിസ്തീർണ്ണം കുറഞ്ഞു, മൂന്നുവർഷംകൊണ്ട് 1.88 ലക്ഷം ടൺ നെല്ലിന്റെ ഉൽപ്പാദനവും കുറഞ്ഞു. ഇനി ഉൽപ്പാദന ക്ഷമതയെടുക്കാം: ഉൽപ്പാദന ക്ഷമത 1995-96-ൽ ഒരു ഹെക്ടറിൽനിന്നും 2023 കിലോഗ്രാമായിരുന്നു ഞങ്ങൾ പോകുന്ന സന്ദർഭത്തിൽ. നിങ്ങളുടെ പരിഷ്കാരങ്ങളൊക്കെ വന്ന കണക്കാണല്ലോ ഇവിടെ പറയുന്നത്? 1996-97-ൽ 2023 എന്നുള്ളത് 2061 ആയി, രണ്ടുകിലോഗ്രാം കുറഞ്ഞു. 1997-98-ൽ അത് നേരെ 1,900 ആയി കുറഞ്ഞു. അപ്പോൾ നെൽക്കൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞു, നെൽക്കൃഷിയുടെ ഉൽപ്പാദനം കുറഞ്ഞു, നെൽക്കൃഷിയുടെ ഉൽപ്പാദനക്ഷമത കുറഞ്ഞു. അപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നെൽക്കൃഷിയുടെ പോക്ക് എങ്ങോട്ടാണ്? നെല്ലിന്റെ സ്ഥിതി എന്താണ്? ഗാട്ട് കരാർ കൊണ്ടല്ലല്ലോ വിസ്തീർണ്ണം കുറഞ്ഞത്? ഗാട്ട് കരാർ കൊണ്ടാണെന്നുള്ള വിശ്വാസം എനിക്കില്ല. കൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞതും ഉൽപ്പാദനം കുറഞ്ഞതും ഉൽപ്പാദനക്ഷമത കുറഞ്ഞതും ഗാട്ട് കരാറിന്റെ കുഴപ്പം കൊണ്ടല്ലല്ലോ? ഇനി നമ്മുടെ പ്രധാനപ്പെട്ട ഉൽപ്പാദനമായ തേങ്ങയുടെ കാര്യമെടുക്കാം: ഇക്കണോമിക് റിവ്യൂ പേജ് 47, 1996-97-ലെ കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് തേങ്ങയുടെ ഉൽപ്പാദനക്ഷമത 5849 നാളികേരമാണ് ഒരു ഹെക്ടറിൽ ഞങ്ങൾ അധികാരത്തിൽനിന്നും പോകുന്ന സമയത്തുള്ളത്. നിങ്ങൾ വന്നതിനുശേഷം 1997-98-ൽ അത് 5793 ആയി കുറഞ്ഞു. ഈ കാലയളവിൽ ദേശീയ ശരാശരി 6887 ആണ്. ഇന്ത്യയിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്ന തേങ്ങയുടെ 45% കേരളത്തിലാണുള്ളത്. ഈ മേഖല തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നാണ് ഇതിന്റെ സൂചന. അതുപറയുമ്പോൾ അതുമായി ബന്ധപ്പെട്ട് മറ്റൊരുകാര്യം ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വന്ന ഒരു കാര്യമാണ്. തെങ്ങുകൃഷിയുടെ സമഗ്രവികസനം കണക്കാക്കിയുള്ള വിവിധ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇത് സ്റ്റേറ്റ് സ്കീമിൽ തുടരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സാമ്പത്തിക വർഷത്തിൽ അതിലേയ്ക്കായി 45 കോടി രൂപ അനുയോജ്യമായ മാർഗ്ഗത്തിലൂടെ അനുവദിച്ചു തരണമെന്നും കമ്മിറ്റി ശുപാർശ ചെയ്യാൻ തീരുമാനിച്ചു. അതു സംബന്ധിച്ച് ഞാനൊരു ചോദ്യം ചോദിച്ചു, ആ ചോദ്യത്തിന് പറയുന്നത് ഒരു രൂപപോലും സംസ്ഥാന ഗവൺമെന്റിൽനിന്നും ഫിനാൻസ് വകുപ്പിൽനിന്നും അനുവദിച്ചുകിട്ടിയില്ല എന്നാണ്. അപ്പോൾ കേന്ദ്രഗവൺമെന്റിന്റെ പദ്ധതി നിർത്തി, സ്റ്റേറ്റ് ഗവൺമെന്റിലാക്കാൻ തീരുമാനിച്ചു, 45 കോടി രൂപ വേണമെന്നുപറഞ്ഞു. എന്നാൽ ഒരു നയാപൈസ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. പിന്നെ തെങ്ങുകൃഷി എങ്ങനെയാണ് നടക്കുന്നത്? ആവശ്യമുള്ള 45 കോടി രൂപയിൽ ഒരു പൈസപോലും സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടില്ല. കേന്ദ്രഗവൺമെന്റ് സ്കീമിന്റെ കാലാവധി അവസാനിക്കുകയും ചെയ്യുന്നു.

ഇനി കുരുമുളകിന്റെ കാര്യമെടുക്കാം: അത് സാമ്പത്തിക സർവേ പേജ് 48-ലാണ്. 1995-96-ൽ കുരുമുളകുകൃഷി ചെയ്തിരുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 1.92 ലക്ഷം ഹെക്ടറായിരുന്നുവെങ്കിൽ 1996-97, 1997-98 ആയപ്പോൾ 1.74 ലക്ഷമായി ചുരുങ്ങി. ഉൽപ്പാദനം 1995-96-ൽ 68.57 ലക്ഷം ടൺ

LIBRARY ARCHIVES Kerala Legislative Assembly

ആയിരുന്നുവെങ്കിൽ 1996-97, 1997-98 ആയപ്പോൾ അത് 58 ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. അപ്പോൾ കുരുമുളകിന്റെ കാര്യത്തിൽ വിസ്തീർണ്ണവും കുറഞ്ഞു, ഉൽപ്പാദനവും കുറഞ്ഞു. തേങ്ങയുടെ കാര്യത്തിലും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞു. നെല്ലിന്റെ കാര്യത്തിൽ വിസ്തീർണ്ണം കുറഞ്ഞു, ഉൽപ്പാദനം കുറഞ്ഞു, ഉൽപ്പാദനക്ഷമതയും കുറഞ്ഞു.

അതുപോലെതന്നെ വിലയുടെ കാര്യം നമുക്കെല്ലാവർക്കുമറിയാം, 10 ലക്ഷത്തോളം കുടുംബം നമ്മുടെ സംസ്ഥാനത്തുള്ളതിൽ 90%-വും ചെറുകിട റബ്ബർ കൃഷിക്കാരാണ്. ഇക്കണോമിക് റിവ്യൂവിലെ പേജ് 43-ൽ പറയുന്നത് 56 രൂപമുതൽ 60 രൂപവരെ 96 മേയ് മാസത്തിൽ ഒരു കിലോഗ്രാമിന് വിലയുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള വിലയാണത്. ഇപ്പോൾ മൂന്നുവർഷം കഴിഞ്ഞു, ഇന്ന് എന്താണ് വില? 30 രൂപ എന്ന് ശരാശരി കൂട്ടാം. അതിന്റെ അർത്ഥമെന്താണ്? ഒരു കിലോഗ്രാം റബ്ബറിന് കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് 30 രൂപ വിലകുറഞ്ഞു എന്നുപറഞ്ഞാൽ കേരളത്തിൽ ആകെ പ്രൊഡക്ഷൻ എത്രയാണ്? 5.42 ലക്ഷം ടൺ ആണ് നമ്മുടെ സംസ്ഥാനത്ത് റബ്ബറിന്റെ പ്രൊഡക്ഷനെന്നു പറഞ്ഞാൽ ഈ വിലത്തകർച്ചയെത്തുടർന്ന് വർഷംതോറും 1500 കോടിയിൽക്കൂടുതൽ തുകയുടെ നഷ്ടമാണ് നമ്മുടെ സംസ്ഥാനത്തെ മൊത്തത്തിലുള്ള സാമ്പത്തിക രംഗത്തെ റബ്ബറിന്റെ വിലത്തകർച്ചയിൽ നിന്നുമുണ്ടായിട്ടുള്ളത്. ഇതു നികത്താൻ ഈ ഗവൺമെന്റ് എന്തു ശ്രമങ്ങളാണ് ചെയ്തത്? കഴിഞ്ഞ നിയമസഭയിൽ അദ്ദേഹം പ്രഖ്യാപിച്ചല്ലോ 50,000 ടൺ റബ്ബർ റബ്കോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ മൂന്ന് ഏജൻസികളെക്കൊണ്ട് ന്യായമായ വിലയ്ക്ക്, ഓപ്പൺ മാർക്കറ്റിലെ വിലയേക്കാൾ കൂടുതൽ വിലയ്ക്ക് സംഭരിച്ചിട്ട് കയറ്റുമതി ചെയ്യാമെന്ന്. ഇന്ന് സ്ഥിതി എന്താണ്? 50,000 ടൺ റബ്ബർ സംഭരിച്ചോ? 50,000 ടൺ കയറ്റുമതി ചെയ്യാൻ കഴിഞ്ഞോ? ഇല്ലെന്നുള്ളതിനെക്കുറിച്ച് തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. രണ്ടു ദിവസം മുമ്പുള്ള കേരളകൗമുദി റിപ്പോർട്ട് വന്നിട്ടുള്ളത്, 'റബ്ബർ വിപണിയിൽ ചരക്കെടുക്കാൻ ആളില്ല, കൃഷിക്കാരും വ്യാപാരികളും വലയുന്നു, വിലനിലാരം വളരെ കുറഞ്ഞിരിക്കുകയാണ്; വിലനിലവാരം ഉയരുമെന്ന് പ്രതീക്ഷിക്കുന്ന ഈ സീസണിൽപ്പോലും വിലതാഴുന്ന പ്രവണതയാണ് കാണുന്നത്' എന്നാണ്. ഈ ദുരവസ്ഥയിൽ മലയോര മേഖലയിലെ റബ്ബർ കൃഷിക്കാർ കടുത്ത പ്രതിസന്ധിയിലാണ്. 50,000 ടൺ റബ്ബർ സംഭരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന സംസ്ഥാന സർക്കാർ സംഭരണം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ സംഭരണ ഏജൻസികളെന്നു പറയാവുന്ന റബ്കോ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ സ്ഥാപനങ്ങൾ റബ്ബർ എടുക്കുന്നതിനുപകരം പരിമിതമായ തോതിൽ അവരുടെ കൈയിലുള്ള റബ്ബർ വിൽക്കുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. ഈ ഏജൻസികളുടെ പക്കൽ 10,000 *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* ടണ്ണോളം റബ്ബറാണ് സ്റ്റോക്കുള്ളത്. അതിന്റെ വിലയെക്കുറിച്ചും പറയുന്നുണ്ട്. ഇപ്പോൾ 26 രൂപ, 28 രൂപ, 29 രൂപ, 30 രൂപ വരെയായി വില താഴ്ന്നാണ് ഇരിക്കുന്നത്. എന്താണ് സ്ഥിതി? കേരളത്തിന്റെ സാമ്പത്തികഘടനയെ ഏറ്റവും സഹായിക്കുന്ന റബ്ബർ മേഖല തകർന്നുതരിപ്പണമായി. ഈ ഗവൺമെന്റ് വളരെയധികം പ്രഖ്യാപനങ്ങൾ നടത്തി, സംഭരിക്കുമെന്ന് പറഞ്ഞത് സംഭരിച്ചില്ല, കയറ്റി അയയ്ക്കുമെന്നു പറഞ്ഞത് കയറ്റി അയയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് റബ്ബർക്കൃഷിക്കാർ വലിയ ബുദ്ധിമുട്ടിലാണ്. അതിന് സംസ്ഥാന സർക്കാരിന്റെ അലംഭാവം ഈ രംഗത്തുണ്ടെന്നുള്ളതാണ് 6.7.1999-ലെ പത്രങ്ങളിൽ വന്ന വാർത്തയുടെ റിപ്പോർട്ടുകൾ. ഏറെ കൊട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഘോഷിച്ച അര ലക്ഷം ടണ്ണിന്റെ റബ്ബർ കയറ്റുമതി വെള്ളത്തിലായി. വിദേശ കമ്പനിയുമായി കരാറിൽ ഒപ്പിടേണ്ട കാലാവധി കഴിഞ്ഞു. ജൂൺ 30 വരെയായിരുന്നു ദീർഘിപ്പിച്ചുകൊടുത്ത കാലാവധി. 15-ന് കരാറിൽ ഒപ്പുവയ്ക്കണമെന്നായിരുന്നു ധാരണ. പിന്നീട് 30 വരെയാക്കിയെങ്കിലും കരാർ ഒപ്പുവയ്ക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മനോരമയിൽ 6.7.1999-നുവന്ന വാർത്തയാണ് ഇവിടെ ഞാൻ ഊന്നൽ കൊടുക്കുന്നത്. ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു, ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിനെക്കൊണ്ട് കഴിയുന്നില്ല. സംഭരിക്കാൻ കഴിയുന്നില്ല, കയറ്റി അയയ്ക്കാൻ കഴിയുന്നില്ല, കരാറിലൊപ്പിടാൻ കഴിയുന്നില്ല, ഒന്നും ചെയ്യുന്നില്ല ഈ ഗവൺമെന്റ്. അതുകൊണ്ടാണ് ഞാൻ ആദ്യം പറഞ്ഞത് വെറുതെ പ്രഖ്യാപനങ്ങളിൽമാത്രം കാര്യങ്ങൾ ഒതുങ്ങിനിൽക്കുന്നുവെന്ന്. 600 കോടി തേങ്ങയാണ് ഒരു വർഷമുണ്ടാകുന്നത്, ഇത് ഗവൺമെന്റ് കണക്കാണ്, ഇക്കണോമിക് റിവ്യൂ പേജ് 46. മൂന്നുവർഷക്കാലംകൊണ്ട് ഒരു തേങ്ങയിൽ വന്ന വ്യത്യാസം രണ്ടുരൂപ. അതിന്റെ അർത്ഥമെന്താണ്? 600 കോടി തേങ്ങയ്ക്ക് ഒരു തേങ്ങയ്ക്ക് രണ്ടുരൂപവച്ച് 1200 കോടിരൂപയാണ് പ്രതിവർഷം നഷ്ടം. അപ്പോൾ റബ്ബറിന്റെ കാര്യത്തിൽ 1500 കോടിരൂപയും തേങ്ങയുടെ കാര്യത്തിൽ 1200 കോടിരൂപയും, അങ്ങനെ 2700 കോടിരൂപ പ്രതിവർഷം തേങ്ങയുടേയും റബ്ബറിന്റെയും വിലയുടെ കാര്യത്തിൽമാത്രം സംസ്ഥാന ഗവൺമെന്റിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ് കഴിഞ്ഞ മൂന്നുവർഷമായിട്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എവിടെച്ചെന്നുനിൽക്കുന്നു? ഇത് ഗൗരവമായി ആലോചിക്കണ്ടേ? ഈ ഗവൺമെന്റിന് അതിൽ ചില ചുമതലകളില്ലേ? നഷ്ടം സഹിച്ചിട്ടാണെങ്കിലും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ താങ്ങിനിർത്തുന്ന രണ്ടു മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഗവൺമെന്റ് ചിലകാര്യങ്ങൾ ചെയ്യണ്ടേ? വെറുതെ പ്രഖ്യാപനങ്ങൾമാത്രം നടത്തിയാൽ മതിയോ? അതുകൊണ്ടാണ് പ്രഖ്യാപനങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുന്നുവെന്ന് ഞാൻ ആദ്യം സൂചിപ്പിച്ചത്.

[3.pm] ഒന്നുരണ്ടു കാര്യങ്ങൾകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കേന്ദ്ര നിക്ഷേപം വർഷംതോറും കുറഞ്ഞുവരുന്നു. അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും വികസനത്തേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. അത് ആർക്കും തർക്കമില്ലാത്ത കാര്യമാണ്. ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് കൂനിൻമേൽക്കുരു എന്നുപറയുന്നതുപോലെ അതോടൊപ്പം ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപം കൂടുന്നുണ്ട്, പക്ഷേ നമ്മുടെ ഇവിടെ പ്രവർത്തിക്കുന്ന ബാങ്കുകൾ കൊടുക്കുന്ന വായ്പയുടെ നിക്ഷേപവായ്പാനുപാതം വളരെ കുറഞ്ഞുവരികയാണ്. പ്രത്യേകിച്ച് കാർഷിക വ്യാവസായിക മേഖലകളിൽ നിക്ഷേപ വായ്പാനുപാതം 60 ശതമാനമാക്കി ഉയർത്തണമെന്നാണ് പ്ലാനിംഗ് ബോർഡിന്റെ ശുപാർശ. പക്ഷേ ബാങ്ക് ദേശസാൽക്കരിച്ച 1969-ൽ അത് 65.8 ശതമാനമായിരുന്നുവെങ്കിൽ വന്നുവന്ന് ഇപ്പോൾ 44 ശതമാനമായി ചുരുങ്ങി. ഇത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് കാർഷിക മേഖലയെയാണെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. തമിഴ്നാട്ടിൽ അത് 91 ശതമാനമുണ്ട്. കർണ്ണാടകത്തിൽ 68 ശതമാനം, ആന്ധ്രയിൽ 76 ശതമാനം; അവിടെയാണ് നമുക്ക് 44 ശതമാനമായത്. ഇതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം, സഹകരണ ഗ്രാമീണ ബാങ്കുകൾ കൊടുക്കുന്ന വായ്പാനുപാതവും കാർഷി

LIBRARY ARCHIVES Kerala Legislative Assembly

കമേഖലയ്ക്കുള്ള പ്രാധാന്യവും ഈ രംഗത്ത് ഓരോ വർഷം കഴിയുംതോറും കുറഞ്ഞുവരുന്നുവെന്നുള്ളതാണ്. ഇതിന് ഗവൺമെന്റിന് ചുമതല ഇല്ലേ? ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതല്ലേ നമ്മുടെ സഹകരണ ഗ്രാമീണ ബാങ്കുകൾ? ഇവരെ വിളിച്ചുകൂട്ടി തകർന്നുകൊണ്ടിരിക്കുന്ന കർഷകരെ സഹായിക്കാൻവേണ്ടി സഹായം ചെയ്യാൻ നടപടികൾ എടുക്കണ്ടേ? അതും ഇവിടെ നടക്കുന്നില്ല. കൃഷിക്കാരെ സഹായിക്കാൻ ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. പ്രഖ്യാപനങ്ങൾ മാത്രമാണുള്ളതെന്ന് വീണ്ടും അടിവരയിട്ട് പറയുവാൻ ആഗ്രഹിക്കുകയാണ്.

ധാരാളം നിർദ്ദേശങ്ങൾ പറയുവാനുണ്ട്, സമയക്കുറവുകൊണ്ട് ഒരു പ്രധാനപ്പെട്ട നിർദ്ദേശം മാത്രം സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കാർഷികമേഖലയും വ്യവസായ മേഖലയുംകൂടി കൂട്ടിയിണക്കിക്കൊണ്ടുപോകുന്ന ഒരു വികസന തന്ത്രമാണ് നമ്മുടെ വികസനത്തിനാവശ്യം. ഇപ്പോൾ ഇതുരണ്ടും പാരലൽ ആയിട്ട് മുമ്പോട്ടു പോകുകയാണ്. അതു തമ്മിൽ ഒരു ബന്ധവുമില്ല. അത് അവസാനിപ്പിക്കണം. രണ്ട്, രണ്ടുവകുപ്പുംകൂടി കൂടിയാലോചിച്ച് ആഗ്രോ-ബേസ്ഡ് ഇൻഡസ്ട്രീസിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു വികസന തന്ത്രം ഈ മേഖലയിൽ ഉണ്ടാകേണ്ടതുണ്ട്. അത് ഈ രാജ്യത്തെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയോജനകരമായിരിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

അതുപോലെ നമ്മുടെ ബഡ്ജറ്റിൽ വൻകിട ജലസേചന പദ്ധതികൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. ചെറുകിട ജലസേചന പദ്ധതികളാണ് കൃഷിക്കാർക്ക് പ്രയോജനമുള്ളത്. ഏറ്റവും കൂടുതൽ പ്രാധാന്യം കാണേണ്ടത് ഇതിനാണ്. പക്ഷേ ചെറുകിട ജലസേചന പദ്ധതികൾക്ക് വൻകിട ജലസേചന പദ്ധതികൾക്കു നീക്കിവച്ചിട്ടുള്ളതിന്റെ പത്തുശതമാനം പോലും നീക്കിവച്ചിട്ടില്ല. ചെറുകിട കൃഷിക്കാരെ സഹായിക്കാൻ ഈ രംഗത്താണ് പ്രാധാന്യം കൊടുക്കേണ്ടത്.

ഇവിടെ യന്ത്രവൽക്കരണ പ്രഖ്യാപനങ്ങൾ നടന്നു. പക്ഷേ ഉഴവുയന്ത്രത്തിനോ മെതിയന്ത്രത്തിനോ വിതയന്ത്രത്തിനോ നടീൽ യന്ത്രത്തിനോ കൊയ്ത്തുയന്ത്രത്തിനോ മരുന്നുതളിയന്ത്രത്തിനോ മൂന്നുവർഷക്കാലംകൊണ്ട് ഈ സംസ്ഥാനത്ത് പൂർണ്ണത കൈവരിക്കുമെന്ന് പ്രഖ്യാപിച്ചിട്ട്, രണ്ടുവർഷക്കാലമായിട്ടും ഒരു ചെറിയ ആരംഭംപോലും തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

ഞാൻ മറ്റുകൂടുതൽ കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമ്പോൾ പഴവർഗ്ഗക്കൃഷി, പുഷ്പക്കൃഷി, മൃഗപരിപാലനം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. മിക്സഡ് ക്രോപ്പ് പ്രോൽസാഹിപ്പിക്കണം. അതുപോലെ ന്യായവില ഉറപ്പുവരുത്തണം. ബയോടെക്നോളജി സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കണം. അല്ലെങ്കിൽ ഈ കാലഘട്ടത്തിലെ മൽസര രംഗത്തു നിന്ന് നമ്മൾ പുറംതള്ളപ്പെട്ടുപ്പോകും.

ഞാൻ അവസാനിപ്പിക്കുകയാണ്. എന്റെ സുഹൃത്ത് ബഹു.കൃഷ്ണൻ കണിയാംപറമ്പിലിനോട്-എന്റെ ഒരു അഭ്യർത്ഥനായിട്ട് സ്വീകരിച്ചാൽ മതി, ഇന്നും അങ്ങ് കുറെ പ്രഖ്യാപനങ്ങൾ നടത്തും, സ്വാഭാവികമായിട്ടും അതിനുള്ള സാദ്ധ്യതകളുണ്ട്. എന്റെ ഒരു വിനീതമായ അഭിപ്രായം ഒരിക്കൽക്കൂടി പറയട്ടെ, പ്രഖ്യാപിച്ച കാര്യങ്ങൾ കുറെയൊക്കെ നടപ്പിലാക്കിയിട്ട് മതി പുതിയ പ്രഖ്യാപനങ്ങൾ. നടപ്പിലാകാത്ത കാര്യങ്ങൾ വെറുതെ പറഞ്ഞിട്ട് എന്താണ് കാര്യം? അതുകൊണ്ട് നടപ്പിലാക്കാൻ കഴിയുന്ത്ര കാര്യങ്ങൾ



LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ച്, വെറുതെ മറ്റുള്ള ആളുകളെ ഒരുമാതിരി മണ്ടൻമാരാക്കുന്ന ഒരു ഏർപ്പാട് അവസാനിപ്പിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ വകുപ്പിൽ ഒരു കാര്യം സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ വെറ്ററിനറി ഡോക്ടർമാരുടെ എണ്ണം കുറവാണ്. എനിക്ക് കിട്ടിയ കണക്കനുസരിച്ച് നൂറ് വെറ്ററിനറി ഡോക്ടർമാർ ഇപ്പോൾ ഇല്ല. നമ്മൾ പാൽ ഉൽപ്പാദനരംഗത്ത് അല്പം മുന്നോട്ടുപോയിട്ടുണ്ട്. പാൽ ഉൽപ്പാദനരംഗത്ത് നാം അൽപ്പം മുൻപോട്ടുപോയത് ഞാൻ പറയുന്ന കാര്യങ്ങൾക്ക് ഒരു പരിഹാരം കണ്ടെത്തിയില്ലെങ്കിൽ നമ്മൾ വീണ്ടും കീഴ്പ്പോട്ട് പോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തെ വെറ്ററിനറി ആശുപത്രികളിൽ നൂറ് വെറ്ററിനറി ഡോക്ടർമാർ ഇല്ല. 821 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ല. അതുപറയുമ്പോൾ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറയും. പി.എസ്.സി.യിൽനിന്നും ഈ അടുത്ത കാലത്തൊന്നും ആളെ കിട്ടാൻ പോകുന്നില്ല. ഞാൻ അവിടെ വിളിച്ച് ചോദിച്ചു, ആപ്ലിക്കേഷൻ സോർട്ട് ചെയ്തിട്ടുപോലുമില്ല. വെറ്ററിനറി ഡോക്ടർമാർ ഇല്ല, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഇല്ല. അതുകൊണ്ട് അതിനു വേണ്ടി തൽക്കാലത്തേയ്ക്ക് കോൺട്രാക്റ്റ് ബേസിസിലെങ്കിലും പെൻഷൻ പറ്റിയ ആൾക്കാരെയെങ്കിലും വച്ചില്ലെങ്കിൽ ഐ.സി.ഡി.പി. സെന്ററുകളുടെയും വെറ്ററിനറി ആശുപത്രികളുടെയും പ്രവർത്തനം നടക്കുകയില്ല. അതുപോലെതന്നെ പ്രത്യേകം കന്നുകുട്ടി പരിപാലന പരിപാടിയും ഈ രംഗത്ത് മുൻപോട്ടു കൊണ്ടുപോയില്ലെങ്കിൽ പ്രതിസന്ധിവരും. നാലഞ്ചുകൊല്ലത്തിനു മുമ്പ് ആരംഭിച്ച ഈ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ പ്രയോജനമാണ് ഇന്നിപ്പോൾ ഈ രംഗത്ത് അനുഭവപ്പെടുന്നത്. അത് നിലനിർത്തുന്ന രീതിയിൽ അതിന് വേണ്ടത്ര സംഖ്യ മാറ്റിവയ്ക്കാൻ ഈ ബഡ്ജറ്റിൽ കഴിഞ്ഞിട്ടില്ല. 30,000 കന്നുകുട്ടികളെയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പരിപാടിയിൽ ചേർത്തിരുന്നതെങ്കിൽ അത് ഇപ്പോൾ 10,000 കിടാക്കൾ മാത്രമേയുള്ളൂ. അഞ്ചുകോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കൂടുതൽ തുക ഇതിനകത്തു വകയിരുത്തണം. 30,000 കിടാക്കളെ ഈ പദ്ധതിയിൽ ചേർത്താൽ മാത്രമേ ഫലപ്രദമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതിന് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടില്ല. പ്രഖ്യാപനങ്ങൾ ഉണ്ട്. പക്ഷേ ബഡ്ജറ്റിൽ ഒരു രൂപപോലും നീക്കിവച്ചിട്ടില്ല. അതുപോലെ ആശുപത്രി കെട്ടിടം പണിയുന്നതിന് ഒരൊറ്റ പൈസ പോലും നീക്കിവച്ചിട്ടില്ല. ജനകീയാസൂത്രണത്തിൽപ്പെടുത്തി അതിന്റെ ഭാഗമായിട്ട് പണിയുവാനാണ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശം. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ആശുപത്രികൾക്കു ഫലപ്രദമായി കെട്ടിടങ്ങൾ പണിയുവാൻ കഴിയുമോ? അപ്പോൾ അതിന് വേറെ പണം കണ്ടെത്തണം. സർ, ഇതിനകത്ത് ഒരപകടം കൂടി ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ശരാശരി അഞ്ചാറു ലിറ്റർ പാലാണ് ഒരു പശുവിൽനിന്നും കിട്ടുന്നത്, അതുപോരാ ഒരു പശുവിൽനിന്നും എട്ട് മുതൽ പത്ത് ലിറ്റർവരെ പാൽ കിട്ടണം. ഒന്നിനുപാതി മാത്രമേ കിട്ടുന്നുള്ളൂ. അതുകൊണ്ട് മന്ത്രി കുറച്ചുകൂടി സന്തുഷ്ടനാകണമെങ്കിൽ വെറ്ററിനറി ഡോക്ടർമാർ വേണം, ഐ.സി.ഡി.പി. സെന്ററുകൾ നല്ല രീതിയിൽ പ്രവർത്തിക്കണം, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ വേണം, ആശുപത്രി കെട്ടിട സൗകര്യങ്ങൾ വേണം, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകണം. ഈ വക കാര്യങ്ങൾ ചെയ്തില്ലെങ്കിൽ വീണ്ടും പഴയ സ്ഥിതിയിലേയ്ക്ക് പോകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുന്നത്: പച്ചക്കറിക്കൃഷിയെക്കുറിച്ച് ധാരാളം പറഞ്ഞു. പച്ചക്കറിക്കൃഷിയിൽ നമ്മൾ സ്വയംപര്യാപ്തത നേടി എന്നാണ് പലരുടേയും അവകാശവാദം. എനിക്ക് കിട്ടിയ ഇൻഫർമേഷൻ തെറ്റാണെങ്കിൽ തിരുത്താൻ തയ്യാറാണ്. ഇവിടെ ഹോർട്ട്ക്രോപ്പിന്റെ ഹരിതസ്റ്റാളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഒരു സംഘടനയുമായി ബന്ധമുള്ളവരിൽനിന്നും കിട്ടിയതാണ്. ഇവിടത്തെ പച്ചക്കറിയുടെ നല്ല ഭാഗവും തമിഴ്നാടിൽനിന്നും വാങ്ങിക്കൊണ്ടുവന്ന് ഹരിതസ്റ്റാളുകളിൽ എത്തിക്കുന്നതാണ്. ഇവിടെയുള്ള ചെറുപ്പക്കാരുടെ സംഘടനയുടെ ഭാരവാഹികളിൽനിന്ന് പത്രസമ്മേളനം നടത്തിയപ്പോൾ അവർ നേരിട്ട് പറഞ്ഞ ഇൻഫർമേഷൻ ആണ്. ഇവിടെ പലരും പ്രസംഗിച്ചു. എന്നാൽ പച്ചക്കറികളിൽ നല്ലൊരു പങ്കും തമിഴ്നാട്ടിൽ നിന്നാണ് വരുന്നത്. അതിന് ഇവിടെ എന്താണ് ഫലം? അവിടെപ്പോയി കച്ചവടക്കാരിൽനിന്നും അഡ്വാൻസ് കൊടുത്ത് അവിടെനിന്നും ഈ പ്രദേശത്ത് വിതരണം ചെയ്യുന്നു. ഏതായാലും ഒരു കാര്യം വ്യക്തമാണല്ലോ; തമിഴ്നാട്ടിൽനിന്നും ലോറികൾ സമരം മൂലം കേരളത്തിൽ വന്നില്ലെങ്കിൽ കേരളത്തിൽ പച്ചക്കറിയില്ല, കോഴിമുട്ടയില്ല, കോഴിയിറച്ചിയില്ല; ഇതിനൊക്കെ ഇവിടെ ക്ഷാമം വരും; ഇതിന് വിലവർദ്ധനവ് വരും. അപ്പോൾ അതിന്റെ അർത്ഥം ഇവിടെ ആവശ്യത്തിന് ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നില്ല. ഇപ്പോഴും നമ്മൾ കർണ്ണാടകത്തിനേയും തമിഴ്നാടിനേയും ആശ്രയിച്ചാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത് എന്നല്ലേ അർത്ഥം? അതുകൊണ്ട് പൊള്ളയായ അവകാശവാദങ്ങൾ മാറ്റിവച്ച് സത്യസന്ധമായ കാര്യങ്ങൾ വിലയിരുത്തി ഒരു കൺസ്ട്രക്റ്റീവ് സമീപനം ഇന്നത്തെ ഡിപ്പാർട്ടുമെന്റുകളിലുണ്ടാകണം, അങ്ങനെ ഇല്ല എന്നുള്ളതുകൊണ്ടും കൃഷിക്കാരെ സഹായിക്കാൻ ആത്മാർത്ഥതയോടെ ഒന്നും ചെയ്യുന്നില്ല എന്നുള്ളതുകൊണ്ടും ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, കേരളത്തിലെ കൃഷിക്കാരിൽ 90%-ഉം ഒരേക്കറിൽ താഴെയുള്ളവരാണെന്ന് ബഹു. സി.എഫ്. തോമസ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. കുറെക്കൂടി ആഴത്തിൽ പരിശോധിച്ചാൽ അതിൽത്തന്നെ ഭൂരിപക്ഷവും 50 സെന്റിൽ താഴെയുള്ളവരാണ്. അവർക്കു കുറച്ചു വരുമാനമൊക്കെ ഉണ്ടാകണമെങ്കിൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയാൽ മാത്രമേ സാധിക്കൂ. കഴിഞ്ഞ വർഷത്തെ സാമ്പത്തിക അവലോകനത്തിലെ കണക്കുകളനുസരിച്ച് നമ്മുടെ ജി.ഡി.പി. യുടെ ഏകദേശം 11% ആണ് ഈ മേഖല സംഭാവന ചെയ്തത്. അതിൽത്തന്നെ രൂപയായിട്ട് കണക്കാക്കിയാൽ കഴിഞ്ഞ വർഷം മൃഗസംരക്ഷണ മേഖലയുടെ ഉൽപ്പാദനംകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് സംഭാവന ചെയ്തത് 4200 കോടി രൂപയാണ്. ഈ 4200 കോടി രൂപയും ചെന്നെത്തുന്നത് 50 സെന്റുകാരൻ, 40 സെന്റുകാരൻ തുടങ്ങി ഏറ്റവും താഴേക്കിടയിൽ ഉള്ളവർക്കാണ്. കഴിഞ്ഞവർഷം മൃഗസംരക്ഷണത്തിനും ഡയറിക്കുംകൂടി 39.9 കോടിരൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്. ചെലവാക്കിയത് 42 കോടി രൂപയാണ്. ഫിനാൻഷ്യലായിട്ട് നോക്കിയാൽ നിയമസഭ പാസ്സാക്കിത്തന്ന തുകയിൽ നിന്നും അൽപ്പം കൂടി കൂടുതൽ ചെലവാക്കി. പണം ചെലവാക്കി എന്നുള്ളത് ദുർവ്യയമല്ല. ബഹു. മെമ്പർ സമ്മതിച്ചതുപോലെ എല്ലാ മേഖലയിലും ഉൽപ്പാദന വർദ്ധനവ് ഉണ്ടായി. പാലുൽപ്പാദനം 25.2 ലക്ഷം ടണ്ണിൽനിന്നും 26.75 ലക്ഷം ടണ്ണായി വർദ്ധിച്ചു. മുട്ട 213 കോടിയിൽനിന്ന് 221 കോടിയായി. മാംസം 1.24 ലക്ഷം ടണ്ണിൽനിന്ന് 1.45 ലക്ഷം ടണ്ണായി. ഇത്രയൊക്കെ ഉൽപ്പാദനം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽപ്പോലും സംസ്ഥാനത്തിന്റെ ആവശ്യത്തിന് ഇതൊന്നും മതിയാകുന്നില്ല. പാൽ, മുട്ട, ഇറച്ചി, കോഴി എല്ലാം പുറത്തുനിന്നും വരുന്നുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടി കഴിഞ്ഞ വർഷം തന്ന പണം ചെലവാക്കിയത് താഴെപ്പറയുന്നവയ്ക്കാണ്. പശുക്കളുടെ വർഗ്ഗോദ്ധാരണത്തിനായി മൂന്നുവർഷംകൊണ്ട് 560 കൃത്രിമ ബീജ സങ്കലനകേന്ദ്രങ്ങൾ പുതിയതായി ആരംഭിച്ചു. 1995-96-ൽ 1027 ഐ.സി.ഡി.പി. സെന്ററുകൾ ഉണ്ടായിരുന്നു. 1997-98-360 ഉം, 1998-99-200 ഉം, അങ്ങനെ 560 ഐ.സി.ഡി.പി. സെന്ററുകൾ ഉണ്ടായി. ബഹു. പി.പി. തങ്കച്ചൻ പറഞ്ഞതുപോലെ ആവശ്യത്തിന് ആളെകിട്ടാൻ വലിയ വിഷമമാണ്. പി.എസ്.സി.ക്ക് എഴുതിയിട്ട് ഇതുവരെ റിക്രൂട്ട്മെന്റ് പ്രോപ്പർ ആയിട്ടില്ല. അതുകൊണ്ട് പെൻഷൻ പറ്റിയവരെ ഉപയോഗിക്കാൻ പറ്റുമോയെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. ഓഫീസുകളെല്ലാം തുറന്നു. ഇതിൽ ഭൂരിഭാഗവും മലബാർ മേഖലകളിലാണ്. കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞതുപോലെ പുതിയ പ്രജനനയം നടപ്പിലാക്കിത്തുടങ്ങി. നമുക്ക് ശരാശരി 10 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കത്തക്കരീതിയിൽ പുതിയ ജനുസ്സുകളെ ഉണ്ടാക്കാനുള്ള നയം അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയും മറ്റും പഠനം നടത്തി ആ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ പുതിയതായി 40,000 കന്നുകുട്ടികളെക്കൂടി ഉൾപ്പെടുത്തി. അതിൽ 1997-98-ൽ 30,000-ഉം 1998-99-ൽ 10,000-ഉം ആണ്. ഈ വർഷത്തെ കണക്ക് പിന്നെ പറയാം. മാളയിൽ പുതിയതായി ഊർജ്ജിത കന്നുകാലി വികസന കേന്ദ്രത്തിന്റെ കീഴിൽ 4 മേഖലാ ബീജാധാന കേന്ദ്രങ്ങളും ആരംഭിക്കും. പുതിയതായി ആറ് ജില്ലാ മൃഗസംരക്ഷണ കേന്ദ്രംകൂടി ആരംഭിക്കും. മൃഗാശുപത്രികൾ ഇല്ലാതിരുന്ന മൂന്ന് മനിസിപ്പാലിറ്റികളിലും മൃഗാശുപത്രികൾ ആരംഭിക്കും. കഴിഞ്ഞ വർഷം പറഞ്ഞതിൽ ഒരെണ്ണംപോലും ഇനി ചെയ്യാനില്ല. കാമധേനു ഇൻഷ്വറൻസ് പദ്ധതി കറവപ്പശുക്കൾക്കും കൂടി നടപ്പിലാക്കി. 28,850 കറവപ്പശുക്കളെയും അവയുടെ ഉടമകളെയും ഉൾപ്പെടുത്തി. അപ്രതീക്ഷിതമായി കുളമ്പുരോഗം വന്നു. 7.1 ലക്ഷം കന്നുകാലികൾക്ക് സൗജന്യ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തി. പശുക്കളൊഴിച്ച് മരണമടഞ്ഞ ആടുമാടുകൾക്ക് നഷ്ടപരിഹാരം നൽകി. അത് മുമ്പ് കൊടുത്തിരുന്നതിനെക്കാൾ ഹയർ റേറ്റിലാണ് കൊടുത്തത്. തൃപ്തികരമാണെന്ന് ഞാൻ പറയുന്നില്ല. ഒരു പശുവിന് 3,000 രൂപ കൊടുത്താൽ അത് ഒരിക്കലും തൃപ്തികരമാകുകയില്ല. ഒരു സമഗ്രമായ ഇൻഷ്വറൻസ് പദ്ധതി ഇല്ലാത്തതുകൊണ്ടാണ് ഈ കുഴപ്പം ഉണ്ടാകുന്നത്. ഡോക്ടർമാരുടെ ഒഴിവ് നികത്താനായിട്ടുള്ള പരിശ്രമം നടത്തുകയാണ്. 262 മൃഗഡോക്ടർമാരെ പി.എസ്.സി. യിൽനിന്ന് സ്ഥിര നിയമനമായും 161 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമിച്ചു. 100 ഒഴിവുകളെന്നാണ് ബഹുമാനപ്പെട്ട തങ്കച്ചൻ പറഞ്ഞത്. ഏകദേശം 250-ൽ കൂടുതൽ ഒഴിവുകൾ ഇനിയും ഫിൽ ചെയ്യേണ്ടതായിട്ടുണ്ട്. പെൻഷൻ പറ്റിയവരുണ്ട്. 140 പുതിയ പ്രാഥമിക ക്ഷീരസംഘങ്ങൾ രൂപീകരിച്ചു. 16 ക്ഷീര വികസന യൂണിറ്റുകൾ സ്ഥാപിച്ചു. പുൽക്കൃഷി ലക്ഷ്യമിട്ടിരുന്ന 13,000 ഹെക്ടറിനുപകരം 13,500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. തെരഞ്ഞെടുത്ത തീരപ്രദേശങ്ങളിൽ ഊർജ്ജിത ക്ഷീരവികസന പദ്ധതി നടപ്പിലാക്കി. ക്ഷീരോല്പാദന നിർമ്മാണ പരിശീലന കേന്ദ്രം കൊല്ലം ജില്ലയിൽ സ്ഥാപിച്ചു. 120 പ്രാഥമിക ക്ഷീര സംഘങ്ങൾക്ക് 25,000 രൂപവച്ച് ഗ്രാന്റ് കൊടുത്തു. ക്ഷീര പരിശീലന കേന്ദ്രങ്ങൾ വഴി 5600 പേർക്ക് പരിശീലനം നൽകി. കർഷക സമ്പർക്ക പരിപാടിയിൽ 54,000 കർഷകർക്ക് വിജ്ഞാനവ്യാപനം നടത്തി. പാൽവില ഒരു രൂപ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിയതിൽ ലിറ്ററിന് 10 രൂപയെങ്കിലും കൃഷിക്കാർക്ക് കൊടുക്കണമെന്നുള്ള വ്യവസ്ഥയിൽ അതിന്റെ ചാർട്ട് പുതുക്കി നിശ്ചയിച്ചു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മിൽമയ്ക്ക് ഒരു കോടി രൂപ സഹായം നൽകി. കേരള ഫീഡ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ചു. ആദ്യം 150 ടണ്ണായിരുന്നു. ഇപ്പോൾ രണ്ടാം ഷിഫ്റ്റ് പ്രവർത്തനം ആരംഭിച്ചു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ പ്രൊഡക്ഷന്റെ കാര്യത്തിൽ സർവ്വകാല റിക്കോർഡ് ആയി. 1998-99-ൽ 251 ലക്ഷം രൂപയുടെ വില്പനയാണ് നടന്നത്. ഈ വർഷം ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ യഥാക്രമം 28 ലക്ഷവും 32 ലക്ഷവും 33 ലക്ഷവും പ്രൊഡക്ഷനായി. പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നഷ്ടം കുറച്ചുകൊണ്ടുവന്നു. 1997-98-ൽ 26.6 ലക്ഷം രൂപ നഷ്ടം, 1998-99-ൽ അത് 18.62 ലക്ഷം രൂപയായി കുറയ്ക്കാൻ കഴിഞ്ഞു. (1996-97-ൽ 57 ലക്ഷം രൂപ നഷ്ടമായിരുന്നു.) അങ്ങനെ അതും ഇംപ്രൂവ് ചെയ്തുവരികയാണ്. മലപ്പുറം ജില്ലയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കുവേണ്ടി ഒരു തൊഴിൽ പരിശീലന സഹായപദ്ധതി ആരംഭിച്ചു. 200 ഗുണഭോക്താക്കൾക്ക് കോഴിവളർത്തലിന് സഹായം കൊടുത്തു. ഒരു ഗുണഭോക്താവിന് 150 കോഴിക്കുഞ്ഞുങ്ങളെ വീതമാണ് കൊടുത്തത്. അത് 1000 പേർക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സ്ത്രീകളെ സ്വയം തൊഴിൽരംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് മഹിളാ സഹായ പദ്ധതിയിലൂടെ 1,50,000 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പുത്തൂർ പന്നിവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബഹു. തങ്കച്ചൻ പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്, കഴിഞ്ഞവർഷം ഈ നിയമസഭയിൽ എന്ത് ചെയ്യുമെന്ന് ഞാൻ പ്രസംഗിച്ചത് അക്കമിട്ടിട്ടുണ്ട്. അക്കമിട്ട കാര്യങ്ങൾ ടാർഗെറ്റ് കംപ്ലീറ്റ് ചെയ്തു എന്നുള്ളതാണ് പറഞ്ഞതിന്റെ ചുരുക്കം. നടപ്പുവർഷം എന്തു ചെയ്യാൻപോകുന്നു എന്നുള്ളതിനെ സംബന്ധിച്ച് പറയാമോ ഇല്ലയോ എന്ന് ശ്രീ. ആര്യാടൻ ചോദിക്കുകയുണ്ടായി. ഭരണഘടനാപരമായി, പറയാം. കാരണം ബഡ്ജറ്റിൽ നിയമസഭയോടു തുക ചോദിച്ചാൽ മാത്രം പോരാ, ആ തുക എന്തിനാണ് വിനിയോഗിക്കുന്നത് എന്നുകൂടി പറയണം. അത് കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റാണ്. ഇലക്ഷൻ കമ്മീഷണർക്ക് അതിനെ പ്രതിരോധിക്കാനുള്ള അവകാശമില്ല. അതിൽ കുറ്റമുണ്ടെങ്കിൽ ഞാൻ ഏൽക്കാൻ തയ്യാറാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ പറയുന്നതിൽ യാതൊരു തെറ്റുമില്ല. സഭയിൽ വന്നതാണ്. ബഡ്ജറ്റിൽ പറയാത്ത പ്രഖ്യാപനങ്ങൾ എത്രയോ നടത്താറുണ്ട്. അത്തരത്തിലുള്ള പ്രഖ്യാപനങ്ങളൊന്നും ശരിയല്ല.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : നമ്മൾ തമ്മിൽ പറയുന്നതിൽ ഒരു ചെറിയ ഡിഫറൻസ് ഉണ്ട്. ആ ഡിഫറൻസ് എന്നുപറയുന്നത് ബഡ്ജറ്റിലുള്ള തുക എങ്ങനെ ചെലവാക്കുമെന്ന് നിയമസഭയോട് പറയും. നേരെമറിച്ച് ബഡ്ജറ്റിലില്ലാത്ത വേറെയെന്തെങ്കിലും കാര്യം പറയാൻ പറ്റുകയില്ല. അതുകൊണ്ട് ഈ വർഷം ചെയ്യാൻ പോകുന്നത്, ക്ഷീര വികസന മേഖലയിൽ ഏറ്റവും വലിയ പ്രശ്നം കറവക്കാരുടെ പ്രശ്നമാണ്. അതുകൊണ്ട് 17-ാം തീയതി ഉദ്ഘാടനം വച്ചിരുന്നത് വേണ്ടെന്നുവച്ചു. കറവയന്ത്രം പല ഇൻസ്റ്റിറ്റ്യൂഷനുകളിലും തയ്യാറാക്കി. എല്ലാ സൊസൈറ്റികൾക്കും കറവയന്ത്രം കൊടുത്തിട്ട് ഒരു മോട്ടോർബൈക്ക് എന്തെങ്കിലും കൊണ്ടുവന്ന് അവർ എല്ലായിടത്തുനിന്നും കറന്നുകൊണ്ടുവരികയാണ്. ഇപ്പോൾ പ്രതീക്ഷിക്കുന്നത് 2500 സൊസൈറ്റികളിലെങ്കിലും, അതിൽ കൂടുതൽ ഉണ്ട്, 500 പേർക്കെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ ബൈക്കിൽ പോയി കറക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. കറവക്കാരനെന്നൊന്നും പറയണ്ട, മറ്റ് നല്ല പേരുവല്ലതും കൊടുക്കണം.

മി. സ്പീക്കർ : എന്ത് പേരു കൊടുത്താലും സംഗതി കറവ തന്നെയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ജോലി കുറയും.

ശ്രീ. ഇ ചന്ദ്രശേഖരൻ നായർ : ഇങ്ങനെയൊരു സൗകര്യം വന്നാൽ ജോലി കുറയുമെന്ന് ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലുള്ള ആളുകൾ പറയുന്നത് ശരിയല്ല. കറവക്കാരെ കിട്ടാൻ വലിയ വിഷമമാണ്. കിട്ടിയാൽത്തന്നെ മിക്കവാറും തമിഴ്നാട്ടിൽനിന്നും വരുന്നവരാണ്. 100 പശുക്കളെങ്കിലും കാണും. വെളുപ്പാൻകാലത്ത് 2 മണി മുതൽ കറവ തുടങ്ങും. രണ്ടുമൂന്നു പശുവിനെ കറന്നുകഴിഞ്ഞാൽ പിന്നെ കൈ കഴയ്ക്കും. പിന്നെ, കിട്ടുന്ന പാലേയുള്ളൂ: അതുകൊണ്ട് മിൽക്ക് ടെക്നീഷ്യൻ എന്നു വല്ല പേരും കൊടുത്ത്, അവർ മോട്ടോർ ബൈക്കിൽ പോയി പശുവിനെ കറക്കും. പാലിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. യൂണിവേഴ്സിറ്റി ഒരു പഠനം നടത്തിയിട്ട് ഇ.എസ്.ഐ. ആക്ടിന്റെ ഭേദഗതികൾ തയ്യാറാക്കിയിട്ടുണ്ട്. അത് പഴയ സ്റ്റാൻഡേർഡാണ്. അത് മാറ്റണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് ഓഫ് ഇൻഡ്യയ്ക്ക് അയയ്ക്കുന്നുണ്ട്. പരമ്പരാഗത ക്ഷീര സംഘങ്ങൾ ഉൾപ്പെടെയുള്ള ക്ഷീര സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാനുള്ള തീരുമാനം എടുക്കുന്നുണ്ട്. 100 പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നുണ്ട്. എല്ലാ ബ്ലോക്കുകളിലും പുൽക്കൃഷി ആരംഭിക്കും. മിൽമയ്ക്ക് ഒരു കോടി രൂപ നൽകും. പേവിഷബാധയിൽനിന്നും വിമുക്തമാകാൻ ഹെൽത്ത് സർവീസും അനിമൽ ഹസ്ബൻഡ്രിയും ത്രിതല പഞ്ചായത്തും ചേർന്ന് സമഗ്രമായ പരിപാടി നടപ്പിലാക്കാനായി പ്ലാൻ ചെയ്തിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇൻസെമിനേഷന് പശുവിനെ പിടിച്ചുകൊണ്ട് ആ സ്ഥലം വരെ പോകണം. പലപ്പോഴും ഇൻസെമിനേഷനുള്ള രണ്ടുമൂന്നു പീസുകൾ പോക്കറ്റിട്ടിലിരിക്കും. അത് കുറച്ചു കഴിയുമ്പോൾ ഗുണമില്ലാതാകും. അതുകൊണ്ട് ഇത് ഗുണം കുറയാത്ത തരത്തിൽ ഒരു പ്രത്യേക സംവിധാനത്തിലൂടെ വണ്ടിയിൽ വീടുകളിൽ പോയി ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ നടത്താനുള്ള ഒരു പദ്ധതിയാണ് ഈ വർഷം നടത്താൻ ഉദ്ദേശിക്കുന്നത്. മൃഗാശുപത്രികളില്ലാത്ത 7 പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ ആരംഭിക്കും. അതോടുകൂടി മൃഗാശുപത്രികളില്ലാത്ത പഞ്ചായത്തുകൾ കാണുകയില്ല. ഡോക്ടർമാരുടെ കാര്യം പി.എസ്.സി.ക്ക് എഴുതിയിട്ടുണ്ട്. കിട്ടുകയില്ലെങ്കിൽ റിട്ടയർഡ് കേസ്സുകൾ ഉണ്ടെങ്കിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ.സി. ജോസഫ് : സർ, കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി നമ്മുടെ സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതിയിലൂടെ വ്യാപകമായി ആടും കോഴിയും കൊടുത്തതായി ആക്ഷേപമുണ്ട്. ആക്ഷേപമല്ല വസ്തുതയാണ്. അതിന്റെ ഫലമായി പാലുൽപ്പാദനരംഗത്തും മാംസം ഉൽപ്പാദനരംഗത്തും എന്തെങ്കിലും ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വല്ല കണക്കും നിങ്ങളുടെ വകുപ്പിൽ ഉണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിന്റെ റിസൾട്ട് പ്രോപ്പറായിട്ട് അസ്സസ് ചെയ്തു കഴിഞ്ഞിട്ടില്ല. ഏതായാലും എല്ലാം കുഴപ്പമുള്ളതല്ല. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടത്, നമ്മുടെ ത്രിതല പഞ്ചായത്തുകൾ ഒരു കാര്യം മനസ്സിലാക്കി, 10-ഉം 20-ഉം സെന്റ് ഭൂമിയുള്ള കൃഷിക്കാരെ രക്ഷിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ ഏറ്റവും നല്ലത് കന്നുകാലി വളർത്തലോ കോഴി വളർത്തലോ ഒക്കെ ആണെന്നുള്ളതാണ്. പക്ഷേ അതിൽ നമ്മുടെ പ്രായോഗിക തലത്തിൽ പല പ്രശ്നങ്ങളും ഉണ്ടായിക്കാണും. ഏതായാലും ചിലയിടത്ത് ചില കുഴപ്പങ്ങൾ ഉണ്ടായി എന്നുള്ളതുകൊണ്ട് അവിടെ ഒരു നെഗറ്റീവ് അപ്രോച്ച് എടുക്കേണ്ട കാര്യമില്ല. ഇത് പ്രോത്സാഹിപ്പിച്ച്, വല്ല കുഴപ്പങ്ങളും അപാകതകളും ഉണ്ടെങ്കിൽ അത് നന്നാക്കിക്കൊണ്ട് പഞ്ചായത്തുകളെക്കൊണ്ട് കാര്യക്ഷമമായി ഇത് നടത്തിപ്പിക്കുകയാണ് വേണ്ടത്. ഇപ്പോൾ കേരളത്തെ കാലിരോഗ വിമുക്തമാക്കുന്നതിന് 12 കോടി രൂപ ചെലവാക്കി കണ്ടിന്യൂവസ് ആയിട്ടുള്ള ഒരു കുത്തിവയ്പ് നടത്തുന്നതിനുള്ള സ്കീം നടപ്പിലാക്കി വരുന്നുണ്ട്. പുതുതായി 200 ഐ.സി.ഡി.പി. സെന്ററുകൾ സ്ഥാപിക്കുന്നുണ്ട്. അതും മലബാർ മേഖലയിലാണ്. 600 എണ്ണത്തിൽ കൂടുതൽ അവിടെയാണ് നടപ്പിലാക്കുന്നത്. കാരണം, മലബാർ മേഖലയിൽ 6.5 ലിറ്റർ പാൽ കിട്ടുമ്പോൾ (ഇവിടെ ഇപ്പോഴും വളരെ കുറവാണ്; ഇവിടെ 35% മാത്രമേ സങ്കര വർഗ്ഗം ഉള്ളൂ.) അത് 7.5 ലിറ്റർ ആക്കാനാണ് ശ്രമം നടക്കുന്നത്. ആധുനിക കാലിത്തീറ്റ പരിശോധന ലാബോറട്ടറി സ്ഥാപിക്കും. കാമധേനു ഇൻഷ്വറൻസ് പദ്ധതിയിൽ നാലു ലക്ഷം കറവപ്പശുക്കളെക്കൂടി ഈ വർഷം ഉൾപ്പെടുത്തും. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ ഈ വർഷവും 10,000 കുട്ടികളെ സഹായം നൽകും. പാലോട് ഇൻസ്റ്റിട്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് സെന്ററിന്റെ പുതിയ ലാബോറട്ടറിയുടെ പണി പൂർത്തിയായിക്കഴിഞ്ഞു. അത് ദേശീയ നിലവാരമുള്ള ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും. ഈ വർഷം പുതുതായി 20 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യും. നിരടം താറാവുവളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തി 1.50 ലക്ഷം താറാവുക്കുഞ്ഞുങ്ങളെ വിതരണം ചെയ്യും. പുതുതായിട്ട് 6000 പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യും. പാറശ്ശാല ആടു വളർത്തൽ കേന്ദ്രം ഉടൻ തന്നെ വികസിപ്പിച്ച് നടപ്പിലാക്കും.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : കന്നുകുട്ടി പിരപാലനം പുതുതായിട്ട് ആരംഭിക്കുമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ നഗര സഭകളിലെ ആനുകൂല്യങ്ങൾ കർഷകർക്കു ലഭിക്കുന്നില്ല. അതുകൊണ്ട് നഗരസഭകളിലെ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : പരിശോധിക്കുന്നതാണ്. ഈ ഗവൺമെന്റ് ചെയ്യുന്നതു കൂടാതെ പഞ്ചായത്തുകൂടി ഇതിനെ സഹായിക്കുന്നുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് മൂന്നുകോടി രൂപ അവരുടെ ഫണ്ടിൽ നിന്നും നീക്കിവച്ച് കന്നുകുട്ടി പരിപാലനത്തിനുവേണ്ടി ഒരു സ്കീം ഉണ്ടാക്കി. അങ്ങനെ പല ജില്ലാ പഞ്ചായത്തുകളും കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിന് പണം കൊടുത്തു. മുനിസിപ്പാലിറ്റിയിൽ വ്യാപകമാക്കുന്നതിനെക്കുറിച്ച് എന്റെ ശ്രദ്ധയിൽ ഇപ്പോഴാണ് കൊണ്ടുവന്നത്. അത് പരിശോധിച്ചിട്ട് അതിനുള്ള പരിഹാരം കാണാം.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : വസന്ത രോഗംമൂലം താറാവുകൾ നശിക്കുന്നു. അതിന് ഇൻഷ്വറൻസ് ആനുകൂല്യം ഇല്ലാത്തതുകൊണ്ട് താറാവുക്യഷിയിൽ ഏർപ്പെട്ടിട്ടുള്ള കൃഷിക്കാർ വളരെ ബുദ്ധിമുട്ടിലായിട്ടുള്ള സംഭവങ്ങൾ നിരവധിയാണ്. അതുകൊണ്ട് താറാവുക്യഷിക്കാരുടെ താറാവിന് ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻനായർ</u> : ഇൻഷ്വറൻസുകാരുമായി സംസാരിച്ചു. അവർ പറയുന്ന വിഷയം ഒന്ന് മനസ്സിലാക്കണം. ഇവിടെയിരിക്കുന്ന താറാവു

LIBRARY ARCHIVES Kerala Legislative Assembly

കൾ ഇൻഷർ ചെയ്തു കഴിഞ്ഞാൽ പിന്നെ അത് അവിടെ നിൽക്കില്ല. അവർ പറയുന്നത് അവർക്ക് പുറകെ പോയി കണ്ടുപിടിക്കാൻ ഒക്കില്ല എന്നാണ്. അതിൽ ഒരു സൊലൂഷൻ ഉണ്ടാക്കിക്കൊടുക്കാൻ നമുക്ക് കഴിഞ്ഞാൽ അതിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ കേരളത്തിലെ സാധാരണക്കാരായ ചില ആളുകൾ, 20 സെന്റും 50 സെന്റും ഒക്കെയുള്ള ആളുകളുണ്ട്. ശ്രീ. രാജേന്ദ്രൻ പറഞ്ഞതുപോലെ സെക്കണ്ടറി ഓക്കുപ്പേഷൻ അല്ല, പ്രിൻസിപ്പൽ ഓക്കുപ്പേഷൻ ആയി മൃഗസംരക്ഷണ പ്രവർത്തനം വന്നുകൊണ്ടിരിക്കുകയാണ്. നമ്മൾ അതിൽ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. പ്രിൻസിപ്പൽ ഓക്കുപ്പേഷനായിട്ട് ഒരു കുടുംബത്തിന് അഞ്ഞൂറോ ആയിരമോ രൂപ ഈ മേഖലയിൽനിന്നും ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ലക്ഷ്യം ഇട്ടുകൊണ്ടാണ് ഈ പ്രവർത്തനങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. തീർച്ചയായിട്ടും ത്രിതല പഞ്ചായത്തുകൾ അതിൽ വളരെ താൽപ്പര്യം എടുക്കുന്നുണ്ട്. എനിക്കുമുമ്പ് ആരോ ഇവിടെ സംസാരിച്ചതുപോലെ കഴിഞ്ഞ വർഷത്തെ എക്സ്പെന്റിച്ചർ എന്നു പറയുന്നത് കണക്കനുസരിച്ച് 100 കോടിയിലധികമാണ് ഞങ്ങളുടെ കയ്യിൽ കിട്ടിയത്. ഏതായാലും അവരുടേയുംകൂടി പൂർണ്ണ സഹകരണത്തോടുകൂടി നമുക്ക് ഈ മേഖലയെ ശക്തവും സമ്പുഷ്ടവുമാക്കാൻ സാധിക്കുമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷിവകുപ്പിന്റെ ചർച്ചയിൽ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പങ്കെടുത്ത എന്റെ ബഹുമാന്യരായിട്ടുള്ള സുഹൃത്തുക്കൾ, പ്രത്യേകിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിച്ച എല്ലാവരേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ശ്രീ. പി.പി. തങ്കച്ചനോട് ഒരു സംശയം: അങ്ങ് വായിച്ച സബ്ജക്ടു കമ്മിറ്റി ഏതാണ്? ഏതു വർഷത്തേതാണ് അങ്ങയുടെ കൈയിൽ ഉള്ളത്?

ശ്രീ. പി.പി. തങ്കച്ചൻ : പേജ് നമ്പർ 56 ആണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സബ്ജക്ടുകമ്മിറ്റിയിൽ 56 പേജ് ഉണ്ടാകുകയില്ലല്ലോ. അങ്ങ് ചെയർമാൻ ആയി ഇരുന്നിട്ടുള്ള ആൾ അല്ലേ?

ശ്രീ. പി.പി. തങ്കച്ചൻ : സബ്ജക്ട് കമ്മിറ്റി - I പീരിയോഡിക്കൽ റിപ്പോർട്ട് മാർച്ച് 1998 ആണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അത് രണ്ടും രണ്ടാണ്. സബ്ജക്ടു കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ കൈവശം ഇരിക്കുന്നതാണ്. അദ്ദേഹം പറഞ്ഞത് കഴിഞ്ഞ സാമ്പത്തിക വർഷം 19.39 കോടി രൂപ തെങ്ങുക്കൃഷി വികസനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട് എന്നാണ്. അങ്ങ് വായിച്ചത് ഈ ഗവൺമെന്റ് വന്ന് ആദ്യത്തെ സാമ്പത്തിക വർഷത്തിൽ തെങ്ങുക്കൃഷിയുടെ വികസനത്തിനായിട്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്ന പ്രശ്നമാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സ്റ്റേറ്റ് ഗവൺമെന്റ് തെങ്ങുക്കൃഷിയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. അത് ഞാൻ സൂചിപ്പിച്ചുവെന്ന് മാത്രം. അങ്ങ് സബ്ജക്ടു കമ്മിറ്റിയുടെ റിപ്പോർട്ടല്ല വായിച്ചത്. സർ, ശ്രീ. പി.പി. തങ്കച്ചൻ അദ്ദേഹത്തിന്റെ ചർച്ചയിൽ കഴിഞ്ഞ ധനാഭ്യർത്ഥനാവേളയിൽ ഗവൺമെന്റിനുവേണ്ടി നടത്തിയ ചില പ്രഖ്യാപനങ്ങളെക്കുറിച്ചു പറഞ്ഞു. ആ പ്രഖ്യാപനങ്ങളിൽ മിക്കവാറും ഈ സംസ്ഥാനത്ത് നടപ്പാക്കി. ഞാൻ ഒന്നുകൂടി പറയാം, മൂന്ന് റൈസ് മില്ലുകൾ ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു, അത് സ്ഥാപിക്കുന്നതിനുവേണ്ടിയിട്ടുള്ള ശിലാസ്ഥാപനം നടന്നു അതിന്റെ നിർമ്മാണ പ്രവർത്തനത്തിലാണ്. അടിത്തറ കെട്ടിയിട്ടു വേണ്ടേ

LIBRARY ARCHIVES Kerala Legislative Assembly

അത് കെട്ടിപൊക്കാനായിട്ട്? അതിന്റെ എല്ലാ നടപടികളും സ്വീകരിച്ചു, അതിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഇരിക്കുകയാണ്. കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചയിൽ കശുമാവ്ക്കൃഷി വികസന ഏജൻസി രൂപീകരിക്കുമെന്ന് ഈ സഭയിൽ പറഞ്ഞതാണ്. അത് രൂപീകരിച്ചു. അതിന്റെ പ്രവർത്തനം ആരംഭിച്ചു. അതിന്റെ യോഗം ചേർന്ന് മലബാർ പ്രദേശത്ത് കഴിഞ്ഞ കാലത്തു കശുമാവിന് ഉണക്കം ബാധിച്ചതിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി, ഉണക്കംബാധിച്ച ശിഖരങ്ങൾ വെട്ടിമാറ്റാനും മരുന്നുതളിക്കുന്നതിനും വരുന്ന ചെലവിന്റെ 50% സർക്കാർ കൊടുക്കാനായിട്ട് തീരുമാനിച്ചു; ആ ഏജൻസി അതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കഴിഞ്ഞ ധനാഭ്യർത്ഥനയുടെ വേളയിൽ പറഞ്ഞ മറ്റൊരു കാര്യമാണ് നമ്മുടെ പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനെ സംബന്ധിച്ച് അതിനാവശ്യമായിട്ടുള്ള ചില പരിപാടികൾ സ്വീകരിക്കും എന്നുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ അദ്ദേഹവും കൃഷിവകുപ്പുമന്ത്രിയായിരുന്ന ആളാണ്. ഞാൻ അദ്ദേഹത്തെ വിമർശിക്കില്ല. അദ്ദേഹത്തെ അന്നും വിമർശിച്ചിട്ടില്ല., കാരണം നാലു വർഷം അദ്ദേഹം ഈ സഭാ നാഥനായിട്ട് അങ്ങ് ഇരിക്കുന്നിടത്തിരുന്ന് നമ്മളെ എല്ലാവരെയും നയിച്ച ആളാണ്. അതുകൊണ്ട് അദ്ദേഹം ഒരു വർഷം വിമർശനം ഒന്നും ഏറ്റില്ല. അദ്ദേഹം കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പച്ചക്കറിക്കൃഷി വികസിപ്പിക്കാൻവേണ്ടി ഒന്നും ചെയ്തില്ല, ആ കുറ്റബോധം അദ്ദേഹത്തിനുണ്ടാകും, എനിക്കുറപ്പുണ്ട്. പക്ഷേ ഈ ഗവൺമെന്റ് വന്നുകഴിഞ്ഞ് മൂന്നുകൊല്ലത്തിനിടയിൽ പച്ചക്കറിക്കൃഷി രംഗത്ത് നല്ലപോലെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ആയിരം ഹരിതസംഘങ്ങൾ രൂപീകരിക്കുമെന്നാണ് ഞാൻ ഈ നിയമസഭയിൽ പറഞ്ഞത്. 1102 ഹരിത സംഘങ്ങൾ രൂപീകരിച്ചു, 57,000 കൃഷിക്കാർ അതിൽ അംഗങ്ങളാണ്. 140 അസംബ്ലി മണ്ഡലങ്ങളിലും ഹരിതസംഘങ്ങളുണ്ട്. ബഹുമാനപ്പെട്ട ശ്രീ. പി.പി. തങ്കച്ചേട്ടന്റെ മണ്ഡലത്തിലും ഉണ്ട്. അദ്ദേഹം ഒന്ന് പോയി അറിഞ്ഞിരുന്നു എങ്കിൽ ഇങ്ങനെ സംസാരിക്കുമായിരുന്നില്ല. 140 അസംബ്ലി മണ്ഡലത്തിൽ അതുണ്ട്. ഈ വർഷം നവംബർ ഒന്നിനാണ് രണ്ടാംഘട്ടം അവസാനിക്കുന്നത്. 600 കോടി രൂപയുടെ പച്ചക്കറി അധികം ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ് ലക്ഷ്യം. ഈ വർഷം 369 കോടി രൂപയുടെ പച്ചക്കറി അധികം ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു, നവംബർ ഒന്നാകുമ്പോഴേക്കും അവശേഷിക്കുന്ന 600 കോടിയിലേക്ക് നമുക്ക് എത്താൻ കഴിയും. ഇതിന്റെ ഫലമായി 54 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നുള്ളതായിരുന്നു നാം ലക്ഷ്യമിട്ടിരുന്നത്. ആ 54 ലക്ഷം തൊഴിൽ ദിനങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കാൻ കഴിയുമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ഉറച്ച വിശ്വാസം. ആയിരം സ്കൂളുകളിൽ പച്ചക്കറിക്കൃഷി ആരംഭിക്കണമെന്നാണ് ഉദ്ദേശിച്ചത്, ഇവിടെ ഞാൻ പ്രഖ്യാപിച്ചതും ആയിരമായിരുന്നു. പക്ഷേ 1022 സ്കൂളുകളിൽ പച്ചക്കറിക്കൃഷി ആരംഭിക്കാൻ കഴിഞ്ഞു. പുതിയ തലമുറയെ കൃഷിയുമായി ബന്ധപ്പടുത്താനായി ഈ ഗവൺമെന്റ് നടത്തുന്ന സജീവമായ ശ്രമത്തിന്റെ ഫലമായിട്ടാണ് ഇത് കഴിഞ്ഞത്. 1022 സ്കൂളുകളിലായിട്ട് 778 മെട്രിക് ടൺ പച്ചക്കറി സ്കൂൾ വിദ്യാർത്ഥികൾ ഉൽപ്പാദിപ്പിച്ചു. അദ്ദേഹം എന്താ അത് മനസ്സിലാക്കാത്തത്, എനിക്ക് സഹതാപമുണ്ട്. ഈ കേരളത്തിൽ ഉൽപ്പാദന മേഖലയിലുണ്ടായ വൻപിച്ച മറ്റൊരു കൂട്ടായ്മയാണ് പച്ചക്കറിക്കൃഷിയുടെ രംഗത്ത് നാം കാണുന്നത്. ഈ സഭയിൽ കഴിഞ്ഞ ധനാഭ്യർത്ഥനാ വേളയിൽ പറഞ്ഞ കാര്യങ്ങൾ ആ രംഗത്തും പ്രാവർത്തികമാക്കാൻ കഴിഞ്ഞു. ഞാൻ അതിന്റെ വിലവിവരപ്പട്ടികയൊന്നും പറയുന്നില്ല. അദ്ദേഹം കൃഷിവകുപ്പുമന്ത്രിയായിരുന്ന



LIBRARY ARCHIVES Kerala Legislative Assembly

കാലത്തെ പച്ചക്കറിയുടെ വിലയും, ഇപ്പോഴത്തെ വിലയും ഒരു താരതമ്യ പഠനം നടത്തണമെങ്കിൽ ഞാൻ അദ്ദേഹത്തിന് അവസരം കൊടുക്കാം. കേരളത്തിൽ ഇന്ന് സർവ്വസാധാരണമായിട്ട് നല്ല ഇനം പച്ചക്കറി കിട്ടുന്നുണ്ട്. അതിൽ നല്ല പങ്കും കേരള സംസ്ഥാനത്തിലെ ഹരിത സംഘങ്ങളും കൃഷിക്കാരും ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളാണ് മാർക്കറ്റിൽ വരുന്നത്. അതിന്റെ ഫലമായി കഴിഞ്ഞ 15 വർഷത്തിനിടയ്ക്ക് ഇത്രയും കുറഞ്ഞ വിലയ്ക്ക് ഇത്രയും മെച്ചപ്പെട്ട പച്ചക്കറി ഇനങ്ങൾ മുമ്പൊരിക്കലും ലഭിച്ചിട്ടില്ല.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, നമ്മുടെ നാട്ടിൽ പച്ചക്കറി ഒരുപാട് ഉൽപ്പാദിപ്പിച്ചു എന്നാണ് അങ്ങ് പറയുന്നത്. ഞാൻ പച്ചക്കറി ഹോൾസെയിൽ കച്ചവടം നടത്തുന്ന ഒരാളിന്റെ അനുജനാണ്. നേരത്തെ പലരും പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഇതര സംസ്ഥാനങ്ങളിൽനിന്ന് പച്ചക്കറി ഇപ്പോൾ കേരളത്തിൽ കൊണ്ടുവരേണ്ട ആവശ്യമില്ല എന്ന്. ഞാൻ ഇത് തർക്കിക്കാൻവേണ്ടി പറയുന്നതല്ല, മന്ത്രിയുടെ ശ്രദ്ധിയിൽപ്പെടുത്താൻവേണ്ടി പറയുന്നതാണ്. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഇന്നലെവരെ കർണ്ണാടകയിൽനിന്ന് കൊണ്ടുവരുന്ന പച്ചക്കറി, അതേ ക്വാണ്ടിറ്റി പച്ചക്കറി ഇന്നും കണ്ണൂരിൽ കൊണ്ടുവരുന്നു എന്നത് അങ്ങയുടെ സ്ഥിതിവിവര കണക്ക് ശരിയല്ല എന്നു ള്ളതിന് തെളിവല്ലേ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, എന്റെ സുഹൃത്ത് ശ്രീ. സുധാകരൻ പറയുന്നത് ഒരിക്കലും ശരിയല്ല. അദ്ദേഹത്തിന് ഇപ്പോൾ കണ്ണൂർ ജില്ലയിൽ നടക്കുന്ന സംഭവങ്ങൾ ഒന്നും നേരിട്ട് മനസ്സിലാക്കാൻ കഴിയുന്നില്ല. ശ്രീ. ഗോവിന്ദൻ മാഷുടെ മണ്ഡലം കണ്ണൂരാണല്ലോ, ഞങ്ങൾ ഒരുമിച്ച് അവിടെപ്പോയി. കണ്ണൂർ ജില്ലയുടെ ചരിത്രത്തിൽ ഇത്രയും വലിയ കൂട്ടായ്മയിൽ പച്ചക്കറി ഉൽപ്പാദിപ്പിച്ച സ്ഥലം തളിപ്പറമ്പ് അസംബ്ലി മണ്ഡലം ആയിരുന്നു. അത്ഭുതകരമായിട്ടുള്ള ആ വാർത്തകളെങ്കിലും വായിക്കാൻ ശ്രീ. സുധാകരന് കഴിഞ്ഞിരുന്നു എങ്കിൽ ഈ സംശയം അദ്ദേഹം പ്രകടിപ്പിക്കില്ലായിരുന്നു. എന്റെ സുഹൃത്ത് ശ്രീ. മുരളിയുടെ മണ്ഡലത്തിൽ ഞാനും മുരളിയും ഒന്നിച്ചുപോയി. അവിടെയും പച്ചക്കറി ഉൽപ്പാദനത്തിന്റെ കഥയാണ് അവർക്ക് പറയാനുള്ളത്. ബഹുമാന്യനായ ടി.എം.ജേക്കബിന്റെ മണ്ഡലത്തിലും ഞാൻ പോയി, അദ്ദേഹവും ഉണ്ടായിരുന്നു. അവിടത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അവിടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി കയറ്റി അയയ്ക്കുന്നതിനുവേണ്ടിയുള്ള സംവിധാനത്തിന് 50 സെന്റ് സ്ഥലം കൃഷിവകുപ്പിന് സൗജന്യമായി തരാമെന്ന് പറഞ്ഞിരിക്കുകയാണ്, അത് സ്വീകരിച്ചിരിക്കുകയാണ്. ആ പരിപാടിയിൽ പങ്കെടുത്തു, പച്ചക്കറിക്കൃഷിയുടെ നേട്ടങ്ങൾ അവിടെ വിവരിച്ചു, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽത്തന്നെ.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, അങ്ങ് പറഞ്ഞത് ശരിയാണ്, അങ്ങ് കുറേ മണ്ഡലങ്ങളുടെ പേരുപറഞ്ഞു. അങ്ങ് നാട്ടികയിലെ എം.എൽ.എ. യാണെങ്കിലും താമസിക്കുന്നത് തിരുവനന്തപുരത്താണ്. ഇതൊക്കെ പറഞ്ഞത് ശരിയാണെങ്കിൽ, തമിഴ്നാട്ടിൽ കന്യാകുമാരി, നാഗർകോവിൽ പ്രദേശങ്ങളിൽ ബന്തോ, ഹർത്താലോ വന്നാൽ ഈ തിരുവനന്തപുരം നഗരത്തിൽ ഞങ്ങൾക്കാർക്കും പച്ചക്കറി കിട്ടാറില്ല, എന്തുകൊണ്ടാണ്?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ചാല കമ്പോളത്തിൽ മുമ്പ് വന്നിരുന്ന അത്രയും അളവിൽ പച്ചക്കറി തമിഴ്നാട്ടിൽനിന്നും വരുന്നില്ല. പച്ചക്കറിയുടെ വരവിൽ 40%-ത്തോളം കുറവ് സംഭവിച്ചിരിക്കുന്നു. ഇനിയും പത്തിരു

LIBRARY ARCHIVES Kerala Legislative Assembly

പതു മാസം ഈ ഗവൺമെന്റുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ പൂർണ്ണമായും നമ്മുടെ സംസ്ഥാനത്തിനാവശ്യമായ മുഴുവൻ പച്ചക്കറിയും-പതിനേഴര ലക്ഷം ടൺ പച്ചക്കറിയും ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയും, ഈ കുട്ടായ്മ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞാൽ. ത്രിതല പഞ്ചായത്തുകൾ നല്ല സഹായം ഈ രംഗത്ത് ചെയ്യുന്നുണ്ട്, അദ്ദേഹം പറഞ്ഞത് ശരിയാണ്. ഒരു ഹെക്ടർ പച്ചക്കറിക്കൃഷിക്ക് പതിനായിരം രൂപവരെ സബ്സിഡിയായിട്ട് ഗവൺമെന്റ് നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ വളരെയേറെ ആകൃഷ്ടരായിട്ട് ഈ രംഗത്തു കർഷകർ, ചെറുപ്പക്കാർ, വരുന്നുണ്ട്. 1,100 ഹരിത സംഘങ്ങൾ, ആ ഹരിത സംഘങ്ങൾക്ക് നേതൃത്വം കൊടുക്കാനായിട്ട് ഒരു അപ്പെക്സ് സംഘം കൂടി രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന് നടപടികൾ നടന്നുവരികയാണ്. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും ഒന്നൊന്നായി ഇവിടെ ഞാൻ മറുപടി പറയുന്നില്ല, അതിനുമാത്രം സമയം ഇല്ലല്ലോ. അതുകൊണ്ട് അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചു എന്നുമാത്രം. ജൈവ സാങ്കേതിക വിദ്യ നമ്മുടെ കാർഷിക മേഖലയിൽ പ്രയോഗിക്കുന്നതിനാവശ്യമായിട്ട് കഴക്കൂട്ടത്ത് ഒരു ലേബോറട്ടറി നിർമ്മിക്കാൻ ഈ ഗവൺമെന്റ് (എന്റെ മുൻഗാമി പരേതനായ നമ്മുടെയെല്ലാം ആദരണീയനായ, ശ്രീ. വി.കെ. മാജൻ ആരംഭിച്ചതാണ്.) അതിന്റെ എല്ലാ നിർമ്മാണവും പൂർത്തീകരിച്ചു. അതിലേക്ക് ആവശ്യമായിട്ടുള്ള ചില സംവിധാനങ്ങൾ അവിടെ കൊണ്ടുവരുന്നതിനുവേണ്ടി മാത്രം വന്ന ചില താമസമാണ്. ഇലക്ഷൻ പ്രഖ്യാപിച്ചതുകൊണ്ട് നമുക്ക് ഉടനെ ചെയ്യാൻ കഴിയില്ല. ഇലക്ഷൻ കഴിഞ്ഞാൽ ആദ്യമായിട്ട് ഉദ്ഘാടനം ചെയ്യുന്നത് കഴക്കൂട്ടത്തെ ഈ ലബോറട്ടറി ആയിരിക്കും. ടിഷ്യൂകൾച്ചർ ചെയ്ത 10 ലക്ഷം തൈകൾ കർഷകർക്ക് വിതരണം ചെയ്യാനുള്ള എല്ലാ സംവിധാനങ്ങളോടും കൂടിയിട്ടുള്ള സ്ഥാപനമാണ്. അത് കേരളത്തിന് എന്നും അഭിമാനിക്കാൻ വകനൽകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമ്മാനം ആയിരിക്കും. വേണമെങ്കിൽ അങ്ങേക്ക് പോയി നോക്കാം, നമുക്ക് ഒരുമിച്ച് പോയി നോക്കാം, ഞാൻ അങ്ങയെ ക്ഷണിക്കുകയാണ്. നമുക്ക് ഒരുമിച്ച് പോയി നാളെ നോക്കാം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഹു. തങ്കച്ചൻ സംസാരിക്കുമ്പോൾ നെൽക്കൃഷിയുടെ ഏരിയ കുറഞ്ഞു, അതിനെക്കാൾ പ്രൊഡക്ഷൻ കുറഞ്ഞു, അതിനെക്കാൾ പ്രധാനം-പ്രൊഡക്ടിവിറ്റി കുറഞ്ഞു, അതുപോലെ തെങ്ങിന്റെ പ്രൊഡക്ടിവിറ്റി കുറഞ്ഞു എന്നൊക്കെ പറഞ്ഞു.

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. അതിലേയ്ക്ക് വരാൻ ചില സാഹചര്യങ്ങളൊരുക്കണ്ടേ? അദ്ദേഹം പറഞ്ഞതിന് മറുപടി പറയാതിരിക്കാൻ കഴിയുമോ? കഴിഞ്ഞ ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ നെല്ല് സംഭരണത്തെക്കുറിച്ച് ഞാൻ പറഞ്ഞു. ശ്രീ. സി.എഫ്. തോമസും ഇന്ന് കാലത്ത് സംസാരിച്ചപ്പോൾ ചോദിക്കുകയുണ്ടായി. 1998-99 സാമ്പത്തികവർഷത്തെ മുണ്ടകൻ പുഞ്ചയിൽ ആലപ്പുഴയിൽ 1,23,865 ക്വിന്റൽ നെല്ല് ശേഖരിച്ചു. കോട്ടയത്ത് 2.39,250 ക്വിന്റൽ നെല്ല് ശേഖരിച്ചു. തൃശ്ശൂരിൽ 1,28,557 ക്വിന്റൽ നെല്ല് ശേഖരിച്ചു. പാലക്കാട് 2,21,551 ക്വിന്റൽ നെല്ല് ശേഖരിച്ചു. നെല്ല് ശേഖരിക്കാനുള്ള നടപടി മുമ്പ് ഒരിക്കലും സ്വീകരിച്ചിട്ടില്ലാത്തതുപോലെ ഈ ഗവണ്മെന്റ് അതിന് ആവശ്യമായ സംവിധാനങ്ങളുണ്ടാക്കി വെയർഹൗസിംഗ് കോർപ്പറേഷനെക്കൊണ്ടും സഹകരണസംഘങ്ങളെക്കൊണ്ടും നെല്ല് ശേഖരിക്കാനുള്ള സംവിധാനമാണ് സ്വീകരിച്ചത്. അത്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ പറഞ്ഞതാണ്. ഞാൻ നടന്ന കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ. കുട്ടനാട് മടവീഴ്ച സംഭവിച്ചാൽ നഷ്ടപരിഹാരം കൊടുക്കുന്നത് വളരെക്കാലത്തിനുശേഷം കഴിഞ്ഞവർഷം ആദ്യമായിട്ടാണ് കൊടുക്കുന്നത്. അവിടെ 114 പാടശേഖരങ്ങളിലേയ്ക്ക്, അവർക്ക് സംഭവിച്ച മടവീഴ്ചയുടെ നഷ്ടപരിഹാരം 50 ശതമാനമേ കൊടുത്തിട്ടുള്ളൂ. 50 ശതമാനം ഇനി കൊടുക്കണം. ബഹു. വ്യവസായ വകുപ്പുമന്ത്രിയുണ്ടായിരുന്നു ഡോ. കെ.സി. ജോസഫ് ഉണ്ടായിരുന്നു, ഞാൻ ഉണ്ടായിരുന്നു, പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും എല്ലാം അനുകൂലിക്കുന്ന കർഷക സംഘടനകളുടെ നേതാക്കന്മാരുണ്ടായിരുന്നു. കുറേ വർഷങ്ങൾക്കു ശേഷം ആദ്യമായിട്ടാണ് കൊടുത്തത്. അങ്ങനെയൊരു നിലപാട് ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. പി.പി. തങ്കച്ചൻ പറഞ്ഞതിലേക്ക് ഞാൻ വരാം. എന്റെ കയ്യിൽ ചില കണക്കുകളുണ്ട്. ഞാൻ ആ പ്രശ്നങ്ങൾ പ്രതിപാദിക്കുന്നതിന് മുമ്പായിട്ട് ഒരുകാര്യംകൂടി പറയട്ടെ. കഴിഞ്ഞവർഷം ഞാൻ ഇവിടെ പറഞ്ഞതാണ്. കുട്ടനാട്-തൃശ്ശൂർ ജില്ലകളിലായിട്ട് 65,740 കർഷകരുടെ കടബാദ്ധ്യത, കെ.എൽ.ഡി.സി.ക്ക് ഗവണ്മെന്റ് ഗ്യാരന്റി നൽകി ബാങ്കിൽനിന്ന് വായ്പയെടുത്ത് സ്ഥിരം ബണ്ട് നിർമ്മാണത്തിന് ചെലവഴിച്ചിട്ടുള്ളതാണ്. അങ്ങ് കൃഷി വകുപ്പുമന്ത്രിയായിരുന്നപ്പോഴും ഈ കടബാദ്ധ്യതയുണ്ടായിരുന്നു. പക്ഷേ, ഈ ഗവണ്മെന്റ് 44 കോടി രൂപ കൊടുത്ത് 65,140 കർഷകരെ ആ കടബാദ്ധ്യതയിൽനിന്ന് 100 ശതമാനവും മുക്തരാക്കി. നമ്മുടെ കാർഷിക വരുമാനത്തിന്റെ പ്രശ്നത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞല്ലോ. വളരെ പ്രതികൂലമായ സാഹചര്യം കേരളത്തിലുണ്ട് അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് ഉണ്ടാക്കിയ സാഹചര്യമല്ലെന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹത്തിന്റെകൂടി സഹപ്രവർത്തകനായ വയലാർ രവിയുടെ കോൺഗ്രസിന്റെ നയപ്രഖ്യാപനത്തെക്കുറിച്ച് അദ്ദേഹം എഴുതിയ ലേഖനംതന്നെ വായിച്ചാൽ അതിന് മറുപടിയായി. അത് വായിക്കാൻ അസൗകര്യമാണെങ്കിൽ ബഹു. എ.വി. അബ്ദുറഹിമാൻ ഹാജിയുടെ പ്രസംഗം കേട്ടിരുന്നുവെങ്കിൽ അതിന് മറുപടിയാണ്. അതിനൊന്നും ഞാൻ മറുപടി പറയേണ്ട കാര്യമില്ല. ഇങ്ങനെയൊരു സാമ്പത്തികസ്ഥിതി കേരളത്തിന്റെ കാർഷികമേഖലയിൽ, പ്രത്യേകിച്ച് നാണ്യവിളയുടെ മേഖലയിൽ സംഭവിക്കുന്നതിനിടയായിട്ടുള്ള ചില സാമ്പത്തിക കാരണങ്ങളുണ്ട്. അത് ഞാൻ പറയുമ്പോൾ, ഗാട്ട് എന്ന് പറഞ്ഞാൽ അത് അവിടെയുള്ളവർക്ക് ഒരിക്കലും സുഖിക്കുന്നില്ല. അവർക്ക് സുഖിക്കാവുന്ന രീതിയിൽ അതിനെ പറയാൻ കഴിയുമോ? അല്ലെങ്കിൽ പുതിയ സാമ്പത്തികനയം എന്ന് പറഞ്ഞാൽ, ഉദാരവൽക്കരണം, കമ്പോളവൽക്കരണം എന്ന് പറഞ്ഞാൽ അതിന്റെ സ്വകാര്യവൽക്കരണം എന്ന് പറയുമ്പോഴൊക്കെ അവർ പരിഹരിക്കുകയാണ്. അവർക്ക് അതിന്റെ വിപത്ത് ഇനിയും മനസ്സിലായിട്ടില്ല. അതിനൊക്കെ രൂപം കൊടുത്തവർ തന്നെ അതിനെ തള്ളിപ്പറഞ്ഞിട്ട് കാര്യമുണ്ടോ? സാർവ്വദേശീയരംഗത്ത് ഗാട്ടിന് രൂപം കൊടുത്ത സാമ്പത്തികവിദഗ്ദ്ധർ ചേർന്ന് പറഞ്ഞു അത് തെറ്റായിപ്പോയി എന്ന്. എന്നിട്ടും അതിൽ ഒപ്പിട്ടു എന്ന ഒറ്റക്കാരണംകൊണ്ട് ഇത്രയും ശക്തമായി വാശി പിടിക്കാമോ? പ്രതികൂലമായ ഒരു സാഹചര്യത്തിൽ നമ്മുടെ നാണ്യവിളകളുടെ പ്രത്യേക സംരക്ഷണം നമ്മുടെ ആഭ്യന്തര കമ്പോളത്തിൽപ്പോലും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽപ്പോലും ചില മെച്ചപ്പെട്ട സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. 1987-88 സാമ്പത്തികവർഷം നമ്മുടെ സംസ്ഥാനത്തെ കാർഷികമേഖലയിൽ നിന്നുള്ള വരുമാനം 1366.01 കോടിരൂപയായിരുന്നു. 1993-ൽ അത് 1826.06 കോടിരൂപയായിരുന്നു. 1995-96-ൽ അത് 2101.19 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്നു. 1996-97-ൽ സാമ്പത്തിക വർഷത്തിൽ അത് 2070.51 കോടി രൂപ യായി. 1997-98 സാമ്പത്തികവർഷത്തിൽ അത് 2259.07 കോടി രൂപയായി.

ശ്രീ. കെ.എം. മാണി : സർ, അതൊന്ന് ശതമാനത്തിൽ പറയാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ശതമാനമൊക്കെ കെ.എം. മാണിസാറിന് അറിയാമല്ലോ. ആദ്യത്തെ മൂന്ന് വർഷങ്ങളിലെ വ്യക്തമായ കണക്ക് പരിശോധിച്ചാൽ കാർഷിക മേഖലയിൽനിന്നുള്ള സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിച്ചിരിക്കുന്നു. 3.15 ശതമാനത്തിൽനിന്ന് 4.01 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. ഈ പ്രതികൂലമായ സാഹചര്യത്തിൽപോലും കേരള ത്തിന്റെ കാർഷികമേഖലയിൽനിന്ന് സംസ്ഥാനത്തിന്റെ സാമ്പത്തികവരുമാനം വർദ്ധിപ്പിക്കുന്നതിന് ഇടതുപക്ഷമുന്നണി ഗവണ്മെന്റിന് കഴിഞ്ഞുവെന്നുള്ളത് വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയും.

സർ, അതുപോലെതന്നെ നെല്ല് ഉല്പാദനത്തെക്കുറിച്ചുള്ള വിദഗ്ദ്ധ സമിതിയുടെ രേഖയിൽനിന്ന് ഓർമ്മക്കുറിപ്പിനുവേണ്ടി ഞാൻ കുറിച്ചുകൊണ്ടു വന്ന കണക്കാണ് ഞാൻ സൂചിപ്പിക്കുന്നത്. നെല്ലിന്റെ ഉല്പാദനം എന്ന് പറ ഞ്ഞാൽ കേരളത്തിലെ 54 ഗ്രാമ വികസന ബ്ലോക്കുകളാണ് നെൽക്കൃഷിക്ക് ഏറ്റവും പ്രാധാന്യമുള്ള പ്രദേശങ്ങൾ. നെൽക്കൃഷിക്ക് ഏറ്റവും പ്രാധാന്യ മുള്ള 54 ഗ്രാമവികസന ബ്ലോക്കുകളെ അടിസ്ഥാനമാക്കി കേരളത്തിലെ ഉന്ന തമായ ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനയിൽനിന്ന് കിട്ടിയ ഒരു റിപ്പോർട്ട് ഞാൻ എന്റെ ഓർമ്മക്കുറിപ്പിനുവേണ്ടി കുറിച്ചുവച്ചതാണ് എന്റെ കയ്യിലുള്ളത്. അതിൽ പറയുന്നത് കുട്ടനാട് ഒരു ഹെക്ടറിൽനിന്ന് 2484 കിലോഗ്രാം നെല്ല് ഉല്പാദിപ്പിക്കുന്നു എന്നാണ്. പാലക്കാട് 2727 കിലോഗ്രാം നെല്ലാണ് ഉല്പാദിപ്പിക്കുന്നത്. കോൾ കൃഷി നിലങ്ങളിൽ അത് തൃശ്ശൂർ കോൾ നിലമായാലും ശരി കരിനിലങ്ങൾ അടക്കമുള്ള കോൾനിലങ്ങളിൽ 2667 കിലോഗ്രാമാണ്. സർ, പൊക്കാളി നെൽക്കൃഷിമേഖലയിൽ 2141 കിലോ ഗ്രാമാണ്. അത് സംസ്ഥാനത്തിന്റെ ശരാശരിയായിട്ട് കണക്കാക്കിയാൽ 2547 കിലോഗ്രാമാണ്. അങ്ങനെയാണ് പരിശോധിക്കേണ്ടത്. കേരളത്തിന്റെ സുപ്ര ധാനമായ നെൽക്കൃഷിമേഖലയിൽ കഴിഞ്ഞ മൂന്നുവർഷത്തെ കൂട്ടായ്മ കൊണ്ട് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നുകൂടി പരി ശോധിക്കേണ്ടതുണ്ട്. അത് പരിശോധിക്കുമ്പോൾ കഴിഞ്ഞിട്ടുണ്ടെന്നുള്ള താണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. അത് ഒരു വലിയ നേട്ടമായിട്ടല്ല ഞാൻ കണക്കാക്കുന്നത്. അദ്ദേഹം ഉദ്ധരിച്ചതുപോലെതന്നെ ഒരു കണക്ക് ഞാൻ ഉദ്ധരിച്ചുവെന്ന് മാത്രമേയുള്ളൂ. മൂന്നുവർഷംകൊണ്ട് ഇവിടെ 10 നെൽക്കൃഷി വികസന ഏജൻസികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 13 കോടിരൂപയാണ് 10 നെൽക്കൃഷി വികസന ഏജൻസികൾക്ക് നെൽക്കൃഷിയിട ങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നൽകി യത്. മുമ്പ് ഒരിക്കലും ഇത്രയും വമ്പിച്ച തുക നൽകിയിട്ടില്ല. അതിന്റെ ചില നേട്ടങ്ങളുണ്ടായിട്ടുണ്ട്. അതാണ് ബഹു. പി. രാജു സംസാരിച്ചപ്പോൾ പൊക്കാളി നെൽക്കൃഷിമേഖലയിൽ ഉണ്ടായിട്ടുള്ള പുതിയ മാറ്റത്തെക്കുറിച്ച് പറഞ്ഞത്. പൊക്കാളി നെൽക്കൃഷി വികസന ഏജൻസി രൂപീകരിച്ച് ചില അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി ചില യന്ത്രസാമഗ്രികൾ വാങ്ങാൻവേ ണ്ടിയും കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയും കർഷകത്തൊഴിലാളി കളെ ആ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയും ചില നടപടികൾ സ്വീകരിച്ചതിന്റെ നേട്ടം പൊക്കാളി മേഖലയിൽ ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തി രിക്കുന്ന അംഗങ്ങൾ അടക്കമുള്ളവരുടെ നിയോജകമണ്ഡലങ്ങളിലാണ് ആ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റം ഉണ്ടായിട്ടുള്ളത്. പൊക്കാളി നെൽക്കൃഷിമേഖലയിൽ ആ കൊയ്ത്തിനു വേണ്ടി സ്ഥിരമായിട്ട് വരുന്ന കർഷകത്തൊഴിലാളികളുടെ കണക്ക് ശേഖരിച്ച് അവർക്ക് ഒരു പ്രത്യേക ബോണസ് കൊടുത്തു. 20 ലക്ഷത്തിലധികം രൂപ യാണ് കർഷകത്തൊഴിലാളികൾക്കുവേണ്ടി ബോണസായി കൊടുത്തത്. കർഷകത്തൊഴിലാളികളുടെ ലഭ്യത അവിടെ പ്രശ്നമായിരുന്നില്ല. നെൽക്കൃ ഷിമേഖലയിൽ അതൊരു പരീക്ഷണസ്ഥിതിയാണ്. കാരണം, ഞാൻ ആ രംഗത്തെ വരുമാനത്തെക്കുറിച്ച് പറയുമ്പോൾ ശരാശരി ഒരേക്കർ നെൽക്കൃഷി യിൽനിന്ന് സംസ്ഥാനത്തിന് കിട്ടുന്ന, കർഷകർക്ക് കിട്ടുന്ന ലാഭമെന്ന് പറയു ന്നത് 1450 രൂപ മാത്രമാണ്.

<u>ശ്രീ. എ. കണാരൻ</u> : സർ, കർഷകത്തൊഴിലാളികൾക്ക് ബോണസ് കൊടുത്തത് ഏത് മാനദണ്ഡം അനുസരിച്ചാണ്?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കൊയ്ത്തിനുവരുന്ന ഓരോ തൊഴിലാളിയും എത്ര ദിവസം ജോലി ചെയ്തുവെന്നതിന്റെ അടിസ്ഥാനത്തി ലാണ് കർഷകത്തൊഴിലാളിക്ക് ബോണസ് നിശ്ചയച്ചിട്ടുള്ളത്.

സർ, നെൽക്കൃഷിയിൽനിന്ന് ഒരേക്കറിന് ലാഭമായി കിട്ടുന്നത് 1480 രൂപ മാത്രമാണ്. എന്നാൽ കവുങ്ങ് കൃഷിയിൽനിന്നോ ഏലക്കൃഷി യിൽനിന്നോ മറ്റു കാർഷികമേഖലയിൽനിന്നോ ഒരേക്കറിന് ഇതിനേക്കാൾ വമ്പിച്ച തോതിൽ കർഷകന് ആദായം കിട്ടും. അപ്പോൾ ഏറ്റവും ചുരുങ്ങിയ ആദായം ലഭിക്കുന്നത് നെൽക്കൃഷിയിൽനിന്നാണ്. അത് ഒരു സത്യമാണ്. അതുകൊണ്ട് നെൽക്കർഷകന് കുറേക്കൂടി സംരക്ഷണം ആവശ്യമാണ്. നെൽക്കർഷകന് കുറേക്കൂടി സംരക്ഷണം ആവശ്യമാണെന്ന് പറയുമ്പോൾ അശാസ്ത്രീയമായ രീതിയിൽ അവർക്ക് സഹായധനം നൽകിയതുകൊണ്ട് കാര്യമായില്ല. ഗവണ്മെന്റ് നെൽക്കൃഷി മേഖലയിൽ എന്തെല്ലാം സൗകര്യങ്ങ ളാണ് ചെയ്യേണ്ടത്. ആ രംഗത്ത് അടിസ്ഥാനപരമായിട്ട് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്നുള്ളതുസംബന്ധിച്ച് പരിശോധിക്കുന്നതിന് ഇന്നത്തെ കാർഷിക സർവ്വകലാശാലയുടെ വൈസ്ചാൻസലർ ചെയർമാനായി ഒരു ഉന്ന താധികാരകമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാ രിന് കിട്ടിയിട്ടുണ്ട്. കഴിഞ്ഞ ദിവസമാണ് അത് ലഭിച്ചത്. അത് മന്ത്രിസഭായോ ഗത്തിൽ തന്നെ പരിശോധിച്ചതിനുശേഷം കേരളത്തിലെ കർഷകസംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ തയ്യാറാണ്. ഈ സഭതന്നെ ചർച്ച ചെയ്യാൻ തയ്യാറാണ്. അതിന് തയ്യാറായിക്കൊണ്ട് നെൽക്കൃഷി മേഖല മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായിട്ടുള്ള സംവിധാനങ്ങൾക്ക് ഗവ ണ്മെന്റ് രൂപം നൽകും. അതിനുവേണ്ടി കഴിഞ്ഞ നിയമസഭയിലും പറഞ്ഞതാ ണ്, ഒരു നെൽക്കൃഷി വികസന ബോർഡ് രൂപികരിക്കുമെന്നുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. വളരെ വൈകാതെതന്നെ കാർഷിക പുതുവർഷം ആരംഭിക്കുന്ന ചിങ്ങം ഒന്നിന് അത് നിലവിൽവരത്തക്ക രീതി യിൽ തീരുമാനം പുറപ്പെടുവിക്കണമെന്നാണ് ഗവണ്മെന്റ് ഇപ്പോൾ ആഗ്രഹി ക്കുന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനവുമായിട്ട് ഇതിന് എന്തെങ്കിലും പ്രശ്നമു ണ്ടെങ്കിൽ ഞങ്ങൾ അതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ആലോചിച്ചിട്ട് അവ സാന തീരുമാനം എടുക്കുന്നതാണ്. അതിന്റെ എല്ലാ കാര്യങ്ങളും തീരുമാനി ച്ചുകഴിഞ്ഞിട്ടുണ്ട്. നെൽക്കൃഷിയെ സംരക്ഷിക്കാനാവശ്യമായ സംവിധാനമട ക്കമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : വിസ്തീർണ്ണത്തെക്കുറിച്ചും ഉല്പാദനത്തെക്കു റിച്ചും ഉൽപാദനക്ഷമതയെക്കുറിച്ചും ഞാൻ ചോദ്യം ചെയ്തത് ഗവണ്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് ബോർഡിന്റെ 1998-ലെ സാമ്പത്തിക അവലോകനമാണ്. കേരള സർക്കാർ ആധികാരികമായി പ്രസിദ്ധീകരിച്ച രേഖയാണ്. പേജ് നമ്പർ 43. അതാണ് ഞാൻ കാട്ട് ചെയ്തത്. ചില കൃഷി വിദഗ്ദ്ധന്മാരുമായി അങ്ങ് ചർച്ച ചെയ്തപ്പോൾതന്ന ഓർമ്മക്കുറിപ്പാണ് അങ്ങ് പറഞ്ഞത്. മേശപ്പുറത്തു വയ്ക്കത്തക്ക രേഖയാണോ അങ്ങ് ഉദ്ധരിച്ചത്? അതൊന്ന് മേശപ്പുറത്ത് വയ്ക്കുമോ? ഞാൻ പറഞ്ഞ ഫിഗർ തെറ്റാണെന്നാണോ അങ്ങ് പറയുന്നത്?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഓർക്കാൻവേണ്ടി ആധികാരികരേഖയിൽനിന്ന് ഒരു കടലാസ്സിൽ കുറിച്ചുകൊണ്ടുവരുന്നതൊക്കെ മേശപ്പുറത്ത് വയ്ക്കണമെന്ന് പറയുന്നത് ശരിയല്ല. ഞാൻ ഇവിടെ ഏതെങ്കിലും ഫയലാണ് ഉദ്ധരിച്ചതെങ്കിൽ തീർച്ചയായും വയ്ക്കേണ്ടതാണ്. ഞാൻ ഏതെങ്കിലും ഒരു റിപ്പോർട്ടിന്റെ ഭാഗമാണ് ഉദ്ധരിച്ചതെങ്കിൽ ഞാൻ അത് മേശപ്പുറത്ത് വയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. നെൽക്കൃഷി വികസന ബോർഡ് രൂപീകരിക്കുന്ന എല്ലാ നടപടികളും പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഉടനെതന്നെ അതിന്റെ പ്രഖ്യാപനമുണ്ടാകും.

സർ, മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഇവിടെ പറഞ്ഞത് റബ്ബറിന്റെ പ്രശ്നമാണ്. റബ്ബറിന്റെ പ്രശ്നത്തിൽ ആത്മാർത്ഥമായ സമീപനം റബ്ബർ കർഷകർക്കുവേണ്ടി സ്വീകരിച്ച ഒരു ഗവണ്മെന്റാണ് ഈ ഗവണ്മെന്റ്. പക്ഷേ നമ്മൾ ആഗ്രഹിച്ച രീതിയിൽ വമ്പിച്ച തോതിൽ ഈ രംഗത്ത് മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞില്ല. അതിന് ഉത്തരവാദി പൂർണ്ണമായിട്ടും ഈ ഗവണ്മെന്റ് മാത്രമല്ല. ഇന്റർനാഷണൽ മാർക്കറ്റിൽ ഇപ്പോൾ ഒരു കിലോഗ്രാം റബ്ബറിന്റെ വില 25 രൂപയാണ്. ഇന്ത്യൻ രൂപയുമായിട്ട് താരതമ്യപ്പെടുത്തുമ്പോൾ വേൾഡ് മാർക്കറ്റിൽ 25 രൂപ മാത്രമാണ്. ഇന്നലെ ഞായറാഴ്ച മാർക്കറ്റുണ്ടായില്ല. മിനിഞ്ഞാന്ന് ശനിയാഴ്ചയായിരുന്നു. മാർക്കറ്റ് ഉണ്ടായിരുന്നു. ഞങ്ങൾ പരിശോധിച്ചപ്പോൾ ആർ.എസ്.എസ്. 4-ന് 34 രൂപയാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ 25 രൂപയാണ്. റബ്ബർ കർഷകർക്ക് ഈ അവസ്ഥയുണ്ടായതിനുള്ള രാഷ്ട്രീയ കാരണങ്ങളും സാമ്പത്തിക കാരണങ്ങളും ഇനി ഞാൻ വിവരിക്കേണ്ട കാര്യമില്ല. അത് അദ്ദേഹത്തിനുതന്നെ അറിയാം. അതിൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കക്ഷിക്കുമുള്ള പങ്ക് ആർക്കും നിഷേധിക്കാൻ കഴിയുകയില്ല.

<u>മി. സ്പീക്കർ</u> : അത് ഇപ്പോൾ കാണാപ്പാഠമാണ്.

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, എല്ലാവർക്കും കാണാപാഠമാണ്. അത് പറയുമ്പോൾ അവർക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല.

സർ, ഗവണ്മെന്റ് 50,000 ടൺ റബ്ബർ ശേഖരിക്കണം, അതിന് 50 പൈസ മാർക്കറ്റ് വിലയേക്കാൾ അധികം കൊടുക്കാൻ സർക്കാർ തയ്യാറാണ്, ഒരു കിലോഗ്രാം റബ്ബർ ശേഖരിക്കുമ്പോൾ വരുന്ന ചെലവിലേയ്ക്ക് 40 പൈസ ഗവണ്മെന്റ് കൊടുക്കാൻ തയ്യാറാണെന്ന് പറഞ്ഞു. റബ്കോ, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയാണ് റബ്ബർ ശേഖരിക്കേണ്ടത്. അവർ അതിനുവേണ്ടി സംവിധാനമുണ്ടാക്കി പ്രതിമാസം അവരുടെ യോഗം വിളിച്ചുചേർക്കുന്നുണ്ട്.

സർ, മാണിസാർ ഇടയ്ക്ക് ഒരു ചോദ്യം ചോദിക്കാൻ പോവുകയല്ലേ, അദ്ദേഹത്തിന്റെ ഒരു നേതാവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ വൈസ്ചെയർമാനാണ്. ശ്രീ. പി.പി. തങ്കച്ചന്റെ സഹപ്രവർത്തകർ അതിന്റെ ചെയർമാനാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതുവരെയായിട്ട് 2800 ടൺ റബ്ബറാണ് ഈ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ശേഖരിച്ചത്. അവർക്ക് ശേഖരിക്കാൻ പണമില്ലെന്ന് പറഞ്ഞു. ക്യാബിനറ്റ് സബ്കമ്മിറ്റിയുണ്ടാക്കാൻ അതിന്റെ മാനേജിംഗ് ഡയറക്ടർ പറഞ്ഞു. ആ കമ്മിറ്റിയോഗത്തിൽ ബഹു. സഹകരണ വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മയുണ്ടായിരുന്നു, വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് ഉണ്ടായിരുന്നു. ഗ്രാമവികസനവകുപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ ഉണ്ടായിരുന്നു. ഞാനും പങ്കെടുത്തിരുന്നു. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് പണമെടുക്കാൻ ഗവണ്മെന്റ് ഗ്യാരന്റി നൽകണം. അതിന്റെ ഗ്യാരന്റി പേപ്പർ അപ്പോൾത്തന്നെ ശരിയാക്കി. രണ്ടുകോടി രൂപ അവർക്ക് കൊടുത്തു. പക്ഷേ അവർ ശേഖരിച്ചത് 2800 ടൺ മാത്രമാണ്. റബ്കോ ശേഖരിച്ചത് ഏകദേശം 14,000 ടണ്ണാണ്. ഈ രംഗത്ത് പ്രധാനമായിട്ടും റബ്ബർ ശേഖരിക്കേണ്ടത് റബ്കോ അല്ല. എന്നാൽ കേരളത്തിലെ റബ്ബർ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മാർക്കറ്റിൽനിന്ന് റബ്ബർ ശേഖരിച്ച് റബ്ബറിന്റെ വില സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതിന് ഏറ്റവും മുൻപന്തിയിൽനിന്നു പ്രവർത്തിക്കേണ്ടത് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനാണ്. അവർ ഇത്രയേ ചെയ്തുള്ളൂ. ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല. അവർ ചെയ്തില്ല. അവർ എസ്.ടി.സി.ക്ക് കൊടുത്തത് എത്രയാണ്? വളരെ തുച്ഛമാണ്, അതിന്റെ കണക്ക് പറയുന്നില്ല. റബ്ബർ ശേഖരിച്ച് എസ്.ടി.സി.ക്ക് കൊടുക്കേണ്ട പ്രധാന ബാദ്ധ്യത റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അവരാണ് കുറ്റക്കാർ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇതിന് കാരണക്കാർ അവരാണെന്ന് ഞാൻ പറഞ്ഞില്ല. ഗവണ്മെന്റ് റബ്ബർ ശേഖരിക്കാൻ തീരുമാനിച്ചാൽ ശേഖരിക്കാനുള്ള ഏജൻസികളാണ് ഇവർ. ആ ഏജൻസികൾ ചെയ്ത കാര്യമാണ് പറഞ്ഞത്. അതുകൊണ്ട് അവരാണ് ഉത്തരവാദിയെന്ന് ഞാൻ പറയുന്നില്ല. അതിന്റെ കാരണക്കാർ അപ്പുറത്താണുള്ളത്. അത് നമുക്ക് അന്വേഷിച്ചുപോകേണ്ട കാര്യമില്ല.

സർ, ഇവിടെ 50,000 ടൺ റബ്ബറിന്റെ ഇറക്കുമതിയെക്കുറിച്ച് പറഞ്ഞു. ഗവണ്മെന്റ് ആ നിലപാടിൽനിന്ന് ഒരിക്കലും പുറകോട്ട് പോകുന്ന പ്രശ്നമില്ല.

<u>ശ്രീ. കെ.എം. മാണി</u> : അങ്ങയുടെ പ്രഖ്യാപനം മുഴുവൻ നടപ്പിലാക്കിക്കഴിഞ്ഞുവെന്നാണ് അങ്ങ് ഇത്രയും സമയം പ്രസംഗിച്ചത്. അങ്ങ് നിയമസഭയിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചതാണ്, 50,000 ടൺ റബ്ബർ എത്ര നഷ്ടം സഹിച്ചാലും വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുമെന്ന്. ആ പ്രഖ്യാപനം നടപ്പിലാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഗവണ്മെന്റിന്റെ ഉദാസീനതയാണ് അത് നടപ്പിലാക്കാൻ കഴിയാത്തതെന്ന് പറഞ്ഞാൽ നിഷേധിക്കാമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കയറ്റുമതിക്കുവേണ്ടി എല്ലാ ശ്രമങ്ങളും നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി എല്ലാ ശ്രമങ്ങളും നടത്തിയിട്ടുണ്ട്. ഗവണ്മെന്റിന് ഇപ്പോൾ റബ്ബർ ബോർഡ് ചെയർമാന്റെ ലെറ്ററാണ് വന്നത്. സിംഗപ്പൂരിലെ ഒരു കമ്പനി 50,000 ടൺ റബ്ബർ, ഇന്ത്യൻ റബ്ബർ ആവശ്യപ്പെടുന്നു. ആ 50,000 ടൺ ഒരു വർഷത്തിനിടയിൽ കൊടുക്കണമെന്നാണ് ആ ലെറ്ററിൽ പറയുന്നത്. അതിനകത്ത് കയറ്റുമതിയെ സംബന്ധിച്ച് ഒരു പ്രശ്നവും പറഞ്ഞിട്ടില്ല. ആ ലെറ്റർ കിട്ടിയ ഉടനെ ബഹു. മുഖ്യമന്ത്രി. ബഹു. മറ്റു മന്ത്രിമാരുമായിട്ട് ആലോചിച്ചു. ധനകാര്യ മന്ത്രിയടക്കം എല്ലാവരുമായിട്ട് ആലോചിച്ചു. റബ്ബർ ബോർഡിനോട് ഇത് കയറ്റുമതി ചെയ്യാനുള്ള നടപടി തുടരാൻ ആവശ്യമായ നടപടി സ്വീകരിക്കാനായി ആവശ്യപ്പെടണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ധാരണയുണ്ടായത്. അതനുസരിച്ച് റബ്ബർ ബോർഡിന് ഉത്തരവ് കൊടുത്തു. ഈ 50,000 ടൺ റബ്ബർ കയറ്റുമതി ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇതിന്റെ പുരോഗതി ഗവണ്മെന്റിനെ അറിയിക്കണമെന്ന് പറഞ്ഞു. ഇതിന്റെ കരാറിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ജൂലൈ മാസം 30-ാം തീയതിവരെ അവർ കാലാവധി ആവശ്യപ്പെട്ടിരിക്കുകയാണ്. സിംഗപ്പൂരിലെ കമ്പനിയുടെ പ്രതിനിധി ഇതുവരെ വന്നിട്ടില്ല. അവരുടെ ഡൽഹിയിലുള്ള ഏജൻസി മാത്രമാണ്. സിംഗപ്പൂർ കമ്പനി നേരിട്ട് ചർച്ച നടത്തണമെന്നാണ് റബ്ബർ ബോർഡിന്റെ ആവശ്യം. അവരുടെ പ്രതിനിധി ഇതുവരെ വന്നിട്ടില്ല. പ്രതിനിധിയെ കാത്തിരിക്കുന്നു എന്നാണ് അറിയുന്നത്. ജൂലായ് മുപ്പതുവരെ അവർക്ക് കാലാവധി ഉണ്ടെന്നാണ് ഞങ്ങളെ ഇന്നലെ അറിയിച്ചത്. അവിടെയും ആത്മാർത്ഥമായ ശ്രമങ്ങൾ തുടരുകയാണ്. സർ. ലാറ്റക്സ് മാർക്കറ്റിൽ അധികം വരുന്നതുകൊണ്ട് അതിന്റെ വില കുറഞ്ഞുവരുന്നു എന്നു മനസ്സിലാക്കിക്കൊണ്ട്, പൊതുമേഖലാസ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ലാറ്റക്സ് മാർക്കറ്റിൽ വരാതിരിക്കാൻ അതെല്ലാം സ്റ്റോപ്പ് ചെയ്തുകൊണ്ടുള്ള ശ്രമം നടത്തുന്നുണ്ട്. 25% ലാറ്റക്സ് വിദേശത്തേക്കു കയറ്റി അയയ്ക്കാനും അതിന്റെ നഷ്ടം എത്രയായാലും സർക്കാർ വഹിക്കാനും തീരുമാനിച്ച് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യ നടപടി എന്ന നിലയിൽ 50 മെട്രിക് ടൺ ലാറ്റക്സ് ആദ്യമായി വിദേശത്തേയ്ക്ക് അയച്ചു. ഇനിയും ഓഫറുകൾ ലഭിക്കുമെന്നാണ് ഗവണ്മെന്റിന്റെ പ്രതീക്ഷ.

<u>ശ്രീ. കെ.എം. മാണി</u> : ആകെ പതിനാറായിരം ടൺ റബ്ബറാണ് റബ്ബർമാർക്കറ്റിംഗ് ഏജൻസി ശേഖരിച്ചത്.

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഗവൺമെന്റ് എല്ലാ സഹായവും ചെയ്തിട്ടും ഏജൻസി ഇത്രയാണ് ശേഖരിച്ചത്. എസ്.ടി.സി.ക്കുപോലും ഗവണ്മെന്റ് സഹായം കൊടുത്തിട്ടില്ല. എസ്.ടി.സി. റബ്ബർ ഉല്പാദകരുടെ ഫെഡറേഷനിൽനിന്നും നേരിട്ട് ശേഖരിക്കാൻ തയ്യാറായതുകൊണ്ടാണ് പതിമൂവായിരത്തോളം ടൺ റബ്ബർ ശേഖരിക്കാൻ അവർക്കു കഴിഞ്ഞത്.

കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി ഇവിടെ നടന്ന ബഡ്ജറ്റു പ്രസംഗത്തിൽ ധനകാര്യമന്ത്രി കാർഷിക രംഗത്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെടുത്തി ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. കശുമാവുകൃഷിയുടെ രംഗത്ത് 5 കോടി രൂപയാണ് ചെലവാക്കാൻ മാറ്റിവച്ചിട്ടുള്ളത്. 5 കോടി രൂപ ചെലവു ചെയ്തുകൊണ്ട് 3400 ഹെക്ടർ സ്ഥലത്ത് പുതിയതായി കശുമാവ് കൃഷി വികസിപ്പിക്കുന്നതിനായി ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. പിന്നെ തേയിലക്കൊതുകുകളുടെ ശല്യത്തിന് മരുന്നു തളിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. കഴിഞ്ഞ വർഷമുണ്ടായിട്ടുള്ള തേയിലക്കൊതുകുകളുടെ ആക്രമണത്തിനു വിധേയമായിട്ടുള്ള കശുമാവ് സംരക്ഷണത്തിനായി ഉണക്കം ബാധിച്ച കശുമാവ് ശിഖരങ്ങൾ വെട്ടി മാറ്റാൻ ആവശ്യമായ ചെലവിന്റെ 50% സർക്കാർ വഹിക്കുന്നതാണ്. അതുപോലെ പച്ചക്കറിക്കൃഷിയിൽ നമ്മുടെ ലക്ഷ്യത്തിലേക്ക് എത്തുന്നതിനു വേണ്ടി നവംബർ ഒന്നു മുതൽ അടുത്ത വർഷം നവംബർ ഒന്നുവരെയുള്ള പ്രവർത്തനങ്ങൾക്കായി ഏഴരക്കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ആ ഏഴരക്കോടി രൂപ ചെലവു ചെയ്ത് നാലു ലക്ഷം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുന്നതിന് പ്രധാനമായും കേന്ദ്രീകരിക്കുന്നത് ഹരിതസംഘങ്ങളെയായിരിക്കും. അങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറി വിറ്റഴിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച്, ആലോചിക്കുന്നതിന്റെ ഭാഗമായി മാവേലിസ്റ്റോറുകൾ



LIBRARY ARCHIVES Kerala Legislative Assembly

ളുമായി ബന്ധപ്പെടുത്തി ഉപഭോക്താക്കൾക്ക് പച്ചക്കറി ലഭ്യമാകത്തക്കവിധം സംവിധാനമുണ്ടാക്കും. അതിന്റെ ഭാഗമായി ഹോർട്ടിക്കൾച്ചറൽ കോർപ്പറേഷൻ വഴി പുതിയ വില്പനശാലകൾ വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ സാമ്പത്തികസഹായമായി ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആ ഒരു കോടി രൂപ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ പ്രദേശങ്ങളിലേക്ക് ഹോർട്ടിക്കൾച്ചറൽ കോർപ്പറേഷൻ പുതിയ സ്റ്റാളുകൾ തുറന്ന് പ്രവർത്തനം വിപുലപ്പെടുത്തും. ഇവിടെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ മാത്രമേ മറ്റു സംസ്ഥാനങ്ങളിൽനിന്നും സ്വീകരിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശം കൊടുത്തതനുസരിച്ച് അതേ ഇപ്പോൾ ഹോർട്ടിക്കൾച്ചറൽ കോർപ്പറേഷൻ ചെയ്യുന്നുള്ളൂ. ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ട മറ്റൊരു കാര്യമുണ്ട്. റബ്ബറധിഷ്ഠിത വ്യവസായവുമായി ബന്ധപ്പെട്ട് ബഡ്ജറ്റു പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി ഒരു കാര്യം പറഞ്ഞിരുന്നു. പൊതുമേഖലാസ്ഥാപനങ്ങൾ റബർ അധിഷ്ഠിത വ്യവസായം തുടങ്ങാൻ മുന്നോട്ടു വരികയാണെങ്കിൽ സാമ്പത്തിക സഹായം ചെയ്യുമെന്നു പറഞ്ഞിരുന്നു. അതനുസരിച്ച് റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് മൂന്നു വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഈ ഡിസംബർ മാസത്തിൽ അവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. അങ്ങനെ റബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി മൂന്നു വ്യവസായ യൂണിറ്റുകൾ രണ്ടു പൊതുമേഖലാസ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ഉയർത്തിക്കൊണ്ടുവരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുകയാണ്. പിന്നെ തെങ്ങുകൃഷിയുടെ ഉല്പാദനക്ഷമതയുടെ കണക്കുകൾ സ്വയം സംസാരിക്കുന്നവയാണ്. ഞാൻ പറയേണ്ട കാര്യമില്ല. നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും തെങ്ങ് കൃഷിക്ക് ആവശ്യമായിട്ടുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കാറ്റുവീഴ്ച വന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റിന്റേയും സംസ്ഥാന ഗവണ്മെന്റിന്റെയും സഹായമായി ആ രംഗത്ത് 20 കോടി രൂപ ചെലവഴിക്കുന്നതിന് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ആ 20 കോടി രൂപ ചെലവു ചെയ്ത് തെങ്ങുകൃഷി സംരക്ഷണത്തിന് ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കിക്കൊണ്ടു വരുന്നതോടൊപ്പം കേരളത്തിലെ അഞ്ചു ജില്ലകളിൽ തെങ്ങുകൾക്ക് മണ്ഡരി രോഗബാധയുണ്ട് എന്നു മനസ്സിലാക്കുകയും ആ തെങ്ങുകളെ സംരക്ഷിക്കാൻ ത്രിതല പഞ്ചായത്തും ഗവൺമെന്റും യോജിച്ചുകൊണ്ട് ത്രിതല പഞ്ചായത്ത് വിഹിതവും ഗവണ്മെന്റിന്റെ വിഹിതവും കൃഷിക്കാരന്റെ വിഹിതവും ചേർത്തുകൊണ്ട് സമഗ്രമായ ഒരു മരുന്നു തളിക്കൽ പ്രവർത്തനം നടത്തുന്നതോടൊപ്പം കൃഷി സംരക്ഷണത്തിനാവശ്യമായിട്ടുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. അതിന്റെ വൈവിധ്യവൽക്കരണം ബഹു. പി.പി. തങ്കച്ചൻ ഇവിടെ പറഞ്ഞതാണ്. അതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയാണ്. .നടുവണ്ണൂരിൽ പതിനാലരക്കോടി രൂപ ചെലവഴിച്ചുകൊണ്ട് നാളികേര പൗഡറും കോക്കനട്ട് മിൽക്കും ഉല്പാദിപ്പിക്കാൻ ആവശ്യമായിട്ടുള്ള സംവിധാനം ഉയർത്തിക്കൊണ്ടു വരികയാണ്. അതിനായി ഇ.ഇ.സി.യാണ് എട്ടരക്കോടി രൂപ തരുന്നത്. അതിൽ നാലരക്കോടി രൂപ ഗ്രാന്റും നാലുകോടി രൂപ ഷെയർ മണിയുമാണ്. അതിൽ ആദ്യത്തെ നാലരക്കോടി രൂപ തന്നു കഴിഞ്ഞു. ആ നാലരക്കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവു ചെയ്തിട്ടാണ് വൈവിധ്യവൽക്കരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ആ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുകയാണ്. അവിടെനിന്നുള്ള കേരളത്തിന്റെ വെളിച്ചെണ്ണ ഗൾഫ് നാടുകളിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ബഹു മാന്യനായ മുഖ്യമന്ത്രിയാണ് ആ വെളിച്ചെണ്ണ മാർക്കറ്റ് ചെയ്തത്. ഗൾഫ് നാടുകളിൽ നമ്മുടെ വെളിച്ചെണ്ണക്ക് നല്ല ഡിമാന്റാണ്. അവിടെ ഇരുപതു ലക്ഷത്തോളം മലയാളികളുണ്ട്. പിന്നെ കുരുമുളക് കൃഷിയുടെ കാര്യത്തെപ്പറ്റിയും ബഹു. പി.പി. തങ്കച്ചൻ ഇവിടെ പറഞ്ഞു. ആ രംഗത്തും ചില പ്രവർത്തനങ്ങൾ കഴിഞ്ഞ രണ്ടു വർഷക്കാലമായി നടന്നിരിക്കുകയാണ്. ഞങ്ങൾ ഗാട്ട് കരാറിനെ എതിർത്തുകൊണ്ടിരിക്കുക മാത്രമല്ല സാർവദേശീയ മാർക്കറ്റിൽ നമ്മുടെ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നുണ്ട്. അതുകൊണ്ട് കാർഷികോല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ആവശ്യമാണ്. കുരുമുളകിനും വൈവിധ്യവൽക്കരണം ആവശ്യമാണ്. വൈറ്റ് പെപ്പർ പൗഡറുണ്ടാക്കുക പച്ച കുരുമുളകിൽനിന്നും അതിന്റെ എസൻസുണ്ടാക്കുക, ഇഞ്ചിയുടെ എസൻസുണ്ടാക്കുക എന്നിവയ്ക്കുവേണ്ടി ഇടുക്കിയിലും വയനാട്ടിലും രണ്ടു യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷം അതു തുടങ്ങും.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഞങ്ങൾ ഇടയ്ക്ക് ഇടപെടാതിരുന്നതാണ്. ബഹു. മന്ത്രി ചില കാര്യങ്ങൾ ഇവിടെ പ്രഖ്യാപിച്ചു. 1998 ജൂലായ് 15-ാം തീയതി ഇതുപോലെയുള്ള ധനാഭ്യർത്ഥനയുടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹു. മന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ പ്രസംഗിച്ച അക്ഷരങ്ങൾ മാറി അതേ വാചകങ്ങൾ ഇവിടെ വീണ്ടും ആവർത്തിച്ചു. ഒന്നു രണ്ടു വാചകങ്ങൾ പ്രധാനമായും 'പ്ലാന്റേഷൻ കോർപ്പറേഷൻ-ഫാമിംഗ് കോർപ്പറേഷൻ - ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വിപണിയിൽ വരാതിരിക്കുന്നതിനുവേണ്ടി അത് ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ഈ സംസ്ഥാനത്ത് ഈ സാമ്പത്തികവർഷം ആരംഭിക്കുന്നതാണ്.' വേറെ ഒരു കാര്യം 'നാളികേര വൈവിധ്യവൽക്കരണത്തിന്റെ' ഭാഗമായി ഇ.ഇ.സി.യുടെ ധനസഹായത്തോടുകൂടി എട്ടരക്കോടി രൂപ ചെലവു ചെയ്ത് നടുവണ്ണൂരിൽ സ്ഥാപിക്കുന്ന കേര ഫെഡ് ഫാക്ടറിയിൽ കോക്കനട്ട് പൗഡറും കോക്കനട്ട് മിൽക്കും ഉൽപ്പാദനം തുടങ്ങും.' അതും ഇവിടെ പ്രഖ്യാപിച്ചു. ഇപ്പോൾ പെപ്പറുമായി ബന്ധപ്പെടുത്തി പെപ്പർ പൗഡർ, പെപ്പർ എസൻസ് നിർമ്മിക്കുമെന്നു പറഞ്ഞു.

ഇന്ത്യയിലെമ്പാടും തെരഞ്ഞെടുപ്പു പ്രഖ്യാപനം വന്നു. ചില റൂൾസും വന്നിട്ടുണ്ട്. കോഡ് ഓഫ് കോണ്ടാക്ടും നിലവിൽ വന്നു. കഴിഞ്ഞ തവണ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിൽ വരുത്താതെ അത് വീണ്ടും ഞങ്ങൾ ചെയ്യുമെന്നു പറയുന്നത്, ജനങ്ങളുടെ മുന്നിലിടുന്നത് വാഗ്ദാനമാണ്. രണ്ടാമത് കോടികളുടെ കണക്കുകൾ പറയുന്നു. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ച ഈ സാഹചര്യത്തിൽ, കോഡ് ഓഫ് കോൺടാക്ട് നിലനിൽക്കേ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നത് ശരിയാണോ, ആ പ്രഖ്യാപനങ്ങൾ നിലനിൽക്കുമോ? ആ പ്രഖ്യാപനം ഓർഡറിലാണോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, കൃഷിക്ക് 120 കോടി രൂപ പാസ്സാക്കിത്തരണമെന്നു പറയുമ്പോൾ അതെങ്ങനെയെന്ന് അറിയാനുള്ള അവകാശം ഈ ഹൗസിലെ എല്ലാ മെമ്പർമാർക്കുമുണ്ട്. അതുകൊണ്ട് ഇലക്ഷന്റെയും ഇലക്ഷൻ കമ്മിഷന്റെയും പ്രശ്നമില്ല. ഈ സഭയ്ക്ക് അറിയാനുള്ള അവകാശമുണ്ട്. അത് ഇലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിഷൻ പറയുന്നതുകൊണ്ട് ഇല്ലാതാകുന്നില്ല. ഈ കാശ് എന്തിനാണ് ചെലവഴിക്കുന്നതെന്ന് അറിയാനുള്ള അവകാശം ഈ സഭയിലെ ഓരോ അംഗത്തിനുമുണ്ട്. അത് പറയാനുള്ള ബാദ്ധ്യത ഈ മന്ത്രിക്കുമുണ്ട്. അത് പറയുകതന്നെ വേണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ഹെഡ് ഉണ്ട്., സബ്ഹെഡ് ഉണ്ട്, മൈനർ ഹെഡുണ്ട്. അതിലെല്ലാം ഡീറ്റെയിലായിട്ട് ബഡ്ജറ്റ് ഡോക്കുമെന്റിൽ വന്നതാണ്. ആ കാര്യങ്ങൾ ഈ സഭയ്ക്കറിയാം. മെമ്പർമാരൊക്കെ അത് വായിച്ചവരാണ്. മെമ്പർമാർ വായിക്കാത്തവരല്ല. അതിൽപ്പെടാത്ത കാര്യങ്ങളാണ് പ്രഖ്യാപിക്കുന്നത്. ഇലക്ഷൻ കമ്മിഷൻ എന്നു പറയുന്നത് കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റാണ്. പി.ആർ. ആക്ടിലെ ചട്ടങ്ങൾക്കുവിരുദ്ധമായി, അത് വയലേറ്റ് ചെയ്തുകൊണ്ട്, ഒരു മന്ത്രി ഈ സഭയിൽ പ്രഖ്യാപനം നടത്തുന്നത് ഓർഡറിലാണോ? മെമ്പർമാർക്കെല്ലാം ഇത് അറിയാം. ബഡ്ജറ്റ് ഡോക്കുമെന്റിലുള്ള കാര്യമാണ്. അതിലെല്ലാം ഈ കാര്യങ്ങൾ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വോട്ടർമാരെ സ്വാധീനിക്കാൻവേണ്ടി ഇലക്ഷൻ കമ്മിഷന്റെ ഉത്തരവ് ലംഘിച്ചുകൊണ്ട് ഇതുപോലെ മന്ത്രിമാർ ചെയ്യുന്നത് ഓർഡറിലാണോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : സർ തെങ്ങു കൃഷിക്കായിട്ട് 10 ലക്ഷം രൂപ നീക്കി വച്ചു. എങ്ങനെ ഈ തെങ്ങുകൃഷി ചെയ്യും. അതിവിടെ പറയണ്ടേ? ഈ ബഡ്ജറ്റ് അലോക്കേഷൻ അല്ലാതെ വേറൊരു കാര്യവും പറയുന്നില്ല. അത് വോട്ടർമാരെ സ്വാധീനിക്കുന്നതല്ല. ബഡ്ജറ്റ് ഡീബേറ്റ് ഇല്ലെങ്കിൽ 'ഹെഡ് ഓഫ് അക്കൗണ്ട് 25 പാസ്സാക്കി തരണം' എന്നു പറയുന്നു, പ്രസംഗവും വേണ്ട, ചർച്ചയും വേണ്ട, അത് പാസ്സാക്കിയാൽ മതിയല്ലോ. ഈ ഹെഡ് ഓഫ് അക്കൗണ്ടിൽ പറയുന്ന തുക എങ്ങനെയാണ് ചെലവഴിക്കാൻ പോകുന്നതെന്ന് അറിയാനുള്ള അവകാശമാണ്, ആർ.പി. ആക്ട് അനുസരിച്ച് ഇലക്ഷൻ കമ്മിഷന് യാതൊരു അധികാരവുമില്ല.

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കുരുമുളക് കൃഷിക്കും സംരക്ഷണത്തിനുംവേണ്ടി 10.57 കോടി രൂപ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്, കേന്ദ്ര ഗവണ്മെന്റിന്റെയും സ്റ്റേറ്റ് ഗവണ്മെന്റിന്റെയും വിഹിതമായിട്ട്. അതെങ്ങനെ ചെലവഴിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ വോട്ടർമാരെ സ്വാധീനിക്കാനായിട്ട് ഉദ്ദേശിക്കുന്നില്ല. അതിനൊക്കെ വേറെ മാർഗ്ഗമില്ലേ സർ? പുറത്തുപോയി സംസാരിക്കാം; ശ്രീ. ആര്യാടൻ മുഹമ്മദും ഞാനുമൊക്കെ അതിന് നല്ല കഴിവുള്ളവരാണ്. അതുകൊണ്ട് അതിനൊന്നും ഞാൻ ഈ സഭയെ ഉപയോഗിക്കുന്നില്ല. 10.57 കോടി രൂപ എങ്ങനെ ചെലവഴിക്കുന്നു, എന്തിന് ചെലവഴിക്കുന്നുവെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അവർക്ക് അസൗകര്യം ഉണ്ടെങ്കിൽ ഞാൻ പറയുന്നില്ല.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. അത് ബഹു. തങ്കച്ചൻ പറഞ്ഞ കാര്യമാണ്, പുഷ്പക്കൃഷിയുടെ കാര്യം. ഇവിടെ നെൽക്കൃഷിയുടെ വികസനവും അതിന്റെ ഉല്പാദനവുമാണ് പറഞ്ഞത്. അത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ സഭയിൽന്നെ ഞാൻ മുമ്പ് പറഞ്ഞതാണ്. തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ എന്നീ മൂന്നു ജില്ലകളിൽ ഈ സെപ്റ്റംബർ മാസം മുതൽ മുണ്ടകൻ കൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ പോകുകയാണ്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ആ ഗ്രൂപ്പ് ഫാമിംഗ് സംവിധാനത്തിന് കൃഷിക്കാർക്ക് ഏറെ സഹായം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. പുഷ്പക്കൃഷി നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞതാണ്. അതിനാവശ്യമായ നടീൽ വസ്തുക്കൾ നമ്മുടെ രാജ്യത്തിനകത്തുനിന്നും ശേഖരിക്കാൻ പ്രയാസമാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ ഏറ്റവും പ്രീയപ്പെട്ടത് ഏത് വെറൈറ്റി ആണെന്നുള്ളതു സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച ഒരു കമ്മിറ്റി കുറെയധികം സമയമെടുത്തുയെന്നുള്ളത് സത്യമാണ്. അങ്ങനെ സമയമെടുത്തത് തെറ്റായിപ്പോയിയെന്നല്ല. ഇന്റർനാഷണൽ മാർക്കറ്റുമായിട്ട് ബന്ധപ്പെട്ടിട്ടേ കൃഷി ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച് എല്ലാ നടപടികളും പൂർത്തിയായി നടീൽ വസ്തുക്കൾ ഇറക്കുമതി ചെയ്യേണ്ടത് നമ്മുടെ കാർഷിക സർവ്വകലാശാലയാണ്. അതിന്റെ ഡിപ്പാർട്ടുമെന്റുമായിട്ട് ചർച്ച ചെയ്ത് തീരുമാനമായിട്ടുണ്ട്. ഇവിടെ 100 പഞ്ചായത്തുകളിൽ പുഷ്പക്കൃഷി ആരംഭിക്കുകയാണ്. കൃഷിക്കാർക്ക് ആവശ്യമായ സഹായം നൽകും; നടീൽവസ്തുക്കൾ 50% സബ്സിഡി നിരക്കിൽ കൊടുക്കും. ഗ്രീൻബെൽറ്റ് ഉണ്ടാക്കുന്നതിന് ആവശ്യമായിട്ടുള്ള സബ്സിഡി 50% കൊടുക്കും. സ്റ്റേറ്റ് ഗവണ്മെന്റിന് അവർക്ക് 6% പലിശക്കു വായ്പ കൊടുക്കാൻ കഴിയും. ഏകദേശം 2000-ലധികം കൃഷിക്കാരെ ഈ പൂക്കൃഷിയുമായിട്ട് ഈ വർഷം ബന്ധപ്പെടുത്തും. ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അവരിൽനിന്നും പൂക്കൾ ശേഖരിച്ച് രാജ്യത്തിനകത്തും പുറത്തും വിതരണം ചെയ്യാൻകൂടി തീരുമാനിച്ച് എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ആ നടപടി കൂടി ആരംഭിക്കും.

ശ്രീ. എ.വി. അബ്ദുറഹിമാൻഹാജിയുടെയും ശ്രീ. സി.കെ. രാജേന്ദ്രന്റെയും പ്രസംഗത്തിൽ ഒട്ടേറെ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. അതെല്ലാം ഈ സാമ്പത്തിക വർഷം നടപ്പിലാക്കാനുള്ള വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ പുതിയ വിശദാംശങ്ങൾ തയ്യാറാക്കി കാർഷിക മേഖലയെ ഇന്നത്തെ അവസ്ഥയിൽനിന്നും മുന്നോട്ടു കൊണ്ടുപോകാനുള്ള നടപടിൾ സ്വീകരിക്കും. അതിന് എല്ലാവരുടെയും കൂട്ടായ ശ്രമമുണ്ടാകണം. അതിന് നിർദ്ദേശങ്ങൾവച്ച എല്ലാവരെയും ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട്, ഇത് പാസ്സാക്കിത്തരണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തെ സംബന്ധിച്ചും പിന്നോക്ക വികസനത്തെ സംബന്ധിച്ചുമുള്ള ചർച്ചയിൽ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ബഹു. അംഗങ്ങൾ ഒട്ടേറെ ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതുപോലെ ഒട്ടേറെ അഭിപ്രായങ്ങളും ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. ആ ക്രിയാത്മകമായ നിർദ്ദേശങ്ങൾക്ക് ഈ വകുപ്പിന്റെ പേരിൽ ആദ്യമായി നന്ദി രേഖപ്പെടുത്തുകയാണ്. ഈ വകുപ്പിനെ സംബന്ധിച്ചും അതുപോലെതന്നെ നമ്മുടെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട അധഃസ്ഥിത വർഗ്ഗത്തെ സംബന്ധിച്ചുമുള്ള നമ്മുടെ കാഴ്ചപ്പാടിനെ സംബന്ധിച്ച് ഈ ചർച്ചയിലൂടെ നമുക്ക് ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. സ്വാതന്ത്ര്യം കിട്ടി 52 വർഷം തികയാൻ പോകുകയാണ്. കേരളം ഒരുപാട് രംഗത്ത് ഇന്ത്യക്ക് മാതൃകയാണ്, ലോകത്ത് മാതൃകയാണ്; നമ്മൾ ഇന്ന് അഭിമാനത്തോടുകൂടി പറയുന്നതുമാണ്. പക്ഷേ അങ്ങനെ പറയുമ്പോൾത്തന്നെ നമ്മുടെ സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അധഃസ്ഥിത വർഗ്ഗങ്ങളെ മുന്നോട്ടുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ള കുറവ് നിൽക്കുകയാണ്. ആ കുറവ് പരിഹരിക്കാൻ കഴിയുന്ന തരത്തിൽ ആ വിഭാഗത്തിൽപ്പെട്ടവരുടെ ഒട്ടേറെ പ്രയാസങ്ങൾക്കും ദുരിതങ്ങൾക്കും പരി

LIBRARY ARCHIVES Kerala Legislative Assembly

ഹാരം കാണാൻ കഴിയുന്ന വിധത്തിൽ ആ വകുപ്പിനെ ക്രിയാത്മകമായി ചലിപ്പിക്കാനാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടി മൂന്നു വർഷക്കാലമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. എല്ലാം കുറ്റമറ്റതാണെന്നുള്ള അഭിപ്രായമൊന്നും ഈ ഗവൺമെന്റിനെ. സംബന്ധിച്ചില്ല. ഇപ്പോഴും ഒട്ടേറെ പ്രശ്നങ്ങൾ, ഒട്ടേറെ പ്രദേശങ്ങളിൽ പരിഹരിക്കപ്പെടാനുണ്ട് എന്നുതന്നെയാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. ബഹുമാന്യരായ പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരുപാട് ദുരിതങ്ങളും കഷ്ടപ്പാടുകളുമെല്ലാം ഇപ്പോഴും സഹിക്കുന്നുണ്ട്. ആ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും പരിഹാരം കാണാൻ കഴിയാവുന്ന തരത്തിൽ സാധ്യമായ എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. ഞാൻ ഗവൺമെന്റ് എടുക്കുന്ന നിലപാടുകളെ സംബന്ധിച്ച് പിന്നീട് പറയാം. നേരത്തെ ഇവിടെ ബഹുമാന്യരായ ചില മെമ്പർമാർ ചൂണ്ടിക്കാണിച്ച ഒന്നുരണ്ടു കാര്യങ്ങൾക്ക് ഞാൻ മറുപടി പറയാനാഗ്രഹിക്കുകയാണ്. പ്രധാനമായും പ്രതിപക്ഷനിരയിലുള്ള ബഹുമാന്യരായ മെമ്പർമാർ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനമായി ചൂണ്ടിക്കാണിച്ചത് ബഹു. കുട്ടപ്പനാണ്. അദ്ദേഹം എന്നെ ഉപമിച്ചത് ബഹു. മെമ്പർമാരെല്ലാം കേട്ടതാണ്. എനിക്ക് ഒരു കാര്യത്തിൽ അദ്ദേഹത്തോടു നന്ദിയുണ്ട്; അദ്ദേഹം എന്റെ പേര് അക്കേഷ്യയോടോ, അല്ലെങ്കിൽ ഇത്തിൾക്കണ്ണിയോടോ ഉപമിക്കാതിരുന്നതിൽ സന്തോഷമുണ്ട്. അദ്ദേഹം എന്റെ പേര് ഉപമിച്ചത് തകരയോടാണ്. ഒരുകാലത്ത് അധ:സ്ഥിത വർഗ്ഗത്തിന്റെ ആശാകേന്ദ്രമായിരുന്നു തകര. പട്ടിണി കിടക്കുമ്പോൾ പഞ്ഞമാസങ്ങളിൽ തകര പറിച്ച് ആശ്വാസം കണ്ടെത്തിയിരുന്നു. ഒരുപക്ഷേ ശ്രീ. കുട്ടപ്പന് അത് പരിചയമുണ്ടാകില്ല. എന്നെ സംബന്ധിച്ചും ഞങ്ങളുടെ നാടിനെ സംബന്ധിച്ചുമൊക്കെ, വളരെ പരിചിതമാണ്. പിന്നെ അദ്ദേഹം എന്നെക്കുറിച്ച് പറഞ്ഞത് അധികാരവും സമ്പത്തുമെല്ലാം താഴേക്ക് എന്ന് ഡീസെൻട്രലൈസ് ചെയ്തു. പട്ടികജാതിക്കാരുടെ ആത്മാഭിമാനമെല്ലാം അതിലൂടെ പണയപ്പെടുത്തി എന്നാണ്. നമുക്കറിയാം, നൂറ്റാണ്ടുകളായി അധികാരത്തിൽനിന്നും സമ്പത്തിൽനിന്നും മാറ്റി നിർത്തപ്പെട്ട വർഗ്ഗമാണ് പട്ടികജാതി-പട്ടികവർഗ്ഗ അധഃസ്ഥിത വർഗ്ഗം. അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും പരമ പ്രധാനമായിട്ടുള്ള ഒരു കാര്യം, അധികാരത്തിൽ നിന്നും സമ്പത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട മഹാഭൂരിപക്ഷം വരുന്ന അധ:സ്ഥിതരെ അധികാരത്തിലേക്കും സമ്പത്തിലേക്കും അടുപ്പിക്കുകയെന്ന മഹത്തായ പ്രക്രിയയാണ്. അത് മനസ്സിലാക്കാതെയോ, അതോ മനസ്സിലാക്കിയിട്ടു തന്നെയാണോ അദ്ദേഹം പറയുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഈ സമ്പത്തെല്ലാം താഴേക്ക് കൊടുത്തതിനെ സംബന്ധിച്ച് വലിയ വിമർശനങ്ങൾ നടത്തി. അദ്ദേഹത്തോട് ഞാൻ ഒന്നു രണ്ടു പ്രാവശ്യം ഇതിനുമുമ്പ് പറഞ്ഞതാണ്. പല വേദികളിലും സംസാരിച്ചതാണ്: 1996-97 വരെ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പിന്നോക്കക്കാരുടെയും മുഴുവൻ ക്ഷേമപ്രവർത്തനങ്ങളും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പാണ് അല്ലെങ്കിൽ ആ വകുപ്പിലൂടെയാണ് നടപ്പിലാക്കിയതെന്നുള്ള ധാരണയിൽ നിന്നാണ് അദ്ദേഹം ഈ കാര്യങ്ങൾ പറയുന്നത്. നമുക്കറിയാം, 1996-97 വരെ കഴിഞ്ഞ കുറെ കാലങ്ങളായി ഈ വകുപ്പിനുവേണ്ടി അനുവദിക്കുന്ന സംഖ്യ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴിയാണ് ചെലവഴിച്ചിരുന്നത്. ഓരോ ഡിപ്പാർട്ടുമെന്റിന്റേയും ബഡ്ജറ്റിന്റെ പത്തു ശതമാനം സംഖ്യ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനു വേണ്ടി മാറ്റി വയ്ക്കണമെന്ന് തിരുമാനിക്കുകയും ആ രീതിയിൽ അതാതു ഡിപ്പാർട്ടുമെന്റ് ചെലവഴിക്കുകയും ചെയ്യുന്ന രീതിയായിരുന്നു. അതിൽ പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

ജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടായിരുന്നില്ല ആ സംഖ്യ കൈകാര്യം ചെയ്തിരുന്നത്. ഓരോ വകുപ്പിനും അനുവദിക്കുന്ന സംഖ്യയുടെ 10% സംഖ്യ അതാതു വകുപ്പിലൂടെയാണ് ചെലവഴിച്ചിരുന്നത്. അതിന്റെ കണക്കു നോക്കുമ്പോൾ എട്ടും ആറും അഞ്ചും ശതമാനം പോലും പല ഡിപ്പാർട്ടുമെന്റും ചെലവഴിച്ചിട്ടില്ല. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി 1997-98 സാമ്പത്തിക വർഷം ഈ സംഖ്യ മുഴുവൻ പൂൾ ചെയ്ത് പട്ടിക ജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവന്ന്, എതെല്ലാം സെക്ടറിലാണോ ആവശ്യം ആ സെക്ടറിലേക്ക് പൈസ കൊടുക്കുകയെന്നുള്ള നയമാണ് സ്വീകരിച്ചത്. ഇതിന്റെ ഫലമായിട്ടാണ് ഡീസെൻട്രലൈസ് ചെയ്യേണ്ടിവന്നത്. ഡീസെൻട്രലൈസ് ചെയ്തതിന്റെ ഭാഗമായി ഏകദേശം പത്തറുപത്തിയേഴ് ശതമാനം സംഖ്യ താഴേയ്ക്ക് കൊടുക്കുകയുണ്ടായി. അങ്ങനെ താഴേക്ക് കൊടുത്ത സംഖ്യ വിനിയോഗിക്കുന്നതിനെ സംബന്ധിച്ചുള്ള ഒട്ടേറെ ആക്ഷേപങ്ങളും പരാതികളും നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുന്നതിൽ ചില കാര്യങ്ങളെല്ലാം ശരിയുമുണ്ട്. നമുക്കറിയാം അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സമ്പത്തും അധികാരവും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ചിലതിലെല്ലാം പാളിച്ചകളും കുറവുകളും സംഭവിച്ചിട്ടുണ്ട് എന്നുതന്നെയാണ്. ഗവൺമെന്റ് കണ്ടെത്തിയിരിക്കുന്നത്. ആ പാളിച്ചകളും കുറവുകളും പരമാവധി പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാലും നമുക്ക് കാണാൻ കഴിയും ഒന്നാം വർഷത്തിൽനിന്ന് വ്യത്യസ്തമായി രണ്ടാം വർഷത്തിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. രണ്ടാം വർഷത്തേക്കാൾ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം മൂന്നാം വർഷത്തിൽ കാഴ്ച വയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീർച്ചയായും 9-ാം പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടുകൂടി നമ്മുടെ ഈ അധികാരവികേന്ദ്രീകരണ പ്രവർത്തന രംഗം കുറവുകളെല്ലാം പരിഹരിച്ചുകൊണ്ട് കുറ്റമറ്റതായിത്തീരുമെന്നുള്ള കാര്യത്തിൽ യാതൊരുതർക്കവുമില്ല. പത്തമ്പതു വർഷക്കാലം മുകളിൽ കൈകാര്യം ചെയ്ത അധികാരവും സമ്പത്തുമാണ് താഴേയ്ക്കു വിട്ടത്. അവർ ചെയ്തതിൽ ചില പാളിച്ചകളും കുറവുകളുമെല്ലാം കണ്ടു. അതെല്ലാം പിശകാണെന്നുള്ള രീതിയിലാണ് ചില ആളുകളെല്ലാം പറയുന്നത്. എന്നാൽ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രത്യേകിച്ച് പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ത്രിതല പഞ്ചായത്തുകൾ മുന്നോട്ടുവരികയാണ്. ഇന്നലത്തേതിൽ നിന്ന് വ്യത്യസ്തമായി പാവപ്പെട്ടവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ, അവരുടെ അടിസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കാൻ, ഒട്ടേറെ ക്രിയാത്മകമായ പദ്ധതികൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ നടപ്പിലാക്കി വരികയാണ്. അത് മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ അദ്ദേഹം പറഞ്ഞത് ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ദ്രോഹിക്കുന്നു എന്നാണ്. അതുപോലെ അവർക്ക് അവസരങ്ങൾ കൊടുക്കുന്നില്ല എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതിനെ സംബന്ധിച്ച് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്-നമുക്കറിയാം, 17-ഓളം ഐ.എ.എസ്. കൺഫർ ചെയ്യേണ്ട ഉദ്യോഗസ്ഥന്മാർ പട്ടികജാതിയിലുണ്ടായിരുന്നു; ആ 17 പേരെയും ഐ.എ.എസ്. കൊടുക്കാതെ അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടുകയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് എസ്.സി/എസ്.ടി.യിൽപ്പെട്ട 17-ഓളം പേർക്ക് ഐ.എ.എസ്. കൺഫർ ചെയ്യാനും അവർക്ക് ഐ.എ.എസ്. കൊടുക്കാനും തയ്യാറായത്. അതുപോലെതന്നെ ഇവിടെ ഹോം സെക്രട്ടറിയുടെ കാര്യം ചൂണ്ടിക്കാണിച്ചു. നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണകാലത്ത് ഏതെങ്കിലും ഒരു മൂലയിൽ കിടന്ന ആളിനെയാണ് ഹോം സെക്രട്ടറിയുടെ പോസ്റ്റിലേക്കു കൊണ്ടുവന്നത്. ഇടതുപക്ഷജനാധിപത്യമുന്നണി ഹോം സെക്രട്ടറി എന്നു പറഞ്ഞാൽ ജാതി നോക്കിയല്ല എടുക്കുന്നത്. ജാതിയോ മതമോ നോക്കിയല്ല ഹോം സെക്രട്ടറി പ്രവർത്തിക്കേണ്ടത്. ഹോം സെക്രട്ടറി ഹോംസെക്രട്ടറിയുടെ ജോലി ചെയ്തില്ലെങ്കിൽ ആ സ്ഥാനത്ത് ഇരിക്കാൻ കഴിയുകയില്ല. ഏത് ജാതിയോ ഏത് മതമോ എന്ന് നോക്കിയല്ല. അതുപോലെതന്നെ ഇലക്ട്രിസിറ്റി ബോർഡിലും. 1987 വരെ ഒരൊറ്റ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളിനേയും മെമ്പർമാരാക്കാൻ തയ്യാറായില്ല. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി പട്ടികജാതിക്കാരേയും പട്ടികവർഗ്ഗക്കാരേയും ഇലക്ട്രിസിറ്റി ബോർഡിൽ മെമ്പർമാരാക്കാൻ തയ്യാറായത്. 1987-ൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ഈ ഗവൺമെന്റ് ബോർഡിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ആളുകളെ മെമ്പർമാരാക്കി. അതുപോലെ അദ്ദേഹം പറഞ്ഞു ഐ.എ.എസ് കാരായിട്ടുള്ള ആളുകളെ കളക്ടർമാരാക്കാൻ ഈ ഗവൺമെന്റ് വിമുഖത കാണിക്കുകയാണെന്ന്. നമുക്കറിയാം, കേരളത്തിലെ 14 കളക്ടർമാരിൽ അഞ്ചു കളക്ടർമാരും എസ്.സി/എസ്.ടി.യിൽപ്പെട്ട ആളുകളാണ്. മൂന്ന് എസ്.സി.ക്കാരും 2 എസ്.ടി.ക്കാരുമാണ്. അതുപോലെ പഞ്ചായത്തിന്റെ സെക്രട്ടറിമാരായി ഇരിക്കുന്നത് ഐ.എ.എസ്.കാരായിട്ടുള്ള പട്ടികജാതിക്കാർക്ക് മോശമാമെന്നുള്ള ധാരണയിലാണ് പറഞ്ഞത്. ഒരു മോശവും കാണുന്നില്ല. ഏറ്റവും കൂടുതൽ സമ്പത്ത് കൈകാര്യം ചെയ്യുന്ന, ഏറ്റവും കൂടുതൽ അധികാരം കൈകാര്യം ചെയ്യുന്ന, ഒരു സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന ആളുകളാണ് അവരെന്നുള്ളതുകൊണ്ട് തന്നെയാണ് ആ സ്ഥാനങ്ങളിൽ അവരെ അവിടെ ഇരുത്തിയിരിക്കുന്നത്.

ഞാൻ മറ്റു കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. ബഹുമാന്യയായ ഗൗരിയമ്മ ഇവിടെ ഇല്ല. അവർ രാവിലെ കുറെ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു: പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള ഫണ്ട് കുറഞ്ഞു പോയി എന്ന്. ഞാൻ അതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ പറഞ്ഞതാണ്. കഴിഞ്ഞ മൂന്നുവർഷക്കാലമായി കേരളത്തിന്റെ ടോട്ടൽ ബഡ്ജറ്റിന്റെ ഏകദേശം 12 ശതമാനത്തിനും 11 ശതമാനത്തിനുമിടയിൽ, പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും താൽപര്യത്തിനുവേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. നമുക്കറിയാം, 1997-98 സാമ്പത്തിക വർഷത്തിൽ നമ്മുടെ കേരളത്തിന്റെ ടോട്ടൽ ബഡ്ജറ്റ് 2855 കോടി രൂപയാണ്. ആ 2855 കോടി രൂപയിൽ 347 കോടി രൂപ പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ക്ഷേമത്തിനുവേണ്ടി മാറ്റിവയ്ക്കുകയാണ് ചെയ്തത്. അതുപോലെതന്നെ കഴിഞ്ഞ സാമ്പത്തികവർഷം 3100 കോടി രൂപയായിരുന്നു കേരളത്തിന്റെ ടോട്ടൽ ബഡ്ജറ്റ്. ആ 3100 കോടി രൂപയിൽ 351 കോടി 50 ലക്ഷം രൂപ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ക്ഷേമത്തിനു വേണ്ടിയാണ് മാറ്റിവച്ചത്. ഈ വർഷം 3250 കോടി രൂപയാണ് മൊത്തം കേരളത്തിന്റെ ബഡ്ജറ്റ്. അതിൽ 360 കോടിരൂപയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടിയാണ് മാറ്റിവച്ചത്. കുറയുകയല്ല, മറിച്ച് വർദ്ധിക്കുകയാണ് ചെയ്തത്. 1991 മുതൽ 96 വരെ എടുത്തു പരിശോധിച്ചു കഴിഞ്ഞാൽ നമുക്ക് കാണാൻ കഴിയുന്നത് കേവലം 9%-ൽ താഴെയാണ് സംഖ്യ കൊടുത്തിരുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 11% ഉം 12%ഉം സംഖ്യകണ്ട് പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ക്ഷേമത്തിനുവേണ്ടി മാറ്റി വയ്ക്കുകയാണ് ചെയ്തത്. അതുപോലെതന്നെ ബഹു: ഗൗരിയമ്മ ചൂണ്ടിക്കാണിച്ചത്, ആദിവാ

LIBRARY ARCHIVES Kerala Legislative Assembly

സികൾ പാർക്കുന്ന സ്ഥലങ്ങളിൽ അവർക്കുവേണ്ടി സ്വയംഭരണ സ്ഥാപനങ്ങളുണ്ടാക്കണമെന്നാണ്. നമുക്കറിയാം: കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച നയസമീപനത്തിന്റെ അടിസ്ഥാനത്തിലാണ് സ്വയംഭരണ കൗൺസിലുകൾ പല സ്ഥലങ്ങളിലും നിലവിൽ വന്നിരിക്കുന്നത്. അത് ഡിക്ലൈയർ ചെയ്തതാണ്. പട്ടികവർഗ്ഗ പ്രദേശങ്ങളാണെന്ന് സെൻട്രൽ ഗവൺമെന്റ് ഡിക്ലൈയർ ചെയ്ത പ്രദേശങ്ങളിൽ മാത്രമാണ് സ്വയംഭരണ കൗൺസിലുകൾ നിലവിൽ വന്നത്. കേരളത്തിൽ അങ്ങനെ ഡിക്ലൈയർ ചെയ്ത ഒരു സ്ഥലവുമില്ല. തന്നെയുമല്ല, ഡീസെൻട്രലൈസേഷന്റെ ഭാഗമായി കേരളത്തിലെ ആദിവാസികൾക്ക് പ്രത്യേക കോൺസ്റ്റിറ്റ്യൂവൻസികളുണ്ടാക്കുകയും അതിൽ അവരെ നിർത്തി മത്സരിപ്പിക്കുകയും ജയിപ്പിക്കുകയും അവർ നല്ല രീതിയിൽ ഭരിക്കുകയും ചെയ്യുകയാണ്. ചില ആളുകൾ പറഞ്ഞു ആദിവാസികൾക്ക് അധികാരമില്ല, അല്ലെങ്കിൽ പട്ടികജാതിക്കാർക്ക് അധികാരമില്ല, എന്ന്. ഇന്ന് പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമെല്ലാം തന്നെ അധികാരം കയ്യാളുന്ന സ്ഥാപനങ്ങളിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത് എന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമാണ് തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്ത്. ബഹു. മെമ്പർ കാർത്തികേയന് അറിയാം, ഏറ്റവും നല്ല പഞ്ചായത്തുകളിലൊന്നായി തെരെഞ്ഞെടുത്തത് ആ പഞ്ചായത്താണ്. അവിടെ ഭരിക്കുന്നത് ആദിവാസിയാണ്. അതുപോലെതന്നെ അഗളി ബ്ലോക്ക് പഞ്ചായത്ത് ഭരിക്കുന്നത് ആദിവാസിയാണ്. അങ്ങനെ ആദിവാസികളെ ഭരണരംഗത്തേയ്ക്കും സാമ്പത്തികം കൈകാര്യം ചെയ്യുന്ന സ്ഥിതിയിലേയ്ക്കും കൊണ്ടുവരികയെന്നുള്ള ലക്ഷ്യമാണ് അതിലൂടെ നാം നേടുന്നത്. അല്ലാതെ ആദിവാസികൾക്കുവേണ്ടി സ്വയംഭരണ കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് അതിൽ വെട്ടിപ്പു നടത്താനുള്ള സാഹചര്യമുണ്ടാക്കുകയെന്നുള്ളതല്ല ഈ ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. എ. കണാരൻ : സർ, ത്രിപുരയിലെ മുഖ്യമന്ത്രിയായിരുന്ന ദശരഥ ദേവ്, അദ്ദേഹം മത്സരിച്ചു ജയിച്ചത് സംവരണ സീറ്റിലല്ല, ജനറൽ സീറ്റിലാണ് മത്സരിച്ചു ജയിച്ചത്. അദ്ദേഹത്തെ ത്രിപുരയിലെ മുഖ്യമന്ത്രിയാക്കിയത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: അതൊക്കെ എല്ലാവർക്കും അറിയാം.

അതുപോലെതന്നെ ഇവരുടെ ഏറ്റവും വലിയ അടിസ്ഥാന പ്രശ്നമായി കാണുന്നത് വിദ്യാഭ്യാസ രംഗത്തെ കുറവാണ്. വിദ്യാഭ്യാസ രംഗത്ത് കൂടുതൽ കഴിവുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഡോ.എം.എ. കുട്ടപ്പൻ ഒന്നാലോചിക്കേണ്ടതായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. നിങ്ങൾ ഭരിച്ച സമയത്ത് ഒരു മോഡൽ റെസിഡെൻഷ്യൽ സ്കൂൾപ്പോലും ആരംഭിക്കാൻ നടപടി സ്വീകരിച്ചില്ല. അത് അങ്ങ് ആലോചിക്കേണ്ടതായിരുന്നു. അതുപോലെതന്നെ ബെറ്റർ എഡ്യൂക്കേഷന്റെ ഭാഗമായി, 50 കുട്ടികളെയാണ് ഈ സംസ്ഥാനത്ത് തെരഞ്ഞെടുത്തിരുന്നത്. 50 കുട്ടികളെ സംസ്ഥാനത്ത് തെരെഞ്ഞെടുത്ത് ഏറ്റവും നല്ല സ്കൂളിൽ വിട്ട് പഠിപ്പിക്കുന്ന സംവിധാനം ഇന്ന് 14 ജില്ലകളിലും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളിലും നടപ്പാക്കാനുള്ള വിപുലമായ പദ്ധതിയാണ് നടപ്പാക്കുന്നത്. അത് എങ്ങനെയാണ് പട്ടികജാതിക്കാരുടെ വിദ്യാഭ്യാസം കുറയ്ക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് എന്നു പറയുന്നത്? അവരുടെ വിദ്യാ



LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് 11 മോഡൽ റെസി ഡെൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. അതോടൊപ്പംതന്നെ ബെറ്റർ എഡ്യൂ ക്കേഷൻ 50 കുട്ടികൾക്ക് സംസ്ഥാനത്ത് 14 ജില്ലകളിലും 55 മുനിസിപ്പാലിറ്റിക ളിലും 3 കോർപ്പറേഷനുകളിലുമായി വ്യാപിപ്പിക്കുകയാണ് ചെയ്തത്. അപ്പോൾ അവരുടെ വിദ്യാഭ്യാസ നിലവാരം കുറയ്ക്കുകയല്ല, മെച്ചപ്പെടു ത്താൻ കഴിയുന്ന രീതിയിലുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതുപോലെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊടുത്തു. പ്രൊഫഷണൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മാത്രമല്ല, ബാക്കി എല്ലാ കുട്ടികളുടേയും ലംപ്സംഗ്രാന്റും സ്റ്റൈപന്റും പോക്കറ്റ് മണിയും യൂണിഫോം അലവൻസും മെസ്സ് ഫീസും എല്ലാംതന്നെ വർദ്ധിപ്പിച്ചുകൊടു ക്കാനുള്ള നയമാണ് സ്വീകരിച്ചത്. പൊതുവിദ്യാഭ്യാസ നിലവാരത്തോടൊപ്പം ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർന്നിട്ടില്ല എന്നുള്ള ആക്ഷേപം ശരി തന്നെയാണ്. നമുക്കറിയാം, ഈ വർഷം 53 ശതമാനത്തിൽ കൂടുതലാണ് എസ്.എസ്.എൽ.സിയുടെ മൊത്തം റിസൾട്ട്. പക്ഷേ പട്ടികജാ തിക്കാരന് 36 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 23 ശതമാനത്തിനു താഴെയും നിൽക്കുകയാണ്. അവരെ ഒപ്പം എത്തിക്കുക എന്നുള്ള നയസമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനുവേണ്ടിയാണ് നല്ല രീതിയിലുള്ള വിദ്യാ ഭ്യാസം കൊടുക്കുക എന്നുള്ള നയസമീപനം സ്വീകരിച്ചത്. അതുപോലെ ഇവിടെ ബഹു. ഇസ്ഹാക് കുരിക്കൾ ചൂണ്ടിക്കാണിച്ച കാര്യം, അത് എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും ചർച്ച ചെയ്ത കാര്യമാണ്; അദ്ദേഹത്തിന്റെ മണ്ഡ ലത്തിലെ ഒരു സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നതിനെ സംബന്ധിച്ചും ആദി വാസി ക്ഷേമം ഉറപ്പാക്കുന്നതിനെ സംബന്ധിച്ചും. നമുക്കറിയാം, ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ആ എൽ.പി. സ്കൂൾ യു.പി. സ്കൂളായിട്ട് അപ്ഗ്രേഡ് ചെയ്തത്. അത് ഹൈസ്കൂൾ ആക്കുന്നതിനുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

അതോടൊപ്പംതന്നെ ആ പ്രദേശത്തെ ആദിവാസികളായ മലമു ത്തൻമാർക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നില്ല, അത് മന:പൂർവ്വം കൊടുക്കാതിരി ക്കുന്ന നയം സ്വീകരിച്ചിരിക്കുന്നു എന്നു പറഞ്ഞു. നമുക്കറിയാം, മലമു ത്തൻമാർ പട്ടികവർഗ്ഗ ലിസ്റ്റിൽ ഇല്ലാത്ത ഒരു വിഭാഗമാണ്. അവർ ഒ.ഇ.സി. യിൽപ്പെട്ട ആളുകളാണ്. പട്ടികവർഗ്ഗക്കാരെക്കാൾ കൂടുതൽ ദയനീയമായ സ്ഥിതിയാണ് അവരനുഭവിക്കുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. പട്ടിക വർഗ്ഗ ലിസ്റ്റിൽ ഇല്ലാത്ത ഒരാൾക്ക് പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യം കൊടു ക്കുക എന്നുപറഞ്ഞാൽ അത് നിയമവിരുദ്ധമാണ് എന്നുള്ള കാര്യത്തിലും തർക്കമില്ല. അവരെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞ് കേന്ദ്ര ഗവൺമെന്റിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗക്കാരെക്കാൾ കൂടുതൽ ദയനീ യമായ സ്ഥിതിയാണ് മലമുത്തൻമാർ ഇന്ന് അനുഭവിക്കുന്നത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റുതന്നെ ആ ലിസ്റ്റ് ഭേദഗതി വരുത്തേണ്ടതാണ്. അത് ഭേദ ഗതി വരുത്താൻവേണ്ടി നമ്മൾ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് എടു ക്കുന്ന തീരുമാനം വരെ കാത്തിരിക്കാതെ അവർക്ക് തുടർന്ന് ആനുകൂല്യം കൊടുക്കുന്ന കാര്യം പരിശോധിക്കാം. കൊടുക്കാൻ തീരുമാനം എടുത്തിട്ടില്ല. ഔദ്യോഗിക തീരുമാനം എടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലമുത്തൻമാരുടെ ഭൂമി തട്ടിയെടുക്ക ണമെന്ന ലക്ഷ്യത്തോടുകൂടി അതിന്റെ പിന്നിൽ മാഫിയാ സംഘങ്ങൾ ചില ഉദ്യോഗസ്ഥൻമാരെ സ്വാധീനിച്ച്, വർഷങ്ങളായി ട്രൈബ്സായി അംഗീകരിച്ച

LIBRARY ARCHIVES Kerala Legislative Assembly

അവരെ ഇപ്പോൾ മാത്രം ട്രൈബ്സായി അംഗീകരിക്കാതിരിക്കുന്നതിന്റെ പിന്നിൽ ഒരു നീക്കമുണ്ട്. അതുകൊണ്ട് സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ അങ്ങ് ഒരു നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നതുമുതൽ 1950-നു ശേഷം 1951 മുതൽ മദ്രാസ് ഗവൺമെന്റിന്റെ കാലം മുതൽ മലബാറിലെ മലമുത്തൻമാരെ ട്രൈബ്സായി കണക്കാക്കി അവർക്ക് ആനുകൂല്യങ്ങൾ നൽകി വന്നതാണ്. ഇപ്പോൾ പെട്ടെന്ന് എന്ത് അടിസ്ഥാനത്തിലാണ് അവർ ട്രൈബ്സ് അല്ലാതായി മാറിയത്? മുമ്പ് റിസർവേഷൻ ഉണ്ടായ കാലഘട്ടം മുതൽ ഇതുവരെ ഏത് അടിസ്ഥാനത്തിലാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ഒരു ജാതി മാത്രമല്ല ബോഗസ്. നിരവധി ജാതികൾ ബോഗസ് ആയി പട്ടികജാതിക്കാരുടെയും പട്ടിവർഗ്ഗക്കാരുടെയും ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ, അതു സംബന്ധിച്ച് വിശദമായിട്ടുള്ള പരിശോധനയും അന്വേഷണവും നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പല ജാതികളും യഥാർത്ഥ പട്ടികവർഗ്ഗം അല്ല എന്ന് കണ്ടെത്തിയിരുന്നത്. നേരത്തെ ഇവിടെ ബഹു. രണ്ട് മെമ്പർമാരും ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് എടുക്കുന്നത്. അതു സംബന്ധിച്ച് ബഹു. മെമ്പർമാരുമായിട്ട് ചർച്ച നടത്തിയിട്ടുണ്ട്. ഇതുവരെ നിലനിന്നിരുന്ന അവരുടെ ആനുകൂല്യങ്ങൾ നിലനിർത്തിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കാം എന്ന് പറയുകയും ചെയ്തിട്ടുണ്ട്.

മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ നമ്മുടെ കേരളത്തിൽ ഉണ്ടായിരുന്നു; അതുസംബന്ധിച്ച് ഇവിടെ രാവിലെ ശ്രീമതി കെ.ആർ. ഗൗരിയമ്മ പറയുകയുണ്ടായി: പട്ടികജാതി പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിച്ച പദ്ധതികൾ എല്ലാംതന്നെ ഈ ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല, അത് തകർച്ചയിലാണ് എന്നു പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിച്ച പദ്ധതികൾ എല്ലാംതന്നെ പുന:സംവിധാനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. അങ്ങനെ പുന:സംവിധാനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് പല പദ്ധതികളും ലാഭകരമായ അവസ്ഥയിൽ എത്തിക്കാൻ കഴിഞ്ഞത്. ഉദാഹരണത്തിന് വയനാട്ടിൽ നടക്കുന്ന പ്രിയദർശിനി റ്റീ എസ്റ്റേറ്റ്. ഈ ഗവൺമെന്റ് വന്ന് 3 വർഷക്കാലവും 15 ലക്ഷം രൂപ വച്ച് 45 ലക്ഷം രൂപ ലാഭത്തിലാണ് ഇപ്പോൾ ഇത് പ്രവർത്തിക്കുന്നത്. അതുപോലെതന്നെ സുഗന്ധഗിരി കാർഡമം പ്രോജക്ട്: ആ പ്രോജക്ട് ഏകദേശം ഒൻപതു കോടി 60 ലക്ഷം രുപയുടെ നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ നഷ്ടം നികത്തി എന്നു പറയുന്നില്ല. ഈ 3 വർഷംകൊണ്ട് 60 ലക്ഷം രൂപ ലാഭത്തിൽ എത്തിക്കാൻ കഴിഞ്ഞു. അതുപോലെ പൂക്കോട് ഡയറി ഫാമിനെക്കുറിച്ച് ഇവിടെ ബഹു. ഗൗരിയമ്മ പറയുകയുണ്ടായി. ആ ഡയറി ഫാമിൽ പശുക്കളെ വളർത്തുന്ന ഒരു കേന്ദ്രം ഉണ്ടായിരുന്നു. ആ കേന്ദ്രം 1993-94 ഓടുകൂടി അടച്ചുപൂട്ടി. കാരണം അവിടെയുണ്ടായിരുന്ന പശുക്കൾ കൂട്ടത്തോടെ ചത്തുപോയി. അതിനുശേഷം ആ സ്കീം പുനരുദ്ധരിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പൂക്കോട് ഡയറി ഫാം പുനരുദ്ധരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി അവിടെ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നൂറോളം പശുക്കളെ വാങ്ങിക്കൊടുക്കുകയും അതുപോലെ കാപ്പിക്കൃഷി അഭിവൃദ്ധിപ്പെടുത്തുകയും ആദിവാസികൾക്ക് തൊഴിൽ കിട്ടുന്നതിനുള്ള സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്തു. അതുപോലെതന്നെ അട്ടപ്പാടി ഫാമിംഗ് സൊസൈറ്റി. നമുക്കറിയാം, അട്ടപ്പാടി എന്നു കേട്ടാൽത്തന്നെ അവിടെ അഴിമതിയുടെ കേന്ദ്രമാണ്. ആ സ്ഥലം ശ്രീമതി കെ.ആർ. ഗൗരിയമ്മ സന്ദർശിച്ചു എന്നു പറഞ്ഞു. ഞാൻ ആ സ്ഥലം മൂന്നുനാലു പ്രാവശ്യം സന്ദർശിക്കുക മാത്രമല്ല, കഴിഞ്ഞവർഷം 25 ലക്ഷം രൂപയുടെ ലാഭമുണ്ടാക്കുകയും ചെയ്തു. ആ ലാഭം ഉണ്ടാക്കിയതിന്റെ വിഹിതം ആദിവാസികൾക്കുതന്നെ ലഭിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. ഫാമിൽ പണിയെടുക്കുന്ന ഇരുനൂറോളം ആളുകളെ ഇവിടെ കൊണ്ടുവരികയും അവർക്ക് തിരുവനന്തപുരം വരെ കാണിച്ചുകൊടുക്കുകയും ചെയ്തു. അവർക്ക് വലിയ ആഹ്ലാദമായിരുന്നു. അതോടൊപ്പം തന്നെ അവർക്ക് കൂലി വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്തു. സുഗന്ധഗിരിയിലും പൂക്കോട്ടും പ്രിയദർശിനിയിലും അട്ടപ്പാടി ഫാമിംഗ് സൊസൈറ്റിയിലും കൂലി വർദ്ധിപ്പിച്ചു കൊടുത്തു. അതോടൊപ്പം അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുകയും ചെയ്തു. അവർക്ക് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും എല്ലാം ലഭ്യമാക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ ആദിവാസികളെ പുനരധിവസിപ്പിക്കുന്ന പദ്ധതികൾ എല്ലാംതന്നെ ക്രിയാത്മകമായി പരിശോധിച്ച്, അത് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചതിന്റെ ഗുണവും കാണാൻ കഴിഞ്ഞിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടിയുള്ള തുക വകമാറി ചെലവാക്കുന്നു എന്ന ആക്ഷേപം പല സ്ഥലത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ വകമാറി ചെലവു ചെയ്തുകഴിഞ്ഞാൽ തീർച്ചയായും അത് കണ്ടെത്തി അത് പട്ടികജാതിക്കാർക്കുതന്നെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. അങ്ങനെ കുറ്റകരമായ അനാസ്ഥ കാണിക്കുന്ന ആളുകളുടെ പേരിൽ നടപടി എടുക്കാനും ഈ ഗവൺമെന്റ് സന്നദ്ധമായിട്ടുണ്ട്.

ബഹു. ഡോ.എം.എ. കുട്ടപ്പൻ ഇവിടെ ഒരു ഹോസ്റ്റലിലെ സ്ഥിതി ചൂണ്ടിക്കാണിച്ചു. ഒരു ഹോസ്റ്റലിൽ മാത്രം നടക്കുന്ന സംഭവമല്ല അത്. കേരളത്തിൽ ഏകദേശം 113 പട്ടികവർഗ്ഗ ഹോസ്റ്റലുകളുണ്ട്. അതുപോലെ ഏകദേശം തൊണ്ണൂറ്റിഒൻപതോളം പട്ടികജാതി ഹോസ്റ്റലുകളും ഉണ്ട്. ചില ഹോസ്റ്റലുകളിലെല്ലാം ഇവിടെ പറഞ്ഞതുപോലെ ഇറച്ചി വാങ്ങുന്നതിലും കോഴി വാങ്ങുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലുമൊക്കെ തട്ടിപ്പുണ്ട്. അങ്ങനെ അഴിമതിയും തട്ടിപ്പും കണ്ടുപിടിച്ചാൽ അവർ ഭരണകക്ഷിയിലേതെന്നോ, പ്രതിപക്ഷകക്ഷിയിലേതെന്നോ നോക്കാതെ, ഏതു കക്ഷിയിൽപ്പെട്ട ആളായാലും, ഹോസ്റ്റലിലെ കുട്ടികൾക്കുവേണ്ടി മാറ്റിവച്ച സംഖ്യ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തി കഴിഞ്ഞാൽ അവരുടെ പേരിൽ ശക്തമായ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അറുപതോളം എസ്.റ്റി വകുപ്പിലുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം 29-ഓളം എസ്.സി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ പേരിലും നടപടി സ്വീകരിക്കാൻ തയ്യാറായിട്ടുണ്ട്.

അതുപോലെ തന്നെയാണ് ഈ വകുപ്പിന്റെ കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ. നമുക്കറിയാം പിന്നോക്ക വികസന കോർപ്പറേഷൻ. പിന്നോക്ക വികസന കോർപ്പറേഷൻ കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് കാഴ്ച വച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഏകദേശം 150 ലക്ഷത്തോളം വരുന്ന പിന്നോക്കക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് പിന്നോക്ക വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. ആ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് ആകെ മൂന്നു ഓഫീസുകളാണ് ഉണ്ടായിരുന്നത്. ഇനി രണ്ട് ജില്ലകളിൽകൂടി നടപ്പാക്കും. അതിന്റെ ആവശ്യം വന്നു കഴിഞ്ഞാൽ കേരളത്തിലെ മുഴുവൻ ജില്ലകളിലും അതിന്റെ ഓഫീസുകൾ സ്ഥാപിച്ചുകൊണ്ട് പ്രവർത്തനഫലങ്ങൾ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുതന്നെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. ഈ വർഷം ഏകദേശം 10000-ത്തോളം ആളുകൾക്ക് പിന്നോക്ക വികസന കോർപ്പറേഷനിലൂടെ സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള സംവിധാനം ഉണ്ടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പാവപ്പെട്ട പിന്നോക്കവിഭാഗത്തിൽപ്പെട്ട, പാർപ്പിടമില്ലാത്ത ആളുകൾക്ക് പാർപ്പിടം ഉണ്ടാക്കുവാൻവേണ്ടി 5 സെന്റ് ഭൂമിയെങ്കിലും വാങ്ങി കൊടുക്കാൻവേണ്ടി ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുകയാണ്. പാവപ്പെട്ട പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വിവാഹധന സഹായം കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കമ്പ്യൂട്ടറടക്കം പരിശീലനം കൊടുക്കുന്ന സ്ഥിതിവിശേഷം ഉണ്ടായി. ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അതിന്റെ നേട്ടം ഉണ്ടാക്കുക എന്നുള്ള നയവും സ്വീകരിച്ചു. പട്ടികവർഗ്ഗക്കാരുടെ ഏറ്റവും വലിയ സ്വപ്നമാണ് ഒരു തുണ്ട് ഭൂമിക്കെങ്കിലും അവകാശികളായി മാറുക എന്നത്. ഇവിടെ രാവിലെ ചർച്ച ചെയ്തു. ഭൂപരിഷ്കരണ നിയമം വന്നപ്പോൾത്തന്നെ കുടികിടപ്പവകാശം കിട്ടി എന്നതുശരിയാണ്. എങ്കിൽപ്പോലും കേരളത്തിലെ പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സ്ഥിതി ഇന്ന് ദയനീയമാണ്. അന്യന്റെ പാടത്തും പറമ്പിലും പണിയെടുക്കുവാൻ വിധിക്കപ്പെട്ടവരാണ്. സ്വന്തമായ ഭൂമിയിൽ, 'എന്റേതായ' ഭൂമിയിൽ പണിയെടുക്കുവാനുള്ള അവകാശമില്ല. അതുകൊണ്ടാണ് ഗവൺമെന്റ് തീരുമാനിച്ചത് 9-ാം പഞ്ചവത്സരപദ്ധതിയോടുകൂടി കേരളത്തിലെ 10,000 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കെങ്കിലും 50 സെന്റ് ഭൂമി ഭൂമിക്കെങ്കിലും ഉടമകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആ പദ്ധതി വമ്പിച്ച വിജയത്തിലാണ് എത്തുന്നത്. കഴിഞ്ഞ വർഷം നടപ്പാക്കിയ പദ്ധതിയിലൂടെ 50 സെന്റാണ് ലക്ഷ്യം ഇട്ടതെങ്കിലും മൂന്നും നാലും ഏക്കർ ഭൂമി വാങ്ങിക്കുവാൻവേണ്ടി ആളുകൾ തയ്യാറായിട്ടുണ്ട്. അത് വലിയ മാറ്റമാണ്. ഈ വർഷം 5,000-ത്തോളം യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻവേണ്ടി സൗകര്യം ചെയ്തുകൊടുക്കുവാനുള്ള നടപടി സ്വീകരിച്ചു. അതിന്റെ പ്രവർത്തനങ്ങളിൽ സമഗ്രമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി അത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുമുണ്ട്. ഒരു വിജിലൻസ് കേസ്സും നിലനിൽക്കുന്നുണ്ട്. കൺവർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷനെ സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചു. കൺവർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എല്ലാപേർക്കും അറിയാവുന്നതാണ്. കഴിഞ്ഞകാലങ്ങളിൽ തട്ടിപ്പും വെട്ടിപ്പും അഴിമതിയുമൊക്കെ എല്ലാപേരും വ്യക്തമാക്കിയതാണ്. ആ കോർപ്പറേഷനെ തകർക്കുകയാണ് ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കോർപ്പറേഷനെ റീവാംപ് ചെയ്യാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള ഒട്ടേറെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ഏകദേശം 39-ഓളം വിജിലൻസ് കേസ്സ് ഉണ്ടായത്. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ അഴിമതിയും തട്ടിപ്പും വെട്ടിപ്പുമാണ് അതിന്റെ പ്രവർത്തനം നിശ്ചലമാക്കിയത്. ആ പ്രവർത്തനങ്ങൾ ഏകീകരിക്കുവാനും കോർപ്പറേഷനെ പുനർനിർമ്മിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഈ വർഷം ഒരു കോടി രൂപ ബഡ്ജറ്റിൽ മാറ്റിവയ്ക്കുകയും ചെയ്തു. അതിന്റെ പ്രവർത്തനം നടപ്പാക്കിവരികയാണ്. കൺവർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷൻ, അതിന്റെ യഥാർത്ഥ അർത്ഥത്തിലുള്ള പ്രവർത്തനം നടത്താൻവേണ്ടി നടപടികൾ സ്വീകരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ സംബന്ധിച്ച് സഹകരണ വകുപ്പുമന്ത്രിതന്നെ നേരത്തെ പറഞ്ഞതാണ്. പട്ടികജാതി പട്ടികവർഗ്ഗ സംസ്ഥാന സഹകരണ ഫെഡറേഷൻ ഉണ്ടായിരുന്നു. ആ ഫെഡറേഷന്റെ പ്രധാനപണി പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽനിന്നും കിട്ടുന്ന കമ്മീഷൻ കൊണ്ട് മുന്നോട്ടുപോവുകയായിരുന്നു. അതിൽനിന്നും വ്യത്യസ്തമായി പട്ടികജാതി പട്ടികവർഗ്ഗ സംസ്ഥാന സഹകരണ ഫെഡറേഷൻ സ്വയംഭരണ സ്ഥാപനമായും അതോടൊപ്പംതന്നെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സഹായിക്കുന്ന ഒരു സ്ഥാപനമായും മാറ്റാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. രാജു</u>: കുടുംബി സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ ഒരാവശ്യം ഉന്നയിച്ചിരുന്നു. വിദ്യാഭ്യാസ സഹായവും അവരെ പട്ടികജാതിയിൽപ്പെടുത്തണമെന്ന ആവശ്യവും.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: നിരവധി ജാതിയിൽപ്പെട്ടവർ പട്ടികജാതിയിൽപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നുണ്ട്. അവരെ മുഴുവൻ പട്ടികജാതിയിൽപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ അവർക്ക് ആവശ്യമായ ആനുകൂല്യം കൊടുക്കുന്നുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിലെ എല്ലാ തരത്തിലുമുള്ള വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ഡോ. കെ.സി. ജോസഫ്</u> : വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. അധികാരവികേന്ദ്രീകരണം വരുന്നതിനുമുമ്പ് ഐ.എച്ച്.ഡി.പി. കോളനികളുടെ വികസനത്തിനും മറ്റുമായി നിരവധി പദ്ധതികൾ ഏറ്റെടുത്തിരുന്നു. അത് ഏറ്റെടുക്കുന്നതിനുവേണ്ടി പണം മുടക്കിയ ആളുകൾക്ക് പണം തിരിച്ചു കിട്ടാതിരിക്കുകയാണ്. ആ കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: ഈ കുടിശ്ശിക കൊടുത്തു തീർക്കുവാൻ 4 കോടിയിൽപ്പരം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുകൂടാതെ അടുത്ത മാസത്തോടുകൂടി പരമാവധി കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കാം. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾമൂലം ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ക്ഷേമം ഒരു പരിധിവരെയെങ്കിലും സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകുവാൻ എല്ലാപേരുടെയും സഹായസഹകരണങ്ങൾ വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. വരുന്ന രണ്ടുവർഷക്കാലം, 9-ാം പഞ്ചവത്സരപദ്ധതിയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കികൊണ്ട് ആദിവാസികളെയും പട്ടികജാതിക്കാരെയും ആത്മാഭിമാനമുള്ളവരാക്കി മാറ്റുക എന്നുള്ളതാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ പട്ടികജാതി പട്ടികവർഗ്ഗക്കാരെ ആത്മാഭിമാനമുള്ളവരാക്കി മാറ്റണമെങ്കിൽ അവർക്ക് സ്വന്തമായി വാസയോഗ്യമായിട്ടുള്ള പാർപ്പിടങ്ങൾ വേണ്ടതുണ്ട്. 9-ാം പഞ്ചവത്സര

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയോടുകൂടി മുഴുവൻ ആളുകൾക്കും ഇതിനുവേണ്ടി ലക്ഷ്യമിടുകയാണ്. അതിന് മുന്നോടിയായിട്ടാണ് ഈ വർഷം 17 പഞ്ചായത്തുകളിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുന്നത്. ഈ വർഷം ഏകദേശം 140 മണ്ഡലങ്ങളിലും ഓരോ പഞ്ചായത്തിലും സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കും. അതോടൊപ്പം ഏതെങ്കിലും പഞ്ചായത്ത് 'സമ്പൂർണ്ണ പാർപ്പിട പദ്ധതി' നടപ്പാക്കുവാൻവേണ്ടി മുന്നോട്ടുവരുമ്പോൾ 25 ശതമാനം സംഖ്യയുടെ കുറവുകൊണ്ടാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുവാൻ കഴിയാത്തതെങ്കിൽ ആ 25 ശതമാനം സംഖ്യ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു നേരിട്ട് കൊടുക്കുന്നതിനുവേണ്ടി ഈ വർഷം 20 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. ഐ.എ.വൈ., ജെ.ആർ. വൈ., Million Wells സ്കീമുകൾ സംബന്ധിച്ച് സെൻട്രൽ ഗവൺമെന്റ് നമുക്ക് തരുന്ന 22,000 രൂപ ആണ് കൊടുക്കാൻ കഴിയുന്നത്. ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് 35,000 രൂപയെങ്കിലും കൊടുക്കണമെന്നതാണ്. അങ്ങനെ 22,000 രൂപ സെൻട്രൽ ഗവൺമെന്റ് തരുമ്പോൾ സപ്ലിമെന്ററിയായിട്ട് 13,000 രൂപ വച്ച് ഓരോ വീടിനും കൊടുക്കുവാൻവേണ്ടി ഈ വർഷം 15 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുകയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിഞ്ഞ വർഷം പ്രഖ്യാപിച്ചതുപോലെതന്നെ ഈ വർഷം 300 വോളന്റിയേഴ്സിനെ വിവിധ റിമോട്ട് ഏരിയകളിൽനിന്നും കണ്ടെത്തി അവർക്ക് പരിശീലനം കൊടുത്ത് അവരെ വോളന്റിയർമാരാക്കി നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ രണ്ട് ഐ.റ്റി.സി.കൾ ഒന്ന് ഇടുക്കിയിലും മറ്റൊന്ന് പത്തനംതിട്ടയിലും ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: നിലമ്പൂർ ഐ.റ്റി.സി.യുടെ കാര്യമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: നിലമ്പൂർ ഐ.റ്റി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനം സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഒരു മോഡൽ റെസിഡെൻഷ്യൽ സ്കൂൾ കേരളത്തിലെ തമിഴ് വംശജർക്കുവേണ്ടി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നു. ബഹു: ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. എ.കെ. മണി, ശ്രീ. കെ.എം. മാണി ഒക്കെ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടതാണ്. ഈ വർഷം അതിനുവേണ്ടി നടപടി സ്വീകരിക്കുകയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u>: ബഹു: ഡെപ്യൂട്ടി സ്പീക്കർക്ക് തമിഴുമായിട്ട് യാതൊരു ബന്ധവുമില്ല.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: മറ്റൊരു കാര്യം ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. ആദിവാസി Unwed Mothers-നെ ക്കുറിച്ച് ചർച്ച നടന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദിവാസി Unwed Mothers -ന്റെ നമ്പർ കുറഞ്ഞുവരികയാണ്. കാരണം ആ വിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കുവാൻ കഴിയുന്ന വിധത്തിൽ ഡി.എൻ.എ. ടെസ്റ്റ് ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞു. ഡി.എൻ.എ. ടെസ്റ്റ് ഫലപ്രദമായി നടപ്പാക്കിയതിന്റെ ഫലമായി വനിതാ കമ്മിഷനുമായി സഹകരിച്ച് കഴിഞ്ഞ വർഷം 5 കേസ്സുകൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. ആ 5 കേസ്സുകളും ഡി.എൻ.എ. ടെസ്റ്റുകൾക്ക് വിധേയമാക്കി (ഒരു എസ്.റ്റി, മൂന്ന് എസ്.സി, ഒരു ഒ.ബി.സി) ആ രംഗത്ത് ആദിവാസി സഹോദരിമാരിൽ Unwed Mothers-ന്റെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞു. അവർക്കുവേണ്ടി ക്ഷേമപദ്ധതികൾ നടപ്പാക്കുവാൻവേണ്ടി സാമൂഹ്യക്ഷേമ വകുപ്പും വ്യവസായ വകുപ്പും ഒക്കെ സംയുക്തമായി ചേർന്നുകൊണ്ട് അട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്പാടി, വയനാട് മേഖലകളിലൊക്കെ പദ്ധതി നടപ്പാക്കിവരുകയാണ്. ആദിവാസികളുടെയും പട്ടികജാതിക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി പരമാവധി കഴിയുന്ന രീതിയിൽ ഗവൺമെന്റ് പ്രവർത്തിച്ചുവരുകയാണ്. വരുന്ന രണ്ടുവർഷക്കാലംകൊണ്ട് കേരളത്തിൽ ആദിവാസി-പട്ടികജാതി പിന്നോക്കാവസ്ഥ പരിഹരിക്കുക എന്നുള്ള ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ പ്രവർത്തനങ്ങളിൽ എല്ലാപേരുടെയും സഹായസഹകരണം ഉണ്ടാകണമെന്ന് മാത്രം ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട്, ഈ ഡിമാന്റ് എല്ലാപേരും അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, സാമൂഹ്യക്ഷേമവകുപ്പിനെ സംബന്ധിച്ച് രണ്ടു വിഭാഗത്തിലുള്ള മെമ്പർമാരും യാതൊന്നും പറയുന്നത് ശരിയല്ലെന്നു വിചാരിച്ചിട്ടായിരിക്കും ഒന്നും പറയാത്തത്. രണ്ട് ഭാഗത്തുമുള്ളവരെ ഈ കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. യാതൊന്നും പറഞ്ഞില്ല എന്നുള്ളതാണ് പ്രത്യേകമായ കാര്യം.

മി. സ്പീക്കർ : പ്രധാനപ്പെട്ട സംഗതിയല്ലേ ഇത്. സോഷ്യൽ വെൽഫെയറാണ്.

ശ്രീ. ജി. കാർത്തികേയൻ: പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്നാണ്. തെറ്റിദ്ധരിച്ചതാണ്.

മി. സ്പീക്കർ: സാമൂഹ്യക്ഷേമമാണ് മെയിനായിട്ടുള്ളത്.

ശ്രീമതി സുശീലാ ഗോപാലൻ: ഈ പ്രാവശ്യം മാത്രമല്ല എല്ലാ പ്രാവശ്യവും ഇതുപോലെയാണ് വരുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : രണ്ടു കാരണങ്ങളാണ്. ഒന്ന്, ബഹുമാനപ്പെട്ട കാർത്തികേയൻ ചൂണ്ടിക്കാണിച്ച കാര്യമാണ്. രണ്ടാമത്, എന്തു പറഞ്ഞിട്ടും ഒരു കാര്യവുമില്ല എന്നുള്ള വിശ്വാസം മെമ്പർമാർക്കുണ്ടായി!

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ): സർ, ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം ആ വകുപ്പിനുതന്നെ.....

മി. സ്പീക്കർ: "പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള....."

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): അപ്പോൾ ആ കോമയാണ് വേണ്ടത്. ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമമാണ്. ഈ വാചകം ഇങ്ങനെ ചേർത്തതാണ് പിശകായത്. ഉൾപ്പെടെയുള്ള ക്ഷേമം എന്നല്ല ചേർക്കേണ്ടത്. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം, സാമൂഹ്യക്ഷേമം എന്നു ചേർക്കണം. അതുൾപ്പെടെ ചേർത്താൽ പിന്നെ തീർന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതു വേറൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കാം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): അതു വേണ്ട.

മി. സ്പീക്കർ : Social Welfare including Welfare of Scheduled Castes/Scheduled Tribes and other Backward classes അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സുശീലാ ഗോപാലൻ: മെയിൻ ഹെഡ് സോഷ്യൽ വെൽഫെയറാണ്.

മി. സ്പീക്കർ: ഇതു നിയമസഭാ സെക്രട്ടേറിയറ്റ് ചെയ്യുന്നതല്ല. ഇതു സർക്കാർ ചെയ്യുന്നതാണ്. ധനകാര്യവകുപ്പും സർക്കാരുമെല്ലാം അംഗീകരിച്ചു കൊണ്ട് വരുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ): ഇംഗ്ലീഷിലെ തർജിമയല്ല. Social Welfare including Welfare of Scheduled Castes/Scheduled Tribes and other Backward classes തീർന്നു. Where is Social Welfare? സോഷ്യൽ വെൽഫെയർ ആദ്യമാണ്. തർജ്ജമ അവസാനമാണ്.

മി. സ്പീക്കർ: ഇത് ഇവിടെ ചെയ്യുന്നതല്ല. അവിടെ നിന്നു വരുന്നതാണ്. ഇവിടെ അംഗീകരിക്കുന്നതേയുള്ളൂ.

ശ്രീ. ജി. കാർത്തികേയൻ: സഭയിലെ ഒരംഗവും പറയാത്തതിന്റെ അർത്ഥം ആർക്കും മനസ്സിലായില്ല എന്നല്ലേ?

ശ്രീമതി സുശീലാ ഗോപാലൻ: ഒരാളും പറയാതിരുന്നില്ല. അംഗൻവാടി ജീവനക്കാരെ സെലക്ട് ചെയ്യുമ്പോഴുള്ള വെയിറ്റേജും മറ്റു കാര്യങ്ങളെക്കുറിച്ച് പരിഗണിക്കണമെന്ന് ശ്രീമതി ലതാദേവി പറഞ്ഞു. കൂടാതെ അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ശ്രീ. വി.സി. കബീർ പറഞ്ഞു. അങ്ങനെ രണ്ടു പേർ അഭിപ്രായം പറഞ്ഞു. എങ്കിലും ഈ വകുപ്പിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നമ്മുടെ മെമ്പർമാർ വളരെയധികം ശ്രദ്ധിക്കുന്നില്ല എന്നുള്ളതിന്റെ ഒരു ലക്ഷണമാണിത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രധാനപ്പെട്ട ഒരു മേഖലയിൽ ഞങ്ങളൊരു സ്ഥാപനം കൊണ്ടുവന്നു. ബധിരരും മൂകരുമായിട്ടുള്ള കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് ആണ്. ഇത്തവണ അവരുടെ ഡിപ്ലോമാ കോഴ്സ് തുടങ്ങുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ മെമ്പർമാർ തൈക്കാട്ടു പോയി ആ സ്ഥാപനം കാണേണ്ടതാണ്. അവിടെ ഇന്ന് കുഞ്ഞുങ്ങൾ പഠനം നടത്തുകയാണ്. ഇത്തവണ അവർക്കുള്ള ഡിപ്ലോമാ കോഴ്സ് തുടങ്ങും. അടുത്ത കൊല്ലം ഡിഗ്രി കോഴ്സ് തുടങ്ങുകയാണ്. 20 ഏക്കർ സ്ഥലം കിട്ടാത്തുകൊണ്ടാണ് കെട്ടിടം പണിയാത്തത്. ഒരു കോടി രൂപ കയ്യിലിരിക്കുകയാണ്. അതിനൊരു കെട്ടിടമുണ്ടാക്കി നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനസ്ഥാപനമായി വളർത്തിയെടുക്കാനാണ് പരിശ്രമിക്കുന്നത്. മദ്രാസിലും മൈസൂറിലുമൊക്കെ വളരെ പ്രഖ്യാതമായ സ്ഥാപനങ്ങൾ നടക്കുമ്പോൾ കേരളം മറ്റു രംഗങ്ങളിലെല്ലാം പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഇങ്ങനെ ചില സ്പെഷ്യലൈസേഷന്റെ കാര്യത്തിൽ പിന്നോക്കാവസ്ഥയുണ്ട്. അതു പരിഹരിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇതു തുടങ്ങിയത്. ഇപ്പോൾ ബധിരരും മൂകരുമായ കുട്ടികളുടെ അച്ഛനമ്മമാർക്ക് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പ്രോഗ്രാമിലൂടെ പ്രത്യേക പരിശീലനം നൽകാനുള്ള നടപടികളും അടുത്തുതന്നെ ആരംഭിക്കുകയാണ്. പാങ്ങപ്പാറയിൽ, മാനസിക വൈകല്യം ബാധിച്ചിട്ടുള്ള കുട്ടികളുടെ പുനരധിവാസത്തിനായുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്. ഇപ്പോൾ ഞങ്ങളവിടെ പാരന്റ്സിന് ബോധവൽക്കരണം നടത്തുന്നതിനു വേണ്ടി വിപുലമായ ഒരു പരിപാടി, മോഡേണൈസേഷൻ, മറ്റു കാര്യങ്ങൾ, ഒക്കെ നടത്തി. അതിനു പുറമേ ഇതിനായി വിപുലമായ ഒരു പരിപാടി തയ്യാ

റാക്കി, ചിറയിൻകീഴിൽ ആദ്യത്തെ പരിശീലന പരിപാടി ആരംഭിച്ചു. ആദ്യം തിരുവനന്തപുരം ജില്ലയിൽ പിന്നീട് സംസ്ഥാന വ്യാപകമായും ഇങ്ങനെയുള്ള കുഞ്ഞുങ്ങളുടെ രക്ഷകർത്താക്കൾക്ക് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന കുഞ്ഞുങ്ങളുടെ അച്ഛനമ്മമാർക്കുണ്ടാകുന്ന വിഷമങ്ങൾ മനസ്സിലാക്കി അതു പരിഹരിക്കുന്നത് ഏറ്റവും പ്രധാനപ്പെട്ട രണ്ടു പരിപാടികളാണ് ഞങ്ങളിപ്പോൾ ആരംഭിച്ചിട്ടുള്ളത്. നമ്മുടെ എം. എൽ.എ.മാർ ഇടയ്ക്ക് അവിടെ സന്ദർശിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1995-ലെ കേന്ദ്ര വികലാംഗ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു നടപടികൾ സ്വീകരിച്ചു. ഇതിനായി ഒരു കമ്മിഷനെ നിയമിക്കുകയും സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അംഗവൈകല്യം ബാധിച്ചവർക്ക് വിവിധ വകുപ്പുകളിലൂടെ നടന്നുവരുന്ന ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മേൽപ്പറഞ്ഞ ആക്ടു പ്രകാരം കമ്മിഷനിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് വികലാംഗർക്കുവേണ്ട പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വികലാംഗരായ കുട്ടികളുടെ അവകാശങ്ങൾ നടപ്പിലാക്കാൻ ബാധ്യസ്ഥമായ വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥൻമാരെയും സാമൂഹ്യപ്രവർത്തകരെയും മാധ്യമ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന തലത്തിൽ, ജില്ലാതലത്തിൽ, സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. തെരുവുകുട്ടികളുടെ പുനരധിവാസത്തിനുവേണ്ടിയുള്ള ഒരു പ്രത്യേക പരിപാടി അടുത്തു തന്നെ നടപ്പിലാക്കാൻ തുടങ്ങുകയാണ്.

<u>ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി</u>: മണി അഞ്ചായിരിക്കുന്നു. ഇനിയുമിങ്ങനെ സമയം നീട്ടിക്കൊണ്ടുപോകുന്നതു ശരിയല്ല. ഞങ്ങൾക്ക് മോചനം തരണം.

<u>ശ്രീമതി സുശീലാ ഗോപാലൻ</u>: അതുപോലെ തന്നെ വനിതാ കമ്മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയതിന്റെ ഫലമായി 22,000 കുടുംബപരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞു. 18,000 കേസ്സുകൾക്ക് തീരുമാനമുണ്ടാക്കാൻ കഴിഞ്ഞു. ജില്ലാ സമിതികളും പഞ്ചായത്തുകൾ ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി വരുന്ന കുടുംബ പ്രശ്നങ്ങളും സ്ത്രീകളുടെ പ്രശ്നങ്ങളും മറ്റും പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കൈകാര്യം ചെയ്യുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വനിതാ വികസന കോർപ്പറേഷനിൽ നിന്ന് പുരുഷൻമാർക്ക് കടം കൊടുത്തു. വനിതാവികസന കോർപ്പറേഷന്റെ ലോൺ പുരുഷൻമാർക്കും കൊടുത്തു. ഇപ്പോൾ പല ആളുകളുടെയും അഡ്രസ് തിരക്കിയിട്ട് യാതൊരു വിവരവുമില്ല. ഏഴു കോടിയിലധികം വരുന്ന രൂപ പിരിച്ചെടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലാണ്. വളരെ ഗൗരവമായ ഒരു സ്ഥിതിയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ആ പുരുഷന്മാരെല്ലാം ഓപ്പറേഷൻ നടത്തി സ്ത്രീകളായി മാറിയോ? അതാണു സംശയം.

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അതിലില്ലാത്ത പുരുഷന്മാരുണ്ട്, അതിലില്ലാത്ത സ്ത്രീകളുമുണ്ട്. അതിലുള്ള പുരുഷന്മാരുടെ അഡ്രസ്സില്ല. അവർക്ക് നേരിട്ട് നോട്ടീസയയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏഴു കോടിയോളം രൂപയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമാനുസൃതമല്ലാത്ത വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുള്ളത്. ഇത്തവണ ആ പ്രവർത്തനം കൂടുതൽ സജീവമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ 600 സ്ത്രീകൾക്ക് പണി കൊടുക്കത്തക്ക വിധത്തിൽ വനിതാ കോർപ്പറേഷനും ഫിഷറീസ് വകുപ്പും ചേർന്നുകൊണ്ടുള്ള ഒരു പരിപാടി തയ്യാറാക്കി. 600 പേർക്ക് സ്ഥിരമായി പണി ലഭിക്കുന്നുണ്ട്. അവരുടെ പ്രോഡക്ട്സ് മാർക്കറ്റ് ചെയ്യാനും തുടങ്ങി. ഇനിയും വിവിധ ജില്ലകളിലായി 2500-ഓളം പേർക്ക് സ്റ്റെപ്പ് പദ്ധതിയനുസരിച്ച് പണി കൊടുക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ഉടൻ നടപ്പിലാക്കുകയാണ്. സ്വയംതൊഴിൽ വായ്പാ പദ്ധതിയനുസരിച്ച് എട്ടുകോടിയിലധികം രൂപ കൊടക്കുന്നതാണ്. മൂന്നര കോടിയോളം രൂപ നേരത്തെ കൊടുത്തുകഴിഞ്ഞു. ഇപ്പോൾ എട്ടു കോടി ഏഴു ലക്ഷം രൂപ, 1633 യൂണിറ്റുകൾക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

[5 pm] വികലാംഗക്ഷേമ കോർപ്പറേഷൻ 2677 വികലാംഗർക്ക് 60 ലക്ഷത്തോളം രൂപ വിലവരുന്ന സഹായോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു. അവരുടെ കീഴിലുള്ള പരിപാടികളിലേയ്ക്ക് സമയക്കുറവുമൂലം ഞാൻ വിശദമായി കടക്കുന്നില്ല. കോർപ്പറേഷന്റെ കീഴിൽ ആറോളം പ്രത്യേക പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിൽ 58 ജീവനക്കാരുള്ളതിൽ 48-ഉം വികലാംഗരാണ്. അവർക്ക് പ്രത്യേകിച്ച് സംരക്ഷണം കൊടുക്കണമെന്നുള്ളതുകൊണ്ടാണ് അവരെ കൂടുതലായി നിയമിച്ചിരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം കോർപ്പറേഷനിൽ പണിയെടുത്തിരുന്ന മുൻ എം.ഡി. ശ്രീ. ആന്റണി കാർഡോസ രാജ്യം മുഴുവൻ പയർ വാങ്ങിവച്ചു, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ആ പയറെല്ലാം ചീത്തയാകാൻ തുടങ്ങിയിരിക്കുന്നു. ലക്ഷക്കണക്കിന് രൂപയുടെ വലിയ വെട്ടിപ്പാണ് നടത്തിയത്. അതിനെപ്പറ്റി അന്വേഷണം നടത്തി, ഇപ്പോൾ അയാൾ സർവീസിനുപുറത്താണ്. ഇപ്പോൾ പുതുതായി ഒരു പരിപാടികൂടി ഞങ്ങൾ ആരംഭിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി 11 ലക്ഷം രൂപ ചെലവിൽ 'Project of High Risk Register' എന്നു പറയുന്ന ഒരു പ്രോജക്ട് ആരംഭിക്കുകയാണ്. ഇതനുസരിച്ച് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിലും തൈക്കാട് ആശുപത്രിയിലും അടുത്ത മൂന്നുവർഷം ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങളേയും പ്രത്യേകമായ പരിശോധനയ്ക്ക് വിധേയമാക്കി എന്തെങ്കിലും അംഗവൈകല്യമുണ്ടെങ്കിൽ നേരത്തേത്തന്നെ ചികിത്സ നൽകുന്നതും ഇങ്ങനെയുള്ള കുട്ടികളുടെ അച്ഛനമ്മമാരെകൂടി പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക പഠനം നടത്തുന്നതുമാണ്. ആ രീതിയിൽ പുതിയപുതിയ പരിപാടികൾ എടുത്ത് ഞങ്ങൾ ഈ സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയാണ്. ഈ കൊല്ലം 20 പുതിയ ഐ.സി.ഡി.എസ്. പ്രോജക്ടുകൾ ആരംഭിക്കും. അടുത്തകൊല്ലം 23 പദ്ധതികളും ആരംഭിക്കും; ഇത് കേന്ദ്രസഹായത്തോടെകൂടിയുള്ളതാണ്. പക്ഷേ ഇതിന് സംസ്ഥാന ഗവൺമെന്റ് 133 കോടി രൂപയുടെ ബാദ്ധ്യതയാണ് ഏറ്റെടുത്തിട്ടുള്ളത്. ഇങ്ങനെ നിരവധി പരിപാടികൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇനിയും പലതും പ്രത്യേകിച്ചും അവശജനവിഭാഗങ്ങൾക്ക്, അതുപോലെ വളരെ ബാക്ക്വേഡായിട്ടുള്ളവർക്ക്, ബുദ്ധമാന്ദ്യം സംഭവിച്ചിട്ടുള്ളവർക്ക്, അതുപോലെ വികലാംഗർ മുതലായവർക്കുവേണ്ടി, പ്രത്യേക പരിപോഷണത്തിനുവേണ്ടി, ഒക്കെയുള്ള പ്രത്യേക പരിപാടികളും ഞങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്രയും കാര്യങ്ങളാണ് എനിക്കുപറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ XXV-പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം

സർവ്വശ്രീ ജി. കാർത്തികേയൻ, അടൂർ പ്രകാശ്, പി.ജെ. ജോയി, വി.ജെ. പൗലോസ്, ഇ.എം. അഗസ്തി, ഡൊമിനിക് പ്രസന്റേഷൻ, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, കെ.കെ. നായർ, ആര്യാടൻ മുഹമ്മദ്, എഴുകോൺ നാരായണൻ, കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. വേണുഗോപാൽ, കെ.സി. ജോസഫ്, പി.ജെ. ഫ്രാൻസിസ്, കെ. മുഹമ്മദാലി, ടി.എം. ജേക്കബ്, ജോണി നെല്ലൂർ, പി.കെ.കെ. ബാവ, കെ.പി.എ. മജീദ്, ഡോ.എം. എ. കുട്ടപ്പൻ, ശ്രീമതി രാധാ രാഘവൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി ശോഭനാ ജോർജ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. ജി. കാർത്തികേയൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു.

അംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ-66

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ഡോ. കെ.സി. ജോസഫ്
22. ശ്രീ. പി.ജെ. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
28. ശ്രീ. ഇ.കെ. നായനാർ
29. ശ്രീ. പി.കെ. കുമാരൻ
30. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
31. ശ്രീ. സി.എ. കുര്യൻ
32. ശ്രീമതി ആർ. ലതാദേവി
33. ശ്രീ. ലോനപ്പൻ നമ്പാടൻ
34. പ്രൊഫ. മീനാക്ഷി തമ്പാൻ
35. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ. കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ.കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. സി.കെ. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. ടി.കെ. രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. യു.എസ്. ശശി
55. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമേനോൻ
60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ
62. ശ്രീമതി സുശീലാ ഗോപാലൻ
63. ശ്രീ. എം.എ. തോമസ്
64. ശ്രീ. എം.പി. വർഗ്ഗീസ്
65. ശ്രീ. വർഗ്ഗീസ് വൈദ്യർ
66. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ-34

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. ഇ.എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. പി.ജെ. ഫ്രാൻസിസ്
8. ശ്രീ. ഇസ്ഹാക് കുരിക്കൾ
9. ശ്രീ. ടി.എം. ജേക്കബ്
10. ശ്രീ. കെ.സി. ജോസഫ്
11. ശ്രീ. പി.ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ഡോ. എം.എ. കുട്ടപ്പൻ
14. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
15. ശ്രീ. കെ.എം. മാണി
16. ശ്രീ. കെ. മുഹമ്മദാലി
17. ശ്രീ. എ.കെ. മണി
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. കെ. നാരായണക്കുറുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. എഴുകോൺ നാരായണൻ
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. വി.ജെ. പൗലോസ്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
26. ശ്രീ. പാലോട് രവി
27. ശ്രീമതി റോസമ്മ ചാക്കോ
28. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
29. ശ്രീമതി ശോഭനാ ജോർജ്ജ്
30. ശ്രീ. കെ. സുധാകരൻ
31. ശ്രീ. എൻ. സുന്ദരൻ നാടാർ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ
34. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

സർവ്വശ്രീ എം. മുരളി, ഇ.എം. അഗസ്തി, കെ. മുഹമ്മദാലി, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, അടൂർ പ്രകാശ്, പി.ജെ. ജോയി, എ.വി. അബ്ദുറഹിമാൻ ഹാജി, പി.കെ.കെ. ബാവ, കെ.പി.എ. മജീദ്, കെ. കുട്ടി അഹമ്മദ് കുട്ടി, ജി. കാർത്തികേയൻ, കെ. ബാബു, ഡൊമിനിക് പ്രസന്റേഷൻ, കെ.സി. ജോസഫ്, പി.ജെ. ഫ്രാൻസിസ്, കെ.സി. വേണുഗോപാൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി.എം. ജേക്കബ്, ജോണി നെല്ലൂർ, കെ.എം. മാണി, കെ.കെ. നായർ, ആര്യാടൻ മുഹമ്മദ്, വി.ജെ. പൗലോസ്, എഴുകോൺ നാരായണൻ, ഡോ. എം. എ. കുട്ടപ്പൻ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി ശോഭനാ ജോർജ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു.

അംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ-66

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ഡോ. കെ.സി. ജോസഫ്
22. ശ്രീ. പി.ജെ. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
28. ശ്രീ. ഇ.കെ. നായനാർ
29. ശ്രീ. പി.കെ. കുമാരൻ
30. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
31. ശ്രീ. സി.എ. കുര്യൻ
32. ശ്രീമതി ആർ. ലതാദേവി
33. ശ്രീ. ലോനപ്പൻ നമ്പാടൻ
34. പ്രൊഫ. മീനാക്ഷി തമ്പാൻ

LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ. കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ.കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. സി.കെ. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. ടി.കെ. രാമകൃഷ്ണൻ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. യു.എസ്. ശശി
55. ശ്രീ. കെ.പി. സതീശ്ചന്ദ്രൻ
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമേനോൻ
60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ
62. ശ്രീമതി സുശീലാ ഗോപാലൻ
63. ശ്രീ. എം.എ. തോമസ്
64. ശ്രീ. എം.പി. വർഗ്ഗീസ്
65. ശ്രീ. വർഗ്ഗീസ് വൈദ്യർ
66. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ-34

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി

406/2010.

LIBRARY ARCHIVES Kerala Legislative Assembly

3. ശ്രീ. ഇ.എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. പി.ജെ. ഫ്രാൻസിസ്
8. ശ്രീ. ഇസ്ഹാക് കുരിക്കൾ
9. ശ്രീ. ടി.എം. ജേക്കബ്
10. ശ്രീ. കെ.സി. ജോസഫ്
11. ശ്രീ. പി.ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ഡോ. എം.എ. കുട്ടപ്പൻ
14. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
15. ശ്രീ. കെ.എം. മാണി
16. ശ്രീ. കെ. മുഹമ്മദാലി
17. ശ്രീ. എ.കെ. മണി
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. കെ. നാരായണക്കുറുപ്പ്
21. ശ്രീ. എഴുകോൺ നാരായണൻ
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. വി.ജെ. പൗലോസ്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
26. ശ്രീ. പാലോട് രവി
27. ശ്രീമതി റോസമ്മ ചാക്കോ
28. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
29. ശ്രീമതി ശോഭനാ ജോർജ്
30. ശ്രീ. കെ. സുധാകരൻ
31. ശ്രീ. എൻ. സുന്ദരൻ നാടാർ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ
34. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 66
പ്രതികൂലിക്കുന്നവർ - 34
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം**

സർവ്വശ്രീ കെ. മുഹമ്മദാലി, ഡൊമിനിക് പ്രസന്റേഷൻ, ഇ.എം. അഗസ്തി, കെ.പി.എ. മജീദ്, പി.കെ.കെ. ബാവ, എ.വി. അബ്ദുറഹിമാൻ ഹാജി, കെ.ബാബു, പി.ജെ. ഫ്രാൻസിസ്, പി.ജെ. ജോയി, ടി.എം. ജേക്കബ്, ജോണി നെല്ലൂർ, കെ.സി. ജോസഫ്, ജി. കാർത്തികേയൻ, എം. മുരളി, ആര്യാടൻ മുഹമ്മദ്, അടൂർ പ്രകാശ്, എഴുകോൺ നാരായണൻ, വി.ജെ. പൗലോസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, കെ.സി. വേണുഗോപാൽ, ഡോ. എം.എ. കുട്ടപ്പൻ, ശ്രീമതി രാധാ രാഘവൻ, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി ശോഭനാ ജോർജ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു.

അംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ-66

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ഡോ. കെ.സി. ജോസഫ്
22. ശ്രീ. പി.ജെ. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
28. ശ്രീ. ഇ.കെ. നായനാർ
29. ശ്രീ. പി.കെ. കുമാരൻ
30. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
31. ശ്രീ. സി.എ. കുര്യൻ
32. ശ്രീമതി ആർ. ലതാ ദേവി
33. ശ്രീ. ലോനപ്പൻ നമ്പാടൻ
34. പ്രൊഫ. മീനാക്ഷി തമ്പാൻ
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു
40. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ. കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ.കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. സി.കെ. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. ടി.കെ. രാമകൃഷ്ണൻ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. യു.എസ്. ശശി

LIBRARY ARCHIVES Kerala Legislative Assembly

55. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമേനോൻ
60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ
62. ശ്രീമതി സുശീലാഗോപാലൻ
63. ശ്രീ. എം.എ. തോമസ്
64. ശ്രീ. എം.പി. വർഗ്ഗീസ്
65. ശ്രീ. വർഗ്ഗീസ് വൈദ്യർ
66. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ-34

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. ഇ.എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. പി.ജെ. ഫ്രാൻസിസ്
8. ശ്രീ. ഇസ്ഹാക് കുരിക്കൾ
9. ശ്രീ. ടി.എം. ജേക്കബ്
10. ശ്രീ. കെ.സി. ജോസഫ്
11. ശ്രീ. പി.ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ഡോ. എം.എ. കുട്ടപ്പൻ
14. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
15. ശ്രീ. കെ.എം. മാണി
16. ശ്രീ. കെ. മുഹമ്മദാലി
17. ശ്രീ. എ.കെ. മണി
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. കെ. നാരായണക്കുറുപ്പ്
21. ശ്രീ. എഴുകോൺ നാരായണൻ
22. ശ്രീ. ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. വി.ജെ. പൗലോസ്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
26. ശ്രീ. പാലോട് രവി
27. ശ്രീമതി റോസമ്മ ചാക്കോ
28. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
29. ശ്രീമതി ശോഭനാ ജോർജ്
30. ശ്രീ. കെ. സുധാകരൻ
31. ശ്രീ. എൻ. സുന്ദരൻ നാടാർ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ
34. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവ്യവസായം**

സർവ്വശ്രീ പി.ജെ. ജോയി, അടൂർ പ്രകാശ്, പി.കെ.കെ. ബാവ, എ.വി. അബ്ദുറഹിമാൻ ഹാജി, കെ.പി.എ. മജീദ്, ടി.എം. ജേക്കബ്, എം. മുരളി, ആര്യാടൻ മുഹമ്മദ്, ഇ.എം. അഗസ്തി, ഡൊമിനിക് പ്രസന്റേഷൻ, കെ.സി. ജോസഫ്, കെ.സി. വേണുഗോപാൽ, ജോണി നെല്ലൂർ, കെ. മുഹമ്മദാലി, ജി. കാർത്തികേയൻ, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, ഡോ. എം.എ കുട്ടപ്പൻ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി ശോഭനാ ജോർജ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1999-2000 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി.എം. ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പു നടന്നു.

അംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ-66

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. എൻ.ആർ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി.പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ. പി. ഭാസ്കരൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി.സി. ജോർജ്
13. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
14. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
15. ശ്രീ. ടി.കെ. ഹംസ
16. ശ്രീ. കെ.ഇ. ഇസ്മയിൽ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. എം.വി. ജയരാജൻ
19. ശ്രീ. ടി.എസ്. ജോൺ
20. ശ്രീ. ജോൺ ഫെർണാണ്ടസ്
21. ഡോ. കെ.സി. ജോസഫ്
22. ശ്രീ. പി.ജെ. ജോസഫ്
23. ശ്രീ. വി.സി. കബീർ
24. ശ്രീ. എ. കണാരൻ
25. ശ്രീ. എൻ. കണ്ണൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
28. ശ്രീ. ഇ.കെ. നായനാർ
29. ശ്രീ. പി.കെ. കുമാരൻ
30. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
31. ശ്രീ. സി.എ. കുര്യൻ
32. ശ്രീമതി ആർ. ലതാ ദേവി
33. ശ്രീ. ലോനപ്പൻ നമ്പാടൻ
34. പ്രൊഫ. മീനാക്ഷി തമ്പാൻ
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. പിരപ്പൻകോട് മുരളി
38. ശ്രീ. ടി. നാണു മാസ്റ്റർ
39. ശ്രീ. സി.കെ. നാണു

LIBRARY ARCHIVES Kerala Legislative Assembly

40. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
41. ശ്രീ. പി. നാരായണൻ
42. ഡോ. എ. നീലലോഹിതദാസൻ നാടാർ
43. ശ്രീ. ടി.കെ. നൗഷാദ്
44. ശ്രീ. കെ. പ്രകാശ് ബാബു
45. ശ്രീമതി എൻ.കെ. രാധ
46. ശ്രീ. കെ. രാധാകൃഷ്ണൻ
47. ശ്രീ. സി.കെ. രാജേന്ദ്രൻ
48. ശ്രീ. പി. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
51. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
52. ശ്രീ. ടി.കെ. രാമകൃഷ്ണൻ
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. യു.എസ്. ശശി
55. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
56. ശ്രീ. സെബാസ്റ്റ്യൻ പോൾ
57. ശ്രീ. എ.സി. ഷൺമുഖദാസ്
58. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
59. ശ്രീ. ടി. ശിവദാസമേനോൻ
60. ശ്രീ. പി.പി. സുലൈമാൻ റാവുത്തർ
61. ശ്രീ. പി.എസ്. സുപാൽ
62. ശ്രീമതി സുശീലാഗോപാലൻ
63. ശ്രീ. എം.എ. തോമസ്
64. ശ്രീ. എം.പി. വർഗ്ഗീസ്
65. ശ്രീ. വർഗ്ഗീസ് വൈദ്യർ
66. ശ്രീ. പി. വിശ്വൻ

പ്രതികൂലിക്കുന്നവർ-34

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. ഇ.എം. അഗസ്തി
4. ശ്രീ. കെ. ബാബു
5. ശ്രീ. പി.കെ.കെ. ബാവ
6. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
7. ശ്രീ. പി.ജെ. ഫ്രാൻസിസ്

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ഇസ്ഹാക് കുരിക്കൾ
9. ശ്രീ. ടി.എം. ജേക്കബ്
10. ശ്രീ. കെ.സി. ജോസഫ്
11. ശ്രീ. പി.ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ഡോ. എം.എ. കുട്ടപ്പൻ
14. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
15. ശ്രീ. കെ.എം. മാണി
16. ശ്രീ. കെ. മുഹമ്മദാലി
17. ശ്രീ. എ.കെ. മണി
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എം. മുരളി
20. ശ്രീ. കെ. നാരായണക്കുറുപ്പ്
21. ശ്രീ. എഴുകോൺ നാരായണൻ
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. വി.ജെ. പൗലോസ്
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
26. ശ്രീ. പാലോട് രവി
27. ശ്രീമതി റോസമ്മ ചാക്കോ
28. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
29. ശ്രീമതി ശോഭനാ ജോർജ്
30. ശ്രീ. കെ. സുധാകരൻ
31. ശ്രീ. എൻ. സുന്ദരൻ നാടാർ
32. ശ്രീ. പി.പി. തങ്കച്ചൻ
33. ശ്രീ. കെ.സി. വേണുഗോപാൽ
34. ശ്രീ. ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 66
പ്രതികൂലിക്കുന്നവർ - 34
നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

മി. സ്പീക്കർ; ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലായ് 13-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.10-ന് പിരിഞ്ഞു.)

406/2010.

LIBRARY ARCHIVES Kerala Legislative Assembly